**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587** **11-09-2023 - ൽ മറുപടിയ്ക്ക്**

**ധനകാര്യവകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യവകുപ്പിന്റെ എതിർപ്പിനെ മറികടന്നുകൊണ്ട് മന്ത്രിസഭയുടെ അംഗീകാരത്തോടെ റവന്യൂ വകുപ്പ് എന്തൊക്കെ പദ്ധതികൾ/ പ്രവർത്തനങ്ങൾ/ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ട് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്നുകൊണ്ട് മന്ത്രിസഭയുടെ അംഗീകാരത്തോടെ റവന്യൂ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ/പ്രവർത്തനങ്ങൾ/ തീരുമാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.മേൽ പറഞ്ഞ തീരുമാനങ്ങളെടുത്ത ഫയലുകളിലെ, ധനകാര്യ വകുപ്പ് നൽകിയ റിമാർക്സ് അടങ്ങിയ ക്യാബിനറ്റ് നോട്ടിന്റെ പകർപ്പുകൾ അനുബന്ധം -II ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് മന്ത്രിസഭയ്ക്ക് നൽകിയ റിമാർക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്നുകൊണ്ട് മന്ത്രിസഭയുടെ അംഗീകാരത്തോടെ റവന്യൂ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ/പ്രവർത്തനങ്ങൾ/ തീരുമാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.മേൽ പറഞ്ഞ തീരുമാനങ്ങളെടുത്ത ഫയലുകളിലെ, ധനകാര്യ വകുപ്പ് നൽകിയ റിമാർക്സ് അടങ്ങിയ ക്യാബിനറ്റ് നോട്ടിന്റെ പകർപ്പുകൾ അനുബന്ധം -II ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- I**

**ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭയുടെ അംഗീകാരത്തോടെ റവന്യൂ വകുപ്പിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വകുപ്പ തിരിച്ചുള്ള വിവരങ്ങൾ.**

| | |
|---|---|
| റവന്യൂ (ബി) വകുപ്പ് | 1. വിവിധ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി രൂപീകരിച്ച 18 സ്പെഷ്യൽ എൽ.എ യൂണിറ്റുകളിലെ 265 തസ്തികകൾ ക്ക് 01.04.2021 മുതൽ ഒരു വർഷത്തേക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് മന്ത്രിസഭയുടെ അംഗീകാരത്തോടെ 29.10.2021-ലെ സ.ഉ(ആർ.റ്റി) നമ്പർ 3638/2021/റവ പ്രകാരം തുടർച്ചാനുമതി നൽകുകയുണ്ടായി.<br><br>2 . സംസ്ഥാനത്തെ 1 3 എൽ.എ ജനറൽ ഓഫീസുകളിൽ ഉൾപ്പെട്ടിട്ടുള്ള 248 തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് 01.04.2023 മുതൽ ഒരു വർ ഷത്തേക്ക് 14.07.2023ലെ സ.ഉ(ആർ.റ്റി) നമ്പർ 164/2023/റവ പ്രകാരം തുടർച്ചാനുമതി നൽകുകയുണ്ടായി.<br><br>3. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള 38 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലെ 516 തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് 01.01.2023 മുതൽ ഒരു വർഷത്തേക്ക് 13.04.2023-ലെ സ.ഉ.(ആർ.ടി) നമ്പർ.1515/2023/റവ പ്രകാരം തുടർച്ചാനുമതി നൽകുകയുണ്ടായി. |
| റവന്യൂ (എച്ച്) വകുപ്പ് | 1. മലപ്പുറം ജില്ലയിൽ, നിലമ്പൂർ താലൂക്കിൽ മൂത്തേടം വില്ലേജിൽ മുടവൻ കലവൻ വീട്ടിൽ ശ്രീ. മൂസയിൽ നിന്നും ബാങ്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത മലപ്പുറം ജില്ല, നിലമ്പൂർ താലൂക്ക്, മൂത്തേടം വില്ലേജിലെ സർവ്വേ നമ്പർ 1279/3-ൽ പ്പെട്ട 0.0282 ഹെക്ടർ സ്ഥലം ടിയാന്റെ ചെലവിൽ തിരികെ നൽകുന്നതിന് അനുമതി നൽകി സ.ഉ.(കൈ) നം.6/2023/RD തീയതി 11-01-2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2. ശ്രീമതി.റ്റി. ഷൈജ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) 16634/2011 യുടെ 12.03.2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ഭൂമിയുടെ കമ്പോള വില, ഡിമാന്റ് നോട്ടീസ് ഫീസ് എന്നിവ ഈടാക്കികൊണ്ട് സർക്കാർ ബോട്ട് ഇൻ ലാൻഡാക്കിയ മലപ്പുറം ജില്ലയിലെ പുറത്തൂർ റീ.സ 278/1 ലുള്ള പതിനൊന്നേകാൽ സെന്റ് ഭൂമിയും, അതിലെ കുഴിക്കൂറുകളും ഹർജിക്കാരിയായ ശ്രീമതി. റ്റി. ഷൈജക്ക് തിരികെ നൽകാൻ സ.ഉ.(കൈ) നം.252/2021/റവ തീയതി 02/12/2021 പ്രകാരം ഉത്തരവായിരുന്നു.<br><br>3. വയനാട് ജില്ലയിൽ, വൈത്തിരി താലൂക്ക്, ചുണ്ടേൽ വില്ലേജിൽ തോപ്പിൽ വീട്ടിൽ ശ്രീ ഡെൻസി ജോൺ, S/o Late റ്റി ജെ ജോസഫ് എന്ന കക്ഷിയിൽ നിന്നും വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത വയനാട് ജില്ല, വൈത്തിരി താലൂക്ക്, ചുണ്ടേൽ വില്ലേജിലെ ബ്ലോക്ക് 25-ൽ റീ സർവ്വേ 355/5-ൽപ്പെട്ട 0.2023 ഹെക്ടർ സ്ഥലം കമ്പോള വില ഈടാക്കാതെ ടിയാളുടെ സ്വന്തം ചെലവിൽ തിരികെ നൽകി സ.ഉ.(കൈ) നം.310/2022/RD തീയതി, 30-12-2022 പ്രകാരം ഉത്തരവായിരുന്നു. |

| | |
|---|---|
| | 4 . ശ്രീ.തിട്ടാണത്ത് കൃഷ്ണൻ നായർ എന്ന കക്ഷിയിൽ നിന്നും ലോൺ കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത മലപ്പുറം ജില്ലയിൽ, പൊന്നാനി താലൂക്ക്, നന്നംമുക്ക് വില്ലേജിൽ സർവ്വ നം 109/1 ൽപ്പെട്ട 93 സെന്റ് കുട്ടവകാശമുണ്ടായിരുന്ന സ്ഥലത്തിലെ ബാക്കി വസ്തുക്കൾ ടി വസ്തുക്കളിലെ താമസക്കാരുടെ സ്വന്തം ചെലവിൽ കമ്പോള വില ഈടാക്കാതെ തിരികെ നൽകി സ.ഉ.(എംഎസ്) 15/2023/റവ തീയതി 24.01.2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| റവന്യൂ (എൽ) വകുപ്പ് | ഭവനനിർമ്മാണ വകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് കൊണ്ട് ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് തൃശൂർ ജില്ല അയ്യന്തോൾ വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 1147/1-ൽ പെട്ട 0.0031 ഹെക്ടർ, 1146/2-ൽ 0.0189 ഹെക്ടർ, 1145/2-ൽ 0.0388 ഹെക്ടർ എന്നിങ്ങനെ മൊത്തം 0.0608 ഹെക്ടർ (6.08 ആർ) ഭൂമി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് തൃശ്ശൂരിൽ ഓഫീസ് കെട്ടിടവും കലവറയും തുടങ്ങുന്നതിനായി നാമമാത്രമായ നിരക്കായ ആറൊന്നിന് 1 0 0 രൂപാ വാർഷികപാട്ടത്തിന് പാട്ട നിബന്ധനകൾക്ക വിധേയമായി 3 0 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് സ ഉ (കൈ) 178/2021/റവ തീയതി 18/09/2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ലൈഫ് ഉൾപ്പടെ സാധാരണക്കാർക്ക് സർക്കാർ നൽകുന്ന സഹായങ്ങൾക്ക് നിർമ്മാണങ്ങൾക്കുള്ള സാധനസാമഗ്രികൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്ന കേന്ദ്രമാണ് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കലവറ എന്നതു പരിഗണിച്ചാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ആകയാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കിയത് മൂലമുള്ള ബാധ്യത കണക്കായിട്ടില്ല. |
| റവന്യൂ (എം) വകുപ്പ് | 1) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നം83 റീ. സർവേ 8/2-ൽ പെട്ടതും മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് വിട്ടുനൽകുന്നതിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുള്ളതുമായ പമ്പ ജലസേചന പദ്ധതി വക 6 6 സെന്റ് ഭൂമി, പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി കേരള സർവകലാശാലയുടെ പേരിൽ, നിബന്ധനകൾക്ക് വിധേയമായി സൗജന്യ നിരക്കായ ഒരു ആറിന് പ്രതിവർഷം 100/- രൂപ നിരക്കിൽ 15 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് 26.06.2023 തീയതിലെ സ.ഉ.(കൈ) നം.145/2023/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.<br><br>2) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് ജി.എസ്.ടി വകുപ്പിന്റെ കൈവശത്തിലുള്ള 2.2 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി നിബന്ധനകൾക്ക് വിധേയമായി കമ്പോളവിലയ്ക്ക് ഓണർഷിപ്പിൽ ഓവർസീസ് കേരള ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL) ന് പതിച്ച് നൽകുന്നതിന് അനുമതി നൽകിയും ഭൂമിവില ഷെയറുകളായി സർക്കാരിന് നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുവാൻ നോർക്ക വകുപ്പിനെ ചുമതലപ്പെടുത്തിയും 29.10.2022ലെ GO(MS)No.254/2022/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല. |
| റവന്യൂ | 1. സ.ഉ (കൈ) നം. 111/2022/റവ തീയതി 21.04.2022 നമ്പർ പ്രകാരം കൊല്ലം ജില്ലയിൽ |

| | |
|---|---|
| (എസ്) വകുപ്പ് | പത്തനാപുരം താലൂക്കിൽ അറയ്ക്കൽ വില്ലേജിൽ, ഈടയിലഴികത്ത് മേലതിൽ വീട്ടിൽ ശ്രീ പി. മധു എന്നയാളിൽ നിന്നും സർക്കാർ ബോട്ട് ഇൻ - ലാൻഡാക്കിയ 9 സെന്റ് ഭൂമി ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2. സ.ഉ (കൈ) നം. 150/2022/റവ തീയതി 04.06.2022 നമ്പർ പ്രകാരം ശ്രീ. എൻ. പി. ഷാജി എന്ന വ്യക്തിയിൽ നിന്നും സർക്കാർ ബോട്ട്- ഇൻ - ലാൻഡായി ഏറ്റെടുത്ത എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, കന്നുകര വില്ലേജിൽ സർവ്വേ നം. 698/2 B-ൽ പ്പെട്ട 08.750 സെന്റ് സ്ഥലത്തിൽ നിന്നും വീട് വയ്ക്കുവാൻ ആവശ്യമായ 4 സെന്റ് ഭൂമി മാത്രം മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| റവന്യൂ (റ്റി) വകുപ്പ് | 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ. എ. 1130/13 നമ്പർ കേസിൽ 24.01.2020-ലെയും ഒ.എ. 2056/18 നമ്പർ കേസിൽ 14.12.2021-ലെയും ഒ.എ. 27/2020 നമ്പർ കേസിൽ 10.11.2021-ലെയും വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ യഥാക്രമം ഓങ്ങല്ലൂർ I I വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി. ഒ. ലക്ഷ്മിയെയും പത്തനംതിട്ട റീസർവേ സൂപ്രണ്ടോഫീസിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി വി.സി. അന്നമ്മ @ റോസമ്മയെയും ടി ഓഫീസുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചും ആലപ്പുഴ കുട്ടനാട്, മങ്കൊമ്പ് ഹെഡ് സർവേയർ ഓഫീസിലും റീസർവ്വേ ഓഫീസിലും പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി കെ.ആനന്ദവല്ലിയെ മുൻകാല പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു ഉത്തരവായി.<br><br>2 . ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 746 /2020 നമ്പർ കേസിലെ 11.06.2020- ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി മോളി പി . വി-ക്കും ചെമ്പനോട വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി പുഷ്പലതയ്ക്കും റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പളവും അലവൻസും 2004 മാർച്ച് മാസം മുതലുള്ള കുടിശ്ശിക സഹിതം അനുവദിച്ചു.<br><br>3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 942/2018 നമ്പർ കേസിലെ 16.10.2020 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം റീസർവ്വെ സൂപ്രണ്ട് ഓഫിസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർ, ശ്രീ രവിചന്ദ്ര വി. യെ 27.05.2007 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.<br><br>4 . ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 2362/18 നമ്പർ OA യിലെ 17.10.2019-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട റീസർവ്വേ സൂപ്രണ്ടാഫീസ്-2 ൽ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി . റോസമ്മ വർഗ്ഗീസിനെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.<br><br>5 . ബഹു. ഹൈക്കോടതിയുടെ OP(KAT) 214/2019 നമ്പർ കേസിലെ 09.03.2021 ലെ |

വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കുന്നത്തൂർ താലൂക്ക് ഓഫീസിൽ രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിച്ച് ശ്രീമതി ഗ്രേസിക്കുട്ടി, ശ്രീമതി ബിന്ദു എന്നിവരിൽ ഒരാൾ ആദ്യം വിരമിക്കുന്ന മുറയ്ക്ക് ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാതാകുന്നതാണ് എന്ന വ്യവസ്ഥയ്ക്കും TA 1969/2012 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09.07.2018 ലെ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്തിട്ടുള്ള OP(KAT) 351/2021 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിക്കും വിധേയമായി, ടിയാൾ ക്കാരെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

6 . ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 3076/2017 നമ്പർ കേസിലെ 17.03.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി നെടുങ്കണ്ടം സർവ്വേ സൂപ്രണ്ട്(ALC) ൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി രാജമ്മ കെ.ടി. യെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

7 . ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 416/2017 നമ്പർ കേസിലെ 06.03.2017 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ , കൊല്ലയിൽ , കാരോട് , വിഴിഞ്ഞം വില്ലേജ് ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരായ യഥാക്രമം ശ്രീമതി ലളിതമ്മ, ശ്രീമതി ശ്യാമള, ശ്രീമതി മേരി റോസ്, ശ്രീമതി സുജ എസ്. എന്നിവരെ ടി ഓഫീസുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി മുതൽ ക്രമവരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 5062/2012 നമ്പർ കേസിലെ 01.06.2018 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ഓടനാവട്ടം വില്ലേജാഫീസിലെ പാർട്ട് ടൈം സ്വീപ്പറായ, ശ്രീമതി ശോശാമ്മ എസ്. നെ 18.06.2001 മുതൽ പ്രാബല്യത്തിൽ ക്രമവൽകരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

9. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 119/2020 നമ്പർ കേസിലെ 05.10.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജാഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി.സുജ വി.-യെ ടി ഓഫീസിൽ 12.12.2019 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

10. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1613/2018 നമ്പർ കേസിൽ 08.06.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ മങ്ങാട് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിക്കവേ 17.11.2007 ൽ മരണപ്പെട്ട ഭദ്രൻ ആർ. നെ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് മരണപ്പെട്ട ഭദ്രനെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ ടിയാന്റെ അനന്തരാവകാശികൾക്ക് അനുവദിച്ചു.

11. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.01.2021 ലെ OA 2022/19 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ

കഠിനംകുളം വില്ലേജ് ഓഫീസിൽ ഒരു പാർടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി സുബൈദാ ബീവിയെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

12. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.01.2020 ലെ OA(EKM) 584/16 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മഞ്ചുമല വില്ലേജ് ഒഫിസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി ലീലാമ്മ ആർ.വി. യെ 06-03-2007 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

13. ബഹ. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O[EKM]-663/2014 നമ്പർ കേസിലെ 25.06.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല സൗത്ത് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത.സി-യെ ടി ഓഫീസിൽ 02.03.2002 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

14. ബഹ. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 608/2019 നമ്പർ കേസിലെ 27.02.2020 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഉടുമ്പഞ്ചോല വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. കെ.സി. രാജനെ 1.12.2017 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

15. ബഹ. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ - OA(E) 268/2017 നമ്പർ കേസിൽ 25.06.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെ പന്തളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. എലിസബത്തിനെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

16. ബഹ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 806/15 നമ്പർ കേസിലെ 10.10.19 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഇരുളം വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർ ശ്രീമതി പി. കെ. രാധാമണിയെ 10.9.2012 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

17. ബഹ. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.11.19 ലെ OA 2249/18 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പൂയപ്പള്ളി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, ശ്രീമതി ജെൻസി കെ. എൽ. നെ 18-02-2011 പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

18. ബഹ.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 428/19 നമ്പർ കേസിലെ 28.09.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം കളക്ടറേറ്റിലെ പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീ ജി ഗോപിനാഥൻ, ശ്രീമതി മാഗി, ശ്രീമതി സുഷമ, ശ്രീമതി എൽ. ശ്രീദേവി, ശ്രീമതി. ജലജ എ. , ശ്രീമതി ബിന്ദു എൻ. എന്നിവർക്ക് പാർട്ട് ടൈം

സീപ്പർ തസ്തികയിൽ മുൻകാല പ്രാബല്യം നൽകി യഥാക്രമം 03.09.2002, 18.06.2001, 18.06.2001, 07.01.2002, 03.09.2002, 08.04.2003 തീയതി മുതൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

19. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(Ekm) 60/2018 നമ്പർ കേസിലെ 17.02.2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ മയ്യനാട് വില്ലേജാഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീ. യശോധരനെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് തീയതിയായ 19.03.2012 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

20. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 51/2018 നമ്പർ കേസിന്റെ 01.03.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ പട്ടിമറ്റം വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീ.എൻ. എ. ബാലകൃഷ്ണനെ ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 27.02.2011 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു. ടൈം

21. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 7538/12 നമ്പർ കേസിലെ 27.11.18 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാരാരിക്കുളം വടക്ക് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എം. രാജുവിന് 25.11.1998 ലെ സ ഉ.(പി) 3000/1998/റവ പ്രകാരം റഗുലർ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളവും അലവൻസും 2003 നവംബർ മുതലുള്ള കുടിശ്ശികയും അനുവദിച്ചു.

22. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 608/15 നമ്പർ OA(EKM) ലെ 30.10.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ കുപ്പാടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീ. വാസുവിനെ 26.09.2011 തീയതി പ്രാബല്യത്തിൽ ക്രമപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

23. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1998/18 നമ്പർ ഒ യിലെ 25.07.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട എൽ. എ (ജനറൽ) സ്പെഷ്യൽ തഹസീൽദാർ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ, ശ്രീ. രാജഗോപാൽ സി.യെ 18.06.2001 തീയതി മുതൽ പ്രാബല്യത്തിൽ ക്രമപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.

24. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.(ഇ) 790/2017 നമ്പർ കേസിലെ 28.06.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ബൈസൺവാലി വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. ജയമോൻ ജെ.പി.ക്ക് 2300/- + DA നിരക്കിൽ 01.07.2004 മുതൽ 30.06.2009 വരെയുള്ള വേതന കുടിശ്ശിക അനുവദിച്ചു.

25. ബഹു. ഹൈക്കോടതിയുടെ OP(KAT) 332/2020 നമ്പർ കേസിൽ 09.03.2021 ലെ

| | |
|---|---|
| | വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ പേരൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി അന്നമ്മ യു. സി. ക്കും വേളൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ ശ്രീ. എം. ടി. ഇട്ടയാവിരക്കും OP 8274/2003 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 02.06.2003 ലെ വിധിന്യായത്തിൽ ഉത്തരവായിട്ടുള്ളത് പ്രകാരം ശമ്പളം പുനർനിർണ്ണയിച്ച് 25.11.2005 ലെ സ. ഉ. (പി)നം. 501/2005/ധന. പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകി പാർട്ട് ടൈം സ്വീപ്പറുടേതിനു തുല്യമായ ശമ്പളം അനുവദിക്കുന്നതിന് 03.08.2021 ലെ സ. ഉ. (സാധാ) നം. 2503/2021/റവ. പ്രകാരം അനുമതി നൽകിയ നടപടി സാധൂകരിച്ചു.<br><br>26. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 0. A. 1269/2022 നമ്പർ കേസിലെ 15.07.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശൂരനാട് സൗത്ത് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി ഉഷ ടി.യെ ടി വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 15.06.2020 പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.<br><br>27. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O. A. No. 1275/2022 നമ്പർ കേസിൽ 18.07.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ വെട്ടം വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി ശാന്ത പി. യെ ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 20.02.2021 തീയതി പ്രബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.<br><br>28. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No. 1229/21 നമ്പർ കേസിലെ 29.07.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി K. G. ഉഷാകുമാരിയെ ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിന്റെ പ്രവർത്തനം 1 0 0 ച വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച തീയതിയായ 25.05.2020 പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു.<br><br>29. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 4797/2012 നമ്പർ കേസിലെ 22.03.2018 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ഓഫീസിലെ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി മേബിൾ ബ്രിട്ടോ, ശ്രീമതി നഹീന എന്നിവരെ യഥാക്രമം 20.11.2016, 01.12.2017 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചു. |
| റവന്യൂ (യു) വകുപ്പ് | സെന്റ് ആന്റണിസ് സ്കൂളിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം തിരുവനന്തപുരം ആർ.ഡി.ഓ ഏറ്റെടുത്തിട്ടുള്ളതുമായ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ റീ സർവ്വ 309 ൽപ്പെട്ട 14.88 ആർ (36.752 സെന്റ്) ഭൂമിയ്ക്ക് പകരമായി കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും, പേട്ട വില്ലേജിൽ സർവ്വ നം 1790/സി (റീ സർവ്വ 147) 11.18 ആർ |

| | |
|---|---|
| | (27.61 സെന്റ്) സർക്കാർ ഭൂമി 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 2 1 പ്രകാരം വലിയതുറ സെന്റ് ആന്റണിസ് സ്കൂളിന് സ.ഉ(കൈ) നം123/2023/ആർ.ഡി തീയതി 02.06.2023 ഉത്തരവ് പ്രകാരം പതിച്ചു നൽകിയിരുന്നു. പ്രസ്തുത കൈമാറ്റത്തിൽ സർക്കാറിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിട്ടില്ല. |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ അയ്യന്തോൾ വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 1147/1- ൽപ്പെട്ട 0.0031 ഹെക്ടർ , 1146/2- ൽ 0.0189 ഹെക്ടർ , 1145/2- ൽ 0.0388 ഹെക്ടർ എന്നിങ്ങനെ മൊത്തം 0.0608 ഹെക്ടർ ( 6.08 ആർ ) ഭൂമി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് തൃശ്ശൂരിൽ ഓഫീസ് കെട്ടിടവും കലവറയും തുടങ്ങുന്നതിനായി ചില നിബന്ധനകൾക്ക് വിധേയമായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ചാണ് കുറിപ്പ്.

2) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം റീജിയണൽ മാനേജരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലയിൽ അയ്യന്തോൾ വില്ലേജിൽ സർവ്വെ നമ്പർ 1147/1- ൽപ്പെട്ട 0.0031 ഹെക്ടർ , 1146/2- ൽ 0.0189 ഹെക്ടർ 1145/2- ൽ 0.0388 ഹെക്ടർ എന്നിങ്ങനെ മൊത്തം 0.0608 ഹെക്ടർ ( 6.08 ആർ ) ഭൂമി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ഓഫീസ് കെട്ടിടവും കലവറയും തുടങ്ങുന്നതിനായി പാട്ടത്തിന് നൽകുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിരുന്നു.പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നത് തൃശ്ശൂർ സ്വരാജ് ഗ്രൗണ്ടിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടത്തിലാണ്. സംസ്ഥാന നിർമ്മിതി കേന്ദ്രം സംസ്ഥാന സർക്കാരിനു കീഴിൽ 1955 ലെ 12-ാമത് തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ, രജിസ്ട്രാക്കൽ ആക്ട് അനുസരിച്ച് 1989 ലെ 451/89-ാം സർട്ടിഫിക്കറ്റ് പ്രകാരം പ്രവർത്തിച്ചുവരുന്നതുമാണ്. ടി ഭൂമിയുടെ കമ്പോളവില ആർ ഒന്നിന് 28,80,000/- രൂപ കണക്കാക്കാവുന്നതാണെന്നും ആകെ 6.08 ആർ ഭൂമിയുടെ കമ്പോളവിലയുടെ 2% നിരക്കിൽ 3,50,208/- രൂപാ വാർഷികപാട്ടത്തിന് ഭൂമി അനുവദിക്കാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

3) ഇക്കാര്യത്തിൽഭവന നിർമ്മാണ വകുപ്പ് താഴെ പറയും പ്രകാരം അറിയിച്ചിരുന്നു.

"സംസ്ഥാന സർക്കാരിന് കീഴിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ നിരക്കിൽ കമ്പി, സിമന്റ് എന്നിവ നൽകി വരുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ 'കലവറ'യും ഓഫീസ് കെട്ടിടവും ആരംഭിക്കുന്നതിനാണ് തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ വില്ലേജിലെ ഭൂമി ആവശ്യപ്പെട്ടിരുന്നതെന്നും, പ്രസ്തുത പദ്ധതിയിൽ നിന്നും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല എന്നും ഒരു പദ്ധതി നിർവ്വഹണം മാത്രമാണ് നിർമ്മിതി കേന്ദ്രം നടത്തുന്നതെന്നും, ആയതിനാൽ പാട്ടത്തുക ഒഴിവാക്കി, കലവറ തുടങ്ങുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമാക്കണമെന്നാണ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാന

നിർമ്മിതി കേന്ദ്രത്തിന് തൃശ്ശൂരിൽ ഓഫീസ് കെട്ടിടവും 'കലവറ' യും തുടങ്ങുന്നതിനായി റവന്യൂ വകുപ്പിന്റെ തൃശ്ശൂർ അയ്യന്തോൾ വില്ലേജിലെ ഭൂമി സ്ഥലം സൗജന്യമായി അനുവദിക്കുന്ന വിഷയം കൂടി പരിശോധിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടുന്നു".

4) ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയും പ്രകാരമാണ്.

"അയ്യന്തോൾ വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 1147/1-ൽപ്പെട്ട 0.0031 ഹെക്ടർ, 1146/2-ൽ 0.0189 ഹെക്ടർ, 1145/2-ൽ 0.0388 ഹെക്ടർ എന്നിങ്ങനെ മൊത്തം 0.0608 ഹെക്ടർ ( 6.08 ആർ ) ഭൂമി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് തൃശ്ശൂരിൽ ഓഫീസ് കെട്ടിടവും കലവറയും തുടങ്ങുന്നതിനായി കമ്പോളവിലയുടെ 2% നിരക്കിൽ 3,50,208/- രൂപാ വാർഷികപാട്ടത്തിന് 30 വർഷത്തേയ്ക്ക് ചുവടെ പറയുന്ന നിബന്ധനകളോടെ പാട്ടത്തിന് അനുവദിക്കുന്നതിനോട് ധനകാര്യ വകുപ്പിന് വിയോജിപ്പില്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii. ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാട്ടുള്ളതല്ല;

iii. ഭൂമിപാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക്നൽകവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv. ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തന്നെ സംരക്ഷിച്ച നിർത്തേണ്ടതാണ്;

v. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാട്ടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാട്ടുള്ളു. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi. ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

vii. പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

viii. പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ്അടിസ്ഥാന സൌകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5) ഫയൽ ചംക്രമണം ചെയ്യപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**തീരുമാനിക്കേണ്ട വിഷയം**

എ ) തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ അയ്യന്തോൾ വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 1147/1-ൽപ്പെട്ട 0.0031 ഹെക്ടർ , 1146/2- ൽ 0.0189 ഹെക്ടർ , 1145/2- ൽ 0.0388 ഹെക്ടർ എന്നിങ്ങനെ മൊത്തം 0.0608 ഹെക്ടർ ( 6.08 ആർ ) ഭൂമി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് തൃശ്ശൂരിൽ ഓഫീസ് കെട്ടിടവും കലവറയും തുടങ്ങുന്നതിനായി കമ്പോളവിലയുടെ 2% നിരക്കിൽ 3,50,208/- രൂപാ വാർഷികപാട്ടത്തിന് 30 വർഷത്തേയ്ക്ക് താഴെ പറയുന്ന നിബന്ധനകളോടെ പാട്ടത്തിന് അനുവദിക്കുന്ന വിഷയത്തിൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ ?

അല്ലെങ്കിൽ

ബി) ഭവനനിർമ്മാണ വകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് കൊണ്ട്, ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് അയ്യന്തോൾ വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 1147/1-ൽപ്പെട്ട 0.0031 ഹെക്ടർ, 1146/2-ൽ 0.0189 ഹെക്ടർ, 1145/2-ൽ 0.0388 ഹെക്ടർ എന്നിങ്ങനെ മൊത്തം 0.0608 ഹെക്ടർ ( 6.08 ആർ ) ഭൂമി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് തൃശ്ശൂരിൽ ഓഫീസ് കെട്ടിടവും കലവറയും തുടങ്ങുന്നതിനായി നാമമാത്രമായ നിരക്കായ ആറൊന്നിന് 100/രൂപാ വാർഷികപാട്ടത്തിന് 30 വർഷത്തേയ്ക്ക് താഴെ പറയുന്ന നിബന്ധനകളോടെ അനുവദിക്കുന്ന വിഷയത്തിൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ ?

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii. ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ, പാട്ടുള്ളതല്ല;

iii. ഭൂമി ഉപപാട്ടത്തിന്/വാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv. ഭൂമിയിൽ ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v. ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

vi. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാട്ടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാട്ടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vii. ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

viii. പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

ix. പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

x. മേൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉപാധികളോ നിബന്ധനകളോ ലംഘിക്കുന്ന പക്ഷം പാട്ടം റദ്ദാക്കുന്നതും പാട്ടഭൂമി അതിലെ ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാകുന്നതാണ്.

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | യു4/137/2017/റവന്യൂ |
| 2 | വകുപ്പ് | റവന്യൂ(യു)വകുപ്പ് |
| 3 | വിഷയം | ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം തിരുവനന്തപുരം ആർ.ഡി.ഒ. മുഖേന ഏറ്റെടുത്ത തിരുവനന്തപുരം ജില്ലയിൽ ടി താലൂക്കിൽ പേട്ട വില്ലേജിൽ റീ സർവ്വെ നം. 309 ൽപ്പെട്ട 14.88 ആർ (36.752 സെന്റ് ) ഭൂമിക്ക് പകരമായി കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും സർവ്വെ നം. 1790/സി. 11 ൽപ്പെട്ട (റീ. സർവ്വെ നം.147) 11.18 ആർസ് (27.61 സെന്റ്) ഭൂമി, ധനകാര്യ വകുപ്പിന്റെ വിയോജിപ്പ് മറികടന്നുകൊണ്ട്, 1995-ലെ കേരള മുൻസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം വലിയതുറ സെന്റ് ആന്റണീസ് സ്കൂളിന് പതിച്ചു നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22/04/23 |
| 5 (i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ . |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ധനകാര്യവകുപ്പിന്റെ അഭിപ്രായം ഉൾപ്പെടുത്തിയിട്ടുണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമ വകുപ്പിന്റെയും ഫിഷറീസ് വകുപ്പിന്റെയും അഭിപ്രായം ഉൾപ്പെടുത്തിയിട്ടുണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | എം. ജി. രഞ്ജിത്ത് കുമാർ |
| 8 | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 24.05.2023 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/05/23 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29/05/23 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30.05.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

15

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം തിരുവനന്തപുരം ആർ.ഡി.ഒ. മുഖേന ഏറ്റെടുത്ത തിരുവനന്തപുരം ജില്ലയിൽ ടി താലൂക്കിൽ പേട്ട വില്ലേജിൽ റീ സർവ്വെ നം. 309 ൽപ്പെട്ട (സർവ്വെ നം. 1790/എഫ് 9-1-1) 14.88 ആർ (36.752 സെന്റ്) ഭൂമിക്ക് പകരമായി കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും സർവ്വെ നം. 1790/സി. 11 ൽപ്പെട്ട (റീ.സർവ്വെ നം.147) 27.61 സെന്റ് (11.18 ആർ) ഭൂമി, ധനകാര്യ വകുപ്പിന്റെ വിയോജിപ്പ് മറികടന്നുകൊണ്ട് കേരള മുൻസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് നിയമം 1995 ലെ റൂൾ 21 പ്രകാരം വലിയതുറ സെന്റ് ആന്റണീസ് സ്കൂളിന് പതിച്ചു നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2) തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിലെ പേട്ട വില്ലേജിലെ സർവ്വെ നം. 1790/സി 11-ൽ പ്പെട്ട 27.345 സെന്റ് സർക്കാർ ഭൂമി ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതിയായ 'പുനർഗേഹം' നടപ്പാക്കുന്നതിനായി കണ്ടെത്തിയിരുന്നു. വലിയതുറ സെന്റ് ആന്റണീസ് സ്കൂളിലെ വിദ്യാർത്ഥികൾ കളിസ്ഥലമായി ഉപയോഗിച്ചിരുന്ന ഭൂമിയായിരുന്നു ഇത് ടി ഭൂമി പ്രസ്തുത ആവശ്യത്തിലേയ്ക്ക് വിനിയോഗിച്ചാൽ ആയത് സ്കൂളിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നും ആയതിനാൽ ടി ഭൂമി സ്കൂളിന് നൽകുകയാണെങ്കിൽ പകരമായി ടി സ്കൂളിന്റെ ഉടമസ്ഥതയിലുള്ള ഇതേ വില്ലേജിലെ സർവ്വേ നം. 1790/എഫ്-9/11 ൽപ്പെട്ട 36.752 സെന്റ് ഭൂമി സർക്കാരിനു നൽകാമെന്നും സ്കൂൾ അധികൃതർ സമ്മതം അറിയിച്ചിട്ടുണ്ട് സ്കൂൾ വിട്ടു നൽകുന്ന ഭൂമി ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യവും പര്യാപ്തവുമാണെന്ന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏര്യാ ഡവലപ്മെന്റ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ടെന്നും പതിവിനായി സ്കൂളധികൃതർ ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി ബി.റ്റി.ആർ. പുറമ്പോക്ക് രജിസ്റ്റർ പ്രകാരം മണൽ ഗ്രൗണ്ട് ഇനത്തിലുള്ള നാലു പുരയിടമാണെന്ന് കാണുന്നുവെന്നും ഫെയർ വാല്യു രജിസ്റ്റർ പ്രകാരം റീസർവ്വെ 1790-ൽപ്പെട്ടതും 'കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / പഞ്ചായത്ത് റോഡ് സൗകര്യമുള്ള താമസയോഗ്യമായ ഭൂമി' എന്ന വിഭാഗത്തിൽപ്പെട്ടതുമായ ഈ രണ്ട് പ്ലോട്ടുകൾക്കും ആർ ഒന്നിന് 3,50,000/- രൂപ (മൂന്നര ലക്ഷം രൂപ) വിലയുള്ളതാണെന്നും ജി.ഒ (പി) 188/14/റ്റി.ഡി തീയതി 14.11.2014 നമ്പർ ഉത്തരവ് പ്രകാരം അത് ആർ ഒന്നിന് 5,25,000/- രൂപയായി നിശ്ചയിക്കാവുന്നതാണെന്നും, വിലയാധാരങ്ങൾ പ്രകാരം സെന്റൊന്നിന് 2,12,909/- രൂപ എന്ന നിരക്കിനെ അടിസ്ഥാന വിലയായി സ്വീകരിക്കാവുന്നതാണെന്ന് കാണുന്നതായും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

(3) ഒരേ വിലയുള്ള ഭൂമി ആയതിനാലും, സർക്കാരിലേയ്ക്ക് കൈമാറ്റം ചെയ്തു കിട്ടുന്ന ഭൂമിയുടെ അളവ് സർക്കാർ പതിച്ച് കൊടുക്കുന്ന ഭൂമിയുടെ അളവിനെക്കാൾ കൂടിയത് ആയതിനാലും ഈ ഭൂമി കൈമാറ്റം സർക്കാരിന് സാമ്പത്തിക ലാഭമുള്ളതാണെന്ന് കാണുന്നുവെന്നും കേരളാ ഭൂമി വിട്ടൊഴിയൽ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

നിയമ പ്രകാരം സ്വകാര്യ ഭൂമി സർക്കാരിലേയ്ക്ക് വിട്ടൊഴിയുന്നപക്ഷം, 1995-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം സർക്കാരിന്റെ വിവേചനാധികാരം വിനിയോഗിച്ച് പകരം ഭൂമി സ്കൂൾ അധികൃതർക്ക് പതിച്ച് നൽകാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

(4) ഈ വിഷയത്തിൽ നിയമ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു :-

"കോസ്റ്റൽ ഏര്യ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന പദ്ധതിയ്ക്കായി 27.345 സെന്റ് സർക്കാർ ഭൂമിക്ക് പകരമായി അതേ വിലയുള്ള വലിയതുറ സെന്റ് ആന്റണീസ് സ്കൂളിന്റെ ഉടമസ്ഥതയിലുള്ള 36.61 സെന്റ് സ്ഥലം കൈമാറുന്നതിന്മേലുള്ള നിയമോപദേശത്തിനായാണ് ടി ഫയൽ ഈ വകുപ്പിലേയ്ക്ക് കൈമാറിയിട്ടുള്ളത്

1995-ലെ മുനിസിപ്പാലിറ്റി കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ 21-ാം ചട്ട പ്രകാരം പ്രസ്തുത ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് പൊതുജന താത്പര്യാർത്ഥം അവശ്യമാണെന്ന് കാണുന്നപക്ഷം നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ഭൂമി പതിച്ചു നൽകാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്

02.08.2018-ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ LRJ6-11091/16 നമ്പർ കത്തിൽ ടി ഭൂമിയിന്മേൽ കേസുകളൊന്നും നിലവിലില്ലാത്തതാണെന്ന് പറഞ്ഞിരിക്കുന്നു. BTR പ്രകാരം മണൽഗ്രൗണ്ട് ഇനത്തിലുള്ള പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതിനാലും, ടി കൈമാറ്റം പ്രകാരം സർക്കാരിലേയ്ക്ക് കൈമാറ്റം ചെയ്തുകിട്ടുന്ന ഭൂമിയുടെ അളവ് പതിച്ചു നൽകുന്ന ഭൂമിയുടെ അളവിനെക്കാൾ കൂടുതലാണെന്നും, സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കില്ല എന്നും പറഞ്ഞിരിക്കുന്നതിനാലും ടി സ്കൂൾ വിട്ടുനൽകുന്ന ഭൂമി ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുള്ള flat നിർമ്മാണത്തിന് അനുയോജ്യവും പര്യാപ്തവുമാണെന്ന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏര്യ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ അറിയിച്ചിരിക്കുന്നതിനാലും സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരമുപയോഗിച്ച് 1995- ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം സർക്കാർ ഭൂമി പതിച്ചുനല്കിക്കൊണ്ട് ടി സ്കൂളിന്റെ ഭൂമി പകരം ഏറ്റെടുക്കുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

(5) പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു-

"സ്വകാര്യ വ്യക്തിയുടെ സൗകരാർത്ഥം സ്വകാര്യ ഭൂമിയും സർക്കാർ ഭൂമിയും പരസ്പരം കൈമാറ്റം ചെയ്യണമെന്നതാണ് ഭരണവകുപ്പ് ശുപാർശ. ഭൂമി കൈമാറ്റത്തിനു യാതൊരു പൊതുതാൽപ്പര്യവും ഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടില്ല. കോസ്റ്റൽ ഏര്യ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളതാണ് സർക്കാർ ഭൂമി. സ്വകാര്യ വ്യക്തിയുടെ പുരയിടം ഈ പദ്ധതിയ്ക്ക് കൂടുതൽ ഉപയുക്തമാണെന്നും ഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടില്ല. ഇരു പുരയിടങ്ങളുടെയും Fair value തുല്യമാണ്, സർക്കാരിനു ലഭിയ്ക്കും എന്നു പരാമർശിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം കൂടുതലാണ് എന്നിവയാണ് ഭൂമി കൈമാറ്റത്തിനു ഉപോൽബലകമായി ഭരണ വകുപ്പ്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ചൂണ്ടിക്കാട്ടുന്നത്. എന്നാൽ പ്രസ്തുത ഭൂമി കൈമാറ്റം സർക്കാർ താൽപ്പര്യം മുൻ നിർത്തിയല്ല സ്വകാര്യ വ്യക്തിയുടെ താൽപ്പര്യം മുൻനിർത്തിയാണ്. ഇങ്ങനെ ഭൂമി കൈമാറ്റം ചെയ്യുന്നത് ആശാസ്യകരമല്ല എന്നാണ് ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടിട്ടുള്ളത് . മാത്രമല്ല ഭൂമി വിട്ടൊഴിയൽ ചട്ടങ്ങൾ പ്രകാരം ഉപാധി വച്ചുകൊണ്ട് സർക്കാരിലേയ്ക്ക് ഭൂമി വിട്ടു നൽകാൻ വ്യവസ്ഥയില്ല. ഇരു ഭൂമികളുടെയും വിശദമായ മഹസർ ,സ്കെച്ച് എന്നിവ തയ്യാറാക്കി സർക്കാർ ഭൂമിയെ അപേക്ഷിച്ച് സ്വകാര്യ ഭൂമിയ്ക്ക് എന്തെങ്കിലും കൂടുതൽ ഗുണഗണങ്ങളുണ്ടോ എന്നതു സംബന്ധിച്ചോന്നും വിശദമായ അപഗ്രഥനം നടത്താതെയാണ് ഭൂമി കൈമാറ്റം ചെയ്യാമെന്ന് Land Revenue Commissioner ശുപാർശ സമർപ്പിച്ചിട്ടുള്ളത് . ഇത്തരത്തിൽ സർക്കാർ ഭൂമിയുമായി സ്വകാര്യ ഭൂമിയുടെ പരസ്പര കൈമാറ്റം അംഗീകരിച്ചാൽ ആയത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയും ഭാവിയിൽ ഇത്തരത്തിൽ കൂടുതൽ അപേക്ഷകൾക്ക് കാരണമാകുകയും ചെയ്യും . ഈ സാഹചര്യങ്ങളിൽ റവന്യൂ വകുപ്പ് ശുപാർശ ചെയ്യുന്ന പ്രകാരമുള്ള ഭൂമി പരസ്പര കൈമാറ്റത്തിനോട് ധന വകുപ്പ് യോജിക്കുന്നില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. "

(6) സർക്കാർ ഭൂമിയും സ്വകാര്യ ഭൂമിയും പരസ്പരം കൈമാറാൻ വ്യവസ്ഥയില്ലാത്തതിനാൽ, ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം തുടർ നടപടി സ്വീകരിക്കാമെന്നു തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂൾ അധികൃതരെ ഉൾപ്പെടുത്തി 15.07.2021 ൽ മീറ്റിംഗ് വിളിച്ചു ചേർക്കുകയും, ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരമുള്ള നടപടികൾ എന്താണെന്നു ബോധ്യപ്പെടുത്തിയിട്ടുള്ളതും തുടർന്ന് തിരുവനന്തപുരം ആർ.ഡി.ഒ മുഖേന തിരുവനന്തപുരം സബ് കളക്ടറുടെ 28.08.2022 ലെ ആർഡിഒടിവിഎം/7359/2021/എ നമ്പർ പ്രകാരം ഭൂമി വിട്ടൊഴിയൽ നടപടി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(7) തിരുവനന്തപുരം ആർ.ഡി.ഒ.യുടെ നടപടിയെ തുടർന്ന്, ടി സ്കൂളിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന തിരുവനന്തപുരം ജില്ലയിലെ ടി താലൂക്കിലെ പേട്ട വില്ലേജിലെ ബ്ലോക്ക് നം 15 ൽ റീസർവ്വേ ന. 309 ൽപ്പെട്ട (പഴയ സർവ്വേ നം. 1790/F9/1/1) 14.88 ആർ (36.752 സെന്റ്) ഭൂമി, മത്സ്യത്തൊഴിലാളി പുനരധിവാസ പദ്ധതിയായ പുനർഗേഹത്തിനു വിനിയോഗിക്കുന്നതിലേക്കായി ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഫിഷറീസ് വകുപ്പിന് നൽകുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണിച്ചുവരുന്നു.

(8) ഭൂമി വിട്ടൊഴിയൽ നടപടി പൂർത്തിയായിട്ടുള്ള സ്ഥിതിയ്ക്ക്, പുനർഗേഹം പദ്ധതിയ്ക്കായി സർക്കാർ കണ്ടെത്തിയിരുന്നതും, ടി സ്കൂൾ അധികൃതർ ആവശ്യപ്പെട്ടിരുന്നതുമായ തിരുവനന്തപുരം ജില്ലയിലെ ടി താലൂക്കിലെ പേട്ട വില്ലേജിലെ ബ്ലോക്ക് നം. 18 ൽ റീസർവ്വേ നം. 147 ൽപ്പെട്ട (പഴയ സർവ്വേ നം. 1790/സി-11) 11.18 ആർ (27.61 സെന്റ്) ഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായി 27.12.2022 ൽ തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(9) ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം, തിരുവനന്തപുരം ആർഡിഒ മുഖേന ഏറ്റെടുത്തിട്ടുള്ളതും, ടി സ്കൂളിന്റെ ഉടമസ്ഥതയിലുള്ളതുമായ റീസർവ്വേ നം. 309 ൽപ്പെട്ട 14.88 ആർ (36.75 സെന്റ്) ഭൂമിയിക്ക് ജില്ലാ കളക്ടറുടെ 25.1.2023 ലെ ബി2/165889/2019 നം. റിപ്പോർട്ട് പ്രകാരം, 1,21,12,320/- (ഒരു കോടി



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ഇരുപത്തിയൊന്ന ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റിയിരുപത് മാത്രം) രൂപ കമ്പോള വില കണക്കിക്കിയിട്ടുണ്ട്. പുനർഗേഹം പദ്ധതിയ്ക്കായി കണ്ടെത്തിയിട്ടുള്ളതും സ്കൂളിനു പതിച്ചു നൽകാനായി ശിപാർശ ചെയ്തിട്ടുള്ളതുമായ റീസർവ്വേ നം. 147 ൽപ്പെട്ട 11.18 ആർ (27.61 സെന്റ്) ഭൂമിയ്ക്ക് ജില്ലാ കളക്ടറുടെ 27.12.2022 ലെ റിപ്പോർട്ട് പ്രകാരം ന്യായവിലയായി ആർ ഒന്നിന് 7,70,000/- രൂപയും കമ്പോളവിലയായി ആർ ഒന്നിന് 8,14,000/- രൂപയും കണക്കാക്കിയിട്ടുണ്ട്. (അപ്രകാരം 11.18 ആർ ഭൂമിയ്ക്ക് ആകെ കമ്പോള വില 91,00,520/- രൂപ ആകുന്നു.)

(10) ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം തിരുവനന്തപുരം ആർഡിഒ മുഖേന ഏറ്റെടുത്തിട്ടുള്ളതും റീസർവ്വേ നം. 309 ൽപ്പെട്ട 14.88 ആർ (36.752 സെന്റ്) ഭൂമിയും, കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപറേഷന്റെ ഉടമസ്ഥതയിലുള്ളതും സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ കോമ്പൗണ്ടിനോട് ചേർന്നുള്ളതുമായ സർവ്വേ നം 1790/c -11 ൽപ്പെട്ട 11.18 ആർസ് (27.61 സെന്റ്) ഭൂമിയും തമ്മിൽ കൈമാറുന്നതിന് ഉള്ള അനുമതി 1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 പ്രകാരമുള്ള സർക്കാരിന്റെ വിവേചന അധികാരം ഉപയോഗിച്ചുകൊണ്ട് അനുവദിക്കാവുന്നതിനായി ബഹു. റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക സമർപ്പിച്ചപ്പോൾ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായി

(11) ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം ഉത്തരവായി :-

> " കേരള കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് കൈമാറ്റം ചെയ്യുന്നത്. എന്നാൽ ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. ധനകാര്യ വകുപ്പ് കുറിപ്പിലെ നിർദ്ദേശത്തോട് യോജിച്ചിട്ടില്ലാത്തതിനാൽ അവരുടെ അഭിപ്രായത്തെ മറികടന്നു മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. എന്നാൽ അക്കാര്യം തീരുമാനിക്കേണ്ടകാര്യത്തിൽ പ്രതിഫലിച്ചിട്ടില്ല. അതിനാൽ ടി അപാകതകൾ പരിഹരിച്ച് പുതുക്കിയ കുറിപ്പ് സമർപ്പിക്കുക "

(12) തുടർന്ന് മത്സ്യബന്ധനവും തുറമുഖവും വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ഇപ്രകാരം അഭിപ്രായം അറിയിക്കുകയും ചെയ്തു :-

"തിരുവനന്തപുരം വലിയതുറ സെന്റ് ആന്റണീസ് സ്കൂളിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 14.88 ആർ (36.752 സെന്റ്) ഭൂമി മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ലഭ്യമാകുന്ന പക്ഷം ടി സ്കൂളിനോട് ചേർന്നു കിടക്കുന്ന 27.345 സെന്റ് സർക്കാർ ഭൂമി ടി സ്കൂളിന് വിട്ടുകൊടുക്കുന്നതിൽ ഫിഷറീസ് വകുപ്പിന് എതിർപ്പില്ലെന്ന വിവരം റവന്യൂ വകുപ്പിനെ അറിയിക്കാവുന്നതാണ്.

ഇതിന് ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

തീരുമാനിക്കേണ്ട വിഷയം

സെന്റ് ആന്റണീസ് സ്കൂളിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം തിരുവനന്തപുരം ആർ.ഡി.ഒ. മുഖേന ഏറ്റെടുത്തിട്ടുള്ളതുമായ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ റീ. സർവ്വെ നം. 309 ൽപ്പെട്ട 14.88 ആർ (36.752 സെന്റ്) ഭൂമിയ്ക്ക് പകരമായി അതേ താലൂക്കിൽ പേട്ട വില്ലേജിൽ സർവ്വെ നം.1790/സി 11 ൽപ്പെട്ട (റീ. സർവ്വെ 147) 11.18 ആർ (27.61 സെന്റ്) സർക്കാർ ഭൂമി ധനകാര്യ വകുപ്പിന്റെ വിയോജിപ്പ് മറികടന്നുകൊണ്ട് 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ടി സ്കൂളിനു കൈമാറി പതിച്ചു നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

332

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി1/268/2021-റവ |
| 2. | വകുപ്പ് | : | റവന്യൂ (ബി) വകുപ്പ് |
| 3. | വിഷയം | : | വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി രൂപീകരിച്ച 18 സ്പെഷ്യൽ എൽ.എ യൂണിറ്റുകളിലെ 265 തസ്തികകൾക്ക് 01.04.2021 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04-10-2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ കെ ബിജു |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.10.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ വി പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.10.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ കെ രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19.10.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.10.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി മാത്രമായി രൂപീകരിച്ച 18 സ്പെഷ്യൽ എൽ.എ യൂണിറ്റുകളിലെ 265 തസ്തികകൾക്ക് 01.04.2021 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് രൂപീകരിച്ച 20 സ്പെഷ്യൽ എൽ.എ യൂണിറ്റുകളിലെ 280 തസ്തികകൾക്ക് 05.08.2020 ലെ സ.ഉ (സാധാ) നമ്പർ 2524/2020/റവ ഉത്തരവ് പ്രകാരം നൽകിയ തുടർച്ചാനുമതി 31.03.2021 ന് അവസാനിക്കുകയുണ്ടായി. ലാൻഡ് റവന്യൂ കമ്മിഷണറുടെ 07.07.2021-ലെ കത്തിൽ വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി രൂപീകരിച്ച താഴെ പറയുന്ന 18 സ്പെഷ്യൽ എൽ.എ യൂണിറ്റുകളിലെ 265 തസ്തികകൾക്ക് 01.04.2021 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | നേരത്തെ അനുവദിച്ച തസ്തികകളുടെ എണ്ണം | അനുമതി ആവശ്യപ്പെട്ട തസ്തികകളുടെ എണ്ണം | പുതിയ പ്രൊപ്പോസലിൽ ഇല്ലാതാക്കിയ/ ചേർത്ത തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽഎ യൂണിറ്റ്, തിരുവനന്തപുരം | 27 | 27 | -- |
| 2 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച്, പി.എം.ജി, തിരുവനന്തപുരം | 18 | 18 | -- |
| 3 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), അന്താരാഷ്ട്ര വിമാനത്താവളം, തിരുവനന്തപുരം | 25 | 25 | -- |
| 4 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), പവർ ഗ്രിഡ്, പത്തനംതിട്ട | 7 | 7 | -- |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

| | | | | | |
|---|---|---|---|---|---|
| 5 | സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽഎ യൂണിറ്റ്, പാലാ, | 19 | 19 | -- | |
| 6 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നമ്പർ II, ആലുവ, എറണാകുളം | 19 | 19 | -- | |
| 7 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), വിമാനത്താവളം, നെടുമ്പാശ്ശേരി | 7 | 7 | -- | |
| 8 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എൻ.എച്ച് 1, കാക്കനാട്, എറണാകുളം | 13 | 13 | -- | |
| 9 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), പവർ ഗ്രിഡ് കോർപ്പറേഷൻ, എറണാകുളം | 7 | 7 | -- | |
| 10 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കൊച്ചി മെട്രോ, എറണാകുളം | 14 | 14 | -- | |
| 11 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ), കൊച്ചി മെട്രോ, എറണാകുളം | 7 | 7 | -- | |
| 12 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കൊച്ചിൻ കോർപ്പറേഷൻ, എറണാകുളം | 11 | 11 | -- | |
| 13 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിൻഫ്ര, പാലക്കാട് | 15 | 15 | -- | |
| 14 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി, കോഴിക്കോട് | 15 | 15 | -- | |
| 15 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എയർപോർട്ട് നമ്പർ 1, മട്ടന്നൂർ, കണ്ണൂർ | 23 | 23 | -- | |
| 16 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എയർപോർട്ട് 2 മട്ടന്നൂർ (വിമാനത്താവളത്തിനായുള്ള | 16 | 25 (16+9) | ജൂനിയർ സൂപ്രണ്ട് | 1 |
| | | | | വാല്യുവേഷൻ അസിസ്റ്റന്റ് | 1 |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

| | | | | | |
|---|---|---|---|---|---|
| | റോഡ് കണക്റ്റിവിറ്റി പാക്കേജ്) | | | സീനിയർ ക്ലാർക്ക് | 1 |
| | | | | ക്ലർക്ക് | 2 |
| | | | | സർവേയർ | 2 |
| | | | | ടൈപ്പിസ്റ്റ് | 1 |
| | | | | OA | 1 |
| | | | | ആകെ | +9 |
| 17 | സ്പെഷൽ തഹസിൽദാർ (എൽ.എ), KSTP, തലശ്ശേരി | 11 | 11 | -- | |
| 18 | LA NH യൂണിറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം | 2 | 2 | -- | |
| 19 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), BPCL/KRL, തൃപ്പൂണിത്തുറ, എറണാകുളം | 12 | -- | (-12) | |
| 20 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, (എൽ.എ) വിമാനത്താവളം, കരിപ്പൂർ, മലപ്പുറം | 12 | -- | (-12) | |
| ആകെ | | 280 | 265 | | |

അർത്ഥനാധികാരി എസ്റ്റാബ്ലിഷ്മെന്റ് / കണ്ടിജൻസി ചാർജിനത്തിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ 10.08.2021-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി.

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | എസ്റ്റാബ്ലിഷ്മെന്റ്/ കണ്ടിജൻസി ചാർജിനത്തിൽ അർത്ഥനാധികാരി നിക്ഷേപിച്ച തുക | എസ്റ്റാബ്ലിഷ് മെന്റ്/ കണ്ടിജൻസി ചാർജിനത്തിൽ അടക്കാനുള്ള തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽഎ യൂണിറ്റ്, തിരുവനന്തപുരം | 43396024 | 1710464 | |

| | | | | | |
|---|---|---|---|---|---|
| 2 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച്, വി.എം.ജി, തിരുവനന്തപുരം | 12523915 | | 28770674.25 | |
| 3 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), അന്താരാഷ്ട്ര വിമാനത്താവളം, തിരുവനന്തപുരം | 9510292 | | പൂർണ്ണമായും പണമടച്ചു | |
| 4 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), പവർ ഗ്രിഡ്, പത്തനംതിട്ട | 28416934 | | 12324841 | 30.09.2020 വരെ |
| 5 | സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽഎ യൂണിറ്റ്, പാലാ | 16467986 | | പൂർണ്ണമായും പണമടച്ചു | |
| 6 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ). എൻ.എച്ച് നമ്പർ II, ആലുവ, എറണാകുളം | 332507 (കണ്ടിജൻസി ചാർജ് ) | | പൂർണ്ണമായും പണമടച്ചു | എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ ഒഴിവാക്കിയിട്ടുണ്ട് |
| 7 | പ്രത്യേക തഹസിൽദാർ (എൽ.എ), വിമാനത്താവളം, നെടുമ്പാശ്ശേരി | MD, കിയാൽ നെടുബാശ്ശേരി | 56767504 (കണ്ടിജൻസി ചാർജ് ) | 24533873 | 31.08.2012 വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ റിക്വിസിഷൻ അതോറിറ്റി അടച്ചിട്ടുണ്ട് |
| | | കോസ്റ്റ് ഗാർഡ്, അടിസ്ഥാന സൗകര്യ വികസനം | 2000000 | പൂർണ്ണമായും പണമടച്ചു | |
| | | RBDCK (സീപോർട്ട് എയർപോർട്ട്-റോഡ്) | 5000000 | പൂർണ്ണമായും പണമടച്ചു | എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ ഒഴിവാക്കിയിട്ടുണ്ട്. |
| | | PWD (റോഡ് & പാലങ്ങൾ) – ആലുങ്കൽ കടവ് പാലം) | 292560 | പൂർണ്ണമായും പണമടച്ചു | എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ ഒഴിവാക്കിയിട്ടുണ്ട് |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

| | | | | | |
|---|---|---|---|---|---|
| | | ഐഐപി കാഞ്ഞൂർ-തെക്കുഭാഗം കനാൽ | 5000000 | പൂർണ്ണമായും പണമടച്ചു | എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ ഒഴിവാക്കിയിട്ടുണ്ട് |
| | | ഐ.ഐ.പി ഫ്ലഷ് എസ്കേപ്പ് മാഞ്ഞാലി തോട് വരെയുള്ള ലീഡിംഗ് കനാൽ | 50000 | പൂർണ്ണമായും പണമടച്ചു | എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ ഒഴിവാക്കിയിട്ടുണ്ട് |
| 8 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എൻ.എച്ച് നമ്പർ 1, കാക്കനാട്, എറണാകുളം | 13537546 | | 2711518 | |
| 9 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), പവർ ഗ്രിഡ് കോർപ്പറേഷൻ, എറണാകുളം | 33077072 | | 5600879 | 2544400 രൂപ 28.08.2020 ന് റിക്വിസിഷൻ അതോറിറ്റി അടച്ചിട്ടുണ്ട് |
| 10 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കൊച്ചി മെട്രോ, എറണാകുളം | 5000000 (എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ) 2000000 കണ്ടിജൻസി ചാർജ്ജ് ) | | പൂർണ്ണമായും പണമടച്ചു | |
| 11 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ), കൊച്ചി മെട്രോ, എറണാകുളം | 5300000 (കണ്ടിജൻസി ചാർജ്ജ്) | | | എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ അടയ്ക്കുന്നതിൽ നിന്ന് കെഎംആർഎല്ലിനെ ഒഴിവാക്കാനുള്ള പ്രൊപ്പോസൽ പരിഗണയിലാണ് |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

| | | | | | |
|---|---|---|---|---|---|
| 12 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കൊച്ചിൻ കോർപ്പറേഷൻ, എറണാകുളം | | 47437029 | 9544587 | |
| 13 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിൻഫ്ര, പാലക്കാട് | | 7009545 (30/09/2016 വരെ) | 14046406 (31/03/2018 വരെ) | 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ ഒഴിവാക്കിയിട്ടുണ്ട് |
| 14 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി, കോഴിക്കോട് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി റോഡ്സ് | 1000000 | പൂർണ്ണമായും പണമടച്ചു | |
| | | മാനേജിംഗ് ഡയറക്ടർ RBDCK | 1435317 (കണ്ടിജൻസി ചാർജ്ജ്) | പൂർണ്ണമായും പണമടച്ചു | |
| | | എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി റോഡുകളും പാലങ്ങളും | 146264 (കണ്ടിജൻസി ചാർജ്ജ് ) | പൂർണ്ണമായും പണമടച്ചു | |
| 15 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എയർപോർട്ട് നമ്പർ 1, മട്ടന്നൂർ, കണ്ണൂർ | | 8350351 (കണ്ടിജൻസി ചാർജ്ജ്) | പൂർണ്ണമായും പണമടച്ചു | |
| 16 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എയർപോർട്ട് II മട്ടന്നൂർ, കണ്ണൂർ | | 8602502 | പൂർണ്ണമായും പണമടച്ചു | |
| 17 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), KSTP, തലശ്ശേരി | | 15068356 | പൂർണ്ണമായും പണമടച്ചു | |
| 18 | LA NH യൂണിറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം | | | | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

3. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

" AD is requested to re-transmit the file with the details of Receipt and Expenditure heads of account of each of the Special LA units along with the details of receipt and expenditure under the respective heads in financial year basis so as to cross check the figures of receipt and expenditure on account of each of the Special LA Unit with Accountant General's reconciled figures. AD is also requested to forward separate proposal for each LA unit in separate files along with the following details.

1. Whether the Special LA units constituted for specific land acquisition for a particular requisitioning authority are entrusted with acquisition of land for government purpose, if so to furnish the orders permitting the same ;

2. When each of the Spl. LA Units mentioned in the file have been constituted? order of creation of unit ;

3. The area of land to be acquired as per original Requisition of the outside requisitioning authority, area already acquired and area of land pending to be acquired"

4. ഈ കേസിൽ തുടർച്ചാനുമതി 31.03.2021 ന് അവസാനിച്ചിട്ടുള്ളതും, LA യൂണിറ്റുകളിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് കഴിഞ്ഞ 6 മാസമായി ശമ്പളം ലഭിക്കാത്ത സാഹചര്യം സംജാതമായിട്ടുള്ളതുമാണ്.

5. ഫയൽ ബഹു റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി:

" വിവിധ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപെട്ടു അനുവദിച്ചിട്ടുള്ള 18 സ്പെഷ്യൽ എൽ .എ യൂണിറ്റിലെ 265 തസ്തികകൾക്ക് 01/04/2021 മുതൽ തുടർച്ചാനുമതി ലഭ്യമാകാത്തതിനാൽ ടി തസ്തികയിലുള്ളവർക്ക് കഴിഞ്ഞ അഞ്ചു മാസമായി ശമ്പളം ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതിൻപ്രകാരം ഓരോ എൽ.എ യൂണിറ്റിനും വെവ്വേറെ പ്രൊപ്പോസലുകൾ സമർപ്പിച്ച തീരുമാനമെടുക്കുകയാണെങ്കിൽ ആയതു



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അനിശ്ചിതമായി നീണ്ടുപോകുകയും ജീവനക്കാർ ശമ്പളം കിട്ടാതെ കൂടുതൽ ദുരിതത്തിലേക്ക് നീങ്ങുകയും ചെയ്യും. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് മന്ത്രി സഭയുടെ അനുമതിയോടെ 265 തസ്തികകൾക്ക് 01/04/2021 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകാവുന്നതാണ് ."

6. തുടർന്ന് ഫയൽ മുഖ്യ മന്ത്രിക്കു സമർപ്പിച്ചപ്പോൾ താഴെ പറയും വിധം ഉത്തരവിട്ടു :

" മന്ത്രിസഭ യോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കുക".

## തീരുമാനിക്കേണ്ട വിഷയം

വിവിധ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി രൂപീകരിച്ച താഴെ പറയുന്ന 18 സ്പെഷ്യൽ എൽ.എ യൂണിറ്റുകളിലെ 265 തസ്തികകൾക്ക് 01.04.2021 മുതൽ ഒരു വർഷത്തേക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് തുടർച്ചാനുമതി നൽകാമോ?

| ക്രമ . നമ്പർ | യൂണിറ്റിന്റെ പേര് | അനുമതി ആവശ്യപ്പെട്ട തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽഎ യൂണിറ്റ്, തിരുവനന്തപുരം | 27 |
| 2 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് , പി.എം.ജി, തിരുവനന്തപുരം | 18 |
| 3 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), അന്താരാഷ്ട്ര വിമാനത്താവളം, തിരുവനന്തപുരം | 25 |
| 4 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), പവർ ഗ്രിഡ്, പത്തനംതിട്ട | 7 |
| 5 | സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽഎ യൂണിറ്റ്, പാലാ | 19 |
| 6 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ). എൻ.എച്ച് നമ്പർ II, ആലുവ, എറണാകുളം | 19 |
| 7 | പ്രത്യേക തഹസിൽദാർ (എൽ.എ), വിമാനത്താവളം, നെടുമ്പാശ്ശേരി | 7 |
| 8 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എൻ.എച്ച് നമ്പർ 1, കാക്കനാട്, എറണാകുളം | 13 |
| 9 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), പവർ ഗ്രിഡ് കോർപ്പറേഷൻ, എറണാകുളം | 7 |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

| | | |
|---|---|---|
| 10 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കൊച്ചി മെട്രോ, എറണാകുളം | 14 |
| 11 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ), കൊച്ചി മെട്രോ, എറണാകുളം | 7 |
| 12 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കൊച്ചിൻ കോർപ്പറേഷൻ, എറണാകുളം | 11 |
| 13 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിൻഫ്ര, പാലക്കാട് | 15 |
| 14 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി, കോഴിക്കോട് | 15 |
| 15 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എയർപോർട്ട് നമ്പർ 1, മട്ടന്നൂർ, കണ്ണൂർ | 23 |
| 16 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എയർപോർട്ട് 2 മട്ടന്നൂർ (വിമാനത്താവളത്തിനായുള്ള റോഡ് കണക്ടിവിറ്റി പാക്കേജ്) | **25 (16+9)** |
| 17 | സ്പെഷൽ തഹസിൽദാർ (എൽ.എ), KSTP, തലശ്ശേരി | 11 |
| 18 | LA NH യൂണിറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം | 2 |
| **ആകെ** | | **265** |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1644

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റവ-ബി1/102/2023-റവ |
| 2. | വകുപ്പ് | : | റവന്യൂ (ബി) വകുപ്പ് |
| 3. | വിഷയം | : | 13 എൽ.എ ജനറൽ ഓഫീസുകളിൽ ഉൾപ്പെട്ടിട്ടുള്ള 248 തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് 01.04.2023 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നത് – സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01/07/2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ അബ്ദുൾ നാസർ ബി |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/07/2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/07/2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ കെ രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11/07/2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11/07/2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്തെ 13 എൽ.എ ജനറൽ ഓഫീസുകളിൽ ഉൾപ്പെട്ടിട്ടുള്ള 248 തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് 01.04.2023 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. 27/08/2022-ലെ സ.ഉ (സാധാ) നം.3646/2022/റവ പ്രകാരം സംസ്ഥാനത്തെ വിവിധ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പ്രവർത്തിച്ച വരുന്ന 13 സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ യൂണിറ്റുകളുടെ 01.4.2022 മുതൽ ഒരു വർഷത്തേക്ക് നൽകിയിരുന്ന തുടർച്ചാനുമതി 31/03/2023-ൽ അവസാനിച്ചിട്ടുള്ളതാണ്.

3. സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്ന താഴെ പറയുന്ന 13 സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ യൂണിറ്റുകളിലെ 248 തസ്തികകൾക്കു 01.04.2023 തിയതി മുതൽ ഒരു വർഷത്തേക്കു തുടർച്ചാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ 13/04/2023, 18.05.2023 എന്നീ തിയതിയിലെ കത്തുകൾ മുഖേന ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി.

| ക്രമ നമ്പർ | എൽ.എ യൂണിറ്റിന്റെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ തിരുവനന്തപുരം | 20 |
| 2 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ നം. II കുണ്ടറ, കൊല്ലം | 20 |
| 3 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ പത്തനംതിട്ട | 23 |
| 4 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ ആലപ്പുഴ | 20 |
| 5 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ കോട്ടയം | 21 |
| 6 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ തൊടുപുഴ, ഇടുക്കി | 17 |
| 7 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ കാക്കനാട്, എറണാകുളം | 21 |
| 8 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ തൃശ്ശൂർ | 20 |
| 9 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ നം. II പാലക്കാട് | 20 |

| | | |
|---|---|---|
| 10 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ തിരൂർ, മലപ്പുറം | 20 |
| 11 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ കൊയിലാണ്ടി, കോഴിക്കോട് | 20 |
| 12 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ തലശ്ശേരി, കണ്ണൂർ | 13 |
| 13 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ കാസർഗോഡ് | 13 |
| ആകെ | | 248 |

4. മേൽ വിഷയത്തിൽ അനുമതിയ്ക്കായി ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി:

"REV-B1/241/2022-REV ഫയലിൽ 25/08/2022 തിയതിയായി ഓരോ യൂണിറ്റിനെ സംബന്ധിച്ചും, ധനവകുപ്പ് പ്രത്യേകമായി നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച്, ധനവകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം ഭരണവകുപ്പിന്റെ വ്യക്തമായ അഭിപ്രായം ഉൾപ്പെടുത്തി ഓരോ യൂണിറ്റിനും പ്രത്യേക ഫയലുകളിലായി ശുപാർശ പുനസമർപ്പിക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു"

5. ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചപ്പോൾ താഴെപ്പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"തുടർച്ചാ അനുമതിക്ക് വേണ്ടിയുള്ള ശുപാർശയിൽ ഉൾപ്പെട്ടിട്ടുള്ള ഈ 13 യൂണിറ്റുകളിലെ വിവിധ ഭൂമി ഏറ്റെടുക്കൽ ജോലികളുടേയും ബന്ധപ്പെട്ട റിക്വിസിഷനിങ് അതോറിറ്റി കെട്ടിവച്ച എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകളുടെയും ക്രോഡീകരിച്ച റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിരിക്കുന്നത് പരിശോധിച്ചതിൽ 23 റിക്വിസിഷനിങ് അതോറിറ്റികൾ എസ്റ്റാബ്ലിഷ് ചാർജ് ഒടുക്കുവരുത്തിയതായും 13 അതോറിറ്റികൾ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഇനി ഒടുക്കാനുള്ളതായും കാണുന്നു. ഈ 13 അതോറിറ്റികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ പൊതുമേഖല സ്ഥാപനങ്ങളോ ആണ് ഈ സ്ഥാപനങ്ങൾ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒടുക്കുന്നത് വരെ ജോലി ചെയ്ത ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന അവസ്ഥ ന്യായീകരിക്കാൻ ആവില്ല. ആയതിനാൽ ധനവകുപ്പിന്റെ നിർദ്ദേശം മറികടന്ന് ഈ 13 ഓഫീസുകൾക്കും 1.4.2023 മുതൽ തുടർച്ചാനുമതി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതും എസ്റ്റാബ്ലിഷ് ചാർജ്ജുകൾ ഈടാക്കുന്നതിന് മറ്റ് നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ബഹു മുഖ്യമന്ത്രി കണ്ടാലും".

6. തുടർന്ന് ഫയൽ സമർപ്പിച്ചപ്പോൾ ബഹു: മുഖ്യമന്ത്രി താഴെ പറയും പ്രകാരം ഉത്തരവിട്ടു:



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

"തുടർച്ചാനുമതി നൽകുന്നകാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക

LA യൂണിറ്റുകളുടെ തുടർച്ചാനുമതി സംബന്ധിച്ച് ലളിതമായ ഒരു നടപടിക്രമം റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് രൂപപ്പെടുത്താൻ ധനവകുപ്പിനോടാവശ്യപ്പെടുക".

**<u>തീരുമാനിക്കേണ്ട വിഷയം</u>**

എ. സംസ്ഥാനത്തെ 13 എൽ.എ ജനറൽ ഓഫീസുകളിൽ ഉൾപ്പെട്ടിട്ടുള്ള 248 തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് 01.04.2023 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകാമോ?

ബി. എൽ.എ യൂണിറ്റുകളുടെ തുടർച്ചാനുമതി സംബന്ധിച്ച് ധനകാര്യ വകുപ്പിന് സമർപ്പിക്കുന്നതിനായി ലളിതമായ ഒരു കരട് നടപടിക്രമം തയ്യാറാക്കി സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെടാമോ?

7510032/2023/REV (G)

158642/2023/REV (B)

REV-B1/63/2023-REV

1477

## കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി1/63/2023-റവ |
| 2. | വകുപ്പ് | : | റവന്യൂ (ബി) വകുപ്പ് |
| 3. | വിഷയം | : | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള 38 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലെ 516 തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് 01.01.2023 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04-04-2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ അബ്ദുൾ നാസർ ബി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ എ ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.04.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ വി പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.04.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ കെ രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11.04.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11.04.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള 38 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലെ 516 തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള 38 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലെ 516 തസ്തികകൾക്ക് 01.01.2023 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ 28.02.2023 ലെ കത്ത് പ്രകാരം സമർപ്പിക്കുകയുണ്ടായി. 14.06.2022 ലെ സ.ഉ(ആർ.റ്റി) നമ്പർ 2599/2022/റവ പ്രകാരം 39 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലെ 516 തസ്തികകൾക്ക് 01.01.2022 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി ലഭ്യമാക്കിയിട്ടുള്ളതും ആയത് 31.12.2022-ന് അവസാനിച്ചിട്ടുള്ളതുമാണ്. ദേശീയപാത 66 മായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ 99% പൂർത്തീകരിച്ച സാഹചര്യത്തിൽ 31.10.2022-ലെ സ.ഉ(ആർ.റ്റി) നമ്പർ 4418/2022/റവ പ്രകാരം താഴെ പറയുന്ന പുതിയ എൻ.എച്ച് പദ്ധതികൾക്ക് ജീവനക്കാരെ പുനർവിന്യസിക്കുകയുണ്ടായി.

കൊല്ലം - ചെങ്കോട്ട എൻ.എച്ച് 744 നാലുവരിപ്പാത
അരൂർ - തുറവൂർ എലിവേറ്റഡ് ഹൈവേ ആറുവരിപ്പാത
പാലക്കാട് കോഴിക്കോട് എൻ.എച്ച് 966 നാലുവരിപ്പാത

3. സ്പെഷ്യൽ യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഇനത്തിൽ 100 കോടി രൂപ 0075-00-800-85-other items എന്ന ശീർഷകത്തിൽ 20.09.2022 ലെ എ 1-700/2022 നടപടിക്രമം പ്രകാരം ദേശീയപാത അതോറിറ്റി കെട്ടിവെച്ചിട്ടുള്ളതാണ്.

4. 38 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലെ 516 തസ്തികകൾക്ക് 01.01.2023 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അനുമതിയ്ക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം അറിയിക്കുകയുണ്ടായി.

"സ.ഉ(സാധാ) നമ്പർ 2599/2022/റവ തിയതി 14.06.2022 ന്റെ തീർപ്പ് ഫയൽ, ഓരോ യൂണിറ്റുകളും എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചതെന്ന വിവരം, അർത്ഥനാധികാരി എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് പൂർണ്ണമായും ഒടുക്കു വരുത്തിയിട്ടുള്ള യൂണിറ്റുകളിലെ തസ്തികകൾ തരം തിരിച്ച് പട്ടികപ്പെടുത്തിയത്, ഓരോ യൂണിറ്റിനും തുടർച്ചാനുമതി അനുവദിക്കേണ്ടതിന്റെ വ്യക്തമായ കാരണം, ഇതിൻമേൽ ഭരണവകുപ്പിന്റെ അഭിപ്രായം എന്നിവ സഹിതം ഫയൽ ലഭ്യമാക്കാൻ ഭരണ വകുപ്പിനു നിർദ്ദേശം നൽകുന്നു".



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

5. ഫയൽ ഉത്തരവിനായി ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അവസരത്തിൽ താഴെപ്പറയുംപ്രകാരം ഉത്തരവാകുകയുണ്ടായി.

"ദേശീയപാത 66 മായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ ജോലികൾക്കായി സമയപരിധി നിശ്ചയിച്ച്, നൽകിയ ടാർജറ്റുകളുമായി, 39 ഭൂമി പതിവ് ഓഫീസുകളും പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. ഇവയുടെ എസ്റ്റാബ്ലിഷമെന്റ് കോസ്റ്റായ 100 കോടി രൂപ 0075-00-800-85-other item എന്ന് ശീർഷകത്തിൽ ഒടുക്കിയിട്ടുമുണ്ട്. 31.12.2022 ന് തുടർച്ചാനുമതി അവസാനിച്ച ഈ ഓഫീസിലെ ജീവനക്കാർക്ക് നിലവിൽ ശമ്പളം ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ധനവകുപ്പ് ആവശ്യപ്പെട്ട പ്രകാരം ഓരോ ഓഫീസിന്റെയും പ്രവർത്തനം അവലോകനം ചെയ്ത് തസ്തികകൾ തിരിച്ച് തുടർച്ചാനുമതി അനുവദിക്കേണ്ടതിന്റെ കാരണവും ബോധ്യപ്പെടുത്തി ശിപാർശ സമർപ്പിക്കുന്നതിന് കാലതാമസം എടുക്കും. ആയതിനാൽ, ഓഫീസ് പ്രവർത്തനങ്ങൾക്കുള്ള തുക NHAI ഒടുക്കിയ സാഹചര്യത്തിലും സർക്കാരിന് പ്രത്യേകമായി ഒരു ബാധ്യതയും ഉണ്ടാകാത്ത സാഹചര്യത്തിലും ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന അവസ്ഥ ജീവനക്കാരുടെ മനോവീര്യം കെടുത്തും എന്നതിനാലും ഈ 39 ഓഫീസുകളിലെ 516 തസ്തികകൾക്കും 1. 1. 2023 മുതൽ ഒരു വർഷത്തേക്ക് കൂടി ധനവകുപ്പിന്റെ എതിർപ്പ് മറികടന്ന് തുടർച്ചാനുമതി നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്. ബഹു മുഖ്യമന്ത്രി കണ്ടാലും".

6. ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഇപ്രകാരം ഉത്തരവിടുകയുണ്ടായി.

"മന്ത്രിസഭയുടെ പരിഗണനക്കു സമർപ്പിക്കുക".

## തീരുമാനിക്കേണ്ട വിഷയം

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള 38 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലെ 516 തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് 01.01.2023 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നല്കാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1575

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം2/6/2021/റവ. |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | മാവേലിക്കര വില്ലേജിൽ റീ.സർവ്വേ 8/2-ൽ പ്പെട്ട പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് വികസനത്തിനായി കേരള സർവകലാശാലയുടെ പേരിൽ സൗജന്യ നിരക്കിൽ 15 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11.05.2023 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>( ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. എം.ജി. രഞ്ജിത് കുമാർ |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 31.05.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 01.06.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 05.06.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.06.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നം.83 റീ.സർവ്വേ 8/2-ൽ ഉള്ളതും മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് വിട്ടുനൽകുന്നതിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുള്ളതുമായ പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി, പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി കേരള സർവകലാശാലയുടെ പേരിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് സൗജന്യ നിരക്കിൽ 15 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്

2) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ, മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നം.83 റീ.സർവ്വേ 8/2 -ൽ ഉള്ള പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് വികസനത്തിന് വിട്ടു നൽകുന്നതിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് കേരള സർവകലാശാലയ്ക്ക് കീഴിൽ സർക്കാർ പ്ലാൻ ഫണ്ടിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ജലസേചന വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

3) മാവേലിക്കര വില്ലേജ് ബ്ലോക്ക് നം.83 റീ.സർവ്വേ 8/2 -ൽ ഉള്ള പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പാട്ടത്തിന് നൽകുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിൽ ടി വസ്തുവിന് ആർ ഒന്നിന് ₹3,40,000/-(മൂന്നുലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) കമ്പോളവില നിർണയിക്കാവുന്നതാണെന്നും അപ്രകാരം 26.71 ആർസ് വസ്തുവിന് കമ്പോള വില ₹90,81,400/- (തൊണ്ണൂറ് ലക്ഷത്തി എൺപത്തി ഒന്നായിരത്തി നാനൂറ് രൂപ മാത്രം) കണക്കാക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 28/01/2016 ലെ ജി.ഒ.(എം. എസ് ) 64/2016/ആർ.ഡി പ്രകാരം Land Leased out to Public Sector Institutions of the state Government എന്ന ക്ലാസ്സിഫിക്കേഷനിൽ ഉൾപ്പെടുത്തി കമ്പോളവിലയുടെ 2% വാർഷിക പാട്ടനിരക്ക് നിശ്ചയിക്കാവുന്നതും, ആയതിൻ പ്രകാരം അപേക്ഷാ വസ്തുവിന്റെ വാർഷിക പാട്ടം ₹90,81,400/-(തൊണ്ണൂറ് ലക്ഷത്തി എൺപത്തി ഒന്നായിരത്തി നാനൂറ് രൂപ മാത്രം) യുടെ 2% ആയ ₹1,81,628/- (ഒരു ലക്ഷത്തി എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം)യും വൃക്ഷവിലയായ ₹875/- യും ഉൾപ്പെടെ ആകെ ₹1,82,503/-(ഒരു ലക്ഷത്തി എൺപത്തി രണ്ടായിരത്തി അഞ്ഞൂറ്റി മൂന്ന് രൂപ മാത്രം) വാർഷിക പാട്ടം കണക്കാക്കി 3 വർഷത്തേക്ക് പാട്ടത്തിനനുവദിക്കാവുന്നതാണെന്ന ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

4) മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് കേരള സർവകലാശാലയ്ക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനമായതിനാൽ ദീർഘ കാല പാട്ടം അനുവദിക്കുന്നതിൽ അനൗചിത്യമില്ല എന്നതിനാൽ മൂന്ന് വർഷത്തിലൊരിക്കൽ പാട്ടം പുതുക്കണമെന്ന നിബന്ധനയോടെ കമ്പോളവിലയുടെ 2% വാർഷിക പാട്ട നിരക്കിൽ 15 വർഷത്തേക്ക് മേല്പറഞ്ഞ ഭൂമി പാട്ടത്തിനനുവദിക്കുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം

ആരാഞ്ഞിരുന്നു. ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

"ദൃശ്യകലാ വിദ്യാഭ്യാസത്തിന്റെ ഉത്തമതാല്പര്യം മുൻ നിർത്തി, ഈ രംഗത്ത് കേരളത്തിന്റെ യശ്ശസ്സുയർത്തുന്ന ഏകസ്ഥാപനം എന്ന വസ്തുത പരിഗണിച്ച് മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്-ന്റെ വികസനത്തിന് വേണ്ടിയുള്ള ഭൂമി പാട്ട നിബന്ധന ഉദാരമാക്കി പാട്ടത്തുക സൗജന്യമാക്കിത്തരണമെന്ന് കേരള സർവകലാശാല അപേക്ഷിച്ചിരിക്കുകയാണ് എന്നറിയിക്കുന്നു".

5) മൂന്ന് വർഷത്തിലൊരിക്കൽ പാട്ടം പുതുക്കണമെന്ന നിബന്ധനയോടെ കമ്പോളവിലയുടെ 2% വാർഷിക പാട്ട നിരക്കിൽ വ്യവസ്ഥകൾക്ക് വിധേയമായി 15 വർഷത്തേക്ക് പാട്ടത്തിനനുവദിക്കാമോ എന്ന കാര്യത്തിലും പാട്ടത്തുക സൗജന്യമാക്കിത്തരണമെന്ന് കേരള സർവകലാശാല അപേക്ഷിച്ചതായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിച്ച സാഹചര്യത്തിൽ പാട്ടത്തുക സൗജന്യമാക്കാൻ സാധിക്കുമോ എന്ന കാര്യത്തിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു.

6) തദവസരത്തിൽ മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് - ന്റെ വരുമാന സ്രോതസ്സുകൾ സംബന്ധിച്ച വിവരങ്ങൾ, കഴിഞ്ഞ 5 വർഷം ലഭിച്ച ഗ്രാന്റ് സംബന്ധിച്ച വിശദാംശങ്ങൾ തുടങ്ങിയവ ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ വിശദാംശങ്ങൾ സഹിതം ഫയൽ വീണ്ടും സമർപ്പിച്ചപ്പോൾ മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് ഒരു സ്വയംഭരണ സ്ഥാപനമാണോ അതോ കേരള സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണോ എന്നതിൽ വ്യക്തത വരുത്തുവാനും കേരള സർവകലാശാലയുടെ കീഴിലുള്ള സ്ഥാപനമാണെങ്കിൽ ഭൂമി അനുവദിക്കുന്നതിന് അർത്ഥന നടത്തേണ്ടത് കേരള സർവകലാശാലയാണെന്നും രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ പേരിൽ ഭൂമി അനുവദിക്കാൻ സാധിക്കുകയില്ല എന്നും ധനകാര്യ വകുപ്പ് അറിയിച്ചു. മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഓഫ് വിഷ്വൽ ആർട്സ് എന്ന സ്ഥാപനം സ്വയംഭരണ സ്ഥാപനമല്ലായെന്നും കേരള സർവകലാശാലയുടെ കീഴിലുള്ള സ്ഥാപനമാണെന്നും ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പിൽനിന്നും അറിയിക്കുകയുണ്ടായി. ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ അർത്ഥന നടത്തിയത് കേരള സർവകലാശാല രജിസ്ട്രാർ ആണ്.

7) മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് കേരള സർവകലാശാലയുടെ കീഴിലുള്ള സ്ഥാപനമാണെന്നും, ഭൂമി അനുവദിക്കുന്നതിനായി അർത്ഥന നടത്തിയത് കേരള സർവകലാശാല രജിസ്ട്രാർ ആണെന്നും വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ പാട്ടം പുതുക്കണമെന്ന നിബന്ധനയോടെയും മറ്റ് പാട്ട വ്യവസ്ഥകൾക്ക് വിധേയമായും കമ്പോളവിലയുടെ 2% വാർഷിക പാട്ട നിരക്കിൽ 15 വർഷത്തേക്ക് മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിനുവേണ്ടി മാവേലിക്കര വില്ലേജ് ബ്ലോക്ക് നം.83 റീ.സർവ്വേ 8/2 -ൽ ഉള്ള പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി പാട്ടത്തിന് അനുവദിക്കാമോ എന്ന കാര്യത്തിലും, പാട്ടത്തുക സൗജന്യമാക്കിത്തരണമെന്ന് കേരള സർവകലാശാല അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ പാട്ടത്തുക സൗജന്യമാക്കാൻ സാധിക്കുമോ എന്ന കാര്യത്തിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരാഞ്ഞു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

8) ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് എന്ന സ്ഥാപനം കേരള സർവകലാശാലയുടെ കീഴിലുള്ള സ്ഥാപനമായതിനാൽ കേരള സർവകലാശാലയുടെ പേരിൽ മാത്രമേ ഭൂമി അനുവദിക്കാൻ കഴിയൂ എന്നതിനാൽ ചുവടെ പറയുന്ന പാട്ട വ്യവസ്ഥകൾക്കും മന്ത്രിസഭായോഗ തീരുമാനത്തിനും വിധേയമായി മൂന്ന് വർഷത്തിലൊരിക്കൽ പാട്ടം പുതുക്കണമെന്ന നിബന്ധനയോടെ കമ്പോള വിലയുടെ 2% വാർഷിക നിരക്കിൽ 15 വർഷത്തേയ്ക്ക് മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് എന്ന സ്ഥാപനം നടത്തുന്നതിനു വേണ്ടി മാവേലിക്കര വില്ലേജ് ബ്ലോക്ക് നം.83 റീ.സർവ്വേ 8/2 -ൽ ഉള്ള പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കിയ ശേഷം കേരള സർവകലാശാലയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് അനുമതി നൽകുന്നു"

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല;

iii) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ടതാണ്;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

vii) പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

viii) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix ) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

9) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ ചംക്രമണം ചെയ്യപ്പോൾ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ ചുവടെ ചേർക്കുന്ന നിർദ്ദേശം സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി.

"കേരള യൂണിവേഴ്സിറ്റിയുടെ ചുമതലയിൽ പ്രവർത്തിക്കുന്ന മാവേലിക്കര രാജാ രവി വർമ്മ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

സെന്ററിനു ഭൂമി സൗജന്യ നിരക്കിൽ പാട്ടത്തിനു നൽകണമെങ്കിൽ മന്ത്രി സഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ് . ബഹു. മുഖ്യ മന്ത്രി കണ്ടാലും"

തുടർന്ന്, ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നം.83 റീ.സർവ്വേ 8/2-ൽ പെട്ടതും മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് വേണ്ടി വിട്ടുനൽകുന്നതിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുള്ളതുമായ പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കിയ ശേഷം പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി കേരള സർവകലാശാലയുടെ പേരിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി സൗജന്യ നിരക്കായ ഒരു ആറിന് പ്രതിവർഷം 100/- രൂപ നിരക്കിൽ 15 വർഷത്തേക്ക് പാട്ടത്തിന് നൽകാമോ?

**നിബന്ധനകൾ**

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല;

iii) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കേരള സർവ്വകലാശാല തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

vii) പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

viii) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix ) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-06-2023

ഫയൽ നം. എം2/6/2021/റവ. ഇനം നം: 1575

വിഷയം : റവന്യൂ വകുപ്പ് - മാവേലിക്കര വില്ലേജിൽ റീ.സർവ്വേ 8/2-ൽപ്പെട്ട പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് വികസനത്തിനായി കേരള സർവ്വകലാശാലയുടെ പേരിൽ സൗജന്യ നിരക്കിൽ 15 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 106/എം2/2021/റവ. |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | OKHL ന് ആലപ്പുഴ ജില്ലയിൽ SILK ന്റെ പേരിലുള്ള 1 ഏക്കർ ഭൂമി പാട്ടത്തിനു നൽകുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച 04/02/21 ലെ സ.ഉ(കൈ)നം 41/2021/റവ നമ്പർ ഉത്തരവ് റദ്ദു ചെയ്യുന്നതും ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ SILK ന്റെ കൈവശത്തിലുള്ള 04.52 ഏക്കർ (01.8293 ഹെക്ടർ) വസ്തുവും, 0.48 ഏക്കർ( 19.43 ആർസ്) പുറമ്പോക്ക് വസ്തുവും ഉൾപ്പെട്ട അഞ്ചേക്കർ ഭൂമിയും, കാസർഗോഡ് ജില്ലയിൽ തലപ്പാടി എന്ന സ്ഥലത്ത് ജി.എസ്.ടി വകുപ്പിന്റെ കൈവശത്തിലുള്ള 3.0231 ഹെക്ടർ ഭൂമിയും റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി കമ്പോള വിലയ്ക്ക് ഓണർഷിപ്പിൽ OKHIL ന് പതിച്ചുനൽകുന്നത് / 2.2 ഹെക്ടർ ഭൂമി പാട്ടത്തിന് നൽകുന്നതും, ഭൂമിവില ഷെയറുകളായി സർക്കാരിന് നൽകുന്ന വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുവാൻ നോർക്ക വകുപ്പിനെ ചുമതലപ്പെടുത്തുന്നതും സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21.04.2022 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br><br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>(നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്.) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ. ആർ.എൽ |
| 8. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18.05.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.05.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22.05.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.05.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

172 ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ കേരള സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പേരിലുള്ള 1 ഏക്കർ ഭൂമി ഓവർസീസ് കേരള ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ്സ് ലിമിറ്റഡിന് (OKIHL) പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് പാട്ടത്തിനു നൽകുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച 04/02/21 ലെ സ.ഉ(കൈ)നം 41/2021/റവ നമ്പർ ഉത്തരവ് റദ്ദ് ചെയ്യുന്നതും ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 31 ൽ റീസർവ്വേ നം. 281/14 ൽ പെട്ട കേരള സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കൈവശത്തിലുള്ള 04.52 ഏക്കർ (01.8293 ഹെക്ടർ) വസ്തുവും, റീസർവ്വേ നം. 281/12 ൽ പെട്ട 0.48 ഏക്കർ( 19.43 ആർസ്) പുറമ്പോക്ക് വസ്തുവും ഉൾപ്പെട്ട അഞ്ചേക്കർ (നാഷണൽ ഹൈവേയ്ക്ക് ഏറ്റെടുക്കുന്ന സ്ഥലം കഴിച്ചുള്ള) ഭൂമിയും, കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് റീ സർവ്വെ നം. 92/7B, 92/8B, 92/9B, 92/10B, 93/6B, 94/1, 94/4, എന്നിവയിൽ പ്പെട്ട ജി.എസ്.റ്റി വകുപ്പിന്റെ കൈവശത്തിലുള്ള 3.0231 ഹെക്ടർ ഭൂമിയും റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി കമ്പോള വിലയ്ക്ക് ഓണർഷിപ്പിൽ OKHIL ന് പതിച്ചുനൽകുന്നതും ഭൂമിവില ഷെയറുകളായി സർക്കാരിന് നൽകുന്ന വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുവാൻ നോർക്ക വകുപ്പിനെ ചുമതലപ്പെടുത്തുന്നതും സംബന്ധിച്ചാണ് ഈ കുറിപ്പ്.

173 2) ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 31 ൽ റീ.സർവ്വേ 281/14 ൽ പെട്ടതും, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ പേരിലുള്ളതുമായ 19.03.25 ഹെക്ടർ ഭൂമിയിൽ നിന്നും 1 ഏക്കർ ഭൂമി റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കി OKIHL എന്ന കമ്പനിക്ക് പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് ടി ഭൂമിയുടെ കമ്പോളവിലയുടെ 5 % പാട്ട നിരക്കിലും മറ്റ് പാട്ട വ്യവസ്ഥകൾക്കും വിധേയമായി 10 വർഷത്തേക്ക് പാട്ടത്തിനു നൽകുന്നതിന് അനുമതി നൽകി 04/02/21 ലെ സ.ഉ(കൈ)നം 41/2021/റവ.ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

174 3) ഭൂമി പണയപ്പെടുത്താൻ പാടില്ല എന്ന മേൽ ഉത്തരവിലെ വ്യവസ്ഥ ഭേദഗതി



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ചെയ്ത് mortgage ചെയ്യുന്നതിന് അനുമതി നൽകണം എന്നും REST STOP കമ്പനിക്ക് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി ഭൂമി OKIH Ltd നു കൈമാറണം, 5 ഏക്കർ ഭൂമി പ്രസ്തുത പദ്ധതിയ്ക്കായി അനുവദിക്കണം എന്നിങ്ങനെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് OKIH Ltd വീണ്ടും അപേക്ഷ സമർപ്പിച്ചു.

175 4) പ്രസ്തുത ആവശ്യം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ഇപ്രകാരം അഭിപ്രായപ്പെട്ടു.

സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ഭൂമി പാട്ടത്തിനു നൽകുന്നതിനുള്ള അധികാരം ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമാണ്. പാട്ടത്തിന് നൽകുമ്പോൾ ഈടാക്കേണ്ട നിരക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ 6/2/16 ലെ ജി.ഒ (എം.എസ്) 96/2016/RD പ്രകാരവും മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 6/2/16 ലെ G.O (P) 64/2016/RD ഉത്തരവ് പ്രകാരവുമാണ് നിശ്ചയിച്ചിട്ടുള്ളത്. നിലവിലുള്ള 3/8/18 ലെ സ.ഉ (കൈ) നം. 276/18/റവ, 25/3/19 ലെ സ.ഉ.(എം.എസ്) 113/2019/റവ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് നിലവിൽ ഭൂമി പാട്ടത്തിന് അനുവദിച്ചു വരുന്നത്. ടി ഉത്തരവുകൾ പ്രകാരമാണ് 1 ഏക്കർ ഭൂമി പാതയോര വിശ്രമ കേന്ദ്രത്തിന് 10 വർഷക്കാലയളവിൽ അനുവദിച്ചിട്ടുള്ളത്. ഇതേ വ്യവസ്ഥകൾ പ്രകാരമാണ് KSRTC, KSEB തുടങ്ങിയ സ്ഥാപനങ്ങൾക്കു ഭൂമി പാട്ടത്തിന് അനുവദിക്കുന്നത്. നിലവിലുള്ള നിയമപ്രകാരം അനുവദിച്ച 4/2/21 ഉത്തരവിലെ വ്യവസ്ഥകൾ OKIHL-ന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തുന്നത് ഉചിതമല്ലെന്നു കാണുന്നു. സർക്കാർ പാട്ടത്തിന് നൽകുന്ന ഭൂമി പണയപ്പെടുത്തുന്നതിനോ, വിൽക്കുന്നതിനോ, വീണ്ടും പാട്ടത്തിന് നൽകുന്നതിനോ പാടില്ലാത്തതാണ്. മറ്റു വകുപ്പുകൾക്കു പോലും ഈ അധികാരം ഇല്ലാത്തതാണ്. സേവന വകുപ്പുകൾക്ക് നൽകുന്ന രീതിയിൽ കമ്പനികൾക്ക് ഭൂമി പാട്ടത്തുക/ഭൂമിവില ഈടാക്കാതെ നൽകുന്നതിന് വ്യവസ്ഥ ഇല്ലാത്തതാണ്.

176 5) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഇപ്രകാരം നിർദ്ദേശിച്ചു.

"Finance's views may be conveyed as under:

(i). Transfer of land to OKIHL, as a 100% government company, may be done as per the Revenue department's usual terms and conditions for such transfers.

(ii). It is stated that Leasing of land on 29 years lease to the SPV, Rest



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

114

Stop Pvt. Ltd. (a 100% subsidiary of OKIHL) is to be done by the Revenue department, with right to lease a portion to Oil companies. Once land is transferred to OKIHL, it is presumed the lease or sublease is to be given to the SPV(Rest Stop Pvt. Ltd. ) by OKIHL, rather than by the Revenue department. This needs to be clarified from the Company (OKIHL).

(iii ). After development, it is stated that shares of the Rest Stop Pvt. Ltd. can be transferred to Real Estate Investment Trust (REIT) structure, which will be registered under SEBI, with land value to be taken as not below fair value fixed by Revenue authorities, while valuing the Company's assets. It is further stated that during the formation of REIT, independent valuation will be more than double the development cost, enabling the state government to hold up to 50 % of the SPV (Rest Stop Pvt. Ltd) without any cash outflow. It is also stated that ownership of land will remain with OKIH, which is a 100% GOK company and investors will never get any right over land and management. However, to ensure that GOK remains in control over both equity and management of the SPV, we may insist that GOK will always retain the majority stake in the SPV (51%) as well as management control by ensuring that the majority of the Directors of the Board be nominees of the GOK. As Secretary, Expenditure and Revenue Secretary have already been approved as Board members in the SPV, it is suggested that Industries Secretary also be added as a member of the SPV (Rest Stop Pvt.Ltd)Board.

(iv). Subject to this broad mandate, i.e. that GOK will retain majority stake in the SPV and 100% stake in OKIHL itself, the lease arrangements may be finalized by the Revenue department including the grant of permission to mortgage the land parcels by OKIHL to finance development costs.

(v). Moreover, it would also need to be ensured that any transfer of



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

shares/units to the REIT structure would be done with the approval of the Government only".

177 6) നിയമ വകുപ്പ് ഈ വിഷയത്തിൽ ലഭ്യമാക്കിയ അഭിപ്രായം ഇപ്രകാരമാണ്:

"While giving paramount importance to the word 'public interest' employed in Section 24 of the Land Assignment Rules the lease hold right of the OKIH which is a company owned by the Government, can be permitted. Relied- (Ram and Shyam Company v.State of Hariyana and others(1985(3) SCC 267 and NSS Karayogam No.1300 and others v.State of Kerala and Others 2020(5) KLT 384). Even in the absence of restrictive clauses against mortgage in the lease deed, only usufructuary right over the land can be mortgaged. Unless the lease deed specifically permit the lessee to create a charge over the land for the purpose of rising funds, for achieving the objects of the lessee company, they will not be able to raise funds from financial institutions by mortgaging the leasehold property. Since the lessee company is a 100% Government owned and the purpose of lease is in the public interest, incorporating of such a provision in view of Rule 24 of the Kerala Land Assignment Rules would sustain. The record should reflect that the decision to incorporate such a clause in the deed was taken in the public interest for providing amenities to the public at large.

All other demands from the side of the company including the permission for making involvement of a Private Limited Company cannot be allowed because of the legal hurdles."

178 7) മേൽ വിഷയം സംബന്ധിച്ച ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 21.6.2021 ന് ചേർന്ന യോഗത്തിൽ ഭൂമി പാട്ടത്തിനു നൽകാതെയും സ്വകാര്യ പങ്കാളിത്തത്തിലല്ലാതെയും ഒരു പാതയോര വിശ്രമ കേന്ദ്രം സ്ഥാപിക്കാവുന്നതാണെന്ന് OKIHL അറിയിച്ചിരുന്നു. ആയതിൻ പ്രകാരം സർക്കാർ ഭൂമി പണയപ്പെടുത്താതെയും സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറാതെയും സ്വകാര്യ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

പങ്കാളിത്തത്തിലല്ലാതെ ഒരു way side amenity centre സ്ഥാപിക്കുന്നതിനായി ഭൂമി പാട്ടത്തിന് ലഭിക്കുന്നതിന് പുതുക്കിയ അപേക്ഷ OKHIL സമർപ്പിക്കേണ്ടതാണെന്നു പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു.

179 8) എന്നാൽ പാട്ടത്തിനുള്ള അപേക്ഷയ്ക്കു പകരം ഭൂമി പണയപ്പെടുത്താൻ അനുമതി നൽകണമെന്നും പെട്രോൾ പമ്പിന് ഉപപാട്ടത്തിനു നൽകാൻ അനുമതി നൽകണമെന്നും 5 ഏക്കർ ഭൂമി അനുവദിക്കണമെന്നും ആവശ്യപ്പെട്ടു OKIHL വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി.

180 9) മേൽ വിഷയത്തിൽ Chief Principal Secretary to Chief Minister യുടെ അദ്ധ്യക്ഷതയിൽ 28.7.2021 ചേർന്ന യോഗത്തിൽ റസ്റ്റ് സ്റ്റോപ്പ് പദ്ധതിയ്ക്കായി ആലപ്പുഴ ജില്ലയിലും കാസർഗോഡ് ജില്ലയിലും കണ്ടെത്തിയിട്ടുള്ള ഭൂമി കമ്പോള വിലയ്ക്ക് പതിച്ചു നല്കുന്നതിലേക്കായി ഭൂമിയുടെ കമ്പോള വില നിർണ്ണയിക്കേണ്ടതാണെന്നു തീരുമാനിക്കുകയുണ്ടായി .

യോഗ തീരുമാനത്തിന്റെ പ്രസക്ത ഭാഗം ഇപ്രകാരമാണ്

"The meeting reached a consensus that instead of leasing model, it is better that OKIH Ltd is assigned the government land at market value. This would help OKIH Ltd. to acquire the required rights on the land to make the model feasible. it is further advised that Finance Department would give a grant for effecting such a transaction which OKIHL will pay back to Finance as land consideration".

181 10) കമ്പോള വിലയ്ക്ക് ഭൂമി ലഭ്യമാക്കുന്നതിന് OKIHL നു ധനകാര്യ വകുപ്പ് ഗ്രാന്റ് നൽകേണ്ടതാണെന്ന് Chief Principal Secretary to Chief Minister യുടെ അദ്ധ്യക്ഷതയിൽ 28.7.2021 ന് ചേർന്ന മീറ്റിംഗിന്റെ നടപടിക്കുറിപ്പിൽ പ്രതിപാദിച്ചിട്ടുള്ള സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 31 ൽ റീ .സർവ്വേ 281/14 ൽ പെട്ടതും 45 കോടി രൂപ കമ്പോള വില നിർണയിക്കപ്പെട്ടിട്ടുള്ളതുമായ 5 ഏക്കർ ഭൂമിയും മഞ്ചേശ്വരം വില്ലേജിലെ സർവ്വെ നം. 92/28, 92/78, 92/88, 92/98, 92/108, 93/8, 93/6, 94/1, 94/4, എന്നിവയിൽപ്പെട്ട ഏഴ് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി നാല്പത്തി ആറായിരത്തി തൊള്ളായിരം രൂപ കമ്പോള



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

വില നിർണയിച്ചിട്ടുള്ള 3.9393 ഹെക്ടർ ഭൂമിയുടെ(9 .73 ഏക്കർ ) ഭൂമിയും ,കമ്പോള വിലയ്ക്ക് OKIHL ന് അനുവദിക്കുന്നതിനുള്ള നിർദേശം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു.

182 11) ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു .

"ഭൂമി പതിച്ച് നൽകിയാൽ OKHIL കമ്പനി വിഭാവനം ചെയ്യുന്ന രീതിയിൽ ഭൂമി ഉപപാട്ടത്തിന് അനുവദിക്കുക, ഭൂമി ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുക, ഭൂമിയിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാൻ സാധിക്കും. OKHIL എന്നത് 100% സർക്കാർ പങ്കാളിത്തമുള്ള കമ്പനിയാണ്. സർക്കാർ ഭൂമി ഉപയോഗിക്കുന്നതിന് നിലവിലുള്ള നിബന്ധനകൾ തടസ്സമായതിനാൽ അത് മറികടക്കുന്നതിന് വേണ്ടി സർക്കാർ ഭൂമി സർക്കാർ തന്നെ പണം നൽകി ഒരു സർക്കാർ കമ്പനിയുടെ പേരിൽ വാങ്ങി നൽകണം എന്നതാണ് ആവശ്യം. ഇത് നിലവിലുള്ള കീഴ്വഴക്കങ്ങളുടെ ലംഘനവും സർക്കാർ ഭൂമിയുടെ ഉപയോഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ മുറിച്ച് കടക്കുന്നതിനുള്ള ഉപാധിയുമാണ്. പൊതുജന താല്പര്യം ഈ വിഷയത്തിൽ കാണാൻ കഴിയില്ല എന്ന് റവന്യൂ വകുപ്പ് തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ പണം മുടക്കി ഒരു സർക്കാർ കമ്പനിയുടെ പേരിൽ സർക്കാരിന്റെ തന്നെ ഭൂമി വാങ്ങി നൽകണം എന്ന ആവശ്യം അംഗീകരിക്കേണ്ടതില്ല. റവന്യൂ വകുപ്പും അത്തരത്തിലൊരു നടപടിയോട് യോജിക്കുന്നില്ല. കൂടാതെ, പകരം ചീഫ് സെക്രട്ടറിയുടെ യോഗത്തിൽ തീരുമാനിച്ചത് പ്രകാരം സർക്കാർ ഭൂമി പണയപ്പെടുത്താതെയും സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറാതെയും സ്വകാര്യ പങ്കാളിത്തത്തിലല്ലാതെ ഒരു way side amenity centre സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ OKHIL കമ്പനിക്ക് നിർദ്ദേശം നൽകാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു. സ്ഥലം ഉപപാട്ടത്തിന് നൽകാൻ പാടില്ലായെന്നും അറിയിക്കുന്നു.
ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്. "

183 12) ധനകാര്യം, നിയമ വകുപ്പുകളുടെ അഭിപ്രായത്തെ തുടർന്ന്, നിലവിലെ കമ്പോള വിലയുടെ അടിസ്ഥാനത്തിൽ ഭൂമി OKHIL ന് പതിച്ച് നൽകുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിലേയ്ക്കായി ഫയൽ ചംക്രമണം ചെയ്തപ്പോൾ മുഖ്യമന്ത്രി തലത്തിൽ ഒരു മീറ്റിംഗ് വിളിച്ച് തീരുമാനമെടുക്കുന്നതാകും ഉചിതം എന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രി ശിപാർശ ചെയ്യുകയും ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം 21.2.2022 ന് വീഡിയോ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

കോൺഫറൻസ് മുഖേന യോഗം ചേരുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ചേർത്തലയിലും തലപ്പാടിയിലും നിർദ്ദേശിക്കപ്പെട്ട ഭൂമി കമ്പോള വിലയ്ക്ക് ഓണർഷിപ്പിൽ പതിച്ചുനൽകുന്ന വിഷയം മന്ത്രിസഭയുടെ സത്വര പരിഗണനക്കുവെയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

184 13) മന്ത്രിസഭയുടെ പരിഗണനയ്ക്ക് ഫയൽ സമർപ്പിക്കുന്നതിനായി പ്രസ്തുത ഭൂമിയുടെ ആസ്തിബാധ്യതകൾ ഉൾപ്പടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു.

185 14) ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 31 ൽ റീസർവ്വേ നം. 281/14 ൽ പ്പെട്ട 04.52 ഏക്കർ (01.8293 ഹെക്ടർ) വസ്തുവും റീസർവ്വേ നം. 281/12 ൽ പെട്ട 0.48 ഏക്കർ( 19.43 ആർസ്) പുറമ്പോക്ക് വസ്തുവും ഉൾപ്പെട്ടു വരുന്നതാണ് നിശ്ചിത അലൈൻമെന്റിൽ പെട്ട വസ്തുവെന്നും, ടി വസ്തുവിന് ആർ ഒന്നിന് ₹ 9,14,127/-(ഒൻപത് ലക്ഷത്തി പതിനാലായിരത്തി ഒരുനൂറ്റി ഇരുപത്തേഴ് രൂപ) പ്രകാരം ആകെ ₹18,86,02,624/-(പതിനെട്ട് കോടി എൺപത്താറ് ലക്ഷത്തി രണ്ടായിരത്തി അറുനൂറ്റി ഇരുപത്തിനാല് രൂപ) കമ്പോള വില നിർണ്ണയിച്ചിട്ടുള്ളതായും അറിയിച്ചിരിക്കുന്നു.

186 15) പരാമർശ വസ്തു ഉൾപ്പെട്ടു വരുന്ന ബ്ലോക്ക് 31 ൽ റീസർവ്വേ 281/14 ൽപ്പെട്ട ഭൂമി കൈവശം വെച്ചിരിക്കുന്ന കേരള സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പേരിൽ വില്പന നികുതി കുടിശ്ശിക ഇനത്തിൽ 30 റവന്യൂ റിക്കവറി കേസുകളിൽ നിന്നായി₹81,29,146/-(എൺപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി ഒരുനൂറ്റി നാൽപത്തിയാറ് രൂപ)യുടെ ബാധ്യതകൾ നിലവിലുള്ളതായും ടി വിൽപന നികുതി കുടിശ്ശിക ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി തീർപ്പാക്കാൻ അപേക്ഷ നൽകിയിട്ടുള്ളതായും, സംസ്ഥാന ചരക്കു സേവന വകുപ്പിന്റെ കണക്കനുസരിച്ച് ഇപ്പോൾ തുകയും, പലിശയും,മറ്റ് ചാർജ്ജുകളും ഉൾപ്പടെ ആകെ ₹1,15,43,298/-(ഒരുകോടി പതിനഞ്ചുലക്ഷത്തി നാൽപത്തി മൂവായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ) കുടിശ്ശിക ഉള്ളതായും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

187 16) OKHIL ന് നിലവിൽ ഒരേക്കർ ഭൂമി പാട്ടത്തിന് നൽകിയ 04/02/2021 ലെ സ.ഉ.(കൈ) നം.41/2021/റവ ഉത്തരവിലെ വ്യവസ്ഥ vii) പ്രകാരം പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം , സർവീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥ പാലിച്ചും, നിലവിൽ SILK ന്റെ കൈവശമുള്ളതും, നാഷണൽ ഹൈവേയ്ക്ക് ഏറ്റെടുക്കുന്നതുമായ സ്ഥലം കഴിച്ചുള്ള അഞ്ചേക്കർ മാത്രമേ OKHIL ന് പതിച്ചു നൽകാവൂ എന്നും ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

188 17) ഇത്തരത്തിൽ അഞ്ചേക്കർ ഭൂമി OKHIL ന് പതിച്ചു നൽകുന്ന പക്ഷം OKHIL ന് നിലവിൽ ഒരേക്കർ ഭൂമി പാട്ടത്തിന് നൽകിയ 04/02/2021 ലെ സ.ഉ.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

(കൈ) നം.41/2021/റവ ഉത്തരവ് റദ്ദ് ചെയ്യേണ്ടതുണ്ട്.

189 18) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് റീ സർവ്വെ നം. 92/7B, 92/8B, 92/9B, 92/10B, 93/6B, 94/1, 94/4, എന്നിവയിൽപ്പെട്ട 3.0231 ഹെക്ടർ ജി.എസ്.ടി.വകുപ്പിന്റെ അധീനതയിലുള്ള ഭൂമി OKHIL ന് പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് കമ്പോള വിലയ്ക്ക് കൈമാറി നൽകുന്നതിനുള്ള പ്രൊപ്പോസൽ മഞ്ചേശ്വരം തഹസിൽദാർ ജില്ലാ കളക്ടർ മുഖേന സമർപ്പിച്ചിട്ടുള്ളതായും പ്രസ്തുത ഭൂമിയുടെ കമ്പോള വില ₹5,77,70,405/-(അഞ്ചുകോടി എഴുപത്തിയേഴ് ലക്ഷത്തി എഴുപതിനായിരത്തി നാനൂറ്റി അഞ്ച് രൂപ) കണക്കാക്കിയിട്ടുള്ളതായും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചു. ടി സ്ഥലത്തിന് ലാൻഡ് അക്വിസിഷൻ പ്രകാരം ഏറ്റെടുത്ത വകയിൽ കോടതിയിൽ നിലവിലുള്ള രണ്ട് LAR കേസുകളിലായി ₹ 1,54,28,546/- (ഒരുകോടി അൻപത്തിനാല് ലക്ഷത്തി ഇരുപത്തി എട്ടായിരത്തി അഞ്ഞൂറ്റി നാല്പത്തിയാറ് രൂപ)യുടെ ബാധ്യത ഉണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

190 19) ഭൂമി വില ഇനത്തിൽ ഗവൺമെന്റിന് ഷെയർ ൽ OKIHL ന് Notional amount transfer ചെയ്യുന്ന വിഷയത്തിൽ അഭിപ്രായമാരാഞ്ഞ് നോർക്ക വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേക്ക് ഫയൽ അയച്ചിരുന്നു.( NORKA-A2/332/2021).പ്രസ്തുത ഫയലിലെ ധനകാര്യ വകുപ്പിന്റെ 21.01.22 ലെ ചുവടെ ചേർക്കുന്ന അഭിപ്രായത്തെത്തുടർന്നാണ് റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞത്.

"Finance' conveys its "No Objection" to the proposal from AD, reiterating the condition that this will not involve any cash transfer from Government of Kerala's funds to OKIH and would only involve issue of share certificates by OKIH, (a 100% Government of Kerala owned Company) in lieu of the value of the Government land proposed to be allotted to OKIH by the Revenue Dept as per the land valuation fixed by the District Collectors. Further steps, including Council approval in this regard, should be taken by AD in concert with the Revenue Department.

This has the approval of Hon'ble Finance Minister".

191 20) ഈ വിഷയത്തിൽ നിയമവകുപ്പിന്റെ 01.04.22 ലെ അഭിപ്രായം താഴെ ചേർത്തിരിക്കും പ്രകാരമാണ്.

"സർക്കാർ ഭൂമി പൂർണ്ണമായും ട്രാൻസ്ഫർ ചെയ്ത് ഉടമസ്ഥത കമ്പനിക്ക് നൽകുന്നതിനുള്ള നിർദ്ദേശമാണ് കമ്പനി ഇപ്പോൾ മുന്നോട്ട് വച്ചിട്ടുള്ളത്. ആയത് അസൈൻമെന്റ് ആക്ടിന്റെയും ചട്ടങ്ങളുടെയും സ്കീമിന് പുറത്തുള്ള സംഗതിയായതിനാൽ ഉടമസ്ഥാവകാശം നൽകുന്ന പ്രത്യേക തീരുമാനം ആവശ്യമുള്ളതാണ്. ഭൂമിയുടെ വില


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

notional ആയി ട്രാൻസ്ഫർ ചെയ്യുന്നതിന്റെ സാംഗത്യം, ഭൂമിയുടെ വിലയ്ക്ക് തത്തുല്യമായ കമ്പനി നൽകുന്ന ഷെയറുകളുടെ വാല്യുവേഷൻ നിശ്ചയിക്കുന്നതെപ്രകാരമാണെന്നും, അതിന്റെ methodology എന്താണെന്നും മറ്റുമുള്ള ധനകാര്യവകുപ്പിന്റെ പരിശോധനയോട് കൂടി ചെയ്യേണ്ട സംഗതിയാണെന്നും അറിയിക്കാം."

192 21) സർക്കാർ ഭൂമി പൂർണ്ണമായും ട്രാൻസ്ഫർ ചെയ്ത് ഉടമസ്ഥത കമ്പനിക്ക് നൽകുന്നതിനുള്ള നിർദ്ദേശം ലാൻഡ് അസൈൻമെന്റ് ആക്റ്റിന്റെയും ചട്ടങ്ങളുടെയും പുറത്തുള്ള സംഗതിയായതിനാൽ ഇത് ധനകാര്യവകുപ്പിന്റെ പരിശോധനയോടെ ചെയ്യേണ്ടതാണ് എന്നാണ് നിയമ വകുപ്പ് അഭിപ്രായപ്പെട്ടത്.

193 22) ഈ കേസിൽ,

1) ചേർത്തല താലൂക്കിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 31 ൽ റീസർവ്വേ നം. 281/14 ൽ പ്പെട്ടതും OKIHL ന് പതിച്ചു നല്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള ഭൂമി ഉൾപ്പടെ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കൈവശത്തിലുള്ള വസ്തുവിൽ SILK ന്റെ പേരിൽ ചരക്കു സേവന നികുതി വകുപ്പിന്റെ കണക്കനുസരിച്ച് ആകെ ₹1,15,43,298/- (ഒരുകോടി പതിനഞ്ചുലക്ഷത്തി നാല്പത്തി മൂവായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ) യുടെ ബാധ്യത നിലവിലുണ്ട്. പ്രസ്തുത ഭൂമി OKIHL ന് പതിച്ചുനൽകുന്ന വിഷയത്തിൽ വ്യവസായ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല.

2) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ തലപ്പാടി എന്ന സ്ഥലത്ത് OKHIL ന് പതിച്ചു നൽകുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലം ജി.എസ്.ടി.വകുപ്പിന്റെ അധീനതയിലുള്ളതാണ്. പ്രസ്തുത വസ്തുവിൽ രണ്ട് LAR കേസുകളിലായി ₹ 1,54,28,546/- (ഒരുകോടി അൻപത്തിനാല് ലക്ഷത്തി ഇരുപത്തി എട്ടായിരത്തി അഞ്ഞൂറ്റി നാൽപത്തിയാറ് രൂപ) യുടെ ബാധ്യത നിലനിൽക്കുന്നു. പ്രസ്തുത വസ്തു പതിച്ചുനൽകുന്നതിന് ജി.എസ്.ടി.വകുപ്പിന്റെ അനുമതി ലഭിച്ചതായി ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടില്ല. ഭൂമി കൈമാറുന്നതു സംബന്ധിച്ച് നികുതി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല.

194 23) മേല്പറഞ്ഞ വിവരങ്ങൾ കൂടി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് 21/02/2022 ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 31 ൽ റീസർവ്വേ നം. 281/14 ൽ പെട്ട 04.52 ഏക്കർ (01.8293 ഹെക്ടർ) വസ്തുവും, റീസർവ്വേ നം. 281/12 ൽ പെട്ട 0.48 ഏക്കർ( 19.43 ആർസ്) പുറമ്പോക്ക് വസ്തുവും ഉൾപ്പെട്ട അഞ്ചേക്കർ ഭൂമിയും, കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് റീ സർവ്വെ നം. 92/7B, 92/8B, 92/9B, 92/10B, 93/6B, 94/1, 94/4, എന്നിവയിൽ പ്പെട്ട 3.0231 ഹെക്ടർ ഭൂമിയും കമ്പോള വിലയ്ക്ക് ഓണർഷിപ്പിൽ OKHIL ന് പതിച്ചുനൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നതു സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

195 24) അപ്രകാരം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പുകൾ സമർപ്പിക്കുകയുണ്ടായി. തുടർന്ന്, കാസർഗോഡ് ജില്ലയിൽ ജി.എസ്.ടി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.0231 ഹെക്ടർ ഭൂമി കമ്പോളവിലയ്ക്ക് OKIHL ന് അനുവദിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ ചരക്ക് സേവന വകുപ്പിന്റെ അഭിപ്രായം അടിയന്തിരമായി രേഖപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ജി.എസ്.ടി കമ്മീഷണറുമായി ചർച്ച ചെയ്തതു പ്രകാരം ജി.എസ്.ടി വകുപ്പിൽ നിന്നും 2.2 ഹെക്ടർ സ്ഥലം മാത്രം നൽകാം എന്ന് നിർദ്ദേശിക്കുകയും ആയതിന്മേൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി താഴെ കാണുന്ന അഭിപ്രായം രേഖപ്പെടുത്തുകയുമുണ്ടായി.

"ജി.എസ്.ടി നിലവിൽ വന്നപ്പോൾ ചെക്ക് പോസ്റ്റുകൾ ഇല്ലാതായെങ്കിലും നികുതി വെട്ടിപ്പ് പൂർണ്ണമായും തടയാൻ പറ്റാത്ത സാഹചര്യത്തിൽ സമീപ ഭാവിയിൽ ചെക്ക് പോസ്റ്റുകൾ തിരികെ വരാനുള്ള സാധ്യത തള്ളിക്കളയാൻ കഴിയില്ല. പരിശോധനയ്ക്കായി പിടിച്ചെടുക്കുന്ന വാഹനങ്ങൾക്കുള്ള സ്ഥലസൗകര്യവും ആവശ്യമാണ്. ഈ സാഹചര്യത്തിൽ തലപ്പാടിയിലെ സ്ഥലം പൂർണ്ണമായും കമ്പോളവിലക്ക് നല്കുവാൻ കഴിയില്ല. ചെക്പോസ്റ്റുകൾ തിരികെ വരുന്ന സാഹചര്യമുണ്ടായാൽ ഈ സ്ഥലം മുഴുവനും ജി.എസ്.ടി വകുപ്പിന് തിരികെ നല്കണമെന്ന വ്യവസ്ഥയിൽ ടി സ്ഥലം ജി.എസ്.ടി വകുപ്പിന്റെ ഉടമസ്ഥതയിൽ നിലനിർത്തി മേൽ നിർദ്ദേശിച്ച സ്ഥലം മാത്രം OKIHL ന് വാർഷിക വാടകയ്ക്ക് നല്കുന്നതായിരിക്കും ഉചിതം. ബഹു. മുഖ്യ മന്ത്രി കണ്ടാലും."

196 25) മേൽ സാഹചര്യത്തിൽ, കാസർഗോഡ് ജില്ലയിൽ ജി.എസ്.ടി വകുപ്പിന്റെ ഭൂമി സംബന്ധിച്ച വിഷയത്തിൽ കമ്പോള വിലയ്ക്ക് പതിച്ചു നൽകൽ അല്ലെങ്കിൽ വാർഷിക പാട്ടത്തിന് നൽകൽ എന്നീ രണ്ട് ഓപ്ഷനുകൾ ഉൾപ്പെടുത്തി പുതുക്കിയ കരട് കുറിപ്പുകൾ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

## 197 **തീരുമാനിക്കേണ്ട വിഷയം**

1) ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 31 ൽ റീ.സർവ്വേ 281/14 ൽ പെട്ടതും, സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡിന്റെ പേരിലുള്ളതുമായ 19.03.25 ഹെക്ടർ ഭൂമിയിൽ നിന്നും 1 ഏക്കർ ഭൂമി റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കി OKIHL എന്ന കമ്പനിക്ക് പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് 10 വർഷത്തേക്ക് പാട്ടത്തിനു നൽകുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച 04/02/21 ലെ സ.ഉ(കൈ)നം 41/2021/റവ.ഉത്തരവ് റദ്ദ് ചെയ്യാമോ;

2) ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 31 ൽ റീസർവ്വേ നം. 281/14 ൽ പെട്ട കേരള സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പേരിലുള്ള 04.52 ഏക്കർ (01.8293 ഹെക്ടർ) വസ്തുവും, റീസർവ്വേ നം. 281/12 ൽ പെട്ട 0.48 ഏക്കർ (19.43 ആർസ്) പുറമ്പോക്ക് വസ്തുവും ഉൾപ്പെട്ട അഞ്ചേക്കർ (നാഷണൽ ഹൈവേയ്ക്ക് ഏറ്റെടുക്കുന്ന സ്ഥലം കഴിച്ചുള്ള ഭൂമി) റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അതിന്മേലുള്ള എല്ലാത്തരം ബാധ്യതകളും പൂർണ്ണമായും ഒഴിവാക്കി പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കമ്പോളവിലയ്ക്ക് ഓണർഷിപ്പിൽ OKIHL ന് പതിച്ച് നൽകാമോ;

3) (a) ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് റീ സർവ്വെ നം. 92/7B, 92/8B, 92/9B, 92/10B, 93/6B, 94/1, 94/4, എന്നിവയിൽ പ്പെട്ട ജി.എസ്.ടി വകുപ്പിന്റെ കൈവശത്തിലുള്ള 3.0231 ഹെക്ടർ ഭൂമിയിൽ നിന്നും 2.2 ഹെക്ടർ ഭൂമി ചെക്ക്പോസ്റ്റുകൾ തിരികെ വരുന്ന സാഹചര്യമുണ്ടായാൽ പ്രസ്തുത സ്ഥലം മുഴുവനും ജി.എസ്.ടി വകുപ്പിന് തിരികെ നൽകണമെന്ന വ്യവസ്ഥയിൽ, ജി.എസ്.ടി വകുപ്പിന്റെ ഉടമസ്ഥതയിൽ നിലനിർത്തി, OKIHL ന് പാട്ടവ്യവസ്ഥകൾ പ്രകാരവും പാട്ടത്തിന് ഭൂമി നൽകുന്നത് സംബന്ധിച്ച പ്രത്യേക നിബന്ധനകൾക്ക് വിധേയമായും പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി വാർഷിക പാട്ടത്തിന് നൽകാമോ;

അല്ലെങ്കിൽ

(b) 21.02.2022 തീയതിയിലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ട് ജി.എസ്.ടി വകുപ്പിന്റെ കൈവശത്തിലുള്ള 3.0231 ഹെക്ടർ / 2.2 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി ബാധ്യതകൾ ഒഴിവാക്കി ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കമ്പോളവിലയ്ക്ക് ഓണർഷിപ്പിൽ OKIHL ന് പതിച്ച് നൽകാമോ;

**<u>നിബന്ധനകൾ</u>**

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി അന്യാധീനപ്പെടുത്തുവാൻ പാടുള്ളതല്ല;

iii) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും OKIHL തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

iv) ഭൂമിയിൽ നിന്നും മണ്ണോ പാറയോ ഖനനം ചെയ്യാൻ പാടില്ല.

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

vii) പതിച്ചു നൽകുന്ന വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം , സർവീസ്

ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ് .

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

4) 21.1.2022 ലെ ധനകാര്യ വകുപ്പിന്റെയും 01.04.22 ലെ നിയമ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിവില ഷെയറുകളായി സർക്കാരിന് നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുവാൻ നോർക്ക വകുപ്പിനെ ചുമതലപ്പെടുത്താമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

140

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-05-2022

ഫയൽ നം. 106/എം2/2021/റവ. ഇനം നം: 765

(198) വിഷയം : റവന്യൂ വകുപ്പ് - OKIHL-ന് ആലപ്പുഴ ജില്ലയിൽ SILK-ന്റെ പേരിലുള്ള 5 ഏക്കർ ഭൂമി പാട്ടത്തിനു നൽകുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച 04/02/2021-ലെ സ.ഉ.(കൈ)നം.41/2021/റവ. നമ്പർ ഉത്തരവ് റദ്ദു ചെയ്യുന്നതും, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം വടക്ക് വില്ലേജിൽ SILK-ന്റെ കൈവശത്തിലുള്ള 04.52 ഏക്കർ (31.8251 ഹെക്ടർ) വസ്തുവും, 0.48 ഏക്കർ (19.43 ആർസ്) പുറമ്പോക്ക് വസ്തുവും ഉൾപ്പെട്ട അഞ്ചേക്കർ ഭൂമിയും, കാസർഗോഡ് ജില്ലയിൽ തലക്കാടി എന്ന സ്ഥലത്ത് ജി.എസ്.റ്റി. വകുപ്പിന്റെ കൈവശത്തിലുള്ള 1.0231 ഹെക്ടർ ഭൂമിയും റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കി പായയോര ടൂറിസ്റ്റ് സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി കമ്പോള വിലയ്ക്ക് കരാർപ്രകാരം OKIHL-ന് പതിച്ചു നൽകുന്നത്, / 2.2 ഹെക്ടർ ഭൂമി പാട്ടത്തിന് നൽകുന്നതും, ഭൂമിവില ഷെയറുകളായി സർക്കാരിന് നൽകുന്ന വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുവാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തുന്നതും - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ (1) (2) - വ്യവസായ വകുപ്പിന്റെ അഭിപ്രായത്തിനായി മാറ്റിവെച്ചു.

3(b) - യിലെ നിർദ്ദേശം (2.2 ഹെക്ടർ ഭൂമി) അംഗീകരിച്ചു.

(4) - അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

7510032/2023/REV (G)

674

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | റവ-എസ്2/17/2022/റവ |
| 2 | വകുപ്പ് | റവന്യൂ (എസ്)വകുപ്പ്. |
| 3 | വിഷയം | കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ അറയ്ക്കൽ വില്ലേജിൽ, ഇടയിലഴികത്ത് മേലതിൽ വീട്ടിൽ ശ്രീ.പി.മധു എന്നയാളിൽ നിന്നും ബോട്ട്-ഇൻ-ലാൻഡാക്കിയ 9 സെന്റ് ഭൂമി ഒരു പ്രത്യേക കേസായി പരിഗണിച്ച് തിരികെ നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31.03.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | എസ്.പ്രവീൺ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | 04.04.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.04.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12.04.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13.04.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കൊല്ലം ജില്ലയിൽ, പത്തനാപുരം താലൂക്കിൽ അറയ്ക്കൽ വില്ലേജിൽ ഇടയിലഴികത്ത് മേലതിൽ വീട്ടിൽ ശ്രീ. പി. മധു എന്നയാളിൽ നിന്നും ബാങ്ക് വായ്പാക്കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കിയ അറയ്ക്കൽ വില്ലേജിൽ, 10810-ാം നമ്പർ തണ്ടപ്പേരിലുള്ള ബ്ലോക്ക് 30-ൽ, സർവ്വേ നം 194/1/19-ൽ (റീസർവ്വേ നമ്പർ 40/18)പ്പെട്ട 21 സെന്റ് ഭൂമിയിൽ, ഭൂരഹിത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്തത് കഴിച്ച് നിലവിൽ ബാക്കി നിൽക്കുന്ന 9 സെന്റ് ഭൂമി, ടിയാൻ മുഴുവൻ കുടിശ്ശികയും ഒടുക്കുവരുത്തിയിട്ടുള്ള സാഹചര്യത്തിൽ, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് കളക്ഷൻചാർജ്ജ് ഉൾപ്പെടെ റവന്യൂ വകുപ്പിന് ലഭിക്കേണ്ടതായ എല്ലാ തുകയും ഈടാക്കിക്കൊണ്ട്, അപേക്ഷകന്റെ ചെലവിൽ തിരികെ നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. ശ്രീ. പി. മധു എന്ന കക്ഷിയിൽ നിന്നും ബാങ്ക് വായ്പ കുടിശ്ശികയായ 55,778/- (അമ്പത്തയ്യായിരത്തി എഴുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) രൂപയും അനുബന്ധ ചെലവുകളും പിരിച്ചെടുക്കുന്നതിന് ആയൂർ സെൻട്രൽ ബാങ്ക് ശാഖയിൽ നിന്നും അർത്ഥനകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും, പ്രസ്തുത നടപടികളുടെ ഭാഗമായി ടിയാന്റെ പേരിൽ അറയ്ക്കൽ വില്ലേജിൽ 10810-ാം നമ്പർ തണ്ടപ്പേരിലുള്ള ബ്ലോക്ക് 30, സർവ്വേ നം 194/1/19-ൽ (റീസർവ്വേ നമ്പർ 40/18) പ്പെട്ട 21 സെന്റ് ഭൂമി, 15.03.2000-ൽ ജപ്തി ചെയ്യുകയും ചെയ്തു. പ്രസ്തുത ഭൂമി ലേലം കൊള്ളാൻ ആളില്ലാതിരുന്ന സാഹചര്യത്തിൽ 23.11.2002-ൽ സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കി ഏറ്റെടുക്കുകയും, പ്രസ്തുത ലേലനടപടി 3227/03/F നമ്പർ നടപടിക്രമം പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ 25.06.2003-ൽ സ്ഥിരീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

3. 14.01.2009-ൽ ശ്രീ.പി.മധു സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിൽ കുടിശ്ശികത്തുക ഒടുക്കി ലോൺ തീർപ്പാക്കിയിരുന്നെങ്കിലും, ടിയാന്റെ പേരിലുള്ള ഭൂമി ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത സാഹചര്യത്തിൽ, ബാങ്ക് മാനേജർ കളക്ഷൻ ചാർജ്ജിനത്തിൽ ലഭ്യമാക്കിയ 04.02.2009-തീയതിയിലെ 2,025/- രൂപയുടെ ഡി.ഡി., സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്നറിയിച്ചുകൊണ്ട് ബാങ്കിന് മടക്കി നൽകിയിരുന്നു.

4. തുടർന്ന് 27.11.2013-ൽ ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി തിരികെ നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. പി. മധു സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. പ്രസ്തുത



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അപേക്ഷയിന്മേൽ കൊല്ലം ജില്ലാകളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, 19.08.2013-ലെ എൽ 1/11466/12 നമ്പർ നടപടിക്രമം പ്രകാരം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിലേയ്ക്കായി, കുടിശ്ശിക കക്ഷിയിൽ നിന്നും സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത 21 സെന്റ് ഭൂമി പുറമ്പോക്കിലേയ്ക്ക് മാറ്റിയെന്നും, ആയത് 3 സെന്റ് വീതമുള്ള 7 പ്ലോട്ടുകളായി തിരിച്ചുവെന്നും, അതിൽ 4 പ്ലോട്ടുകൾ 30.09.2013-ൽ പുനലൂർ താലൂക്കാഫീസിൽ നിന്നും ഭൂരഹിതർക്കായി വിതരണം ചെയ്തുവെന്നും, ശേഷിക്കുന്നവയിൽ ഒന്ന് ഉപയോഗശൂന്യമാണെന്നും അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് പ്ലോട്ടുകൾ 2014 ജനുവരിയിൽ പട്ടയമേളയിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കവെ, ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്ന 06.12.2013-ലെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അതേപടി നിലനിർത്തിയിട്ടുണ്ടെന്നും, നിലവിൽ 9 സെന്റ് ഭൂമി മാത്രമാണ് ബോട്ട്-ഇൻ-ലാൻഡായി അവശേഷിക്കുന്നതെന്നും കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കുടിശ്ശിക കക്ഷിയായ ശ്രീ. മധുവിന്റെ പേരിൽ കൊല്ലം ജില്ലയിൽ മറ്റ് ഭൂമികൾ ഒന്നും തന്നെയില്ലായെന്നും, ടിയാന്റെ പരേതയായ ഭാര്യ അമ്പിളി എന്നവരുടെ പേർക്ക് അറയ്ക്കൽ വില്ലേജിൽ, ബ്ലോക്ക് നമ്പർ 30-ൽ, സർവ്വേ നമ്പർ 35/29 പ്രകാരം 04.50 ആർസ് പുരയിടം (തണ്ടപ്പേർ 5343) ഉണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. 04.07.2009-ലെ സ.ഉ.(പി)നം.258/2009/റവ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കിയ വസ്തുവിനെ സംബന്ധിക്കുന്ന ഏത് ഒത്തുതീർപ്പും റവന്യൂ വകുപ്പ് മുഖാന്തരമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപാണ് ശ്രീ. മധു കുടിശ്ശികത്തുക ബാങ്കിൽ ഒടുക്കിവരുത്തിയിട്ടുള്ളത്. കൂടാതെ ബോട്ട്-ഇൻ-ലാൻഡ് ഭൂമി തിരികെ നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള 01.03.2013-ലെ സ.ഉ(എം.എസ്)76/2013/റവ നമ്പർ ഉത്തരവിൽ ലേല സ്ഥിരീകരണത്തീയതി മുതൽ 5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ ബോട്ട്-ഇൻ-ലാൻഡ് ഭൂമി തിരികെ നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

6. ഈ വിഷയത്തിലുള്ള നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"14.01.2009 ൽ കുടിശ്ശിക തുക ബാങ്കിൽ അടവാക്കിയ ശ്രീ. മധു 25.06.2003 ൽ ബോട്ട് ഇൻ-ലാൻഡ് ആക്കിയ ഭൂമി തിരികെ ലഭിക്കുന്നതിനായി സർക്കാരിൽ*



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അപേക്ഷ സമർപ്പിക്കുന്നത് 27.11.2013 ലാണ്. ബോട്ട് ഇൻ-ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ. ഉ. (എം.എസ്) നമ്പർ 76/13/റവ dt: 01.03.2013; സ.ഉ. (എം.എസ്) നമ്പർ 181/13 റവ dt: 03.05.2013 എന്നീ ഉത്തരവുകൾ പ്രകാരം ബോട്ട്-ഇൻ-ലാൻഡായി വിൽപ്പന സ്ഥിരീകരണം നടത്തി 5 വർഷത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് സർക്കാരിന് ബാധ്യതയില്ലാത്തതാണ്. എന്നാൽ G.A.Mohanan v Commercial Tax Officer (WP(C).14780/2009) എന്ന കേസിൽ ബഹു. കോടതി

"When there was no misrepresentation on the part of the debtor and the Government accepted the amount without any objection the Government is bound to reconvey such land" എന്ന് നിരീക്ഷിച്ചിട്ടുണ്ട്.

റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച കേസുകളിൽ പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിന് മുമ്പ് റവന്യൂ വകുപ്പുമായി കൂടിയാലോചന നടത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച സ.ഉ (പി) നമ്പർ 258/09/റവ, 04/07/2009 ഉത്തരവ് പ്രകാരം, ബോട്ട്-ഇൻ-ലാൻഡ് ആയിത്തീർന്ന വസ്തുവിനെ സംബന്ധിക്കുന്ന ഏത് ഒത്തുതീർപ്പും റവന്യൂ വകുപ്പ് മുഖാന്തിരമായിരിക്കണം; റവന്യൂ റിക്കവറി ആരംഭിച്ച കഴിഞ്ഞ കേസുകൾ പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നത് റവന്യൂ വകുപ്പിന്റെ അറിവോടെയായിരിക്കണം എന്നിങ്ങനെയാണ് നിർദ്ദേശിച്ചിട്ടുള്ളത്. അപ്രകാരം റവന്യൂ വകുപ്പിനെ അറിയിക്കുക എന്നത് റിക്വിസിഷൻ അതോറിറ്റിയുടെ ബാധ്യതയാണ്.

റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചശേഷം പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി കുടിശ്ശിക അടവാക്കാൻ അനുവദിക്കുന്നത് റവന്യൂ വകുപ്പിന്റെ അറിവോടെയായിരിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് 04/07/2009 തീയതിയിലാണ്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് 14/01/2009 ൽ തന്നെ ശ്രീ. മധു ബാങ്കിൽ കുടിശ്ശിക അടവാക്കിയിട്ടുള്ളതും, പ്രസ്തുത വിവരം ബാങ്ക് അറിയിച്ചിട്ടുള്ളതുമാണ്. ആകയാൽ 04/07/2009 ലെ ഉത്തരവ് ടി കേസിൽ ബാധകമല്ലാത്തതാണ്. കുടിശ്ശിക സ്വീകരിച്ചശേഷം റവന്യൂ റിക്കവറി നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് ബാങ്ക് കത്ത് നൽകിയ വേളയിൽ തന്നെ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത സാഹചര്യത്തിൽ കളക്ഷൻ ചാർജ് സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന് ബാങ്കിനെ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അറിയിച്ചിട്ടുള്ളതാണ്. നാളിതുവരെ റവന്യൂ റിക്കവറി നടപടികൾ പിൻവലിച്ചിട്ടുമില്ല. എന്നാൽ ശ്രീ. മധു മുഴുവൻ കടിശ്ശികയും ഒടുക്കിയിട്ടുള്ളതിനാൽ G.A.Mohanan vs Commercial Tax Officer (WP(C)14780/2009) കേസിലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ ടിയാന് ബോട്ട്-ഇൻ-ലാൻഡ് തിരികെ ലഭിക്കുന്നതിന് അവകാശവുമുണ്ട്. പുറമ്പോക്കാക്കി മാറ്റിയ ടി ഭൂമിയിൽ പകുതിയിലധികം ഭൂരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്തതായി ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബാക്കിയുള്ള ഭൂമി ടിയാന് തിരികെ നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമതടസ്സമില്ലെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

7. ടി വിഷയം സംബന്ധിച്ച് ധനകാര്യവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ഉണ്ടായി

" ബാങ്ക് ലോൺ കടിശ്ശിക ഒടുക്കാത്തതിനാൽ അറസ്റ്റൽ വില്ലേജിൽ ഇടയിലഴികത്ത് മേലതിൽ വീട്ടിൽ ശ്രീ. മധുവിന്റെ ഉടമസ്ഥതയിലുള്ള ടി വില്ലേജിൽ, 10810-ാം നമ്പർ തണ്ടപ്പേരിലുള്ള ബ്ലോക്ക് 30 റീസർവ്വേ നമ്പർ 40/18-ൽപ്പെട്ട 21 സെന്റ് ഭൂമി ജപ്തി ചെയ്ത് 23.11.2002-ൽ ബോട്ട്-ഇൻ-ലാൻഡാക്കിയ കേസിൽ റവന്യൂ വകുപ്പ് Revenue Recovery നടപടികൾ പിൻവലിച്ചിട്ടില്ല. അപേക്ഷകൻ ബാങ്കിൽ അടയ്ക്കാനുള്ള കടിശ്ശിക അടവ് വരുത്തി എങ്കിലും റവന്യൂ വകുപ്പ് കളക്ഷൻ ചാർജ്ജ് സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഹൈക്കോടതി ഉത്തരവ് പ്രകാരവും ഭൂമി തിരികെ നൽകാൻ സർക്കാർ ബാധ്യസ്ഥമല്ല. മാത്രമല്ല bought in land ആക്കിയ ഭൂമി സർക്കാർ പുറമ്പോക്ക് ഭൂമി ആക്കി മാറ്റുകയും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിലേയ്ക്ക് മാറ്റി വച്ചതും ആകെ 21 സെന്റ് ഭൂമിയിൽ 12 സെന്റിന് പട്ടയം നൽകി കഴിഞ്ഞതുമാണ്. നിയമ പ്രകാരം തിരികെ നൽകാൻ ബാധ്യത ഇല്ലാത്ത പ്രസ്തുത ഭൂമി തിരികെ നൽകേണ്ടതില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

8. മേൽ സാഹചര്യത്തിൽ കടിശ്ശികക്കക്ഷി മുഴുവൻ തുകയും ബാങ്കിൽ ഒടുക്കിയിട്ടുള്ളതിനാൽ, കളക്ഷൻ ചാർജ്ജ് ഉൾപ്പെടെ റവന്യൂ വകുപ്പിന് ലഭിക്കേണ്ടതായ തുക ഈടാക്കിക്കൊണ്ട്, ആകെ 21 സെന്റ് ബോട്ട്-ഇൻ-ലാൻഡ് ഭൂമിയിൽ നിലവിൽ ബാക്കി നിൽക്കുന്ന 9 സെന്റ് ഭൂമി, നിയമ വകുപ്പിന്റെ അഭിപ്രായ പ്രകാരം ശ്രീ. പി. മധുവിന് തിരികെ നൽകുന്ന



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കൊല്ലം ജില്ലയിൽ, പത്തനാപുരം താലൂക്കിൽ, അറയ്ക്കൽ വില്ലേജിൽ, ഇടയിലഴികത്ത് മേലതിൽ വീട്ടിൽ ശ്രീ. പി. മധു എന്നയാളിൽ നിന്നും ബാങ്ക് വായ്പാക്കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കിയ അറയ്ക്കൽ വില്ലേജിൽ 10810-ാം നമ്പർ തണ്ടപ്പേരിലുള്ള ബ്ലോക്ക് 30-ൽ, സർവ്വേ നം 194/1/19-ൽ (റീസർവ്വേ നമ്പർ 40/18) പ്പെട്ട 21 സെന്റ് ഭൂമിയിൽ, സർക്കാർ ഭൂരഹിത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്തത് കഴിച്ച്, നിലവിൽ ബാക്കി നിൽക്കുന്ന 9 സെന്റ് ഭൂമി, വിൽപ്പന സ്ഥിരീകരിച്ച തീയതി മുതൽ 5 വർഷത്തിനുശേഷം ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നതിന് നിലവിലെ സർക്കാർ ഉത്തരവിലും കേരള റവന്യൂ റിക്കവറി നിയമത്തിലും വ്യവസ്ഥയില്ലെങ്കിലും, ടിയാൻ മുഴുവൻ കടിശ്ശികയും ഒടുക്കുവരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച്, ധനകാര്യവകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് നിയമവകുപ്പിന്റെ അഭിപ്രായപ്രകാരം, കളക്ഷൻചാർജ്ജ് ഉൾപ്പെടെ റവന്യൂ വകുപ്പിന് ലഭിക്കേണ്ടതായ എല്ലാ തുകയും ഈടാക്കിക്കൊണ്ട്, അപേക്ഷകന്റെ ചെലവിൽ തിരികെ നൽകാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

7510032/2023/REV (G)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-04-2022

ഫയൽ നം. റവ-എസ്2/17/2022/റവ. ഇനം നം: 674

വിഷയം : റവന്യൂ വകുപ്പ് - കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ അറയ്ക്കൽ വില്ലേജിൽ, ഇടയിലഴികത്ത് മേലതിൽ വീട്ടിൽ ശ്രീ. പി. മധു എന്നയാളിൽ നിന്നും ബോട്ട്-ഇൻ-ലാൻഡാക്കിയ 9 സെന്റ് ഭൂമി ഒരു പ്രത്യേക കേസായി പരിഗണിച്ച് തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

706

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | റവ-എസ്1/168/2019/റവ |
| 2 | വകുപ്പ് | റവന്യൂ (എസ്) വകുപ്പ്. |
| 3 | വിഷയം | ശ്രീ. എൻ.പി. ഷാജി, നെറ്റിക്കാട് വീട്, അയിരൂർ, കുന്നുകര, പറവൂർ എന്ന വ്യക്തിയിൽ നിന്നും സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, കുന്നുകര വില്ലേജിൽ സർവ്വേ നം.698/2B -ൽപ്പെട്ട 08.750 സെന്റ് സ്ഥലത്തിൽ നിന്നും വീട് വയ്ക്കുവാൻ ആവശ്യമായ 4 സെന്റ് ഭൂമി മാത്രം മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന് തിരികെ നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16.04.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യത-യുള്ളതാണോ? | അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | എസ്. പ്രവീൺ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | 26.04.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30.04.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.05.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05.05.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-06-2022

ഇനം നം: 706

ഫയൽ നം. റവ-എസ്1/168/2019/റവ.

വിഷയം : റവന്യൂ വകുപ്പ് - ശ്രീ. എൻ. പി. ഷാജി, നെറ്റിക്കാട് വീട്, അയിരൂർ, കുന്നുകര, പറവൂർ എന്ന വ്യക്തിയിൽ നിന്നും സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, കുന്നുകര വില്ലേജിൽ സർവ്വേ നം.698/2B-ൽപ്പെട്ട 08.750 സെന്റ് സ്ഥലത്തിൽ നിന്നും വീട് വയ്ക്കുവാൻ ആവശ്യമായ 4 സെന്റ് ഭൂമി മാത്രം മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന് തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പരേതനായ ആലുവ ചുണങ്ങംവേലി വേലിപ്പാടത്ത് വി. പി. രാജന്റെ പേരിലുള്ള വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ജാമ്യക്കാരനായ എറണാകുളം ജില്ലയിൽ, നോർത്ത് പറവൂർ താലൂക്കിൽ, കുന്നുകര വില്ലേജിൽ, അയിരൂർ കരയിൽ, നെറ്റിക്കാട് വീട്ടിൽ (ചേക്കാട്ടിൽ) പ്രഭാകരൻ മകൻ ശ്രീ. എൻ. പി. ഷാജിയിൽ നിന്നും സർക്കാർ ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കിയ എറണാകുളം ജില്ലയിൽ, നോർത്ത് പറവൂർ താലൂക്കിൽ, കുന്നുകര വില്ലേജിൽ സർവ്വെ നം.698/2B - ൽപ്പെട്ട 8.75 സെന്റ് ഭൂമിയിൽ നിന്നും ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വീട് വയ്ക്കുന്നതിനായി 4 സെന്റ് ഭൂമി മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യക കേസായി പരിഗണിച്ച് ടിയാന്റെ ചെലവിൽ തിരികെ നൽകുന്നത് സംബന്ധിച്ച കുറിപ്പാണ് ഇത്.

(2) ശ്രീ. എൻ. പി. ഷാജി കുന്നത്തുനാട് താലൂക്കിലെ തടിമില്ലിൽ ജോലി ചെയ്തിരുന്നപ്പോൾ, മിൽ ഉടമസ്ഥനായിരുന്ന വി.പി. രാജന് ലോണെടുക്കുന്നതിനായി ജാമ്യം നിന്നുവെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. വില്പന നികുതി കുടിശ്ശികയിനത്തിൽ 27,90,860/- (ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കവേ വി.പി. രാജൻ ആത്മഹത്യ ചെയ്തുവെന്നും, പരേതനായ വി.പി. രാജന്റേയോ, മറ്റൊരു ജാമ്യക്കാരനായ ശ്രീ. സി.കെ. രവിയുടെയോ പേരിൽ വസ്തുവകകളില്ലാത്തതിനാൽ, ശ്രീ. എൻ.പി. ഷാജിയിൽ നിന്നും കുടിശ്ശികത്തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയുണ്ടായെന്നും, ടിയാന്റെ പേരിലുള്ള കുന്നുകര വില്ലേജിലെ സർവ്വേ നം.698/2 B - ൽപ്പെട്ട 08.750 സെന്റ് സ്ഥലം ജപ്തി ചെയ്യുകയുണ്ടായെന്നും എറണാകുളം ജില്ലാ കളക്ടർ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലം മൂന്ന് തവണ ലേലത്തിന് വച്ചുവെങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറാവാത്തതിനാൽ സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കിയെന്നും വീടിരുപ്പ് സ്ഥലവും, സർപ്പക്കാവുമുൾപ്പെടുന്ന മേൽ ബോട്ട്-ഇൻ-ലാൻഡ് വസ്തുവിൽ ഷെഡ് കെട്ടിയാണ് ശ്രീ. എൻ. പി. ഷാജിയും, ഭാര്യയും മകനുമടങ്ങുന്ന കുടുംബം 17 വർഷമായി താമസിക്കുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) വില്പന നികുതി കടിശ്ശിക കക്ഷിയായ പരേതനായ വി.പി. രാജന്റെ പേരിലുള്ള കടിശ്ശികയിന്മേൽ, ടിയാളുടെ പേരിൽ വസ്തുക്കളില്ലാത്തതിനാൽ അർത്ഥനാപത്രം മടക്കി നൽകിയിട്ടുണ്ടെങ്കിലും, കടിശ്ശിക നിലനിൽക്കുന്നതിനാൽ GST കമ്മീഷണറുടെ നിർദ്ദേശമില്ലാതെ ജാമ്യക്കാരനായ ഷാജി പേരിലുള്ള അർത്ഥന പിൻവലിക്കുവാൻ നിർവ്വാഹമില്ലെന്നും, സംസ്ഥാന നികുതി ഓഫീസർ, അങ്കമാലി മുമ്പാകെ ശ്രീ. ഷാജി 5 ലക്ഷം രൂപയുടെ സെക്യൂരിറ്റി ബോണ്ട് നൽകിയിട്ടുള്ളതാണെന്നും, വില്പന നികുതി കടിശ്ശിക സ്ഥാപനത്തിന്റെ ഒറിജിനൽ രജിസ്ട്രേഷൻ ശ്രീ. വി.പി. രാജന്റെ പേരിലായിരുന്നുവെന്ന് സംസ്ഥാന നികുതി ഓഫീസർ, അങ്കമാലി മൊഴി നൽകിയിട്ടുണ്ടെന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വി.പി. രാജന് വർക്ക് ഷോപ്പ് തുടങ്ങുവാനുള്ള ലൈസൻസിനുവേണ്ടിയാണ് ശ്രീ. ഷാജി കരമടച്ച രസീത് നൽകിയതെന്നും, വില്പന നികുതി കടിശ്ശികയുടേയോ, ജാമ്യം നിൽക്കുന്നതിന്റേയോ, റവന്യൂ റിക്കവറി നടപടികളുടെയോ വരുംവരായ്കകളെക്കുറിച്ച് അറിവില്ലാത്ത ടിയാനെക്കൊണ്ട് blank പേപ്പറുകളിൽ ഒപ്പിട്ട് വാങ്ങിയിരുന്നെന്നും, അതിന്മേൽ സെക്യൂരിറ്റി ബോണ്ടും, സമ്മതപത്രവും എഴുതിച്ചേർത്തതാണെന്നും, കടിശ്ശിക സ്ഥാപനത്തിന്റെ ഉടമയായിരുന്ന പരേതനായ വി.പി. രാജൻ പെരുമ്പാവൂരിലെ പ്ലൈവുഡ് കമ്പനി മാഫിയയുടെ ബിനാമിയാണെന്ന് അറിയാതെയാണ് ശ്രീ. ഷാജി ജാമ്യം നിന്നതെന്നും എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(4) ആശാരിപ്പണി ചെയ്ത് കുടുംബം പുലർത്തുന്ന താനും കുടുംബവും 20 വർഷക്കാലമായി ഇതിന്റെ കെടുതികൾ അനുഭവിച്ചു വരികയാണെന്നും,



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

2018 - ലെ വെള്ളപ്പൊക്കത്തെത്തുടർന്ന് താമസിച്ചുകൊണ്ടിരുന്ന ഷെഡ്ഡ് വാസയോഗ്യമല്ലാതായതിനാൽ താമസിക്കുന്ന ഭൂമിയിൽ സഹകരണ ബാങ്ക് വീടുവച്ച് നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും, എന്നാൽ സ്വന്തമായി വസ്തുവില്ലാത്ത സാഹചര്യത്തിലാണ് തന്റേതല്ലാത്ത കാരണം കൊണ്ട് നഷ്ടപ്പെട്ട വസ്തുവിൽ നിന്നും വീടിരിക്കുന്ന 4 സെന്റ് സ്ഥലം തിരികെ നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ സമർപ്പിച്ചതെന്നും, താനും കുടുംബവും ആത്മഹത്യയുടെ വക്കിലാണെന്നും, ശ്രീ. എൻ.പി. ഷാജി മൊഴി നൽകിയിട്ടുള്ളതായി എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. എൻ.പി. ഷാജി എന്ന വ്യക്തിക്ക് കുടിശ്ശിക സ്ഥാപനവുമായി യാതൊരു ബന്ധവുമില്ലെന്നും, ടിയാൾ റവന്യൂ റിക്കവറി നടപടികളെക്കുറിച്ച് തീർത്തും അജ്ഞനായതിനാൽ പ്ലൈവുഡ് കമ്പനി മാഫിയയുടെ നികുതി വെട്ടിപ്പിന് ഇരയായതാണെന്ന് ബോധ്യമാകുന്നതായും, 'ഭൂരഹിതരില്ലാത്ത കേരളം' എന്നതാണ് സർക്കാരിന്റെ നയം എന്നിരിക്കെ സ്വന്തമായി ഭൂമിയോ, സാമ്പത്തികമോ ഇല്ലാത്ത സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ശ്രീ. ഷാജിയേയും കുടുംബത്തേയും ബോട്ട്-ഇൻ-ലാൻഡ് വസ്തുവിൽ നിന്നൊഴിപ്പിക്കുന്നത് വഴി ടി കുടുംബം ഭൂരഹിതരായി മാറുമെന്നും, ആയത് ഒരു കുടുംബത്തിന്റെ സമൂലനാശത്തിന് ഇടയാക്കുമെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായും, ബോട്ട്-ഇൻ-ലാൻഡ് ആക്കി ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് ടിയാന്റെ കുടുംബക്ഷേത്രവും, സർപ്പക്കാവും ഉൾപ്പെടുന്നതിനാൽ പ്രസ്തുത സ്ഥലം മറ്റൊരാൾക്ക് പതിച്ച നൽകുന്നതിനോ, മറ്റൊരാവശ്യത്തിന് ഉതകുന്നതോ അല്ലെന്നും, ആയതിനാൽ ബോട്ട്-ഇൻ-ലാൻഡ് ആക്കിയ വസ്തു ടിയാന് വിട്ടു നൽകുകയോ, അതിന് സാധ്യമാകാത്ത പക്ഷം പ്രസ്തുത ഭൂമിക്ക് തന്നെ ടിയാന് പട്ടയം അനുവദിക്കുകയോ ചെയ്യാവുന്നതാണെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) : മേൽ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ടി കേസിൽ കുടിശ്ശികക്കാരന്റെ പേരിൽ വസ്തുവകകൾ ഇല്ലാതിരുന്നതിനെ തുടർന്നാണ് ജാമ്യക്കാരനായ ശ്രീ. എൻ. പി. ഷാജിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് ഒടുവിൽ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്തിട്ടുള്ളത്. ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത ഭൂമി തിരിച്ച നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(എം.എസ്)നമ്പർ 76/13 dated, 01.03.2013, സ. ഉ. (എം.എസ്)നമ്പർ 181/13/റവ, dated, 03.05.2013 നമ്പർ ഉത്തരവുകൾ പ്രകാരം ബോട്ട്-ഇൻ-ലാൻഡ് ഏറ്റെടുത്ത് 2 വർഷത്തിനകം മുഴുവൻ കുടിശ്ശികയും മറ്റു ചെലവുകളും അടച്ച് തീർക്കുന്ന ഉടമസ്ഥനോ, നിയമപരമായ അവകാശികൾക്കോ, മുഴുവൻ ഭൂമിയും 2 വർഷത്തിനുശേഷം 5 വർഷത്തിനകം കുടിശ്ശികയും മറ്റ് ചെലവുകളും അടച്ച് തീർത്ത് അപേക്ഷിക്കുന്നവർക്ക് വിവിധ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി ഒരേക്കർ ഭൂമിവരെയും നൽകാവുന്നതാണ് എന്നും 5 വർഷത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല എന്നുമാണ് നിഷ്കർഷിച്ചിട്ടുള്ളത്.

അങ്കമാലി അഡീഷണൽ സെയിൽസ് ടാക്സ് ഓഫീസറുടെ 11.07.2004 - ലെ 24162196/99 - 2000 -ാം നമ്പർ അർത്ഥന പ്രകാരമാണ് ശ്രീ. എൻ.പി. ഷാജിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതെങ്കിലും ബോട്ട്-ഇൻ-ലാൻഡ് ആക്കി വില്പന സ്ഥിരീകരണം നടത്തിയ തീയതി സംബന്ധിച്ച വിവരം ലഭ്യമല്ല. നാളിതുവരെ ടിയാൻ കുടിശ്ശിക ഒടുക്കിയിട്ടില്ലാത്തതും ടിയാനെതിരെ അർത്ഥന പിൻവലിക്കുവാൻ നിർവ്വാഹമില്ല എന്ന് സംസ്ഥാന നികുതി ഓഫീസർ അറിയിച്ചിട്ടുള്ളതുമാണ്. ശ്രീ. എൻ. പി. ഷാജിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ നിലവിലുള്ളതും, ടിയാനെതിരെയുള്ള അർത്ഥന പിൻവലിച്ചിട്ടില്ലാത്തതും, നാളിതുവരെ ടിയാൻ കുടിശ്ശിക ഒടുക്കുകയും ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നതിന് സർക്കാരിന് യാതൊരു ബാധ്യതയുമില്ല. എന്നാൽ ഇതൊരു പ്രത്യേക കേസായി പരിഗണിക്കേണ്ടതുണ്ടോയെന്നത് സംബന്ധിച്ച് ഭരണവകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണ്."

(6) മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*" കടിശ്ശിക അടവാക്കാത്ത കേസിൽ bought-in-land ആക്കിയ ഭൂമി തിരികെ നൽകാൻ അനുമതി നൽകാൻ ആവില്ലെന്നും ആർ.ആർ ആക്ട് പ്രകാരം ജപ്തി ചെയ്ത കേസിൽ പ്രസ്തുത ആക്ട് പ്രകാരമുള്ള നടപടികൾ മാത്രമേ സ്വീകരിക്കാൻ കഴിയുകയുള്ളു എന്നും ശ്രീ. ഷാജിക്ക് വീട് വയ്ക്കുന്നതിന് പ്രസ്തുത ഭൂമി വിട്ടുനൽകണം എന്ന ശുപാർശ അംഗീകരിക്കാൻ ആവില്ലെന്നും ടിയാന് വീട് വയ്ക്കുന്നതിനുള്ള ഭൂമി സർക്കാരിന്റെ ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി നൽകുന്ന കാര്യം ഭരണ വകുപ്പ് പരിഗണിയ്ക്കണം എന്നും നിർദ്ദേശിച്ച് ഭരണവകുപ്പ് ഫയൽ മടക്കി നൽകുന്നു. "*

(7) 01.03.2013 ലെ സ.ഉ.(എം.എസ്)നം.76/13/റവ ഉത്തരവ് പ്രകാരം ബോട്ട്-ഇൻ-ലാൻഡ് ഏറ്റെടുത്ത് സ്ഥിരീകരണം നടത്തി അഞ്ചുവർഷത്തിന് ശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ തിരികെ നൽകേണ്ടതില്ലെന്നാണ്. എന്നാൽ ശ്രീ. എൻ. പി. ഷാജിയിൽ നിന്നും ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആക്കി വില്പന സ്ഥിരീകരണം നടത്തിയ തീയതി സംബന്ധിച്ച വിവരം ലഭ്യമല്ല. മേൽ സാഹചര്യത്തിൽ ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമിയിൽ സർപ്പക്കാവും, ക്ഷേത്രവും നിൽക്കുന്നതിനാൽ മറ്റൊരാൾക്ക് പതിച്ചുകൊടുക്കുന്നതിനോ, മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനോ കഴിയില്ലെന്നതിനാലും, അപേക്ഷകനായ ഷാജി ഭൂമി ജാമ്യം നൽകാനുണ്ടായ സാഹചര്യവും, ടിയാൻ ഭൂരഹിതനാണെന്നതും, പ്രസ്തുത ഭൂമിയിൽ ഷെഡ് കെട്ടി താമസിച്ചുവരികയാണെന്നതും പരിഗണിച്ച് അപേക്ഷകന് വീട് വയ്ക്കുന്നതിനാവശ്യമായ ഭൂമി മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ തിരികെ നൽകാവുന്നതാണോയെന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

പരേതനായ ആലുവ ചുണങ്ങംവേലി വേലിപ്പാടത്ത് വി. പി. രാജന്റെ പേരിലുള്ള വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ജാമ്യക്കാരനായ ശ്രീ. എൻ. പി. ഷാജിയിൽ നിന്നും സർക്കാർ ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കിയ എറണാകുളം ജില്ലയിൽ, നോർത്ത് പറവൂർ താലൂക്കിൽ, കുന്നുകര വില്ലേജിൽ സർവ്വെ നം.698/2B - ൽപ്പെട്ട 8.75 സെന്റ് ഭൂമിയിൽ സർപ്പക്കാവും ക്ഷേത്രവും നിൽക്കുന്നതിനാൽ മറ്റൊരാൾക്ക് പതിച്ചുകൊടുക്കുന്നതിനോ മറ്റാവശ്യങ്ങൾക്കു വിനിയോഗിക്കുന്നതിനോ കഴിയില്ല എന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും, അപേക്ഷകനായ ഷാജി ഭൂമി ജാമ്യം നൽകാനുണ്ടായ സാഹചര്യവും, ടിയാൻ ഭൂരഹിതനാണെന്നതും, പ്രസ്തുത ഭൂമിയിൽ ഷെഡ് കെട്ടി താമസിച്ചുവരികയാണെന്നതും പരിഗണിച്ച്, ബോട്ട്-ഇൻ-ലാൻഡ് ഭൂമി തിരികെ നൽകുന്നതിന് 1968 ലെ കേരളാ റവന്യൂ റിക്കവറി നിയമത്തിൽ വ്യവസ്ഥയില്ലെങ്കിലും, നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ടും, എറണാകുളം ജില്ലയിൽ, നോർത്ത് പറവൂർ താലൂക്കിൽ, കുന്നുകര വില്ലേജിൽ, അയിരൂർ കരയിൽ, നെറ്റിക്കാട് വീട്ടിൽ (ചേക്കാട്ടിൽ) പ്രഭാകരൻ മകൻ ശ്രീ. എൻ. പി. ഷാജിയ്ക്ക് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വീട് വയ്ക്കുന്നതിനായി 4 സെന്റ് ഭൂമി മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച്, ടിയാന്റെ ചെലവിൽ തിരികെ നൽകാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1238

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-എച്ച്1/88/2021-റവ |
| 2 | വകുപ്പ് | : | റവന്യൂ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | റവന്യൂ വകുപ്പ് - ബോട്ട്-ഇൻ-ലാൻഡ് ശ്രീ.മൂസ്സ, മലപ്പുറം -ന് വിട്ടു നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.11.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ | : | ഉണ്ട് |
| | അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, നിയമ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ചിത്ര കെ. ദിവാകരൻ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.11.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.12.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05.12.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06.12.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മലപ്പുറം ജില്ലയിൽ, നിലമ്പൂർ താലൂക്ക്, മൂത്തേടം വില്ലേജിൽ മുടവൻ കലവൻ വീട്ടിൽ ശ്രീ. മൂസ എന്ന കക്ഷിയിൽ നിന്നും കാനറാ ബാങ്ക് വായ്പ കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത മലപ്പുറം ജില്ല, നിലമ്പൂർ താലൂക്ക്, മൂത്തേടം വില്ലേജിലെ സർവ്വേ നമ്പർ 1279/3-ൽപ്പെട്ട 0.0282 ഹെക്ടർ ഭൂമി ഒരു പ്രത്യേക കേസായി പരിഗണിച്ച് കളക്ഷൻ ചാർജ്ജ് ഈടാക്കിയതിനുശേഷം ടിയാന്റെ ചെലവിൽ കമ്പോളവില ഈടാക്കാതെ തിരികെ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കാനറ ബാങ്ക് ലോൺ കുടിശ്ശികയിനത്തിലുള്ള 13,902/- (പതിമൂന്നായിരത്തി തൊള്ളായിരത്തി രണ്ട് രൂപ മാത്രം) രൂപ ഈടാക്കുന്നതിനായി ശ്രീ.മൂസ, മുടവൻ കലവൻ വീട് പേരിലുള്ള മലപ്പുറം ജില്ല, നിലമ്പൂർ താലൂക്ക്, മൂത്തേടം വില്ലേജിലെ സർവ്വേ നമ്പർ 1279/3-ൽപ്പെട്ട 0.0282 ഹെക്ടർ വസ്തു ലേലത്തിൽ വയ്ക്കുകയും ആരും ലേലത്തിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ബോട്ട് ഇൻ ലാൻഡായി സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ടി ലേലം 12/06/1995-ൽ പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഡി.ഡിസ് 5670/1995 നമ്പർ ഉത്തരവ് പ്രകാരം സ്ഥിരീകരിച്ചിട്ടുണ്ട്.

3) ബോട്ട് ഇൻ ലാൻഡാക്കിയ വസ്തു തിരികെ ലഭിക്കുന്നതിനായി ശ്രീ.മൂസ 30/01/2018 ൽ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. റവന്യൂ അധികാരികളെ അറിയിക്കാതെ ബാങ്ക് നടത്തിയ അദാലത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 8,900/- (എണ്ണായിരത്തി തൊള്ളായിരം രൂപ) ഒടുക്കി ടിയാൻ ലോൺ കുടിശ്ശിക തീർപ്പാക്കുകയുണ്ടായി.

4) ഭാര്യയും പെൺമക്കളും ഉൾപ്പെടുന്ന അപേക്ഷകന്റെ കുടുംബം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണെന്നും ടിയാൻ വൃക്കരോഗി യാണെന്നും ജോലിചെയ്യാൻ കഴിയാത്ത അവസ്ഥ ആയതിനാൽ ഭാര്യ കൂലിപ്പണി ചെയ്താണ് കുടുംബം പുലർത്തുന്നതെന്നും, ടിയാനും കുടുംബവും ബോട്ട് ഇൻ ലാൻഡ് വസ്തു കൂടാതെയുള്ള 19 സെന്റിലെ ചെറിയ വീട്ടിലാണ് താമസിക്കുന്നതെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബോട്ട് ഇൻ ലാൻഡ് വസ്തു ലാൻഡ് ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ടി വസ്തുവിന്റെ കമ്പോള വില 1,05,910/- രൂപ (ഒരു ലക്ഷത്തി അയ്യായിരത്തി തൊള്ളായിരത്തി പത്ത് രൂപ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

മാത്രം) ആണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാങ്ക് വായ്പ പൂർണ്ണമായും തിരിച്ചടവാക്കിയിട്ടുള്ളതിനാലും സർക്കാരിലേക്ക് ബാദ്ധ്യതകളൊന്നും ഇല്ലാത്തതിനാലും കളക്ഷൻ ചാർജ്ജ് ഈടാക്കിയതിനുശേഷം മാനുഷിക പരിഗണന നൽകി ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. 01.03.2013-ലെ സ.ഉ. (എം.എസ്) നമ്പർ.76/13/റവ, 03.05.2013-ലെ സ.ഉ.(എം.എസ്) നമ്പർ.181/13/റവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത ഭൂമി 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ചതിനു ശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് മാത്രമേ 25 സെന്റ് വരെ ബോട്ട് ഇൻ ലാൻഡ് ഭൂമി സൗജന്യമായി തിരികെ നൽകുവാൻ വ്യവസ്ഥയുള്ളൂ. ഭൂരഹിതനല്ലാത്തപക്ഷം ടി വസ്തുവിന്റെ കമ്പോള വില കൂടി അടക്കേണ്ടതാണ്. കൂടാതെ ടി ഉത്തരവുകൾ പ്രകാരം 5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കുംതന്നെ ഭൂമി തിരികെ നൽകേണ്ടതില്ലാത്തതുമാണ്. ഈ കേസിൽ കുടിശ്ശിക കക്ഷി കമ്പോള വില അടയ്ക്കാൻ സന്നദ്ധനല്ലെന്ന് അറിയിച്ചിട്ടുണ്ട്.

5) ഈ വിഷയം സംബന്ധിച്ച് **നിയമ വകുപ്പിന്റെ** അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"എടക്കര കാനറാബാങ്ക് ശാഖയിൽ നിന്നെടുത്ത വായ്പതുക കുടിശ്ശികയായതിനെ തുടർന്ന് ശ്രീ. മുടവൻ കലവൻ മൂസയ്ക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച് ടിയാന്റെ പേരിലുള്ള നിലമ്പൂർ താലൂക്ക് മൂത്തേടം വില്ലേജ് സർവ്വേ നമ്പർ 1279-ൽപ്പെട്ട 0.0282 ഹെക്ടർ ഭൂമി 12.06.1995-ലെ പെരിന്തൽമണ്ണ RDO യുടെ ഡി.ഡിസ് 5670/1995 നമ്പർ ഉത്തരവ് പ്രകാരം ബോട്ട്-ഇൻ-ലാൻഡാക്കി വിൽപ്പന സ്ഥിരീകരണം നടത്തിയിട്ടുള്ളതാണ്. 17.01.2005-ന് നിലമ്പൂർ ബ്ലോക്ക് ഓഫീസിൽ വെച്ച് നടന്ന അദാലത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ടിയാൻ 8900 രൂപ ഒടുക്കി കുടിശ്ശിക ഒഴിവാക്കിയിട്ടുള്ളതാണ് എങ്കിലും ബോട്ട് ഇൻ ലാൻഡ് തിരികെ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നത് 30.01.2018-ലാണ്.

ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ(എം.എസ്) നമ്പർ 76/13/റവ dated 01.03.2013, സ.ഉ(എം.എസ്) നമ്പർ 181/13/റവ dated 03.05.2013 നമ്പർ ഉത്തരവുകളനുസരിച്ച് ബോട്ട്-ഇൻ-ലാൻഡാക്കി വിൽപ്പന സ്ഥിരീകരണം നടത്തി 5 വർഷത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാൻ സർക്കാരിന് ബാധ്യതയില്ലാത്തതാണ്. എന്നാൽ G.A Mohanan V Commercial Tax officer (W.P(C) 14780/2009) കേസിൽ "When there was no misrepresentation on the part of the debtor and the Government accepted the amount without any objection, the Government is bound to re-convey such land as bought in land " എന്ന് ബഹു ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്.

ശ്രീ. മുടവൻ കലവൻ മൂസ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക തുക ഒടുക്കിയിട്ടുള്ള സാഹചര്യത്തിൽ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ വെളിച്ചത്തിലും സർക്കാരിന് ബാധ്യതകളില്ല എന്നും



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

മാനുഷിക പരിഗണന നൽകി ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്ന വിഷയത്തിൽ ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു."

6) **ധനകാര്യ വകുപ്പിന്റെ** അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"അപേക്ഷകൻ ഭൂരഹിതനല്ല. ഭൂമി ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. Bought in land ആക്കിയ ഭൂമി തിരികെ നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം പരാമർശിത ഭൂമി തിരികെ നൽകുന്നതിന് സർക്കാരിനു ബാധ്യതയില്ല. WP(C) 14780/2009 -ലെ വിധിന്യായ പ്രകാരം ഭൂമി തിരികെ നൽകാൻ സർക്കാർ binding ആണ് എന്നും നിയമ വകുപ്പ് പരാമർശിച്ചിട്ടില്ല. ആയതിനാൽ കമ്പോള വില അടയ്ക്കുന്ന പക്ഷം മാത്രമേ ഭൂമി തിരികെ നൽകേണ്ടതുള്ളൂ എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം തിരികെ നൽകാൻ ബാധ്യതയില്ലാത്ത ഭൂമിയുടെ കുടിശ്ശിക തുക സ്വീകരിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഭരണ വകുപ്പിന് ധന വകുപ്പ് നൽകിയ നിർദ്ദേശം (File No.Rev-H1/197/2019 C. No.1119858) സംബന്ധിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുവാനും ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

7) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ തിരികെ നൽകാൻ ബാധ്യത ഇല്ലാത്ത bought in lands ന്റെ പേരിലുള്ള കുടിശ്ശിക സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുകയും ഇതു സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു.

8) ഫയൽ **ബഹു. റവന്യൂ വകുപ്പ് മന്ത്രിയ്ക്ക്** ചംക്രമണം ചെയ്തപ്പോൾ **ബഹു. മന്ത്രി** താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:

"അപേക്ഷകൻ കുടിശ്ശിക ഒടുക്കിയത് അനുവദനീയമായ കാലപരിധിക്കു ശേഷമാണ്. കാലപരിധിക്കു ശേഷമാണ് കുടിശ്ശിക ഒടുക്കിയതെന്നതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ബോട്ട് ഇൻ ലാൻഡ് ആക്കിയ ഭൂമി തിരികെ നല്കാനാകില്ല. എന്നാൽ ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ, കുടിശ്ശിക തുക സ്വീകരിച്ചത് അനുവദനീയമായ കാലപരിധിക്കു ശേഷമാണെങ്കിൽ കൂടി, ഭൂമി തിരികെ നല്കാൻ സർക്കാർ ബാധ്യസ്ഥമാകും. ഇതു മൂലം ഭൂമി തിരികെ ലഭിക്കാനുള്ള അപേക്ഷ നിരസിക്കുന്ന കേസുകളിൽ അപേക്ഷകർ കോടതിയെ സമീപിച്ച് അനുകൂല വിധി സമ്പാദിക്കുന്ന സാഹചര്യമാണുള്ളത്. ഇത് അനാവശ്യ വ്യവഹാരങ്ങൾക്കിടയാക്കുന്നുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ച് സമാന സ്വഭാവത്തിലുള്ള കേസിൽ വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് വയ്ക്കാൻ ബഹു. മുഖ്യ മന്ത്രി ഉത്തരവായിട്ടുണ്ട്.(H1/219/2021-Rev)"



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

9) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാൻ **ബഹു. മുഖ്യ മന്ത്രി** ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

മലപ്പുറം ജില്ലയിൽ, നിലമ്പൂർ താലൂക്കിൽ മൂത്തേടം വില്ലേജിൽ മുടവൻ കലവൻ വീട്ടിൽ ശ്രീ. മൂസയിൽ നിന്നും ബാങ്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത മലപ്പുറം ജില്ല, നിലമ്പൂർ താലൂക്ക്, മൂത്തേടം വില്ലേജിലെ സർവ്വേ നമ്പർ 1279/3-ൽപ്പെട്ട 0.0282 ഹെക്ടർ സ്ഥലം ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷത്തിനു ശേഷം ബോട്ട് ഇൻ ലാൻഡ് വസ്തു തിരികെ നൽകുന്നതിന് 1968-ലെ കേരള റവന്യൂ റിക്കവറി നിയമത്തിലും നിലവിലെ സർക്കാർ ഉത്തരവുകളിലും വ്യവസ്ഥയില്ലെങ്കിലും ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ടിയാൻ കാനറാ ബാങ്ക് നടത്തിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക അടവാക്കിയിട്ടുണ്ട് എന്നത് പരിഗണിച്ചും കമ്പോള വില ഒഴിവാക്കി കളക്ഷൻ ചാർജ്ജ് മാത്രം ഈടാക്കിക്കൊണ്ട് അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് ടിയാന്റെ ചെലവിൽ തിരികെ നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-12-2022

ഫയൽ നം. റവ-എച്ച്1/88/2021/റവ. ഇനം നം: 1238

വിഷയം : റവന്യൂ വകുപ്പ് - ബോട്ട്-ഇൻ-ലാൻഡ് - ശ്രീ. മൂസ്സ, മലപ്പുറം-ന് വിട്ടു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

399

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-എച്ച്1/107/2021-റവ |
| 2 | വകുപ്പ് | : | റവന്യൂ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | റവന്യൂ വകുപ്പ് - ബോട്ട്-ഇൻ-ലാൻഡും അതിലെ കഴിക്കുറുകളും ശ്രീമതി.ടി.ഷൈജയ്ക്ക് വിട്ടു നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12/11/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ | : | ഉണ്ട് |
| | അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, നിയമ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രവീൺ. എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/11/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20/11/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23/11/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25/11/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മാധവ മെറ്റൽസ് നെയിൽസ് മാനുഫാക്ചേഴ്സ് എന്ന കമ്പനി സ്ഥാപന ഉടമയായ ശ്രീമതി ഷൈജയിൽ നിന്നും സർക്കാർ ബോട്ട് ഇൻ ലാൻഡാക്കിയ മലപ്പുറം ജില്ലയിലെ പുറത്തൂർ റീ.സ. 278/1 ലുള്ള പതിനൊന്നേകാൽ (11 1/4 ) സെന്റ് ഭൂമിയും അതിലെ കുഴിക്കൂറുകളും ഭൂമിയുടെ കമ്പോള വിലയും ഡിമാന്റ് നോട്ടീസ് ഫീസും ഈടാക്കിക്കൊണ്ട് ടിയാരിക്ക് തിരികെ നൽകുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സെയിൽസ് ടാക്സ് ഇനത്തിലും ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിലും കുടിശ്ശിക വരുത്തിയതിനെ തുടർന്ന് ശ്രീമതി. ഷൈജയ്ക്കെതിരെ റവന്യൂ റിക്കവറി നിയമപ്രകാരം നടപടി സ്വീകരിക്കുകയും ടിയാരിയുടെ പേരിലുള്ള പുറത്തൂർ റീസർവ്വെ 278/1-ൽപ്പെട്ട 11 ¼ സെന്റ് ഭൂമി അതിലെ കെട്ടിടം ഉൾപ്പെടെ ലേലം കൊള്ളാൻ ആളില്ലാതെ വന്നതിനെ തുടർന്ന് ബോട്ട്-ഇൻ-ലാൻഡാക്കി ഏറ്റെടുക്കുകയും ചെയ്തിരുന്നു. 25.03.2006-ലെ ഡി.ഡിസ് 1730/06/എച്ച് നമ്പർ നടപടിക്രമ പ്രകാരം പ്രസ്തുത ഭൂമി തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസർ ബോട്ട്-ഇൻ-ലാന്റായി വിൽപ്പന സ്ഥിരീകരണം നടത്തിയിട്ടുള്ളതുമാണ്. അതിനുശേഷം ഹർജിക്കാരി ഡിമാന്റ് നോട്ടീസ് ഫീസും കളക്ഷൻ ചാർജ്ജും പൂർണ്ണമായി അടക്കാതെ കുടിശ്ശിക പൂർണ്ണമായി അടച്ചു. ഇതിനിടയിൽ ഹർജിക്കാരി ബഹു. ഹൈക്കോടതി മുമ്പാകെ പ്രസ്തുത ഭൂമിയും അതിലെ കുഴിക്കൂറുകളും വിട്ടുകിട്ടുന്നതിനുള്ള തന്റെ നിവേദനങ്ങൾ പരിഗണിക്കുന്നതിനായി (Ext. P 14 to P 17) WP (C) 16634/2011 ഫയൽ ചെയ്തു. വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച 4 മാസത്തിനുള്ളിൽ ശ്രീമതി ഷൈജയുടെ നിവേദനങ്ങൾ റവന്യൂ സെക്രട്ടറി പരിഗണിക്കണമെന്ന ഉത്തരവോടെ ബഹു. ഹൈക്കോടതി 12/03/2021 ൽ ടി കേസ്സ് തീർപ്പാക്കി.

3) 01.03.2013 ലെ സ.ഉ. (എം.എസ്) നമ്പർ.76/13/റവ, 03.05.2013 ലെ സ.ഉ. (എം.എസ്) നമ്പർ.181/13/റവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭൂമി ബോട്ട് ഇൻ ലാന്റായി ഏറ്റെടുത്ത് 2 വർഷത്തിനു ശേഷവും 5 വർഷത്തിനകവും അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് മാത്രമേ 25 സെന്റ് വരെ ബോട്ട് ഇൻ ലാൻഡായി ഭൂമി സൗജന്യമായി തിരികെ നൽകുവാൻ കഴിയുകയുള്ളൂ.

4) ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ച് നിയമ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"സെയിൽസ് ടാക്സ് ഇനത്തിലും ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിലും കുടിശ്ശിക വരുത്തിയതിനെ തുടർന്നാണ് ശ്രീമതി. ഷൈജയ്ക്കെതിരെ റവന്യൂ റിക്കവറി നിയമപ്രകാരം നടപടി സ്വീകരിച്ച് തുടർന്ന് ടിയാരിയുടെ പേരിലുള്ള പുറത്തൂർ റീസർവ്വെ 278/1-ൽപ്പെട്ട 11 1/4 സെന്റ് ഭൂമി അതിലെ കെട്ടിടം ഉൾപ്പെടെ ലേലം കൊള്ളാൻ ആളില്ലാതെ വന്നതിനെ തുടർന്നാണ് ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്തിട്ടുള്ളത്.

25.03.2006-ലെ ഡി.ഡിസ് 1730/06/എച്ച് നമ്പർ നടപടിക്രമ പ്രകാരമാണ് പുറത്തൂർ റീസർവ്വെ 278/1-ൽപ്പെട്ട 11 ¼ സെന്റ് ഭൂമി തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസർ ബോട്ട്-ഇൻ-ലാന്റായി വിൽപ്പന സ്ഥിരീകരണം നടത്തിയിട്ടുള്ളത്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

റവന്യൂ വകുപ്പ് ബോട്ട്-ഇൻ-ലാന്റ് തിരികെ നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സ.ഉ (എം.എസ്) നമ്പർ 76/13/റവ dated 01.03.2013, സ.ഉ(എം.എസ്) നമ്പർ 181/13/റവ dated 03.05.2013 നമ്പർ സർക്കാർ ഉത്തരവുകൾ പരിശോധിക്കുമ്പോൾ ബോട്ട്-ഇൻ-ലാന്റായി വിൽപ്പന സ്ഥിരീകരണം നടത്തി 2 വർഷത്തിനുള്ളിൽ മുഴുവൻ കുടിശ്ശിക, കുടിശ്ശിക അടയ്ക്കുന്നതു വരെയുള്ള പലിശ, കളക്ഷൻ ചാർജ് എന്നിവ അടച്ച് തീർത്ത് അപേക്ഷിക്കുന്നവർക്ക് ഭൂമി തിരികെ നൽകാവുന്നതും 2 വർഷത്തിനു ശേഷം 5 വർഷത്തിനകം അപേക്ഷിക്കുന്നവർക്ക് അവർ ഭൂരഹിതരാണെങ്കിൽ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ് എന്നിവ അടച്ച ശേഷം 25 സെന്റ് വരെയും അതിൽ കൂടുതൽ പരമാവധി 75 സെന്റ് കൂടി (ആകെ ഒരേക്കർ) കമ്പോളവില ഈടാക്കിക്കൊണ്ടും സ്വന്തമായി ഭൂമിയുള്ളവർക്ക് മുഴുവൻ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ് എന്നിവ കൂടാതെ ഭൂമിയുടെ കമ്പോള വില ഈടാക്കിക്കൊണ്ട് പരമാവധി ഒരേക്കറും നൽകാവുന്നതാണ് എന്നും എന്നാൽ 5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കും ബോട്ട്-ഇൻ-ലാന്റ് തിരികെ നൽകേണ്ടതില്ല എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്.

ടി കേസിൽ 25.3.2006-ൽ ബോട്ട്-ഇൻ-ലാന്റായി വിൽപ്പന സ്ഥിരീകരണം നടത്തിയ ഭൂമി തിരികെ ലഭിക്കുന്നതിനായി കുറിപ്പ് ഫയലിൽ ലഭ്യമായ രേഖ പ്രകാരം 18.1.2010 (Ext.P14) തീയതിയിലാണ് ശ്രീമതി. ഷൈജ അപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നത്. ടിയാരി വിൽപ്പന നികുതി ഇനത്തിൽ വരുത്തിയ കുടിശ്ശികയും (ആംനെസ്റ്റി സ്കീം പ്രകാരം ), കെ.എസ്.ഇ.ബി കുടിശ്ശികയും 2009-ൽ തന്നെ അടച്ച തീർത്തിട്ടുള്ളതായി മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഡി5/34670/2016 dt.03.06.2021) കൂടാതെ ബഹു. ഹൈക്കോടതി G.A Mohanan V. Commercial Tax Officer (WP(C)No.14780/2009) കേസിൽ കുടിശ്ശികക്കാരൻ തെറ്റിദ്ധരിപ്പിക്കൽ കൂടാതെ കുടിശ്ശിക ഒടുക്കാൻ തയ്യാറാകുകയും ഗവൺമെന്റ് യാതൊരു എതിർപ്പും കൂടാതെ പ്രസ്തുത തുക സ്വീകരിക്കുകയും ചെയ്യുന്ന പക്ഷം സർക്കാരിന് ബോട്ട്-ഇൻ-ലാന്റ് മടക്കി നൽകുന്നതിന് ബാദ്ധ്യതയുണ്ട് എന്നും "by allowing the petitioners to discharge their liability, the Government is creating an obligation for the conveyance" എന്നും നിരീക്ഷിച്ചിട്ടുണ്ട്.

ശ്രീമതി. ഷൈജ വിൽപ്പന നികുതി, കെ.എസ്.ഇ.ബി ഇനങ്ങളിലെ വരുത്തിയ കുടിശ്ശിക സ.ഉ(എം.എസ്) നമ്പർ 76/13/റവ dated 01.03.2013, സ.ഉ (എം.എസ്) നമ്പർ 181/13/റവ dated 03.05.2013 നമ്പർ ഉത്തരവുകളിൽ വ്യവസ്ഥ ചെയ്യുന്ന തരത്തിൽ 2 വർഷത്തിനുശേഷം 5 വർഷത്തിനുള്ളിൽ തന്നെ അപേക്ഷ സമർപ്പിക്കുകയും കുടിശ്ശിക ഒടുക്കുകയും ചെയ്തിട്ടുള്ളതാണ്. G.A Mohanan Vs. Commercial Tax Officer കേസിലെ വിധിന്യായം പരിശോധിക്കുമ്പോൾ കുടിശ്ശിക ഒടുക്കുകയും അത് സർക്കാർ സ്വീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബോട്ട്-ഇൻ-ലാന്റ് വിട്ട് നൽകേണ്ടത് സർക്കാരിന്റെ ബാധ്യതയുമാണ്. മേൽ സാഹചര്യത്തിൽ കളക്ഷൻ ചാർജ്, ഫീ ഈടാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ അനുഭാവപൂർവ്വമായ സമീപനം കൈക്കൊണ്ട് ബോട്ട്-ഇൻ-ലാന്റ് തിരികെ നൽകുന്നതു സംബന്ധിച്ച് ഭരണ വകുപ്പിന് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

5) ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു .

"25.03.2006 ഉത്തരവ് പ്രകാരമാണ് ഭൂമി bought-in-land ആക്കി മാറ്റിയിട്ടുള്ളത്. അതിനു ശേഷം സർക്കാർ പ്രഖ്യാപിച്ച amnesty scheme പ്രകാരം 2009-ൽ demand notice, collection charge എന്നിവ ഒഴികെ കുടിശ്ശിക അടവ് വരുത്തിയിട്ടുണ്ട്. 19.11.2010 ലാണ് Bought-in-land തിരികെ നൽകണം എന്ന് അപേക്ഷക ആവശ്യപ്പെട്ടിട്ടുള്ളത്. അപേക്ഷകയുടെ നിവേദനം പരിശോധിച്ച് സർക്കാർ ഉചിത തീരുമാനം കൈക്കൊള്ളണം എന്ന് മാത്രമാണ് WP(C)16634/2011 നമ്പർ കേസിൽ 12.03.2021-ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളത്. അതായത് ഈ വിഷയത്തിൽ സർക്കാരിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. 01.03.2013-ലെ സ.ഉ(എം.എസ്) നം.76/13/റവ, 03.05.2013-ലെ സ.ഉ(എം.എസ്) നം.181/13/റവ സർക്കാർ ഉത്തരവുകളിലെ പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം 2 വർഷത്തിനുശേഷവും 5 വർഷത്തിനകവും അപേക്ഷിക്കുന്ന ഭൂരഹിതരായവർക്കു മാത്രമേ 25 സെന്റ് വരെ bought-in-land സൗജന്യമായി നൽകാൻ വ്യവസ്ഥയുള്ളൂ. ഇവിടെ അപേക്ഷക ഭൂ രഹിതയാണ് എന്ന് പരാമർശിച്ചിട്ടില്ല. ആയതിനാൽ മേൽ സർക്കാർ ഉത്തരവ് പ്രകാരം കമ്പോള വില ഈടാക്കി മാത്രമേ ഭൂമി വിട്ടു നൽകാൻ വ്യവസ്ഥയുള്ളൂ. നിയമ വകുപ്പ് പാരാമർശിച്ചിട്ടുള്ള WP© No.14780/2009-ലെ വിധിന്യായം ഈ കേസിലെ വിധിന്യായത്തിൽ quote ചെയ്തിട്ടില്ല. Bought-in-land തിരികെ നൽകാൻ സർക്കാരിന് ബാധ്യതയുണ്ട് എന്ന വിധിന്യായ പ്രകാരമാണെങ്കിൽ പോലും നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മാത്രമേ ഭൂമി വിട്ടു നൽകേണ്ടതുള്ളൂ. ഈ സാഹചര്യത്തിൽ സ.ഉ(എം.എസ്) നം.76/13/റവ, 03.05.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം ഈ കേസിൽ നടപടി സ്വീകരിച്ചാൽ മതിയാകും എന്നും ഭൂമിയുടെ കമ്പോളവില ഈടാക്കിയേ ഭൂമി തിരികെ നൽകാവൂ എന്നും പ്രസ്തുത ഉത്തരവിൽ ഇളവ് നൽകിക്കൊണ്ട് ഭൂമി തിരികെ നൽകേണ്ട വിശേഷാൽ സാഹചര്യം ഈ കേസിൽ ഇല്ല എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

6) ടി സ്ഥലം കമ്പോള വില ഈടാക്കാതെ തിരികെ നൽകുന്നതു സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"അപേക്ഷാകക്ഷിയായ ശ്രീമതി. ഷൈജയുടെ പേരിലുള്ള പുറത്തൂർ റീസർവ്വേ 278/1-ൽപ്പെട്ട 11 ¼ സെന്റ് ഭൂമി അതിലെ കെട്ടിടം ഉൾപ്പെടെ sales tax & electricity charges കുടിശ്ശിക ഈടാക്കുന്നതിനായി ലേലം നടത്തി ആളില്ലാത്തതിനാൽ bought-in-land ആക്കിയത് 25.03.2006 ലാണ്. ടിയാരി amnesty scheme പ്രകാരം കുടിശ്ശിക 2009 തന്നെ അടച്ചു തീർപ്പാക്കുകയും 19.11.2010 ലായി ഭൂമി reconvey ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നതായും കാണുന്നു. bought-in-land തിരികെ നൽകുന്നതു സംബന്ധിച്ച് ഇപ്പോൾ പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവിലെ കാലപരിധിക്കുള്ളിൽ തന്നെയാണ് ടിയാരി അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നതിനാൽ ഇത് സംബന്ധിച്ച് പ്രാബല്യത്തിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷകയുടെ പേരിൽ ഇപ്പോൾ മറ്റു ഭൂമിയുണ്ടോ (അതായത് അപേക്ഷക ഭൂരഹിതയാണോ) എന്ന കാര്യം പരിശോധിച്ചു ബോദ്ധ്യപ്പെട്ടുകൊണ്ട്, പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണെന്നും, Savithammal v Tahsildar കേസിലെ വിധി ഈ കേസിൽ ബാധകമാക്കേണ്ടെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

7) ഹർജിക്കാരിയായ ശ്രീമതി. ഷൈജയുടെ പേരിൽ മലപ്പുറം ജില്ലയിൽ തിരൂർ താലൂക്ക് പരിധിയിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്നും എന്നാൽ ഹർജിക്കാരിയുടെ പിതാവായ മാധവൻ വൈദ്യർ (Late) -ന്റെ പേരിൽ 11.02 ആർസ് ഭൂമിയുണ്ടെന്നും അതിൽ ഹർജിക്കാരിക്ക് അഞ്ചിലൊന്ന് ഇടകലർന്ന അവകാശം നിലനില്ക്കുന്നുണ്ടെന്നും മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാരിയുടെ ഭർത്താവ് ഏഴുവർഷം മുമ്പ് മരണപ്പെട്ടതായും ടിയാരിക്ക് ജോലിയൊന്നുമില്ലായെന്നും പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാരിയുടെ പേരിൽ മരുതറോഡ് വില്ലേജിൽ ബ്ലോക്ക് 38, സർവെ നമ്പർ 29/4 ൽ 0.0656 ഹെക്ടർ സ്ഥലം കൈവശാനുഭവത്തിലാണെന്നും ടി സ്ഥലത്ത് 3000 സ്ക്വയർ ഫീറ്റിനടുത്ത് വിസ്തീർണ്ണമുള്ള വീടുണ്ടെന്നും ടി വീട്ടിൽ, ക്വാറിയുമായി ബന്ധപ്പെട്ട് ബിസിനസ്സ് ചെയ്തുവരുന്ന ടിയാരിയുടെ മകനോടൊത്ത് ഹർജിക്കാരി താമസിച്ചുവരുന്നതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8) ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീമതി. റ്റി. ഷൈജ ഫയൽ ചെയ്തിരുന്ന WP(C)16634/2011 നമ്പർ കേസിൻമേൽ 12.03.2021 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും, കുടിശ്ശിക തുക അടവു വരുത്തിയിട്ടുള്ള സാഹചര്യത്തിലും നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, മലപ്പുറം, പാലക്കാട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും, ഭൂമിയുടെ കമ്പോള വില, ഡിമാൻറ് നോട്ടീസ് ഫീസ് എന്നിവ ഈടാക്കിക്കൊണ്ട്, നിലവിലുള്ള റവന്യൂ റിക്കവറി നിയമത്തിൽ ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി തിരികെ നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ സർക്കാർ ബോട്ട് ഇൻ ലാൻഡാക്കിയ മലപ്പുറം ജില്ലയിലെ പുറത്തൂർ റീ.സ. 278/1 ലുള്ള പതിനൊന്നേകാൽ (11 1/4 ) സെന്റ് ഭൂമിയും അതിലെ കുഴിക്കൂറുകളും ഹർജിക്കാരിയായ ശ്രീമതി. റ്റി. ഷൈജക്ക് തിരികെ നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-12-2021

ഫയൽ നം. റവ-എച്ച്1/107/2021-റവ. ഇനം നം: 399

വിഷയം : റവന്യൂ വകുപ്പ് - ബോട്ട്-ഇൻ-ലാൻഡും അതിലെ കുഴിക്കൂറുകളും ശ്രീമതി. ടി. ഷൈജയ്ക്ക് വിട്ടു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1150

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-എച്ച്1/219/2021-റവ |
| 2 | വകുപ്പ് | : | റവന്യൂ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | റവന്യൂ വകുപ്പ് - ബോട്ട്-ഇൻ-ലാൻഡ് ശ്രീ. ഡെൻസി ജോൺ-ന് വിട്ടു നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30.09.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ | : | ഉണ്ട് |
| | അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, നിയമ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | എം.ജി. രഞ്ജിത് കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.11.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.11.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 08.11.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 08.11.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വയനാട് ജില്ലയിൽ, വൈത്തിരി താലൂക്ക്, ചുണ്ടേൽ വില്ലേജിൽ തോപ്പിൽ വീട്ടിൽ ശ്രീ.ഡെൻസി ജോൺ, S/o Late റ്റി.ജെ.ജോസഫ് എന്ന കക്ഷിയിൽ നിന്നും വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത വയനാട് ജില്ല, വൈത്തിരി താലൂക്ക്, ചുണ്ടേൽ വില്ലേജിലെ ബ്ലോക്ക് 25-ൽ റീ സർവ്വേ 355/5-ൽപ്പെട്ട 0.2023 ഹെക്ടർ സ്ഥലം, ഒരു പ്രത്യേക കേസായി പരിഗണിച്ച് കമ്പോളവില ഈടാക്കാതെ ടിയാന്റെ ചെലവിൽ തിരികെ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2) വിൽപന നികുതി കുടിശ്ശികയിനത്തിലുള്ള 28,80,013/- (ഇരുപത്തിയെട്ട് ലക്ഷത്തി എൺപതിനായിരത്തി പതിമൂന്ന് രൂപ മാത്രം) രൂപ ഈടാക്കുന്നതിനായി ശ്രീ. ഡെൻസി ജോണിന്റെ പേരിലുള്ള ചുണ്ടേൽ വില്ലേജിൽ ബ്ലോക്ക് 25-ൽ റീസർവ്വേ 355/5-ൽപ്പെട്ട 0.2023 ഹെക്ടർ വസ്തു ലേലത്തിൽ വയ്ക്കുകയും ആരും ലേലത്തിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ബോട്ട് ഇൻ ലാൻഡായി സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ടി ലേലം 14.11.2012-ൽ മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസറുടെ ബി-6316/2012 നമ്പർ ഉത്തരവ് പ്രകാരം സ്ഥിരീകരിച്ചിട്ടുണ്ട്.

3) സർക്കാരിന്റെ നികുതി കുടിശ്ശിക നിവാരണ പദ്ധതിയായ ആംനെസ്റ്റി സ്കീം 2020-21 പ്രകാരം ടിയാൻ കുടിശ്ശിക അടയ്ക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. അതു പ്രകാരം കുടിശ്ശിക തുകയായ 28,80,013/- രൂപ(ഇരുപത്തിയെട്ട് ലക്ഷത്തി എൺപതിനായിരത്തി പതിമൂന്ന് രൂപ മാത്രം) എന്നത് 2,28,782/-(രണ്ട് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) രൂപയായി കുറവ് ചെയ്തു നൽകുകയും ഈ തുക 17.12.2020-ന് കക്ഷി ഒടുക്കുവരുത്തുകയും ചെയ്തു. ടിയാളുടെ പേരിൽ കുടിശ്ശിക നിലവിലില്ലാത്ത സാഹചര്യത്തിൽ ബോട്ട്-ഇൻ- ലാൻഡാക്കിയ ഭൂമിയുടെ നികുതി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കക്ഷി 21.01.2021-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

4) ബോട്ട് ഇൻ ലാൻഡാക്കിയ 0.2023 ഹെക്ടർ വസ്തു ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും സർക്കാരിന്റെ ഏതെങ്കിലും പ്രത്യേക പദ്ധതിക്കായി ഉപയോഗിക്കുന്നതിന് നീക്കിവച്ചിട്ടില്ലെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൻ സാമ്പത്തികമായി ഭേദപ്പെട്ട അവസ്ഥയിലാണെന്നും ടിയാളുടെ വാർഷിക വരുമാനം 1,80,000/- രൂപയാണെന്നും ടിയാന് ബോട്ട് ഇൻ ലാൻഡ് വസ്തു കൂടാതെ ചുണ്ടേൽ വില്ലേജിൽ ബ്ലോക്ക് 25-ൽ റീ സർവ്വേ 355/22-ൽപ്പെട്ട 0.2405 ഹെക്ടർ ഭൂമിയുണ്ടെന്നും ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ പറയുന്നു. നിലവിൽ ബോട്ട് ഇൻ ലാൻഡ് ഭൂമിയുടെ കമ്പോള വില ആർ ഒന്നിന് 1,80,000/- രൂപ ആണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 28,80,013/- രൂപ ആയിരുന്ന അർത്ഥന 2.11.2018-ലെ കെ.വി.എ.റ്റി. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം 12,53,712/- രൂപയായി കുറച്ചതായും തുടർന്ന് അപേക്ഷകൻ ആംനെസ്റ്റി പദ്ധതി പ്രയോജനപ്പെടുത്തി 2,28,782 രൂപ അടച്ച് തീർത്തതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 01.03.2013-ലെ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

സ.ഉ. (എം.എസ്) നമ്പർ.76/13/റവ, 03.05.2013-ലെ സ.ഉ.(എം.എസ്) നമ്പർ.181/13/റവ എന്നീ ഉത്തരവുകൾ പ്രകാരം ഭൂമി സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത് 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ചശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് മാത്രമേ 25 സെന്റ് വരെ ബോട്ട് ഇൻ ലാൻഡ് ഭൂമി സൗജന്യമായി തിരികെ നൽകുവാൻ വ്യവസ്ഥയുള്ളൂ. ഭൂരഹിതനല്ലാത്തപക്ഷം ടി വസ്തുവിന്റെ കമ്പോള വില കൂടി അടക്കേണ്ടതാണ്. കൂടാതെ ടി ഉത്തരവുകൾ പ്രകാരം 5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കുംതന്നെ ഭൂമി തിരികെ നൽകേണ്ടതില്ലാത്തതുമാണ്. ഈ കേസിൽ കുടിശ്ശിക കക്ഷി കമ്പോള വില അടയ്ക്കാൻ സന്നദ്ധനല്ലെന്ന് അറിയിച്ചിട്ടുണ്ട്.

5) ഈ വിഷയം സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ. (എം.എസ്) നമ്പർ.76/13/റവ dt 01.03.2013, സ.ഉ. (എം.എസ്) നമ്പർ.181/13/റവ dt 03.05.2013 ഉത്തരവുകൾ പ്രകാരം ബോട്ട് ഇൻ ലാൻഡ് ആക്കി വിൽപനസ്ഥിരീകരണം നടത്തി 2 വർഷത്തിനകം മുഴുവൻ കുടിശ്ശികയും പലിശയും മറ്റു ചാർജ്ജുകളുമടക്കം അടവാക്കി അപേക്ഷിക്കുന്ന പക്ഷം മുഴുവൻ ഭൂമിയും 2 വർഷത്തിനു ശേഷം 5 വർഷത്തിനകം കുടിശ്ശികയും പലിശയും മറ്റു ചാർജ്ജുകളുമടക്കം അടവാക്കി അപേക്ഷിക്കുന്ന സംഗതിയിൽ വിവിധ വ്യവസ്ഥകൾക്ക് വിധേയമായി 1 ഏക്കർ വരെ ഭൂമിയും വിട്ടു നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം 2 വർഷത്തിനു ശേഷം 5 വർഷത്തിനകം അപേക്ഷിക്കുന്ന സ്വന്തമായി ഭൂമിയുള്ളവർക്ക് കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ് എന്നിവ കൂടാതെ കമ്പോള വില കൂടി അടച്ചാൽ 1 ഏക്കർ വരെ ഭൂമി നൽകാവുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 5 വർഷത്തിനു ശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ ബോട്ട് ഇൻ ലാൻഡ് തിരികെ നൽകേണ്ടതില്ല.

ടി കേസിൽ ശ്രീ.ഡെൻസി ജോണിന്റെ ഉടമസ്ഥതയിലുള്ള 0.2023 ഹെക്ടർ ഭൂമി ബോട്ട് ഇൻ ലാൻഡ് ആയി വിൽപന സ്ഥരീകരണംനടത്തി (14.11.2012) 8 വർഷത്തിനു ശേഷം 21/01/2021 നാണ് ടിയാൻ ബോട്ട് ഇൻ ലാൻഡ് തിരികെ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് .സ.ഉ. (എം.എസ്) നമ്പർ.76/13/റവ dt 01.03.2013, സ.ഉ.(എം.എസ്) നമ്പർ.181/13/റവ dt 03.05.2013 നമ്പർ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ടിയാന് ബോട്ട് ഇൻ ലാൻഡ് തിരികെ നൽകാൻ സർക്കാരിന് ബാധ്യതയില്ലാത്തതാണ്. എന്നാൽ G.A Mohanan V Commercial Tax officer (W.P(C) 14780/2009)കേസിൽ 09.06.2017 ന്ന പുറപ്പെടുവിച്ച വിധിന്യായത്തിൽ "When there is no misrepresentation on the part of the debtor and the Government accepted the amount without any objection , the Government is bound to re-convey such land as bought in land " എന്ന് ബഹു കോടതി നിരീക്ഷിച്ചിട്ടുണ്ട്.

അതായത് കുടിശ്ശികക്കാരൻ തെറ്റിദ്ധരിപ്പിക്കൽ കൂടാതെ കുടിശ്ശിക ഒടുക്കുകയും ഗവൺമെന്റ് എതിർപ്പൊന്നും കൂടാതെ അത് സ്വീകരിക്കുകയും ചെയ്യുന്ന പക്ഷം ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിന് സർക്കാരിന് ബാധ്യതയുണ്ട് എന്നാണ് ബഹു കോടതി നിരീക്ഷിച്ചിട്ടുള്ളത്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ടി കേസിൽ ശ്രീ.ഡെൻസി ജോൺ സ.ഉ. (എം.എസ്) നമ്പർ.76/13/റവ dt 01.03.2013, സ.ഉ.(എം.എസ്) നമ്പർ.181/13/റവ dt 03.05.2013 ഉത്തരവുകൾ പ്രകാരം അനുവദനീയമായ കാല പരിധിക്ക് (5 വർഷം)ശേഷം ആംനസ്റ്റി പദ്ധതി പ്രകാരം കുടിശ്ശിക അടവാക്കി 21/01/2021 നാണ് ടിയാൻ ബോട്ട് ഇൻ ലാൻഡ് തിരികെ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.എന്നിരുന്നാലും G.A Mohanan V Commercial Tax officer (W.P(C) 14780/2009) കേസിലെ ബഹു ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും കുടിശ്ശിക കക്ഷിയുടെ പേരിൽ ബോട്ട് ഇൻ ലാൻഡ് വസ്തു കൂടാതെ മറ്റ് വസ്തുക്കൾ ഉണ്ടെങ്കിൽ കുടിശ്ശികയോടൊപ്പം ബോട്ട് ഇൻ ലാൻഡ് ഭൂമിയുടെ കമ്പോളവില കൂടി ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ (നമ്പർ.181/13/റവ dt 03.05.2013), ടിയാനിൽ നിന്ന് കമ്പോളവില ഈടാക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ കൂടി വെളിച്ചത്തിലും ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ച് ഭരണവകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പ്രസ്തുത വകുപ്പിനെ അറിയിക്കുന്നു."

6) ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"Bought in land ആക്കിയ ഭൂമി നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം തിരിച്ചു നൽകാൻ സർക്കാരിന് ബാധ്യത ഇല്ലാതാവുന്ന കാലയളവിന് ശേഷവും പ്രസ്തുത ഭൂമിയുടെ പേരിലുള്ള കുടിശ്ശിക യാതൊരു തർക്കവും കൂടാതെ റവന്യൂ വകുപ്പ് സ്വീകരിക്കുന്നത് കാരണം നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നത് പോലെ WP© 14780/2009 കേസിൽ 09.06.2017 ന ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ വെളിച്ചത്തിൽ തിരിച്ചു നൽകാൻ സർക്കാർ ബാധ്യസ്ഥമാകുന്നു എന്നത് കൊണ്ട് അത്തരം കേസുകളിൽ കുടിശ്ശിക സ്വീകരിക്കുന്നതിന് ഉപാധികൾ നിശ്ചയിച്ച് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കണം എന്ന് ധനവകുപ്പ് നിരവധി ഫയലുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട് എങ്കിലും ആയതിന് ഭരണ വകുപ്പ് നാളിതുവരെ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി റിപ്പോർട്ട് സഹിതം ഫയൽ പുനസമർപ്പിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

7) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ തിരികെ നൽകാൻ ബാധ്യത ഇല്ലാത്ത bought in lands ന്റെ പേരിലുള്ള കുടിശ്ശിക സ്വീകരിക്കുന്നത് സംബന്ധിച്ച് H3/308/2021-Rev എന്ന ഫയലിൽ പ്രത്യേകമായി നടപടി സ്വീകരിച്ചുവരുന്നു. ഫയൽ വീണ്ടും ധനകാര്യ വകുപ്പിനു നൽകിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

**"നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ശ്രീ. ഡെൻസി ജോൺ-ന്റെ bought in land ആക്കിയ ഭൂമി തിരികെ നൽകാൻ സർക്കാരിന് ബാധ്യത ഇല്ല എന്നതിനാലും ചട്ടങ്ങളിൽ ഇളവ് നൽകി ഭൂമി അനുവദിക്കുന്നതിന് സഹതാപാർഹമായ സാഹചര്യങ്ങൾ ഒന്നും ഈ**



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

**കേസിൽ ഇല്ല എന്നതിനാലും ഭൂമി തിരികെ നൽകേണ്ടതില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."**

8) ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. മന്ത്രി താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:

"അനുവദനീയമായ കാലപരിധിക്കു ശേഷമാണ് വിൽപ്പന നികുതി കുടിശ്ശിക ഒടുക്കിയതെന്നതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ബോട്ട് ഇൻ ലാൻഡാക്കിയ ഭൂമി തിരികെ നല്കാനാകില്ല. എന്നാൽ ഇതേ വിഷയത്തിൽ ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ, കുടിശ്ശികത്തുക സ്വീകരിച്ചത് അനുവദനീയമായ കാലപരിധിക്കു ശേഷമാണെങ്കിൽ കൂടി, ഭൂമി തിരികെ നല്കാൻ സർക്കാർ ബാധ്യസ്ഥമാകും. ഭൂമി തിരികെ നൽകാനുള്ള അപേക്ഷ നിരസിച്ചാൽ അപേക്ഷകൻ കോടതിയെ സമീപിക്കുകയാണെങ്കിൽ അനുകൂല വിധിയുണ്ടാകും. ഈ സാഹചര്യം പരിഗണിച്ച് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനായി ഭൂമി തിരികെ നല്കുന്നതാകും ഉചിതം."

9) ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്

**<u>തീരുമാനിക്കേണ്ട വിഷയം</u>**

വയനാട് ജില്ലയിൽ, വൈത്തിരി താലൂക്ക്, ചുണ്ടേൽ വില്ലേജിൽ തോപ്പിൽ വീട്ടിൽ ശ്രീ.ഡെൻസി ജോൺ, S/o Late റ്റി.ജെ.ജോസഫ് എന്ന കക്ഷിയിൽ നിന്നും വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത വയനാട് ജില്ല, വൈത്തിരി താലൂക്ക്, ചുണ്ടേൽ വില്ലേജിലെ ബ്ലോക്ക് 25-ൽ റീ സർവ്വേ 355/5-ൽപ്പെട്ട 0.2023 ഹെക്ടർ സ്ഥലം കമ്പോള വില ഈടാക്കാതെ ടിയാളുടെ സ്വന്തം ചെലവിൽ, അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കുടിശ്ശിക തുക സ്വീകരിച്ചു കഴിഞ്ഞാൽ ഭൂമി തിരികെ നൽകാൻ സർക്കാർ ബാധ്യസ്ഥമാകും എന്നുള്ള ബഹു. ഹൈക്കോടതി വിധികളുടെ പശ്ചാത്തലത്തിൽ അനാവശ്യമായ വ്യവഹാരങ്ങൾ ഒഴിവാക്കുവാനും ആംനെസ്റ്റി സ്കീം പ്രകാരം കുടിശ്ശിക അടച്ചിട്ടുണ്ട് എന്ന വസ്തുത പരിഗണിച്ചുകൊണ്ടും ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷത്തിനുശേഷം ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിന് നിലവിലെ സർക്കാർ ഉത്തരവുകളിലും കേരള റവന്യൂ റിക്കവറി നിയമത്തിലും വ്യവസ്ഥയില്ലെങ്കിലും ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് തിരികെ നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

-53-

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-11-2022

ഫയൽ നം. റവ-എച്ച്1/219/2021/റവ. ഇനം നം: 1150

വിഷയം : റവന്യൂ വകുപ്പ് - ബോട്ട്-ഇൻ-ലാൻഡ് ശ്രീ. ഡെൻസി ജോൺ-ന് വിട്ടു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1319

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-എച്ച്1/8/2022-റവ |
| 2 | വകുപ്പ് | : | റവന്യൂ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | റവന്യൂ വകുപ്പ് - 26.12.2018 ൽ സ.ഉ (എം.എസ്) 479/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരികെ നൽകിയ വസ്തുക്കൾ ഒഴികെ ബാക്കി വസ്തുക്കൾ തിരികെ നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26.10.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ | : | ഉണ്ട് |
| | അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, നിയമ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ചിത്ര കെ. ദിവാകരൻ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.01.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.01.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12.01.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.01.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |



Generated from eOffice by SREEHARI N, HDS(VAKSR A02), DS(S), ASST, (02), REVENUE DEPARTMENT

105



## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിലെടുത്ത ലോൺ കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി ശ്രീ.തിട്ടാണത്ത് കൃഷ്ണൻ നായർ എന്ന കക്ഷിയിൽ നിന്നും സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത മലപ്പുറം ജില്ലയിൽ, പൊന്നാനി താലൂക്ക്, നന്നംമുക്ക് വില്ലേജിൽ സർവ്വെ നം. 109/1 ൽപ്പെട്ട 93 സെന്റ് കൂട്ടവകാശമുണ്ടായിരുന്ന സ്ഥലത്തിൽ നിന്നും 26.12.2018 ൽ സ.ഉ (എം.എസ്) 479/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരികെ നൽകിയ 8 ആർസ് (19.75 സെന്റ്) വസ്തു ഒഴികെ ബാക്കി വസ്തുക്കൾ ടി വസ്തുക്കളിലെ താമസക്കാരുടെ സ്വന്തം ചെലവിൽ കമ്പോള വില ഈടാക്കാതെ തിരികെ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2) ശ്രീ. തിട്ടാണത്ത് കൃഷ്ണൻ നായർ എന്നയാൾക്ക് കൂട്ടവകാശം നിലനിൽക്കെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 1,628/- രൂപ (ആയിരത്തി അറുനൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) കാർഷിക ആവശ്യത്തിനായി ഹയർ പർച്ചേസ് വ്യവസ്ഥയിൽ വായ്പ എടുത്തിരുന്നു. ടി തുക കുടിശ്ശികയായതിനെ തുടർന്ന് പൊന്നാനി താലൂക്കിൽ നന്നംമുക്ക് വില്ലേജിലെ സർവെ 109/1 ൽപ്പെട്ട കൂട്ടവകാശമുണ്ടായിരുന്ന 93 സെന്റ് (37.63 ആർ) ഭൂമിയിലെ ടിയാന്റെ ഓഹരി (1/5) അവകാശം 18/02/1988 ൽ സർക്കാരിലേക്ക് പരസ്യലേലം വിളിച്ചെടുക്കുകയും പ്രസ്തുത ലേലത്തിന് 06/12/1992 ലെ ഡിഡിസ് 11848/1992 ഉത്തരവ് പ്രകാരം പെരിന്തൽമണ്ണ സബ് കളക്ടർ ലേലസ്ഥിരീകരണം നൽകുകയും ചെയ്തു. എന്നാൽ ശ്രീ. തിട്ടാണത്ത് കൃഷ്ണൻ നായർ കൈവശംവച്ചിരുന്ന വസ്തുവിൻമേലുള്ള 1/5 ഭാഗം 93 സെന്റിൽ നിന്നും വേർതിരിച്ചിട്ടുണ്ടായിരുന്നില്ല. ജാമ്യക്കാരനായ ശ്രീ.പി.സുകുമാരമേനോൻ, പെരുമ്പിലാവിൽ വീട്, നന്നംമുക്ക് എന്ന കക്ഷി 20/03/1995 ന് 4,972/ (നാലായിരത്തി തൊള്ളായിരത്തി എഴുപത്തിരണ്ട് രൂപ മാത്രം) രൂപ അടവാക്കി കുടിശ്ശിക തീർപ്പാക്കിയതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് വസ്തു തിരികെ ലഭിക്കുന്നതിനായി ശ്രീ. തിട്ടാണത്ത് കൃഷ്ണൻ നായർ അപേക്ഷ സമർപ്പിച്ചുവെങ്കിലും സ്ഥിരീകരണത്തിനുശേഷം ബോട്ട് ഇൻ ലാൻഡ് വസ്തു തിരികെ നൽകാൻ കഴിയില്ല എന്ന കാരണത്താൽ 31/03/2003 ലെ 2062/H1/2014 കത്ത് പ്രകാരം ടിയാന്റെ അപേക്ഷ സർക്കാർ നിരസിച്ചു. ഭാഗക്കേസ്സ് ഫയൽ ചെയ്യുന്നതിന് ബഹു. പൊന്നാനി മുൻസിഫ് കോടതിയിലെ ഗവൺമെന്റ് പ്ലീഡറോട് പൊന്നാനി തഹസിൽദാർ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 28/02/2014 വരെ ഗവൺമെന്റ് പ്ലീഡർ ഭാഗക്കേസ്സ് ഫയൽ ചെയ്തിട്ടുണ്ടായിരുന്നില്ലെന്നു ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനിടയിൽ ശ്രീ. തിട്ടാണത്ത് കൃഷ്ണൻ നായർ തന്റെ ഭാഗം ശ്രീ.ആറ്റുപുറത്ത് കളരിക്കൽ രമേഷ് കുമാർ എന്നയാൾക്ക് വിറ്റു. നിരവധി കൈമാറ്റങ്ങൾ നടന്ന ടി 93 സെന്റ് വസ്തുവിൽ നിന്നും ഒരു ഭാഗം വാങ്ങിച്ച ശ്രീ. പള്ളിക്കര വാരിയംപറമ്പിൽ ശ്രീ. രാമകൃഷ്ണൻ കെ. വി വസ്തു തിരികെ ലഭിക്കുന്നതിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

(3) ബോട്ട് ഇൻ- ലാൻഡ് വസ്തു തിരികെ ലഭിക്കണമെന്ന ശ്രീ. പള്ളിക്കര വാരിയംപറമ്പിൽ രാമകൃഷ്ണൻ കെ. വി. യുടെ അപേക്ഷ സംബന്ധിച്ച ഫയൽ **നിയമ വകുപ്പിനു** നൽകിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.



Generated from eOffice by SREEHARI N.H.DS, ASST, (S2) DR(S), ASST, (S2) (SI REV-R) on 17/2022 02:19 PM

107



"1968-ലെ കേരള റവന്യൂ റിക്കവറി നിയമത്തിലെ 9-ാം വകുപ്പിൽ ജപ്തി കടബാദ്ധ്യതയെക്കാൾ അധികമാകാൻ (excessive) പാടില്ലെന്നും, ബാദ്ധ്യത സംഖ്യ ഈടാക്കുന്നതിന് ആനുപാതികമായേ വസ്തു ജപ്തി ചെയ്യാൻ പാടുള്ളു എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. സർക്കാർ ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത വസ്തു ഭാഗപത്രപ്രകാരം കൂട്ടവകാശത്തിലുള്ളതും, ആയതിൽ കടക്കാരന്റെ 1/5 അവകാശം കോടതി മുഖാന്തരം വേർതിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുകയോ, പ്രസ്തുത നിയമത്തിലെ 50(4) വകുപ്പിൽ അനുശാസിക്കും പ്രകാരം സർക്കാർ കൈവശം ഏറ്റെടുക്കുകയോ ചെയ്തിട്ടില്ലാത്തതുമാണ്. കൂടാതെ ബോട്ട്-ഇൻ-ലാൻഡ് ഭൂമിയിൽ ഉണ്ടായിരുന്ന കടബാദ്ധ്യത ജാമ്യക്കാരനിൽ നിന്നും ഈടാക്കിയിട്ടുള്ളതായും ഫയലിൽ പറഞ്ഞു കാണുന്നു.

" G.A Mohanan V Commercial Tax officer (W.P(C) 14780/2009) എന്ന കേസിൽ ബഹു. കേരള ഹൈക്കോടതി 09.06.2017 ൽ പുറപ്പെടുവിച്ച വിധിയിൽ ചുവടെ വിവരിക്കും പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.

"By allowing the petitioners to discharge their liability, the Government is creating an obligation for reconveyance".

ടി വിധി പ്രകാരം ബാദ്ധ്യത തീർക്കാൻ കക്ഷികളെ അനുവദിച്ചാൽ വസ്തു തിരികെ വിട്ടുനൽകുന്നതിന് സർക്കാർ ബാദ്ധ്യസ്ഥരാണ് എന്ന് ബഹു. കേരള ഹൈക്കോടതി വ്യക്തമാക്കിയിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ വസ്തുവിന്മേൽ കടബാദ്ധ്യതകളൊന്നും നിലവിലില്ല എന്ന വസ്തുതയും ശ്രീ. രാമകൃഷ്ണപിള്ള ഉത്തമ വിശ്വാസത്തോടെ വസ്തു വിലവാങ്ങി എന്നതും വസ്തു പല കൈമാറ്റങ്ങൾ നടന്നു എന്ന വസ്തുതയും കണക്കിലെടുത്ത് മലപ്പുറം ജില്ലാ കളക്ടറുടെ ശിപാർശ പ്രകാരം മാനുഷിക പരിഗണന നൽകി ശ്രീ. രാമകൃഷ്ണ പിള്ളക്ക് സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത വസ്തു തിരികെ നൽകുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

(4) ബോട്ട് ഇൻ- ലാൻഡ് വസ്തു തിരികെ ലഭിക്കണമെന്ന ശ്രീ. പള്ളിക്കര വാരിയംപറമ്പിൽ രാമകൃഷ്ണൻ കെ. വി. യുടെ അപേക്ഷ സംബന്ധിച്ച ഫയൽ **ധനകാര്യ വകുപ്പിനു** നൽകിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ടായിരുന്നു:

" Administrative Department may take action in accordance with extant rules and regulation."

(5) ടി വസ്തുവിന്മേൽ യാതൊരുവിധ കടബാധ്യതയും ഇല്ലായിരുന്നതിനാലും പാർട്ടീഷ്യൻ സ്യൂട്ട് ഫയൽ ചെയ്താൽ ആയത് കുറെ ആളുകൾക്ക് വലിയ സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുമെന്നതിനാലും ടിയാളുടെ അപേക്ഷ പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി മാനുഷിക പരിഗണന അർഹിക്കുന്ന ഒരു പ്രത്യേക കേസായി പരിഗണിച്ച് ടി വസ്തു തിരികെ നൽകുവാൻ 26.12.2018 ൽ സ.ഉ (എം.എസ്)



Generated from eOffice by SREEHARI N, RD(SV) ASSR (S2), DR(SV), ASST, (S2) (SR EVR) RD on 17/2/2023 02:19 PM

479/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് ടി സർവെ നമ്പരിൽപ്പെട്ട മറ്റു താമസക്കാർ വസ്തു തിരികെ ലഭിക്കുന്നതിനായി തിരൂർ തഹസിൽദാർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

(6) ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. തിട്ടാണത്ത് കൃഷ്ണൻ നായർക്ക് കുട്ടവകാശമുണ്ടായിരുന്ന വസ്തുവിലെ നിലവിലെ താമസക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേരും വിലാസവും | കൈവശ ഭൂമിയുടെ വിസ്തീർണ്ണം |
|---|---|---|
| 1 | രാമകൃഷ്ണൻ, പള്ളിക്കര വാരിയം പറമ്പിൽ, S/o കുട്ടികൃഷ്ണൻ നായർ | 8 ആർ (26.12.2018 ൽ സ.ഉ (എം.എസ്) 479/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വസ്തു തിരികെ ലഭിച്ചു) |
| 2 | വൃന്ദ, കൊണ്ടകത്ത്, കടവല്ലൂർ | 7.75 ആർ |
| 3 | തിട്ടാണത്ത് മണികണ്ഠൻ മുതലായവർ S/o രമണി | 8.09 ആർ |
| 4 | രമണി, W/o ശങ്കരനാരായണൻ കൊണ്ടകത്ത്, ശർമ്മദ, വടക്കുമുറി | 2.02 ആർ |
| 5 | വാസുദേവൻ, മുല്ലപ്പള്ളി വളപ്പിൽ | 2.02 ആർ |
| 6 | രമേഷ്, ആറ്റുപുറത്ത് കളരിക്കൽ | 8.09 ആർ |
| | ആകെ | 35.97 ആർ |

(7) 93 സെന്റിൽ 26.12.2018 ലെ സ.ഉ (എം.എസ്) 479/2018/റവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തിരികെ നൽകിയ വസ്തു ഒഴികെ ബാക്കിയുള്ള സ്ഥലവും താമസക്കാർക്ക് തിരികെ നൽകുന്നതു സംബന്ധിച്ച **നിയമ വകുപ്പിന്റെ** അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കിയ പൊന്നാനി താലൂക്കിൽ നന്നംമുക്ക് വില്ലേജിലെ സർവ്വെ 109/1-ൽപ്പെട്ട 93 സെന്റ് (37.63 ആർ) ഭൂമിയിലെ 8 ആർ ഭൂമിയുടെ നിലവിലെ അവകാശിയായ ശ്രീ. രാമകൃഷ്ണൻ പ്രസ്തുത ഭൂമി തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതും ടി വകുപ്പ് 16624/ഉപദേശ.ജി2/2018/നിയമം dt 30.07.2018 നമ്പരായി



Generated from eOffice by SREEHARI N, DS(AR2), DS(SV), ASST, 002(S)REV, REV on 17 2023 02:19 PM

111



ഉപദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത അഭിപ്രായം സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കിയ പൊന്നാനി താലൂക്കിൽ നന്നംമുക്ക് വില്ലേജിലെ സർവ്വെ 109/1-ൽപ്പെട്ട 93 സെന്റ് (37.63 ആർ) ഭൂമിയിലെ ശ്രീ. രാമകൃഷ്ണൻ ഒഴിച്ചുള്ള നിലവിലെ നിയമപരമായ മറ്റ് ഭൂ ഉടമകളുടെ വിഷയത്തിലും ബാധകമാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

(8) 93 സെന്റിലെ ബാക്കിയുള്ള സ്ഥലത്തിനും കടബാദ്ധ്യതകളൊന്നും ഇല്ലെന്നു ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"ആകെ ഭൂമിയിൽ തിട്ടാണത്ത് കൃഷ്ണൻ നായർ എന്ന കക്ഷിയുടെ ഓഹരി (1/5) അവകാശം മാത്രമാണ് Bought in land ആക്കുകയും ശേഷം 18.02.1988-ൽ ഭൂമി ലേലം ചെയ്ത് സ്ഥിരീകരിച്ചിട്ടുള്ളത്. പ്രസ്തുത ഭൂമി ലേലം കൊണ്ടത് സർക്കാരാണോ മറ്റു വ്യക്തികളാണോ എന്ന് ഭരണ വകുപ്പ് ഫയലിൽ സൂചിപ്പിച്ചിട്ടില്ല. കുടിശ്ശിക തുക അടച്ചു കഴിഞ്ഞാലും bought in land ആക്കിയ ഭൂമി തിരികെ നൽകാൻ സർക്കാരിന് ബാധ്യതയില്ല. ആയതിനാൽ ഭാഗപത്ര പ്രകാരം തിട്ടാണത്ത് കൃഷ്ണൻ നായരുടെ ഓഹരിയായ 8.09 ആർ ഭൂമി മടക്കി നൽകാൻ കഴിയില്ല എന്നും സർക്കാരിന്റെ പേരിൽ അല്ല പ്രസ്തുത ഭൂമി ലേലം കൊണ്ടത് എങ്കിൽ ലേലം ചെയ്തപ്പോൾ ലഭിച്ച തുകയും നിയമാനുസൃത പലിശയും അല്ലെങ്കിൽ ഭൂമിയുടെ കമ്പോള വില ഏതാണോ കുറവ് പ്രസ്തുത തുക ഈടാക്കിയും സർക്കാരിന്റെ പേരിൽ ആണ് ഭൂമി ലേലം കൊണ്ടത് എങ്കിൽ കമ്പോള വില ഈടാക്കിയും മാത്രമേ ഭൂമി തിരികെ നൽകാൻ കഴിയുകയുള്ളൂ. 37.63 ആർ ഭൂമിയിൽ ഇതിനോടകം ശ്രീ. പള്ളിക്കര വാരിയംപറമ്പിൽ രാമകൃഷ്ണൻ കെ.വിയ്ക്ക് തിരികെ നൽകിയിട്ടുള്ള 8 ആർ ഭൂമിയും തിട്ടാനത്ത് കൃഷ്ണൻ നായരുടെ ഓഹരിയായ (1/5) 8.09 ആർ ഭൂമിയും ഒഴികെ ബാക്കിയുള്ള ഭൂമി നിലവിലെ അവകാശികൾക്ക് വിട്ടു നൽകാവുന്നതാണ്.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് ".

(9) നന്നംമുക്ക് വില്ലേജ് റീസർവ്വെ 109/1 ൽ ഉൾപ്പെട്ട 93 സെന്റ് ഭൂമിയിലെ 1/5 ഓഹരി അവകാശം ജപ്തി ചെയ്ത് ലേലത്തിൽ വെച്ച് 18/02/1988 ന സർക്കാരിലേക്ക് വിളിച്ചെടുത്തിട്ടുള്ളതാണെന്നും പെരിന്തൽമണ്ണ സബ് കളക്ടറുടെ 06/12/1992 ലെ ഡി.ഡിസ് 11848/92 നമ്പർ ഉത്തരവ് പ്രകാരം ലേലം സ്ഥിരീകരിച്ചിട്ടുള്ളതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ തിട്ടാണത്ത് കൃഷ്ണൻ നായരുടെ 1/5 ഓഹരിയായ 8.09 ആർ ഭൂമി നിലവിൽ ശ്രീ. രമേഷ് എ.കെ., ആറ്റുപുറത്ത് കളരിക്കൽ എന്ന കക്ഷിയുടെ കൈവശത്തിലാണെന്നും കടബാദ്ധ്യകളൊന്നും ഇല്ലാത്തതിനാൽ ടി സ്ഥലം ടിയാൾക്ക് വിട്ടുകൊടുക്കാവുന്നതാണെന്നും ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ടി വസ്തുവിന്റെ നികുതി സ്വീകരിക്കാത്തതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) 3343/2022 നമ്പർ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി താഴെപ്പറയും പ്രകാരം വിധി പുറപ്പെടുവിച്ചിട്ടുണ്ട്:

When I evaluate the afore submissions, it is without doubt that if the entire liability on the property has already been honoured, then the attachment will have to be lifted by the Competent Authority, whether it



Generated from eOffice by SREEHARI N, ASST(KRA2)DS(S), ASST, (KRA2)DS(S) on 17 2023 02:02:19 PM

be the 1st respondent District Collector or any other.

Resultanty, I order this writ petition and direct the 1st respondent District Collector, to take up Ext.P5 representation of the petitioner and to either disposed it of, or forwarded it to the competent Authority; leading to an appropriate order thereon, adverting to Ext.P3 report of the Tahsildar and after affording an opportunity of being heard to the petitioner, as expeditiously as is possible, but not later than one month from the date of receipt of a copy of this judgment.

If the decision as afore is taken by any other Authority other than the Sub Registrar, then the petitioner will be at liberty to produce the resultant order before the said Authority, who will thereupon efface the attachment from the books maintained by him in terms of law, without any avoidable delay, thereafter.

(10) ധനകാര്യ വകുപ്പിന്റെ മുൻ അഭിപ്രായത്തിനു തുടർച്ചയായി ടി ഫയൽ ഒരിക്കൽകൂടി ധനകാര്യ വകുപ്പിനു നൽകിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ഭൂമി തിരികെ നൽകണം എന്ന് ഹൈക്കോടതി വിധിന്യായത്തിൽ ഉത്തരവ് നൽകിയിട്ടില്ല എന്നതിനാൽ ഹൈക്കോടതി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള നിവേദനം പരിശോധിച്ച് bought in land തിരികെ നൽകുന്നതിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം എന്നും അതിനാൽ ആകെ ഭൂമിയിൽ തിട്ടാണത്ത് കൃഷ്ണൻ നായർ എന്ന കക്ഷിയുടെ ഓഹരി (1/5) അവകാശ ഭൂമിയുടെ (8.09 Ares) കമ്പോള വില ഈടാക്കി മാത്രമേ ഭൂമി തിരികെ നൽകേണ്ടതുള്ളൂ എന്നും ബാക്കി ഓഹരികൾ തിരികെ നൽകുന്ന വിഷയത്തിൽ 4.5.2022 തീയതിയിലെ ധന വകുപ്പിന്റെ അഭിപ്രായ കുറിപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്".

(11) ടി വസ്തുവിന്റെ കമ്പോള വില 2,00,000/- രൂപയാണെന്നും ടി വിലയ്ക്ക് വാങ്ങാൻ ശ്രീ.രമേഷ് എ.കെ.യ്ക്ക് താത്പര്യമില്ലെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 01.03.2013-ലെ സ.ഉ. (എം.എസ്) നമ്പർ.76/13/റവ, 03.05.2013-ലെ സ.ഉ. (എം.എസ്) നമ്പർ.181/13/റവ എന്നീ ഉത്തരവുകൾ പ്രകാരം ഭൂമി സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത് 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ചശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് മാത്രമേ 25 സെന്റ് വരെ ബോട്ട് ഇൻ ലാൻഡ് ഭൂമി തിരികെ നൽകുവാൻ വ്യവസ്ഥയുള്ളൂ. ഭൂരഹിതനല്ലാത്തപക്ഷം ടി വസ്തുവിന്റെ കമ്പോള വില കൂടി അടക്കേണ്ടതാണ്. കൂടാതെ ടി ഉത്തരവുകൾ പ്രകാരം 5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കുംതന്നെ ഭൂമി തിരികെ നൽകേണ്ടതില്ലാത്തതുമാണ്. വസ്തു തിരികെ ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് താമസക്കാരിലൊരാളായ ശ്രീരമേഷ് എ.കെ.



Generated from eOffice by SREEHARI N, DS(ASSR)(G2) DS(ES), ASST, (OS) (SL) REV, RDno17/2023/2023 02:19 PM

115



ബഹു. ഹൈക്കോടതി മുമ്പാകെ WP(C) 27252/2022 എന്ന കേസ്സ് ഫയൽ ചെയ്തിട്ടുള്ളതും ടി കേസ്സ് നിലവിൽ തീർപ്പാകാതിരിക്കുകയുമാണ്.

(12) ഇതേ സ്വഭാവമുള്ള മറ്റൊരു (E File No. H1/219/2021-Rev) ഫയലിൻമേൽ ബഹു. റവന്യൂ വകുപ്പ് മന്ത്രി താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്:

"അനുവദനീയമായ കാലപരിധിക്ക് ശേഷമാണ് വിൽപ്പന നികുതി കുടിശ്ശിക ഒടുക്കിയതെന്നതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ബോട്ട് ഇൻ ലാൻഡാക്കിയ ഭൂമി തിരികെ നല്കാനാകില്ല. എന്നാൽ ഇതേ വിഷയത്തിൽ ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ, കുടിശ്ശികത്തുക സ്വീകരിച്ചത് അനുവദനീയമായ കാലപരിധിക്ക് ശേഷമാണെങ്കിൽ കൂടി, ഭൂമി തിരികെ നല്കാൻ സർക്കാർ ബാധ്യസ്ഥമാകും. ഭൂമി തിരികെ നൽകാനുള്ള അപേക്ഷ നിരസിച്ചാൽ അപേക്ഷകൻ കോടതിയെ സമീപിക്കുകയാണെങ്കിൽ അനുകൂല വിധിയുണ്ടാകും. ഈ സാഹചര്യം പരിഗണിച്ച് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനായി ഭൂമി തിരികെ നല്കുന്നതാകും ഉചിതം."

(13) ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്

## തീരുമാനിക്കേണ്ട വിഷയം

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിലെടുത്ത ലോൺ കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി ശ്രീ.തിട്ടാണത്ത് കൃഷ്ണൻ നായർ എന്ന കക്ഷിയിൽ നിന്നും സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത മലപ്പുറം ജില്ലയിൽ, പൊന്നാനി താലൂക്ക്, നന്നംമുക്ക് വില്ലേജിൽ സർവ്വെ നം. 109/1 ൽപ്പെട്ട 93 സെന്റ് കൂട്ടവകാശമുണ്ടായിരുന്ന സ്ഥലത്തിൽ നിന്നും 26.12.2018 ൽ സ.ഉ (എം.എസ്) 479/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരികെ നൽകിയ 8 ആർസ് വസ്തു ഒഴികെ ബാക്കി വസ്തുക്കൾ ടി വസ്തുക്കളിലെ താമസക്കാരുടെ സ്വന്തം ചെലവിൽ കമ്പോള വില ഈടാക്കാതെ, അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി **ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്** കുടിശ്ശിക തുക സ്വീകരിച്ചു കഴിഞ്ഞാൽ ഭൂമി തിരികെ നൽകാൻ സർക്കാർ ബാധ്യസ്ഥമാകും എന്നുള്ള ബഹു. ഹൈക്കോടതി വിധികളുടെ പശ്ചാത്തലത്തിൽ, അനാവശ്യമായ വ്യവഹാരങ്ങൾ ഒഴിവാക്കുവാനും കുടിശ്ശിക അടച്ചിട്ടുണ്ട് എന്ന വസ്തുത പരിഗണിച്ചുകൊണ്ടും ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷത്തിനുശേഷം ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിന് നിലവിലെ സർക്കാർ ഉത്തരവുകളിലും കേരള റവന്യൂ റിക്കവറി നിയമത്തിലും വ്യവസ്ഥയില്ലെങ്കിലും ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് തിരികെ നൽകാമോ ?



Generated from eOffice by SREEHARI N, HDS/ ASSR (02) DRS(3), ASST, (02) SHREVERDno172080202020241 PM

-119-

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-01-2023

ഫയൽ നം. റവ-എച്ച്1/8/2022/റവ. ഇനം നം: 1319

വിഷയം : റവന്യൂ വകുപ്പ് - 26.12.2018-ൽ സ.ഉ.(എം.എസ്.) 479/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരികെ നൽകിയ വസ്തുക്കൾ ഒഴികെ ബാക്കി വസ്തുക്കൾ തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

20/1/23



Generated from eOffice by SREEKHA N.K, DS, AKSR (G2), DR(S), ASST, (G2) (S)REV, REV on 17 20/01/2023 05:19 PM

File No. REV-G2/3522/2023-REV (Computer No. 2518897)

3807300/2023/REV (G)

536

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/182/2017-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(Ekm) 790/2017 നമ്പർ കേസിലെ 28.06.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ബൈസൺവാലി വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. ജയമോൻ ജി. പി. ക്ക് 2300/-+DA നിരക്കിൽ 01.07.2004 മുതൽ 30.06.2009 വരെയുള്ള വേതന കുടിശ്ശിക നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11.01.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ.വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31.01.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.02.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02.02.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.02.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 790/2017 നമ്പർ കേസിലെ 28.06.2019 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ബൈസൺവാലി വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. ജയമോൻ ജി. പി. ക്ക് 01.07.2004 മുതൽ 30.06.2009 വരെയുള്ള കാലയളവിൽ 2300/- + DA എന്ന ഉയർന്ന നിരക്കിലുള്ള വേതന കുടിശ്ശിക നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ. ജയമോൻ ജി. പി. 1998 ഏപ്രിൽ മാസം മുതൽ ഇടുക്കി ജില്ലയിലെ ബൈസൺവാലി വില്ലേജോഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. പ്രസ്തുത ഓഫീസിൽ 18.12.2003 ലെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റ് പ്രകാരം സ്വീപ്പിങ് ഏരിയ 112.35 ച. മീ. ആയിരുന്നു. 2004 ഫെബ്രുവരി വരെ ടിയാന് കാഷ്വൽ സ്വീപ്പർമാർക്ക് അനുവദനീയമായ 600/- രൂപയാണ് വേതനമായി നൽകിയിരുന്നത്. തുടർന്ന് പാർട്ട് ടൈം സ്വീപ്പർമാരുടെ ശമ്പളത്തിന് തുല്യമായ വേതനം അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ ഫയൽ ചെയ്ത WP(C) 30832/2003 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 23.10.2003 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 2004 മാർച്ച് മാസം മുതൽ 1250/- + DA നിരക്കിൽ ടിയാന്റെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു.

3. 19.06.2007 ലെ ജി.ഒ.(പി) നമ്പർ 262/07(59)/ധന നമ്പർ ഉത്തരവ് പ്രകാരം 100 ച. മീ. നും 400 ച. മീ. നും ഇടയിൽ സ്വീപ്പിങ് ഏരിയ ഉള്ള വില്ലേജ് ഓഫീസുകളിലെ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം 01.07.2004 പ്രാബല്യത്തിൽ 2300/- + DA എന്ന നിരക്കിൽ വർദ്ധിപ്പിച്ചിരുന്നു. എന്നാൽ ടി ഓഫീസിന്റെ സ്വീപ്പിങ് ഏരിയ 2005 ലെ ഉത്തരവിന് ശേഷം അളന്നപ്പോൾ 100 ച. മീ. ൽ കുറവായതിനാൽ ശ്രീ. ജയമോൻ ജി. പി. ക്ക് 1250/- + DA നിരക്കിൽ തന്നെയാണ് വേതനം നൽകി വന്നിരുന്നത്. എന്നിരുന്നാലും 09.02.2010 ലെ ജി. ഒ.(പി) നമ്പർ 61/2010/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09.02.2010 മുതൽ 4250/- + DA



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

നിരക്കിലും 2016 ഫെബ്രുവരി മാസം മുതൽ 8200/- + DA നിരക്കിലും ടിയാന് ശമ്പള വർദ്ധനവ് അനുവദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 01.07.2004 മുതൽ 30.06.2009 വരെയുള്ള കാലയളവിൽ പുതുക്കിയ നിരക്കിൽ ശമ്പളം അനുവദിച്ചിരുന്നില്ല. ആയതിനാൽ ജി. ഒ.(പി) നമ്പർ 145/2006/ഫിൻ തീയതി 25.03.2006, ജി. ഒ. (പി) നമ്പർ 262/2007(59)/ധന തീയതി 19.06.2007 എന്നീ ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള വർദ്ധനവ് 01.07.2004 മുതൽ 30.06.2009 വരെയുള്ള കാലയളവിൽ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കണമെന്നാവശ്യപ്പെട്ട് ടിയാൻ ഒ. എ. (ഇ.കെ.എം) 790/2017 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.06.19 ലെ ഉത്തരവിൽ, 2003 ലെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റ് പ്രകാരം ടി വില്ലേജ് ഓഫീസിന് 100 ച. മീ. ൽ കൂടുതൽ സ്വീപ്പിങ് ഏരിയ ഉണ്ടായിരുന്നതിനാലും 25.11.2005 ലെ സ.ഉ (പി) 501/05/ധന ഉത്തരവിനു ശേഷം വീണ്ടും അളന്നപ്പോൾ സ്വീപ്പിങ് ഏരിയ 100 ച. മീ. ൽ കുറവാണെങ്കിലും ഇത്തരം കേസുകളിൽ ശമ്പളം സംരക്ഷിച്ച് നൽകണമെന്ന് ഉത്തരവുള്ളതിനാലും ശ്രീ. ജയമോൻ ജി. പി. ക്ക് 01.07.2004 മുതൽ 30.06.2009 വരെയുള്ള കാലയളവിൽ 2300/-+DA നിരക്കിലുള്ള ഉയർന്ന വേതനത്തിന് അർഹത ഉണ്ടെന്ന് നിരീക്ഷിച്ച ട്രൈബ്യൂണൽ, വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്നു മാസത്തിനകം ആയത് ടിയാന് അനുവദിച്ചിട്ടുണ്ടെന്നും അർഹമായ ആനുകൂല്യങ്ങൾ നിർണ്ണയിച്ച് ടിയാന് നല്കിയിട്ടുള്ള തുക കിഴിച്ച് ബാക്കി തുക വിതരണം ചെയ്തിട്ടുണ്ടെന്നും ഉറപ്പ് വരുത്തുവാൻ എതിർകക്ഷികളായ സർക്കാരിനും, ഇടുക്കി ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് 01.07.2004 മുതൽ 31.06.2009 വരെയുള്ള കാലയളവിൽ ഉയർന്ന നിരക്കിലുള്ള ശമ്പള ഇനത്തിൽ കുടിശ്ശികയായ 1,08,524/- രൂപ നൽകാനുള്ളതായി ഇടുക്കി ജില്ലാ കളക്ടർ സ്റ്റേറ്റ്മെന്റ് സഹിതം റിപ്പോർട്ട് ചെയ്തിരുന്നു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

4. പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" ശ്രീ. ജയമോൻ ജെ. പി. യെ കാഷ്വൽ സ്വീപ്പറായി ആണ് നിയമിച്ചിട്ടുള്ളതെന്നും 2004 ഫെബ്രുവരി വരെ കാഷ്വൽ സ്വീപ്പറുടെ വേതനമായ 600/- രൂപയാണ് നൽകിയിട്ടുള്ളതെന്നുമാണ് കാണുന്നത്. പിന്നീട് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2004 മാർച്ച് മാസം മുതൽ അപേക്ഷകൻ പാർട്ട് ടൈം സ്വീപ്പറിന് തുല്യമായ നിരക്കിൽ വേതനം കൈപ്പറ്റി വരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കോടതി ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ വേതനം അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കിയിരുന്നോ എന്ന് ഫയലിൽ വ്യക്തമല്ല. 25/11/2005 ലെ സ.ഉ.(പി) 501/2005- ലെ ഖണ്ഡിക 14 പ്രകാരം 100 ച. മീ. സ്വീപ്പിംഗ് ഏരിയ ഉള്ള ഓഫീസുകളിൽ പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറുടെ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റിനോടൊപ്പം പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭ്യമാക്കണമെന്നും തസ്തിക സൃഷ്ടിച്ചതിനും ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തേണ്ടതാണെന്നും അവർക്കാണ് സ്വീപ്പിംഗ് ഏരിയയുടെ അടിസ്ഥാനത്തിൽ സ്കെയിൽ ഓഫ് പേ അനുവദിക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ശ്രീ. ജയമോൻ ജി. പി. -യെ ഇടുക്കി ജില്ലയിലെ ബൈസൺവാലി വില്ലേജാഫിസിൽ കാഷ്വൽ സ്വീപ്പറായി ആണ് നിയമിച്ചിട്ടുള്ളത്. 2005 ൽ ടി ഓഫീസിന്റെ ഏരിയ പുനർനിർണ്ണയിച്ചപ്പോൾ 100 ച. മീറ്ററിൽ കുറവാണെന്നും അറിയിച്ചിട്ടുണ്ട്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ബൈസൺവാലി വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ.

ജയമോൻ ജെ. പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ. എ.(ഇ.കെ.എം) 790/2017 നമ്പർ കേസിലെ 28.06.2019 ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. മാത്രമല്ല, ആദ്യത്തെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ വേതനം നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാർ അനുമതി വാങ്ങിയിരുന്നോ, ഇല്ലെങ്കിൽ അതിനുള്ള വിശദീകരണം,

ഇടുക്കി ജില്ലയിലെ ബൈസൺവാലി വില്ലേജാഫീസിൽ പാർട്ട് ടൈം തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുന്നതിനും ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ. എ.(ഇ.കെ.എം) 790/2017 നമ്പർ കേസിലെ 28.06.2019 ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന്മേൽ നിയമ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" In OA (EKM) 790/2017 Hon'ble Administrative Tribunal its Judgment dated 28.06.2019 categorically held that the applicant is entitled for the enhanced pay for the period from 01.07.2004 to 30.06.2009 at the rate of Rs.2300/- + DA ie. with effect from 01.07.2004 to 30.06.2009. The first and second respondents will ensure that the same is sanctioned and the eligible benefits are quantified and disbursed to the applicant (less the amount already paid) at any rate within a period of three-months from the date of receipt of a certified copy of this order. And also Hon'ble Tribunal stated that as per Clause 3(VI) of G.O(P)No.61/2010/Fin dated 09.02.2010 applicant will be entitled for the benefit of pay as envisaged in para 11 of G.O(P)No.501/2005/Fin dated 25.11.2005 Clause 3(VI) is read as follows.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

The benefit of clause 11 of the Government Order mentioned as 3rd paper above were initially applicable only to part-time sweepers. All the sweepers, including the sweepers engaged in the offices wherein sweeping area is less than 100 sq.m. but are in receipt of higher pay as applicable to regular part-time sweepers, by virtue of court orders or otherwise, will-also be entitled for protection of pay as envisaged in para 11 of Government Order dated 25.11.2005.

In this case the fact that the applicant was sanctioned salary at the rate of Rs.1,250/-+DA for a period from 01.07.2004 to 30.06.2009 is admitted. So applicant is eligible for the benefit as he was an existing Casual Sweeper. Clause 3(VI) of G.O(P)No.61/2010/Fin dated 09.02.2010 is squarely applicable to him hence there is nothing wrong in the findings of Hon'ble Tribunal. Hence there is no scope for successful Appeal against the Judgment of Hon'ble KAT in OA(EKM)No.790/2017 dated 28.06.2019."

6. കൂടാതെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം) 790/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.06.2019 ലെ ഉത്തരവിനെതിരെ അപ്പീലിന് സ്കോപ്പില്ലായെന്ന് ഗവ. പ്ലീഡറും അറിയിച്ചിരുന്നു.

7. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ഇടുക്കി ജില്ലയിലെ ബൈസൺവാലി വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. ജയമോൻ ജെ. പി.-ക്ക് 01.07.2004 മുതൽ 31.06.2009 വരെയുള്ള കാലയളവിൽ 2300/- + DA എന്ന ഉയർന്ന നിരക്കിൽ ശമ്പള ഇനത്തിൽ കുടിശ്ശികയായ 1,08,524/- രൂപ അനുവദിക്കുവാനും ടിയാന് തുടർന്നുള്ള അർഹമായ ആനുകൂല്യങ്ങൾ കണക്കാക്കി ആയത് വിതരണം ചെയ്യുവാനും അനുമതി നൽകി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.06.2019 ലെ ഒ.എ.(ഇ.കെ.എം) 790/2017 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

**തീരുമാനമെടുക്കേണ്ട വിഷയം**

i) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.06.2019 ലെ OA(EKM) 790/2017 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ബൈസൺവാലി വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. ജയമോൻ ജെ. പി.-ക്ക് 01.07.2004 മുതൽ 31.06.2009 വരെയുള്ള കാലയളവിൽ 2300/- + DA എന്ന ഉയർന്ന നിരക്കിൽ ശമ്പളം അനുവദിക്കാമോ;

ii) എങ്കിൽ, പ്രസ്തുത നിരക്കിൽ ശമ്പളയിനത്തിൽ കുടിശ്ശികയായ 1,08,524/- രൂപ ടിയാന് അനുവദിക്കുവാനും, തുടർന്നുള്ള അർഹമായ ആനുകൂല്യങ്ങൾ കണക്കാക്കി ആയത് വിതരണം ചെയ്യുവാനും അനുമതി നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/145/2022-റവ |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. ഹൈക്കോടതിയുടെ OP (KAT) 332/2020 നമ്പർ കേസിൽ 09.03.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ പേരൂർ വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി അന്നമ്മ യു. സി. ക്കും വേളൂർ വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീ. എം. ടി. ഇട്ടിയവിരയ്ക്കും OP No. 8274/2003 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 02.06.2003 ലെ വിധിന്യായത്തിൽ ഉത്തരവായിട്ടുള്ളത് പ്രകാരം ശമ്പളം പുനർനിർണ്ണയിച്ച് 25.11.2005 ലെ സ.ഉ.(പി) നം. 501/2005/ധന പ്രകാരമുള്ള ആനുകൂല്യങ്ങൾ നല്കി പാർട്ട് ടൈം സ്വീപ്പറുടേതിനു തുല്യമായ ശമ്പളം അനുവദിക്കുന്നതിന് 03.08.2021 ലെ സ. ഉ. (സാധാ) നം. 2503/2021/റവ. പ്രകാരം അനുമതി നല്കിയ നടപടി സാധൂകരിക്കുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15.11.2022 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. അനിൽ കുമാർ കെ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.12.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.12.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.12.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22.12.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു: ഹൈക്കോടതിയുടെ OP (KAT) 332/2020 നമ്പർ കേസിൽ 09.03.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ പേരൂർ വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി അന്നമ്മ യു. സി. ക്കും വേളൂർ വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീ. എം. ടി. ഇട്ടിയവിരയ്ക്കും OP No. 8274/2003 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 02.06.2003 ലെ വിധിന്യായത്തിൽ ഉത്തരവായിട്ടുള്ളത് പ്രകാരം ശമ്പളം പുനർനിർണ്ണയിച്ച് 25.11.2005 ലെ സ.ഉ.(പി) 501/2005/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നല്കി പാർട്ട് ടൈം സ്വീപ്പറുടേതിനു തുല്യമായ ശമ്പളം അനുവദിക്കുന്നതിന് 03.08.2021 ലെ സ. ഉ. (സാധാ) നം. 2503/2021/റവ. പ്രകാരം അനുമതി നല്കിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കോട്ടയം ജില്ലയിലെ പേരൂർ, വേളൂർ വില്ലേജ് ഓഫീസുകളിൽ 1986 മുതൽ കാഷ്വൽ സ്വീപ്പർമാരായി യഥാക്രമം ശ്രീമതി അന്നമ്മയും , ശ്രീ. എം. ടി. ഇട്ടിയവിരയും ജോലി ചെയ്തു വരുന്നു. പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം ആവശ്യപ്പെട്ട് ഹർജിക്കാരും മറ്റുള്ളവരും ഫയൽ ചെയ്ത OP 8274/2003 നമ്പർ കേസിൽ ബഹു. ഹൈക്കോടതി സമാനമായ കേസുകൾ എല്ലാം സംയുക്തമായി പരിഗണിച്ച് 02.06.2003 ൽ പുറപ്പെടുവിച്ച ഉത്തരവിൽ റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പളസ്കെയിലിൽ ശമ്പളത്തിന് ഹർജിക്കാർക്ക് അർഹതയുണ്ടെന്ന് വിധിക്കുകയും 25.11.1998 ലെ സ.ഉ.(പി) നം. 3000/1998/ധന ഉത്തരവിന്റെ വെളിച്ചത്തിൽ സ്വീപ്പിങ് ഏര്യയുടെ അടിസ്ഥാനത്തിൽ ഹർജിക്കാർ സേവനമനുഷ്ഠിച്ചിട്ടുള്ള കാലയളവിലെ ശമ്പള കുടിശ്ശിക സഹിതം വിതരണം ചെയ്യുവാൻ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. കൂടാതെ പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിസ്തീർണ്ണത്തിന് താഴെയാണ് സ്വീപ്പിംഗ് ഏര്യ എങ്കിൽ ഇതുമായി ബന്ധപ്പെട്ട 25.11.1998 ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ ശമ്പളം നല്കണമെന്നും ഉത്തരവായിരുന്നു. തുടർന്ന് 25.11.2005 ലെ സ. ഉ. (പി) നം. 501/2005/ധന പ്രകാരം പ്രസ്തുത ഓഫീസുകളുടെ സ്വീപ്പിങ് ഏര്യ പുനർനിർണ്ണയിക്കുയുണ്ടായി. എന്നാൽ പേരൂർ, വേളൂർ വില്ലേജ് ഓഫീസുകളുടെ സ്വീപ്പിങ് ഏര്യ യഥാക്രമം 51.04 ച.മീറ്ററും 48.70 ച.മീറ്ററും ആയിരുന്നതിനാൽ ഹർജിക്കാർക്ക് പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം അനുവദിച്ചിരുന്നില്ല. തുടർന്ന് W.P.(C) 19186/2005 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ പാരിറ്റി ആവശ്യപ്പെട്ട് ഇരുവരും ചേർന്ന് ഫയൽ ചെയ്ത WPC 9338/2008 നമ്പർ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

കേസിലെ ബഹു. ഹൈക്കോടതിയുടെ 09.04.18 ലെ വിധിയുടെ അടിസ്ഥാനത്തിൽ, ടി ആവശ്യം സർക്കാർ പരിശോധിക്കുകയും, ടി ഓഫീസുകളുടെ സ്വീപ്പിങ്ങ് ഏര്യ 100 ച . മീറ്ററിൽ കുറവ് ആയതിനാൽ ഹർജിക്കാരുടെ ആവശ്യം 30.09.2008 ലെ സ . ഉ (ആർ . ടി ) നം. 3098/2008/ റവ പ്രകാരം നിരസിക്കുകയുമുണ്ടായി.

3. പ്രസ്തുത ഉത്തരവിനെതിരെ ടിയാൾക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ W. P. (C)No. 3324/2010 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസ് T.A 5085/2012 ആയി ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് മാറ്റുകയും ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് 25.10.2018 ൽ പരിഗണിച്ച ബഹു. ട്രൈബ്യൂണൽ എക്സിബിറ്റ് P1 സർക്കാർ ഉത്തരവ് റദ്ദാക്കുകയും എക്സിബിറ്റ് P2 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരുടെ ശമ്പളം പുനർനിർണ്ണയിക്കുവാനും 25.11.2005 ലെ സ. ഉ. (പി) നം. 501/2005/ധന പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുവാനും വിധിച്ചിരുന്നു. 25.11.2005 ലെ സ. ഉ. (പി) നം. 501/2005/ധന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് ടി ഓഫീസുകളുടെ വിസ്തീർണ്ണം 100 ച. മീ. ൽ കൂടുതലായിരുന്നതിനാൽ പാർട്ട് ടൈം സ്വീപ്പറുടേതിനു തുല്യമായ ശമ്പളത്തിന് അപേക്ഷകർക്ക് അർഹതയുണ്ടെന്ന് നിരീക്ഷിച്ച ബഹു. ട്രൈബ്യൂണൽ തദനുസൃതമായ ഉത്തരവ് സമയബന്ധിതമായി പുറപ്പെടുവിക്കാനും തദനുസൃതമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുവാനും സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ 332/2020 നമ്പർ OP(KAT) ഫയൽ ചെയ്തിരുന്നു. എന്നാൽ ഹർജിക്കാരുടെ അവകാശം സംബന്ധിച്ച് നിലവിൽ ഒരു കോടതി ഉത്തരവ് ഉള്ളപ്പോൾ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം അവർക്ക് നല്കാൻ ഒ പി(കെ എ ടി)യിലെ ഹർജിക്കാർ ബാദ്ധ്യസ്ഥരാണെന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത അപ്പീൽ ബഹു. ഹൈക്കോടതി 09.03.2021 ലെ വിധിന്യായ പ്രകാരം തള്ളുകയും T.A 5085/2012 നമ്പർ കേസിലെ 25.10.2018 ലെ വിധിന്യായം നടപ്പിലാക്കുന്നതിന് 6 ആഴ്ചത്തെ സമയം കൂടി അനുവദിക്കുകയുമുണ്ടായി.

4. ബഹു. ഹൈക്കോടതിയുടെ പ്രസ്തുത വിധിക്കെതിരെ SLP ക്ക് സ്കോപ്പില്ലായെന്ന് ഗവ. പ്ലീഡർ അറിയിച്ചിരുന്നു. തുടർന്ന് 100 ച.മീ. ൽ താഴെ വിസ്തീർണ്ണമുള്ള ഓഫീസുകളിൽ സേവനമനുഷ്ഠിച്ചിരുന്ന 8274/2003 നമ്പർ ഒ പി യിലെ മറ്റ് ഹർജിക്കാർക്ക് പി.ടി.എസ്. ന്റെ ശമ്പളവും ആനുകൂല്യങ്ങളും നല്കിയിട്ടുള്ളതിനാലും പേരൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അന്നമ്മയ്ക്കും , വേളൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. എം.ടി. ഇട്ടിയവിരയ്ക്കും OP 8274/2003 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 02.06.2003 ലെ വിധിയിൽ ഉത്തരവായിട്ടുള്ളത് പ്രകാരം ശമ്പളം പുനർ നിർണ്ണയിച്ച് 25.11.2005 ലെ സ.ഉ.(പി) 501/2005/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

നല്കി പാർട്ട് ടൈം സ്വീപ്പറുടേതിനു തുല്യമായ ശമ്പളം അനുവദിക്കുന്നതിന് 03.08.2021ൽ സ.ഉ. (സാധാ) 2503/2021/റവ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

5. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാർക്ക് 2021 ഒക്ടോബർ മാസം മുതൽ ശമ്പളം പുനർനിർണ്ണയിച്ച് നൽകിയിരുന്നു. എന്നാൽ ടിയാൾക്കാർ 25.11.1998 മുതൽ കുടിശ്ശികയായിട്ടുള്ള ശമ്പളവർദ്ധനവ് നൽകുന്നതിന് അപേക്ഷിക്കുകയുണ്ടായി. 25.11.2005 ലെ സ.ഉ.(പി) 501/2005/ധന നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിസ്തീർണ്ണം പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് ഇല്ലാത്തതിനാൽ 25.11.1998 മുതലുള്ള ശമ്പള കുടിശ്ശിക ഹർജിക്കാർക്ക് നൽകുന്നതിന്മേൽ കോട്ടയം ജില്ലാ കളക്ടർ മാർഗ്ഗനിർദ്ദേശം ആരായുകയുണ്ടായി.

6. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ഈ വിഷയത്തിൽ താഴെ പറയുന്ന വസ്തുതകൾ ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

25/11/2005 തിയ്യതിയിൽ കോട്ടയം ജില്ലയിലെ പേരൂർ , വേളൂർ എന്നീ വില്ലേജ് ഓഫീസുകളിൽ 100 ച . മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഇല്ല. 25/11/2005 ലെ സ . ഉ (പി) നം. 501/2005/ധന ഉത്തരവിലെ ഖണ്ഡിക 11 അനുസരിച്ച് പാർട്ട് ടൈം കണ്ടിജന്റ് സ്വീപ്പർ തസ്തിക ഉള്ള ഓഫീസുകളിൽ 25/11/2005 ലെ ഉത്തരവിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് സ്വീപ്പിങ്ങ് ഏരിയ refix ചെയ്യുമ്പോൾ 100 ച . മീ. താഴെ സ്വീപ്പിങ്ങ് ഏരിയ വരുന്ന സാഹചര്യത്തിൽ ആ ഓഫീസിൽ ജോലി നോക്കി വരുന്ന PTS ന് നിലവിൽ വാങ്ങികൊണ്ടിരിക്കുന്ന വേതനം നൽകണമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പേരൂർ , വേളൂർ എന്നീ വില്ലേജ് ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിലില്ലാത്തതും സ്വീപ്പിങ്ങ് ഏരിയ 100 ച . മീ. താഴെയുമാണ്. അതിനാൽ 25/11/2005 ലെ സ . ഉ (പി) നം. 501/2005/ധന ഉത്തരവിലെ ഖണ്ഡിക 11 പരാതിക്കാർക്ക് ബാധകമാക്കാൻ കഴിയില്ലാത്തതിനാൽ ഈ ഉത്തരവ് പ്രകാരമുള്ള ശമ്പളത്തിനും മുൻകാല പ്രാബല്യത്തിനും അർഹത ഇല്ല. രണ്ടാമത്തെ വസ്തുത 25/11/2005 തിയ്യതിക്ക് മുമ്പ് അതായത് പുതിയ മാനദണ്ഡങ്ങൾ വരുന്നതിന് മുമ്പ് ഓഫീസിന്റെ സ്വീപ്പിങ്ങ് ഏരിയ 100 ച .മീ മുകളിൽ ആയിരുന്നു എന്നതിന്റെ രേഖകളൊന്നും തന്നെ ലഭ്യമല്ല. അതിനാൽ 8274/2003 നമ്പർ ഒ പി യിലെ 02.06.2003 ലെ വിധി ബാധകമാക്കി കൊണ്ട് 25.11.1998 മുതലുള്ള ശമ്പള കുടിശ്ശിക അനുവദിക്കാനും കഴിയില്ല. ഈ സാഹചര്യത്തിൽ, 25.11.1998 മുതലുള്ള ശമ്പള കുടിശ്ശിക



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അനുവദിക്കണമെന്ന ഹർജിക്കാരുടെ ആവശ്യം അംഗീകരിക്കാൻ കഴിയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

7. ഹർജിക്കാർക്ക് 1998 മുതൽ ശമ്പളക്കുടിശ്ശിക അനുവദിക്കുന്നതിന്മേൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"കോട്ടയം ജില്ലയിലെ പേരൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അന്നമ്മയും, വേളൂർ വില്ലേജ് ഓഫീസിലെ ശ്രീ. എം.ടി. ഇട്ടിയവിരയും പാർട്ട് ടൈം സ്വീപ്പറുടെ പാരിറ്റി ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം 30.09.08 ലെ സ. ഉ. (ആർ.ടി) 3098/2008/റവ ഉത്തരവ് പ്രകാരം നിരസിച്ചതിനെതിരെ ഇരുവരും ചേർന്ന് ഫയൽ ചെയ്ത TA 5085/2012 നമ്പർ കേസിൽ 25.10.18 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ 30.09.08 ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും 8274/2003 നമ്പർ ഒ പി യിലെ 02.06.2003 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഹർജിക്കാരുടെ ശമ്പളം പുനർ നിർണ്ണയിക്കുവാനും 25.11.2005 ലെ സ.ഉ.(പി) 501/2005/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നല്കുവാനുമാണ് ഉത്തരവായിട്ടുള്ളത്. പ്രസ്തുത വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത OP (KAT)No. 332/2020, ബഹു: ഹൈക്കോടതിയുടെ 09.03.2021 ലെ വിധിന്യായം പ്രകാരം തള്ളുകയും, ബഹു. ട്രൈബ്യൂണലിന്റെ 25.10.2018 ലെ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. ആയതിൻ പ്രകാരമാണ് 03.08.2021 ലെ സ. ഉ. (സാധാ) നം. 2503/2021/റവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ 2021 ഒക്ടോബർ മുതലാണ് ശമ്പളം പുനർനിർണയിച്ച് നൽകി വരുന്നത്.

ബഹു: ഹൈക്കോടതി 8274/2003 നമ്പർ ഒ പി കേസിൽ 02.06.2003 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ 25.11.1998 ലെ ജി.ഒ.(പി) നം.3000/1998/ധന ഉത്തരവ് പ്രകാരമുള്ള പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം പരാതിക്കാർക്ക് അനുവദിച്ച് നൽകുന്നതിന് സർക്കാരിനോട് നിർദ്ദേശം നൽകിയാണ് ഉത്തരവായിട്ടുള്ളത്. ടി ഉത്തരവിനനുസൃതമായി പേരൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അന്നമ്മയുടെയും വേളൂർ വില്ലേജ് ഓഫീസിലെ ശ്രീ. എം.ടി. ഇട്ടിയവിരയുടെയും ശമ്പളം പുനർനിർണയിക്കാനും 25.11.2005 ലെ സ.ഉ. (പി) 501/2005/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നല്കുവാനുമാണ് TA 5085/2012 നമ്പർ കേസിൽ 25.10.18 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ബഹു. കോടതി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൻ പ്രകാരം പരിശോധിക്കുമ്പോൾ 1986 മുതൽ കാഷ്വൽ സ്വീപ്പർമാരായി സേവനം ചെയ്ത് വരുന്ന ശ്രീമതി അന്നമ്മ, ശ്രീ. എം.ടി. ഇട്ടിയവിര എന്നിവർക്ക് 25.11.1998 ലെ ജി.ഒ.(പി) നം.3000/1998/ധന ഉത്തരവ് പ്രാബല്യത്തിൽ വന്നതുമുതൽ ടി ഉത്തരവ് പ്രകാരമുള്ള പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം ലഭിക്കുന്നതിന് അർഹതയുള്ളതാണ് എന്നും 8274/2003 നമ്പർ ഒ പി യിലെ ബഹു: ഹൈക്കോടതിയുടെ 02.06.2003 ലെ വിധിന്യായത്തിനെതിരെ അപ്പീലുകൾ നിലവിലില്ലാത്തതിനാൽ ആയത് അന്തിമമാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

8. ഇതിനിടെ TA 5085/2012 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 25.10.18 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെന്ന് ആരോപിച്ച് ഹർജിക്കാർ CP(EKM)No.97/2022 നമ്പർ കോടതിയലക്ഷ്യം ഫയൽ ചെയ്യുകയുണ്ടായി. കോടതി വിധികളുടെ അടിസ്ഥാനത്തിൽ, സാമ്പത്തിക ബാദ്ധ്യത നിലനിൽക്കുന്ന സമാനമായ കേസുകളിൽ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി കാഷ്വൽ സ്വീപ്പർമാർക്ക് പാർട്ട് ടൈം സ്വീപ്പറുടേതിന് തുല്യമായ ശമ്പളം മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നുണ്ട്. എന്നാൽ ഹർജിക്കാരായ കാഷ്വൽ സ്വീപ്പർമാർക്ക് പാർട്ട് ടൈം സ്വീപ്പറുടേതിന് തുല്യമായ ശമ്പളം മുൻകാല പ്രാബല്യത്തോടെ അനുവദിച്ച് കൊണ്ട് 03.08.2021 ലെ സ.ഉ.(സാധാ)നം. 2503/2021/റവ പുറപ്പെടുവിച്ചിട്ടുള്ളത് മന്ത്രിസഭയുടെ അനുമതി ഇല്ലാതെയാണ്.

9. മേൽ സാഹചര്യത്തിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, കോട്ടയം ജില്ലയിലെ പേരൂർ, വേളൂർ വില്ലേജോഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരായി യഥാക്രമം ജോലി ചെയ്തു വരുന്ന ശ്രീമതി അന്നമ്മ യു. സി. ക്കും ശ്രീ. എം. ടി. ഇട്ടിയവിരയ്ക്കും 25.11.1998 ലെ ജി.ഒ.(പി) നം.3000/1998/ധന ഉത്തരവ് പ്രാബല്യത്തിൽ വന്നതു മുതൽ ടി ഉത്തരവ് പ്രകാരമുള്ള പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം അനുവദിക്കുന്ന വിഷയവും, OP (KAT) 332/2020 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 09.03.2021 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടിയാൾക്കാർക്ക്, ബഹു. ഹൈക്കോടതിയുടെ 8274/2003 നമ്പർ ഒ പി യിലെ 02.06.2003 ലെ വിധിയിൽ ഉത്തരവായിട്ടുള്ളത് പ്രകാരം ശമ്പളം പുനർ നിർണ്ണയിച്ച് 25.11.2005 ലെ സ.ഉ.(പി) 501/2005/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നല്കി പാർട്ട് ടൈം സ്വീപ്പറുടേതിനു തുല്യമായ ശമ്പളം അനുവദിക്കുന്നതിന് 03.08.2021 ലെ സ. ഉ. (സാധാ) നം. 2503/2021/റവ. നമ്പർ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ നടപടി സാധൂകരിക്കുന്ന വിഷയവും ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ സാധൂകരണത്തിന് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ,

1) OP (KAT) 332/2020 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 09.03.2021 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ പേരൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അന്നമ്മയ്ക്കും , വേളൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. എം.ടി. ഇട്ടിയവിരയ്ക്കും, ബഹു: ഹൈക്കോടതിയുടെ 8274/2003 നമ്പർ ഒ പി യിലെ 02.06.2003 ലെ വിധിയിൽ ഉത്തരവായിട്ടുള്ളത് പ്രകാരം ശമ്പളം പുനർ നിർണ്ണയിച്ച് 25.11.2005 ലെ സ.ഉ.(പി) 501/2005/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നല്കി പാർട്ട് ടൈം സ്വീപ്പറുടേതിനു തുല്യമായ ശമ്പളം അനുവദിക്കുന്നതിന് 03.08.2021 ലെ സ. ഉ. (സാധാ) നം. 2503/2021/റവ. പ്രകാരം അനുമതി നല്കിയ നടപടി സാധൂകരിക്കാമോ;

2) കോട്ടയം ജില്ലയിലെ പേരൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അന്നമ്മ യു. സി. ക്കും വേളൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ എം. ടി. ഇട്ടിയവിരയ്ക്കും 25.11.1998 ലെ ജി.ഒ.(പി) നം.3000/1998/ധന ഉത്തരവ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ ടി ഉത്തരവ് പ്രകാരമുള്ള പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം അനുവദിക്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

371

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റ്റി 1/68/2018/റവ |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 608/15 നമ്പർ OA(EKM) ലെ 30.10.19 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ കുപ്പാടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീ. വാസു-വിനെ 26.09.2011 തീയതി പ്രാബല്യത്തിൽ ക്രമപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05.10.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ആണ്. |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.11.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.11.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08.11.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 09.011.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(Ekm)No.608/15 നമ്പർ കേസിലെ 30.10.2019 തിയതിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ കുപ്പാടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീ. വാസുവിനെ 26.09.2011 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. വയനാട് ജില്ലയിലെ കുപ്പാടി വില്ലേജാഫീസിൽ 1991 മുതൽ ശ്രീ വാസു കാഷ്വൽ സ്വീപ്പറായി സേവനം അനുഷ്ഠിച്ച് വരുന്നു. പ്രസ്തുത വില്ലേജ് ആഫീസ് 169.4 ച.മീ സ്വീപ്പിങ് ഏരിയയുള്ള ഒരു താല്ക്കാലിക കെട്ടിടത്തിൽ 26.09.2011-മുതൽ പ്രവർത്തനമാരംഭിച്ചു. ആയതിനാൽ 25.11.2005 ലെ സ.ഉ.(പി) നം. 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീ. വാസുവിനെ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി വയനാട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്നത് peramanent building -ൽ അല്ലാത്തതിനാൽ ടി പ്രൊപ്പോസൽ സർക്കാർ നിരസിക്കുകയുമുണ്ടായി. തുടർന്ന് ടി വില്ലേജ് ഓഫീസ് 127.15 ച. മീ. സ്വീപ്പിങ് ഏരിയയുള്ള പുതിയ കെട്ടിടത്തിൽ 29.12.2018-മുതൽ പ്രവർത്തനം ആരംഭിച്ചു. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.വാസു ഫയൽ ചെയ്ത OA (EKM)



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

608/15 നമ്പർ കേസിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30.10.2019-ലെ വിധിന്യായത്തിൽ, കുപ്പാടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക 25.11.2005 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കേണ്ടതാണെന്നും ഹർജിക്കാരൻ 1991 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നതിനാൽ ടിയാനെ 26.09.2011 തീയതി മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകേണ്ടതാണെന്നും നിരീക്ഷിച്ച ട്രൈബ്യൂണൽ വിധിപകർപ്പ് ലഭ്യമായ തീയതി മുതൽ 3 മാസത്തിനകം ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച. മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക / കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെട്ടുത്തലിന് അർഹരായിട്ടുള്ളത് എന്നതിനാൽ വയനാട് ജില്ലയിൽ കുപ്പാടി വില്ലേജാഫീസിൽ 1991 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വരുകയും പാർട്ട് ടൈം സ്വീപ്പറിന്റെ വേതനം കൈപ്പറ്റുകയും ചെയ്യുന്ന ശ്രീ. വാസുവിനെ 25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ ധന ഉത്തരവ് പ്രകാരം 26.9.2011 തിയതി പ്രാബല്യത്തിൽ സ്ഥിരപ്പെട്ടുത്താൻ നിർവാഹമില്ലാത്തതാണ്. ടി സാഹചര്യത്തിൽ അപ്പീൽ നൽകാൻ ഭരണ വകുപ്പിനോട്ടു ആവശ്യപ്പെടുന്നു."



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

4. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" The situation of Sri. Vasu, a Casual Part-time Sweeper of Kappadi Village Office is not covered by G.O.(P) No. 501/2005/Fin dated 25.11.2005 and G.O.(P) No. 61/2010/Fin dated 09.02.2010 for regularisation. Further it is not a sanctioned post to be regularised as held in Secretary State Of Karnataka Vs Umadevi (2006 KHC 607).

However Tribunal in OA (EKM) 608/2015, filed by Sri. Vasu has ordered to regularise his service with effect from 26.09.2011 by referring GO(P) No. 501/2005/Fin dated 25.11.2005. This is incorrect and there is scope for appeal against the order of the Tribunal in OA(EKM) 608/2015. Administrative Department is advised to file appeal."

5. അപ്രകാരം OA(Ekm)No.608/15 കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30/10/2019 ലെ വിധിക്കെതിരെ OP(KAT) 44/2021 ഫയൽ ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയുടെ 08.02.2021 ലെ വിധിന്യായപ്രകാരം OA(Ekm)No.608/15 കേസിന്റെ 30/10/2019 ലെ വിധി നടപ്പിലാക്കുന്നതിന് വിധിന്യായം ലഭ്യമായ തീയതി മുതൽ 6 ആഴ്ച കൂടി അനുവദിച്ചു കൊണ്ട് ടി അപ്പീൽ നിരസിക്കുകയുണ്ടായി.

6. ബഹു. ഹൈക്കോടതിയുടെ 08.02.2021 ലെ വിധിന്യായത്തിനെതിരെ SLP-ക്ക് സ്കോപ്പില്ലെന്ന് സീനിയർ ഗവ. പ്ലീഡർ നിയമോപദേശം ലഭ്യമാക്കിയിരുന്നു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അതിന്റെ വെളിച്ചത്തിൽ OA(EKM) No. 608/15 നം. കേസിലെ 30.10.2019-ലെ വിധി നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

" 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ കുപ്പാടി വില്ലേജ് ഓഫീസിന് 100 ച . മീ സ്വീപ്പിങ്ങ് ഏര്യ ഇല്ലാതിരുന്നതിനാലും , ടി ഓഫീസ് പ്രവർത്തിച്ചിരുന്നത് Permanent building-ൽ അല്ലാത്തതിനാലും വയനാട് ജില്ലയിലെ കുപ്പാടി വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ . വാസു ഫയൽ ചെയ്ത OA(Ekm)No.608/15 കേസിലെ 30.10.2019 ലെ വിധി നടപ്പിലാക്കി കുപ്പാടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ശ്രീ വാസുവിനെ 26.09.2011 മുതൽ സ്ഥിരപ്പെടുത്തി എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനോട് ധനകാര്യ വകുപ്പിന് യോജിക്കാനാവില്ലെന്നും , സർക്കാർ ഫയൽ ചെയ്ത OP (KAT) 44/2021 ഹൈക്കോടതി നിരസിച്ചിട്ടുള്ളതിനാലും ശ്രീ. വാസു ഫയൽ ചെയ്ത OA(Ekm) No.608/15 കേസിലെ 30.10.19 ലെ ബഹു അഡ്മിനിസ്ട്രറ്റീവ് ട്രൈബ്യൂണൽ വിധി ഈ ഉത്തരവ് കൈപ്പറ്റി 6 ആഴ്ചയ്ക്കകം നടപ്പിലാക്കണമെന്നും ബഹു ഹൈക്കോടതി ഉത്തരവിട്ടിരിക്കുന്നതിനാലും, ടി വിധിക്കെതിരെ Supreme Court- ൽ Special leave petition ഫയൽ ചെയ്യുന്നതിൽ സ്കോപ്പില്ലെന്നുമുള്ള നിയമോപദേശം ലഭിച്ചിരിക്കുന്നതിനാലും, ടി വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനം എടുക്കാവുന്നതുമാണെന്നും അറിയിക്കുന്നു."



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

7. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 30.10.2019 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നതിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"വയനാട് ജില്ലയിലെ കുപ്പാടി വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. വാസു ബഹു. ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA(EKM) 608/15 നമ്പർ കേസിലെ 30.10.2019 ലെ ഉത്തരവിനെതിരെ സർക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത OP(KAT) 44/2021 നമ്പർ കേസിലെ 08.02.2021 ൽ പുറപ്പെടുവിച്ച വിധിയിലായി ഇപ്രകാരമാണ് ഉത്തരവിട്ടിരിക്കുന്നത്.

" This court has considered similar issues in several cases and has held that in cases of existing Casual Sweepers who were sweeping, area less than 100 sq.m and where the sweeping area increased susequent to the issuance of G.O (P) No.501/2005/Fin dated 25.11.2005, they were entitled to be regularised with effect from the date on which the sweeping area exceeded 100 sq.m ...... We find no reason to take a different view. The order of the Tribunal cannot be said to be illegal, improper or irregular or perverse in any manner".

നേരത്തെ sweeping area 100 sq.m –ന താഴെയായിരുന്നാൽ കൂടിയും, ആയത് 25.11.2005 ലെ G.O(P) No. 501/2005/Fin നമ്പർ ഉത്തരവ് പുറപ്പെടുവിച്ചശേഷം 100 sq.m അധികരിച്ചിട്ടുണ്ടെങ്കിൽ, എന്നാണോ സ്വീപ്പിങ്ങ് ഏര്യ അപ്രകാരം അധികരിച്ചത് പ്രസ്തുത തീയതി മുതൽ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ടി GO പ്രകാരമുള്ള regularisation ന് part time sweeper ന് അർഹതയുണ്ടായിരിക്കുന്നതാണ് എന്നാണ് ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരിക്കുന്നത്. ആയതിനാൽ ബഹു. ഹൈക്കോടതിയുടെ വിധിപകർപ്പ് ലഭിച്ച് ആറാഴ്ചയ്ക്കം ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടില്ലാത്തതിനാൽ, ശ്രീ. വാസു ഫയൽ ചെയ്ത OA (EKM) 608/15 കേസിലെ 30.10.2019 ലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശം പാലിച്ചുകൊണ്ട് 26.09.2011 തീയതി പ്രാബ്യത്തിൽ ശ്രീ. വാസുവിനെ Part Time Sweeper തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകേണ്ടതാണെന്നും ഇക്കാര്യത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

8. നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ വീണ്ടും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ഈ കേസിലെ വിധിക്കെതിരെ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യുക. ഇത്തരം കേസുകളിൽ സർക്കാരിന്റെ നിലവിലെ ഉത്തരവുകൾ / നയം എന്നിവയ്ക്കെതിരെയാണ് കോടതി വിധി എങ്കിൽ ആ വിധിക്കെതിരെ അടിയന്തരമായി അപ്പീൽ ഫയൽ ചെയ്യാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു . താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഇത്തരം കേസുകളിലെ സത്യവാങ്മൂലം തയ്യാറാക്കുമ്പോൾ G.O (P) No. 31/2018/fin dated 03.03.2018 ഉത്തരവിലെ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

വ്യവസ്ഥകൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണെന്നും, കേസുകൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ G.O (P) No. 144 / 2019 /fin dated 28.10.2019 ലെ വ്യവസ്ഥകൾ എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ കർശനമായും പാലിക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

9. തുടർന്ന് ബഹു. സുപ്രീംകോടതി UNION OF INDIA & ORS Vs ILMO DEVI & ANR (CIVIL APPEAL NOS. 5689-5690 OF 2021) കേസിൽ 07.10.2021 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും State of Karnataka Vs Uma Devi (3) & Others കേസിലെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ അപ്പീലിന് സ്കോപ്പുണ്ടോയെന്ന കാര്യത്തിൽ നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം തേടിയത് ചുവടെ ചേർക്കുന്നു.

" G.O.(P) No. 501/2005 dated 25.11.2005 deals with regularisation of casual sweepers and creation of posts in consultation with Finance Department. The claim of the employees based on the guidelines issued as per the G.O. was allowed by the Hon'ble High Court.

The power of the State as an employer is governed by Article 309 of Indian Constitution. The Article contemplates the drawing up of a procedure and rules to regulate the recruitment and conditions of service of persons serving the Union or a State.

**In Secretary, State of Karnataka v. Uma Devi(AIR 2006 SCC 1806),** the Hon'ble Supreme Court emphasized that when rules are framed under Article 309 of the Constituition of India, no regularization is permissible in exercise of the executive powers of the Government under Article 162 of the Constitution in contravention of the rules.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

In **Joy Joseph and another v. Institute of Human Resources Development (IHRD) and others (Writ Appeal No. 2084/2018)**, the Hon'ble High Court of Kerala directed that no regularisation can be granted to any temporary employess in the Government/its Departments/Statutory bodies including Local Self Government Institutions/Government Companies/Statutory Corporations/or in any institution like the IHRD where there is "deep and pervasive state control"/special purpose vehicles formed for implementing specific projects/institutions of the public importance and related to governmental functions etc. contrary to the express directions in Uma Devi's case.

In **Upendra Sigh v. State of Bihar and others (Civil Appeal No. 2356/2018)**, the Hon'ble Supreme Court held that irregular appointments can be regularised if the appointment was made by an authority competent to do so, it was made on a vacant sanctioned post in accordance with Article 14 of the constitution with equal opportunity for participation of the others eligible by competitive selection and candidate possessed the eligibility, qualifications for the regular appointment to the post.

In **Union of India and Others v. Ilmo Devi and another**, the Hon'ble Supreme Court stated that Part Time Employees are not entitled to seek regularisation as they are not working in sactioned posts.

Here, the employee accrued the right of regularisation by virtue of G.O.(P) No. 501/2005. The judgments above referred have not nullified the G.O. of 2005, by which the employees got right to continue in service. The decision rendered by the Hon'ble Supreme Court in Uma Devi's case is not a bar for the regularisation based on a previous G.O. In other words, judgment is not retrospective in effect.

In the circumstances, regularisation of the services of the employees working as casual labourers in view of the guidelines of the G.O.(P) No. 501/2005 cannot

be said to be an infraction to decision rendered by the Hon'ble Supreme Court. So, it is not prudent to prefer appeal challenging the verdict of the Hon'ble Administrative Tribunal and Hon'ble High Court."

10. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.10.2019 ലെ OA(Ekm)No.608/15 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനമെടുക്കേണ്ട വിഷയം</u>

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30.10.2019 ലെ OA(Ekm)No.608/15 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ കുപ്പാടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ആഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. വാസുവിനെ 26.09.2011 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

299

# കേരള സർക്കാർ
## (പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റ്റി 1/101/2016/റവ |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 806/15 നമ്പർ കേസിലെ 10.10.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഇരുളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർ, ശ്രീമതി പി.കെ. രാധാമണിയെ 10.09.2012 തിയ്യതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27.08.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ. |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06/09/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/09/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 01/10/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05/10/2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള ഹൈക്കോടതിയുടെ 07.01.2021 ലെ 118/2020 നമ്പർ OP(KAT)-ലെ വിധിന്യായ പ്രകാരം ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 806/2015 നമ്പർ കേസിലെ 10.10.2019 തീയതിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഇരുളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീമതി പി.കെ. രാധാമണിയെ 10.09.2012 തിയ്യതി പ്രാബല്യത്തിൽ ക്രമവൽകരിച്ചും ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. വയനാട് ജില്ലയിലെ ഇരുളം വില്ലേജ് ഓഫീസിൽ ശ്രീമതി പി.കെ. രാധാമണി കാഷ്വൽ സ്വീപ്പറായി 2000 ആഗസ്റ്റ് മുതൽ സേവനമനുഷ്ഠിച്ച് വരുന്നു. പ്രസ്തുത ഓഫീസ് 2012 ൽ നവീകരിച്ചതിനെ തുടർന്ന് സ്വീപ്പിംഗ് ഏര്യ 100.70 ച. മീ. ആയി അധികരിക്കുകയുണ്ടായി. തുടർന്ന് സ്വീപ്പിംഗ് ഏരിയ 100 ച. മീ. അധികരിച്ച തീയതിയായ 10.09.2012 മുതൽ പ്രാബല്യത്തിൽ ടി ഓഫീസിൽ 25.11.2005 ലെ സ.ഉ.(പി) 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിച്ച് ശ്രീമതി രാധാമണിക്ക് പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിലേയ്ക്കായി, പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ 8.10.2012 ലെ സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ് സഹിതം സുൽത്താൻ ബത്തേരി തഹസീൽദാർ സമർപ്പിച്ച പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ അനന്തര നടപടിക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു.കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ശ്രീമതി പി.കെ. രാധാമണി ഫയൽ ചെയ്ത OA (EKM) 806/2015 നമ്പർ കേസിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.10.2019-ലെ വിധിന്യായത്തിൽ, സുൽത്താൻ ബത്തേരി തഹസീൽദാർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിഗണിച്ച് ഇരുളം വില്ലേജ് ഓഫീസിൽ സ്വീപ്പിംഗ് ഏരിയ 100 ച.മീ. ആയി വർദ്ധിച്ച 10.09.2012 തീയതി മുതൽ പ്രാബല്യത്തിൽ ശ്രീമതി പി.കെ രാധാമണിയെ ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരിക്കുന്നതിനും തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നതിനും സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ഇരുളം വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ്ങ് ഏരിയ 100.70 ച.മീറ്ററിൽ കൂടുതൽ ആയത് 10.9.2012 ൽ ടി വില്ലേജ് ഓഫിസിൽ അധിക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ ആണെന്നു സത്യവാങ്മൂലത്തിൽ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. 25/11/2005 ലെ സ. ഉ (പി) നം.501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ 25/11/2005 തീയതിയിൽ ജോലി നോക്കി വരുന്ന താൽക്കാലിക സ്വീപ്പർമാർ മാത്രമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത് എന്നതിനാൽ 2012 ൽ അധിക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ സ്വീപ്പിങ്ങ് ഏരിയ 100 ച.മീ.ൽ അധികരിച്ച ഇരുളം



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ്ങ് ഏരിയയുടെ അടിസ്ഥാനത്തിൽ 10.9.2012 പ്രാബല്യത്തിൽ ശ്രീമതി രാധാമണിയെ സ്ഥിരപ്പെടുത്താൻ 25/11/2005 ലെ സ. ഉ (പി) നം.501/2005/ധന ഉത്തരവ് പ്രകാരം നിർവാഹമില്ലാത്തതാണ്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി അപ്പീൽ നൽകാൻ ഭരണ വകുപ്പിനോട്ട ആവശ്യപ്പെടുന്നു."

4. അപ്രകാരം OA (EKM) 806/2015 നമ്പർ കേസിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.10.2019-ലെ വിധിക്കെതിരെ OP (KAT) 118/2020 നമ്പർ അപ്പീൽ ഫയൽ ചെയ്തിരുന്നു. ബഹു.ഹൈക്കോടതിയുടെ 07.01.2021 ലെ ഉത്തരവ് പ്രകാരം ടി അപ്പീൽ നിരസിക്കുകയും OA (EKM) 806/15 നമ്പർ കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.10.2019 വിധി നടപ്പിലാക്കുന്നതിന് വിധിപകർപ്പ് ലഭ്യമായ തീയതി മുതൽ 2 മാസം കൂടി അനുവദിക്കുകയുമുണ്ടായി.

5. ഇക്കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ഇരുളം വില്ലേജിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി രാധാമണി പി. കെ 100 ച. മീറ്ററിൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉള്ള ഗവൺമെന്റ് ഓഫീസുകളിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് G.O(P) No. 501/2005/Fin dated 25/11/2005 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാർട്ട് - ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനത്തിന് അർഹതയുള്ളതിനാൽ അപ്രകാരം സ്ഥിരപ്പെടുത്തണമെന്ന് കാണിച്ച് ഫയൽ ചെയ്ത OA(EKM) NO. 806/2015 കേസിൽ സ്വീപ്പിംഗ് ഏരിയ 100 ച. മീറ്ററിൽ പൂർത്തിയായ 10.09.2012 തീയതി മുതൽ പ്രാബല്യത്തിൽ ടിയാരിക്ക് നിയമനം നൽകി തഹസീൽദാർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ ഒന്നാം എതിർകക്ഷി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് ഉത്തരവായിട്ടുള്ളത്. ആയതിനെതിരെ സർക്കാർ സമർപ്പിച്ച OP(KAT) 118/2020 കേസ് നിരസിച്ചു കൊണ്ടും ട്രിബ്യൂണലിന്റെ 10.10.2019 ലെ ഉത്തരവ് നടപ്പാക്കുന്നതിന് രണ്ടു മാസം അനുവദിച്ചും ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതിനാലും മറ്റു അപ്പീലുകൾ നിലവിലില്ലാത്തതിനാലും OA(EKM) No. 806/2015 ന്റെ 10.10.2019 ലെ വിധിന്യായം പാലിച്ച് 10.09.2012 തീയതി മുതൽ പ്രാബല്യത്തിൽ ശ്രീമതി പി. കെ.രാധാമണിയെ പാർട്ട്- ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

6. പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നതിൻമേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 ലെ സ.ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ്

തിയ്യതിയിൽ 100 ച. മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ 25/11/2005 തീയതിയിൽ ജോലി നോക്കി വരുന്ന താൽക്കാലിക സ്വീപ്പർമാർ മാത്രമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത് എന്നതിനാൽ 2012 ൽ അധിക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ സ്വീപ്പിങ്ങ് ഏരിയ 100 ച. മീ.-ൽ അധികരിച്ച ഇരുളം വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ്ങ് ഏരിയയുടെ അടിസ്ഥാനത്തിൽ 10.9.2012 പ്രാബല്യത്തിൽ ശ്രീമതി രാധാമണിയെ സ്ഥിരപ്പെടുത്താൻ 25/11/2005 ലെ സ.ഉ(പി) നം.501/2005/ധന ഉത്തരവ് പ്രകാരം നിർവാഹമില്ലാത്തതാകയാൽ 10.9.2012 പ്രാബല്യത്തിൽ ശ്രീമതി രാധാമണിയെ സ്ഥിരപ്പെടുത്തുന്നത് നിലവിലെ ഉത്തരവുകൾക്ക് വിരുദ്ധമാണെന്നതിനാൽ ആയതിനോട് ധനവകുപ്പിന് യോജിക്കാനാവില്ലെന്നും ബഹു ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ഭരണവകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നതോടൊപ്പം സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം കാഷ്വൽ/താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്നുള്ള 10.04.2018 ലെ സ. ഉ (പി) 58/2018/ധന -ഉത്തരവിലേക്കു കൂടി ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു."

7. മേൽ സാഹചര്യത്തിൽ കാഷ്വൽ/താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന്, 118/2020 OP(KAT)-ലെ 07.01.2021 ലെ വിധിന്യായ പ്രകാരം OA (EKM) 806/15 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10.10.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഇരുളം വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി രാധാമണിയെ 10.9.2012 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.10.2019 ലെ OA (EKM) 806/15 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഇരുളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി പി.കെ. രാധാമണിയെ 10.9.2012 തീയതി പ്രാബല്യത്തിൽ ടി തസ്തികയിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

**കേരള സർക്കാർ**
**(പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റ്റി 1/191/2017/റവ |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1998/18 നമ്പർ ഒ.എ.യിലെ 25.07.19 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട എൽ. എ. (ജനറൽ) സ്പെഷ്യൽ തഹസീൽദാർ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ, ശ്രീ. രാജഗോപാൽ സി.-യെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27.08.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ആണ്. |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03/09/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06/09/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 06/09/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07/09/2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1998/18 ലെ 25.07.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പത്തനംതിട്ട എൽ. എ (ജനറൽ) സ്പെഷ്യൽ തഹസീൽദാർ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ, ശ്രീ. രാജഗോപാൽ സി.യെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. പത്തനംതിട്ട എൽ. എ. (ജനറൽ) സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽ 06.05.1987 മുതൽ താല്ക്കാലിക അടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തു വന്നിരുന്ന ശ്രീ. രാജഗോപാൽ സി. യെ OA(E) 2128/17 നമ്പർ കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.07.2018 തിയതിയിലെ വിധിയുടെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാനെ സർക്കാർ ഉത്തരവ് തിയതി മുതൽ ക്രമവൽക്കരിക്കുന്നതിനും ശമ്പള കുടിശ്ശികയുണ്ടെങ്കിൽ ആയത് നൽകുന്നതിനും 10.08.2018 ലെ സ.ഉ.(സാധാ)നം.291/2018/റവ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

3. എന്നാൽ സർക്കാർ ഉത്തരവ് തിയതി മുതൽ ക്രമവൽക്കരിക്കുന്നതിന് പകരം ജോലിയിൽ പ്രവേശിച്ച തിയതി പ്രാബല്യത്തിൽ ടിയാനെ ക്രമവൽക്കരിക്കുന്നതിനായും തദനുസൃതമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായും ശ്രീ. രാജഗോപാൽ സി. വീണ്ടും ഫയൽ ചെയ്ത OA 1998/18 കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.07.2019 ലെ വിധിയിൽ, 25.11.2005-ലെ സ.ഉ.(പി)501/2005/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ച തീയതിയിൽ ഹർജിക്കാരൻ സേവനത്തിലുണ്ടായിരുന്നു എന്നതിനാൽ 10.08.2018 ലെ സ.ഉ.(സാധാ)നം.291/2018/റവ ഉത്തരവിലെ ക്രമവല്ക്കരണവും അനുബന്ധ ആനുകൂല്യങ്ങളും ഉത്തരവ് തീയതി മുതൽ മാത്രം അനുവദിച്ചിട്ടുള്ള ഭാഗം റദ്ദാക്കുകയും 25.11.2005-ലെ സ.ഉ.(പി)501/2005/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം ടിയാന് 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തലിന് അർഹതയുണ്ടെന്ന് നിരീക്ഷിച്ച ട്രൈബ്യൂണൽ തദനുസൃതമായ ഉത്തരവ് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനകം പുറപ്പെടുവിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു.

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ശ്രീ രാജഗോപാൽ സി. ജോലി ചെയ്തു വരുന്ന പത്തനംതിട്ട എൽ. എ ( ജനറൽ ) സ്പെഷ്യൽ തഹസീൽദാർ ഓഫീസ് ഒരു താൽക്കാലിക സംവിധാനമാണ്, കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടിയാൻ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പള സ്കെയിലും കൈപറ്റി വരുന്നുണ്ട്. സ . ഉ ( പി) 61/2010/ധന തിയതി 09.2.2011 ഉത്തരവിൽ താൽക്കാലിക സംവിധാനങ്ങളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കരുതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടിയാനെ ഒരു കാരണവശാലും സ്ഥിരപ്പെടുത്താൻ കഴിയുന്നതല്ല. കൂടാതെ സർക്കാരിന്റെ സാമ്പത്തിക ഞെരുക്കം കണക്കിലെടുത്ത് സ്ഥിരപ്പെടുത്തലുകൾ എല്ലാം തന്നെ ഉത്തരവ് തിയതി പ്രാബല്യത്തിൽ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

മാത്രം എന്ന സ. ഉ ( പി ) 58/2018/ധന തിയതി 10.4.2018 പ്രകാരം അറിയിച്ചിട്ടുള്ളതാണ്. മന്ത്രി സഭായോഗ തീരുമാന പ്രകാരമാണ് ടിയാനെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ടി സാഹചര്യത്തിൽ OA 1998/18 ൻ മേൽ 25.07.2019 ന് പുറപ്പെടുവിച്ചിട്ടുള്ള വിധി പ്രകാരം 18.6.2001 തിയതി പ്രാബല്യത്തിൽ ശ്രീ രാജഗോപാൽ സി. ക്ക് മുൻകാല ക്രമവൽകരണം നൽകാൻ സ . ഉ ( പി ) 61/2010/ ധന തിയതി 09.2.2010, സ . ഉ ( പി) 58/2018/ധന തിയതി 10.4.2018 ഉത്തരവുകൾ പ്രകാരം കഴിയില്ല. നിലവിലെ സർക്കാർ ഉത്തരവിനും കാബിനറ്റ് തീരുമാനത്തിനും എതിരായ വിധി ആയതിനാൽ അപ്പീൽ ഫയൽ ചെയ്യാൻ ഭരണ വകുപ്പിനോട്ട ആവശ്യപ്പെടുന്നു."

5. അപ്രകാരം OA 1998/18 കേസിന്റെ 25.07.2019 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും അപ്പീലിന് സ്കോപ്പില്ല എന്ന് ഗവ.പ്ലീഡർ അറിയിച്ചിരുന്നു. ഇതിനിടെ ടി വിധി നടപ്പിലാക്കാത്തതിനാൽ ശ്രീ. രാജഗോപാൽ സി. ഫയൽ ചെയ്ത 25/2020 നമ്പർ കോടതിയലക്ഷ്യത്തിൽ ബഹു ട്രൈബ്യൂണലിന്റെ 09.03.2021 ലെ ഇടക്കാല ഉത്തരവിൽ OA 1998/18 കേസിലെ 25.07.19 ലെ വിധി നടപ്പിലാക്കി ഉത്തരവ് 3 ആഴ്ചയ്ക്കകം ഹാജരാക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

6. ആയതിനാൽ ബഹു ട്രൈബ്യൂണലിന്റെ 25.07.2019 ലെ OA 1998/18 കേസിലെ വിധി നടപ്പിലാക്കുന്നതിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"OA 1998/18 കേസിലെ 25.07.2019 ലെ വിധിക്കെതിരെ OP (KAT) ഫയൽ ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞപ്പോൾ ഇത്തരം കേസുകളിൽ ഡിവിഷൻ ബെഞ്ചിനു മുന്നിലുണ്ടായിരുന്ന batch of OP (KAT)s serious observation- നോട്ടു കൂടി കോടതി നിരാകരിച്ചിട്ടുള്ളതിനാൽ സമാനമായ കേസുകളിൽ ഇനി OP (KAT) ഫയൽ ചെയ്യേണ്ടതില്ല എന്നതാണ് AG- യുടെ നിലപാടെന്ന് ഗവ . പ്ലീഡർ അറിയിച്ചിട്ടുള്ളതായി ഭരണവകുപ്പ് സൂചിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ OA 1998/18 കേസിന്റെ 25.07.19 ലെ വിധിയുടെ അടിസ്ഥാനത്തിൽ 18.6.2001 തിയതി പ്രാബല്യത്തിൽ ശ്രീ രാജഗോപാൽ സി ക്ക് മുൻകാല ക്രമവൽകരണം നൽകുന്നതിൻമേൽ ധനകാര്യ വകുപ്പിന് യോജിക്കാൻ കഴിയുകയില്ലെന്ന മുൻ അഭിപ്രായത്തിൽത്തന്നെ ഉറച്ചുനിൽക്കുന്നതായും, ടി കേസിന്മേൽ ഭരണ വകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതുമാണെന്നും അറിയിക്കുന്നു. "

7. മേൽ സാഹചര്യത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1998/18 ലെ 25.07.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട എൽ. എ (ജനറൽ) സ്പെഷ്യൽ തഹസീൽദാർ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ, ശ്രീ. രാജഗോപാൽ സി.യെ 18.06.2001 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറായി ക്രമവൽക്കരിച്ച് തദനുസൃതമായ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ആനുകൂല്യങ്ങൾ നൽകുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1998/18 ലെ 25.07.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട എൽ. എ (ജനറൽ) സ്പെഷ്യൽ തഹസീൽദാർ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ, ശ്രീ. രാജഗോപാൽ സി.യെ 18.06.2001 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറായി ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

717

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/353/2017-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(EKM)511/2018 നമ്പർ കേസിലെ 01.03.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ പട്ടിമറ്റം വില്ലേജാഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീ. എൻ. എ. ബാലകൃഷ്ണനെ ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 27.02.2011 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16.04.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ. വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.04.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.05.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 05.05.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 09.05.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(EKM)511/2018 നമ്പർ കേസിലെ 01.03.2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ പട്ടിമറ്റം വില്ലേജാഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. എൻ. എ. ബാലകൃഷ്ണനെ, ടി വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 27.02.2011 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ. എൻ. എ. ബാലകൃഷ്ണൻ 1994 മുതൽ പട്ടിമറ്റം വില്ലേജാഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന് പാർട്ട് ടൈം സ്വീപ്പറുടെ ശമ്പള സ്കെയിൽ 2003 സെപ്റ്റംബർ വരെ കുന്നത്തുനാട് തഹസീൽദാർ അനുവദിച്ചിരുന്നു. സ്കെയിൽ ഓഫ് പേ നിർത്തലാക്കിയതിനെ തുടർന്ന് ശ്രീ. എൻ. എ. ബാലകൃഷ്ണനും മറ്റ് മൂന്നുപേരും ചേർന്ന് WP(C) 10353/10 നമ്പർ കേസ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നു. ടി കേസിൽ ബഹു. ഹൈക്കോടതിയുടെ 26.07.2010 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ പുനർ നിർണ്ണയിച്ചപ്പോൾ ടി ഓഫീസിന്റെ വിസ്തീർണ്ണം 100 ച.മീ. ൽ താഴെയായിരുന്നതിനാൽ ശ്രീ. എൻ. എ. ബാലകൃഷ്ണന് പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളസ്കെയിൽ അനുവദിച്ചിരുന്നില്ല.

3. തുടർന്ന് ടിയാൾക്കാരെ ടെർമിനേറ്റ് ചെയ്യുന്നതിനെതിരെയും പാർട്ട് ടൈം സ്വീപ്പറുടെ ശമ്പള സ്കെയിൽ 2003 സെപ്റ്റംബർ/ഒക്ടോബർ മുതൽ ലഭ്യമാക്കണമെന്നും 2000 മുതൽ സ്ഥിരപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ശ്രീ. എൻ. എ. ബാലകൃഷ്ണനും മറ്റ് മൂന്ന് പേരും ചേർന്ന് ഫയൽ ചെയ്ത WP(C) 38382/2010 നമ്പർ കേസ് T. A. 516/2013 ആയി ബഹു. ട്രൈബ്യൂണലിലേയ്ക്ക് മാറ്റിയിരുന്നു. ഇതിനിടെ ടി വില്ലേജ് ഓഫീസ് 143.88 ച.മീ. വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിൽ 27.02.2011 മുതൽ പ്രവർത്തനം ആരംഭിച്ചു. അതിനാൽ 25.11.2005 ലെ സ. ഉ. (പി) 501/2005/ധന. പ്രകാരം ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാനെ 27.02.2011 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി എറണാകുളം ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ശിപാർശ ചെയ്ത് ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഇതേ ആവശ്യം ഉന്നയിച്ച് ശ്രീ. എൻ. എ. ബാലകൃഷ്ണനും 27.09.2017 ൽ സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 13.07.2017 ലെ ഉത്തരവിൽ വിധിപ്പകർപ്പ് ലഭ്യമായി മൂന്നു മാസത്തിനകം ടി കേസിലെ മൂന്നാം ഹർജി കക്ഷിയായ ശ്രീ. എൻ. എ. ബാലകൃഷ്ണനെ ക്രമവൽക്കരിക്കുന്ന വിഷയത്തിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പട്ടിമറ്റം വില്ലേജാഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ ധനകാര്യ ചീഫ് ടെക്നിക്കൽ എക്സാമിനർ പുന:നിർണ്ണയിക്കുകയും താൽക്കാലിക റൂഫിങ് ചെയ്ത ഭാഗങ്ങൾ, റെക്കോർഡ് റൂം, കാർ പോർച്ച് എന്നിവ ഒഴിവാക്കി ടി ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 90.85 ച. മീ. ആണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. അതിന്റെ വെളിച്ചത്തിൽ പട്ടിമറ്റം വില്ലേജാഫീസിൽ പി.റ്റി.എസ്. തസ്തിക സൃഷ്ടിച്ച് ശ്രീ. എൻ. എ. ബാലകൃഷ്ണനെ പി.റ്റി.എസ്. തസ്തികയിൽ ക്രമീകരിക്കുന്നതിന് നിർവാഹമില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ 17.01.18 ലെ സ. ഉ. (ആർ. ടി) 187/18/റവ ഉത്തരവ് പ്രകാരം സർക്കാർ നിരസിക്കുകയുണ്ടായി.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

4. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. എൻ. എ. ബാലകൃഷ്ണൻ OA(EKM)511/18 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01.03.2021 ലെ വിധിന്യായത്തിൽ, 17.01.18 ലെ സർക്കാർ ഉത്തരവ് (Annexure A7) റദ്ദാക്കിയ ട്രൈബ്യൂണൽ ടി വില്ലേജ് ആഫീസിലെ റെക്കോർഡ് റൂമിന്റെയും കാർ പോർച്ചിന്റെയും ഉപയോഗത്തെക്കുറിച്ചും ടി പ്രദേശങ്ങൾ പതിവായി വൃത്തിയാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിശദമായ റിപ്പോർട്ട് വിധിപ്പകർപ്പ് കൈപ്പറ്റി ഒരു മാസത്തിനകം രണ്ടാം എതിർകക്ഷിയായ ലാൻഡ് റവന്യൂ കമ്മീഷണർക്ക് ലഭ്യമാക്കുവാൻ മൂന്നാം എതിർ കക്ഷിയായ എറണാകുളം കളക്ടർക്കും, ടി റിപ്പോർട്ട് ലഭ്യമായി മൂന്നാഴ്ചയ്ക്കകം ടി പ്രൊപ്പോസൽ ശിപാർശ സഹിതം സർക്കാരിൽ ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്കും, പ്രസ്തുത പ്രൊപ്പോസലും റിപ്പോർട്ടും ലഭ്യമായി രണ്ട് മാസത്തിനകം ടി വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീ. എൻ. എ. ബാലകൃഷ്ണനെ ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പുനഃപരിശോധിച്ച് തദനുസൃതമായ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനും നിർദ്ദേശം നല്കിയിരുന്നു. ടി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ടിയാന്റെ ക്രമപ്പെടുത്തൽ 27.02.2011 തീയതി പ്രാബല്യത്തിലായിരിക്കണമെന്നും നിർദ്ദേശം നൽകുകയുണ്ടായി.

5. അപ്രകാരം, ശ്രീ. എൻ. എ. ബാലകൃഷ്ണനെ ക്രമവൽക്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ, 12.11.2021 ലെ പെരുമ്പാവൂർ P W D അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് , Plan, Calculation Statement എന്നിവ സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. പട്ടിമറ്റം വില്ലേജ് ഓഫീസിന്റെ Record Room, Waiting area ദിവസേന വൃത്തിയാക്കേണ്ടതുണ്ടെന്നും ടി വില്ലേജ് ഓഫീസ് Record Room, Waiting area ഉൾപ്പെടെ 100.61 ച. മീ. സ്വീപ്പിങ് ഏര്യ ഉണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

6. ടി വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"As per the existing orders, sweepers other than Casual Sweepers are eligible for regularisation if they have continuous service as on 25/11/2005 with sweeping area of the Office in which they are engaged greater than 100 sq. m. during the above date. In this case the above condition is not satisfied. Hence AD is requested to take action to file appeal against the judgement dated 01/03/2021 after obtaining the remarks of Law Dept."

7. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"In OA (EKM) 511/2018 Hon'ble KAT Thiruvananthapuram in this judgment dated 01.03.2021 set aside the G.O(Rt)No. 187/2018/Rev and directed the third Respondent to forward the report on the usage of the record room and the car porch of the office and as to requirement of those areas to be swept regularly. And also directed to first respondent to issue order sanctioning the post of Part Time Sweeper. From this judgment it is very clear that Hon'ble



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

KAT denied the report of Chief Technical Examiner and set aside the G.O(Rt) No. 187/2018/REV based on that report. So judgment of Hon'ble KAT is standing and reasonable and no scope for successful Appeal in this judgment."

8. ഇതിനിടെ O. A. (EKM)511/2018 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 01.03.2021 ലെ വിധി നടപ്പിലാക്കാത്തതിനെതിരെ ശ്രീ. എൻ. എ. ബാലകൃഷ്ണൻ കോടതിയലക്ഷ്യം ഫയൽ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസ് 22.03.2022 ൽ പരിഗണിച്ച ബഹു. ട്രൈബ്യൂണൽ ഈ വിഷയത്തിൽ കംപ്ലയൻസ് ഓർഡർ/ഇൻസ്ട്രക്ഷൻസ് ലഭ്യമാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ടെന്നും സീനിയർ ഗവ. പ്ലീഡർ അറിയിച്ചിരുന്നു.

9. മേൽ സാഹചര്യത്തിലും, സമാന കേസുകളിൽ ബഹു. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഫയൽ ചെയ്ത അപ്പീലുകൾ നിരസിച്ചിട്ടുള്ള വസ്തുതയും മന്ത്രിസഭയുടെ അനുമതിയോടെ നിരവധി കാഷ്വൽ സ്വീപ്പർമാർക്ക് മുൻകാല പ്രാബല്യത്തോടെ അവരുടെ സേവനം ക്രമവൽക്കരിച്ചിട്ടുള്ള വസ്തുതയും കണക്കിലെടുത്ത് O.A(EKM)511/2018 കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 01.03.2021 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി ധന വകുപ്പിന്റെ അഭിപ്രായം മറികടന്ന്, എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ പട്ടിമറ്റം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, കാഷ്വൽ സ്വീപ്പറായ ശ്രീ. എൻ. എ. ബാലകൃഷ്ണനെ, ടി വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 27.02.2011 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതുണ്ട്.

10. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01.03.2021 ലെ O.A(EKM)511/2018 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ പട്ടിമറ്റം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, കാഷ്വൽ സ്വീപ്പറായ ശ്രീ. എൻ. എ. ബാലകൃഷ്ണനെ, ടി വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 27.02.2011 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?

372

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റ്റി 1/188/2017/റവ |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 2362/18 നമ്പർ OA ലെ 17.10.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട റീസർവ്വേ സൂപ്രണ്ടാഫീസ്-2 -ൽ പാർട്ട് ടൈം സ്വീപ്പറായ റോസമ്മ വർഗ്ഗീസ്- നെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13.10.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ആണ്. |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.11.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.11.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08.11.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 09.11.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2362/2018 നമ്പർ കേസിലെ 17.10.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട റീസർവ്വേ സൂപ്രണ്ടാഫീസ്-2 ൽ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി റോസമ്മ വർഗ്ഗീസ്-നെ മുൻകാല പ്രാബല്യത്തോടെ 18.06.2001 തീയതി മുതൽ ക്രമവൽക്കരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി റോസമ്മ വർഗ്ഗീസ് പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട റീസർവ്വേ സൂപ്രണ്ടാഫീസ്-2 -ൽ 1.12.1998 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചു വന്നിരുന്നു. പ്രസ്തുത ഓഫീസും അതിനോടനുബന്ധിച്ചുള്ള 3 ഹെഡ്സർവ്വേയർ ഓഫീസുകളും 03.06.2001 മുതൽ പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. ടി കെട്ടിടത്തിന്റെ സ്വീപ്പിങ് ഏരിയ 253.05 ച. മീ. ആയിരുന്നു. 2007 മുതൽ പത്തനംതിട്ട റീസർവ്വേ ഓഫീസിലും 3 ഹെഡ് സർവ്വേയർ ഓഫീസുകളിലും ശ്രീമതി റോസമ്മ മാത്രമാണ് സ്വീപ്പിങ് ജോലി ചെയ്തിരുന്നത്. തുടർന്ന് 25.11.2005 ലെ സ.ഉ(പി)501/2005/ധന. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി റോസമ്മ വർഗ്ഗീസിനെ ക്രമവൽക്കരിക്കുന്നതിലേക്കായി ടിയാരി അപേക്ഷ സമർപ്പിക്കുകയും ടെമ്പററി എസ്റ്റാബ്ലിഷ്മെന്റിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക അനുവദനീയമല്ലാത്തതിനാൽ 15.03.2017 ലെ സ.ഉ(സാധാ)നം.1116/2017/RD പ്രകാരം സർക്കാർ പ്രസ്തുത അപേക്ഷ നിരസിക്കുകയുമുണ്ടായി. ഇതിനെതിരെ ടിയാരി ബഹു. ട്രൈബ്യൂണൽ മുമ്പാകെ OA(EKM)No. 895/17 ഫയൽ ചെയ്യുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03.07.2017 ലെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി റോസമ്മ വർഗ്ഗീസ്-നെ ഉത്തരവ്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

തിയ്യതി പ്രാബല്യത്തിൽ 03.10.18 ലെ സ . ഉ ( സാധാ ) 4037/18 നമ്പർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുകയുമുണ്ടായി.

3. എന്നാൽ സർക്കാർ ഉത്തരവ് തീയതി (03.10.2018) മുതൽ ക്രമവൽക്കരിക്കുന്നതിനു പകരം 25.11.2005 ലെ സ.ഉ (പി)501/2005/ധന. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.06.2001 പ്രാബല്യത്തിൽ ക്രമവൽക്കരിക്കുന്നതിനായി 03.10.2018 ലെ സർക്കാർ ഉത്തരവിനെതിരെ ശ്രീമതി റോസമ്മ വർഗ്ഗീസ് OA 2362/2018 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 17.10.2019 ലെ വിധിയിൽ ഹർജിക്കാരി 1998 മുതൽ തുടർച്ചയായി സേവനത്തിലുണ്ടായിരുന്നതിനാൽ ടിയാരിക്ക് 18.06.2001 മുതൽ എല്ലാവിധ ആനുകൂല്യങ്ങളോടും കൂടി ക്രമവൽക്കരണത്തിന് അർഹതയുണ്ടെന്ന് നിരീക്ഷിച്ച ട്രൈബ്യൂണൽ വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ രണ്ടു മാസത്തിനകം ശ്രീമതി റോസമ്മ വർഗ്ഗീസ്-നെ പത്തനംതിട്ട റീസർവ്വേ സൂപ്രണ്ടാഫീസ്-2-ൽ 18.06.2001 മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാരിയെ അന്ന് മുതൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകണമെന്ന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പാർട്ട് ടൈം സ്വീപ്പറുടെ സ്ഥിര തസ്തിക ഉത്തരവ് തീയതി മുതൽ അതായത് 03.10.2018 മുതൽ സൃഷ്ടിച്ച് പ്രസ്തുത തീയതി മുതൽ മാത്രം ടിയാരിയെ ക്രമീകരിച്ചിട്ടുള്ള അനക്സർ A10 ഉത്തരവിലെ ഭാഗം റദ്ദാക്കുകയുണ്ടായി.

4. 18.06.2001 മുതൽ മുൻകാല പ്രാബല്യത്തോടെ ടിയാരിയെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ഭരണ വകുപ്പ് ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ( ഭ വ Note92) ഫയൽ ചെയ്ത SOF ൽ ധന വകുപ്പ് ആവശ്യപ്പെട്ട പ്രകാരം സ . ഉ ( പി ) 58/2018/ ധന തിയതി 10.4.2018 ചൂണ്ടികാണിച്ചതായി കാണുന്നില്ല . സ . ഉ ( പി ) 58/2018/ ധന തിയതി 10.4.2018 പ്രകാരം പി . റ്റിഎസ് തസ്തികയിൽ കാഷ്വൽ സ്വീപ്പറിനെ സ്ഥിരപ്പെടുത്തുമ്പോൾ ഉത്തരവ് തിയതി മുതൽ മാത്രം പ്രാബല്യം നൽ

കേണ്ടതാണെന്നു വ്യക്തമാക്കിയിട്ടുണ്ടു . ടി സാഹചര്യത്തിൽ സ . ഉ ( പി ) 58/2018/ ധന തിയതി 10.4.2018 ലെ വസ്തുത ചൂണ്ടി കാണിച്ച് OA 2362/18 ന്റെ 02.7.2019 ലെ വിധിക്കെതിരെ അപ്പീൽ നൽകേണ്ടതാണെന്ന് അറിയിക്കുന്നു."

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം OA 2362/18 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17.10.2018 ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന്മേൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"As a matter of fact GO(Rt)No. 501/2005/Fin dated 25.11.2005 did not classify the Government Offices functioning in Government owned premises and Government Offices on leasehold premises. An explanation could be seen in GO(P) No. 62/Fin/2010. However the explanation given effect from the date of this order on 09.02.2010.

Kerala Administrative Tribunal in OA 2362/2018 filed by Smt. Rosamma Varghese , a casual sweeper, who has been in service from 01.12.1998 held that, she is entitled for regularisation with consequent benefits with effect from 18.06.2001. This is in contemplation of the spirit of the directions in GO(P) No. 501/2005/Fin Dated 25.11.2005. A leasehold premise, where Government office functions will also be covered by the Government Order dated 25.11.2005 is settled by the Division Bench in WA No. 2199/2009. There is no scope for appeal against the order in OA No. 2362/2018."

**6.** OA 2362/18 ന്റെ 17.10.2019 ലെ വിധിക്കെതിരെ അപ്പീലിന് സ്കോപ്പില്ല എന്ന് ഗവൺമെന്റ് പ്ലീഡറും നിയമോപദേശം ലഭ്യമാക്കിയിരുന്നു. കൂടാതെ മേൽ വിധി നടപ്പിലാക്കാത്തതിനെതിരെ ശ്രീമതി റോസമ്മ വർഗ്ഗീസ് 127/2021 നമ്പർ കോടതിയലക്ഷ്യം ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ട്രൈബ്യൂണലിന്റെ 05.10.2021 ലെ ഉത്തരവ് പ്രകാരം ഹർജിക്കാരിയുടെ സേവനം ക്രമവൽക്കരിച്ച് ഒ.എ യിലെ നിർദ്ദേശം പാലിച്ച കൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിലേയ്ക്കായി കേസ് 17.11.2021 ലേയ്ക്ക് മാറ്റി വച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"10.4.2018-ലെ സ . ഉ ( പി ) 58/2018/ ധന ഉത്തരവ് പ്രകാരം പി . റ്റി എസ് തസ്തികയിൽ കാഷ്വൽ സ്വീപ്പറിനെ സ്ഥിരപ്പെടുത്തുമ്പോൾ ഉത്തരവ് തിയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്ന വ്യക്തമാക്കിയിട്ടുള്ളതിനാൽ ശ്രീമതി റോസമ്മ വർഗ്ഗീസ് 18.06.2001 മുതൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനോട് ധനകാര്യ വകുപ്പിന് യോജിക്കാൻ കഴിയില്ലെന്നും, OA 2362/18 നമ്പർ ഹർജിയിൽ ബഹു:ട്രൈബ്യൂണലിന്റെ 17.10.19 ലെ വിധിക്കെതിരെ അപ്പീലിന് സ്കോപ്പില്ലെന്ന് നിയമവകുപ്പും, ഗവ: പ്ലീഡറും അഭിപ്രായപ്പെട്ടിട്ടുള്ള സാഹചര്യത്തിലും, ടി വിധി നടപ്പിലാക്കാത്തതിനെതിരെ ശ്രീമതി റോസമ്മ വർഗ്ഗീസ്സ് ഫയൽ ചെയ്ത 127/2021 നമ്പർ കോടതിയലക്ഷ്യം ബഹു:ട്രൈബ്യൂണൽ 11.08.2021 ന് പരിഗണിക്കുകയും 3-09-2021 ന് compliance order ആവശ്യപ്പെട്ടിട്ടുണ്ടെന്നും എ. ജി അറിയിച്ചിട്ടുള്ള സാഹചര്യത്തിലും , ടി വിധിന്യായം നടപ്പിലാക്കുന്നതിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനം എടുക്കാവുന്നതാണെന്നും അറിയിക്കുന്നു."

7. തുടർന്ന് ബഹു.സുപ്രീംകോടതി UNION OF INDIA & ORS Vs ILMO DEVI & ANR (CIVIL APPEAL NOS. 5689-5690 OF 2021) കേസിൽ 07.10.2021 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും State of Karnataka Vs Uma Devi (3) & Others കേസിലെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ അപ്പീലിന് സ്കോപ്പുണ്ടോയെന്ന കാര്യത്തിൽ നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം തേടിയത് ചുവടെ ചേർക്കുന്നു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

" G.O.(P) No. 501/2005 dated 25.11.2005 deals with regularisation of casual sweepers and creation of posts in consultation with Finance Department. The claim of the employees based on the guidelines issued as per the G.O. was allowed by the Hon'ble High Court.

The power of the State as an employer is governed by Article 309 of Indian Constitution. The Article contemplates the drawing up of a procedure and rules to regulate the recruitment and conditions of service of persons serving the Union or a State.

In **Secretary, State of Karnataka v. Uma Devi(AIR 2006 SCC 1806)**, the Hon'ble Supreme Court emphasized that when rules are framed under Article 309 of the Constituition of India, no regularization is permissible in exercise of the executive powers of the Government under Article 162 of the Constitution in contravention of the rules.

In **Joy Joseph and another v. Institute of Human Resources Development (IHRD) and others (Writ Appeal No. 2084/2018)**, the Hon'ble High Court of Kerala directed that no regularisation can be granted to any temporary employess in the Government/its Departments/Statutory bodies including Local Self Government Institutions/Government Companies/Statutory Corporations/or in any institution like the IHRD where there is "deep and pervasive state control"/special purpose vehicles formed for implementing specific projects/institutions of the public importance and related to governmental functiions etc. Contrary to the express directions in Uma Devi's case.

In **Upendra Sigh v. State of Bihar and others (Civil Appeal No. 2356/2018)**, the Hon'ble Supreme Court held that irregular appointments can be regularised if the appointment was made by an authority competent to do so, it was



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

made on a vacant sanctioned post in accordance with Article 14 of the constitution with equal opportunity for participation of the others eligible by competitive selection and condidate possessed the eligibility, qualifications for the regular appointment to the post.

In **Union of India and Others v. Ilmo Devi and another**, the Hon'ble Supreme Court stated that Part Time Employees are not entitled to seek regularisation as they are not working in sactioned posts.

Here, the employee accrued the right of regularisation by virtue of G.O.(P) No. 501/2005. The judgments above referred have not nullified the G.O. of 2005, by which the employees got right to continue in service. The decision rendered by the Hon'ble Supreme Court in Uma Devi's case is not a bar for the regularisation based on a previous G.O. In other words, judgment is not retrospective in effect.

In the circumstances, regularisation of the services of the employees working as casual labourers in view of the guidelines of the G.O.(P) No. 501/2005 cannot be said to be an infraction to decision rendered by the Hon'ble Supreme Court. So, it is not prudent to prefer appeal chanllenging the verdict of the Hon'ble Administrative Tribunal and Hon'ble High Court."

8. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17.10.2019 ലെ OA 2362/18 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17.10.2019 ലെ OA 2362/18 നമ്പർ കേസിലെ വിധിന്യായത്തിന്റെ

അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട റീസർവ്വേ സൂപ്രണ്ടാഫീസ്-2 ൽ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി റോസമ്മ വർഗ്ഗീസ് -ന്റെ സേവനം മുൻകാല പ്രാബല്യത്തോടെ 18.06.2001 തീയതി മുതൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

| | | |
|---|---|---|
| | കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | |
| 1. | ഫയൽനമ്പർ | റവ-റ്റി1/541/2017-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(Ekm) 3076/2017 നമ്പർ കേസിലെ 17.03.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം സർവ്വേ സൂപ്രണ്ട് ഓഫീസ് (ALC) -ൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി രാജമ്മ കെ. ടി. യെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11.01.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ. വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31.01.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.02.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.02.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.02.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 3076/17 നമ്പർ കേസിലെ 17.03.2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം സർവ്വേ സൂപ്രണ്ട് ഓഫീസ് (ALC) -ൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി രാജമ്മ കെ. ടി. യെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി രാജമ്മ കെ. ടി. ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ഭൂമി പതിവ് ഓഫീസിൽ 01.07.1994 മുതൽ 31.08.2002 വരെ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തിരുന്നു. പ്രസ്തുത ഓഫീസ് നിർത്തലാക്കിയതിനെ തുടർന്ന് നെടുങ്കണ്ടം സർവ്വേ സൂപ്രണ്ട് ഓഫീസ് (ALC) യിൽ ടിയാരി 01.09.2002 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. WP(C) No. 17600/2003 കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 03.09.2003 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാരി 25.11.1998 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറുടേതിനു തുല്യമായ വേതനം കൈപ്പറ്റി വരുന്നു.

3. ALC ഓഫീസ്, ലാൻഡ് അസൈൻമെന്റ് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, സ്പെഷ്യൽ തഹസീൽദാറുടെ ഓഫീസ് (LA) എന്നീ ഓഫീസുകൾ പ്രവർത്തിച്ചിരുന്ന ഇടുക്കി നെടുങ്കണ്ടം കരിഗാട്ടിൽ ബിൽഡിങ്ങിന്റെ സ്വീപ്പിങ് ഏരിയ നെടുങ്കണ്ടം പി. ഡബ്ല്യു. ഡി. (ബിൽഡിങ്സ്) അസി. എൻജിനീയറുടെ 21.12.2006 ലെ റിപ്പോർട്ട് പ്രകാരം 209.07 ച. മീ. ആയിരുന്നു. ലാൻഡ് അസൈൻമെന്റ് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിന്റെ പ്രവർത്തനം 31.08.2002-ൽ നിർത്തലാക്കുകയും, ഹർജിക്കാരിയെ 01.09.2002-ൽ മാറ്റി നിയമിക്കപ്പെട്ട ALC ഓഫീസിന്റെ പ്രവർത്തനം 100 ച. മീ. താഴെ സ്വീപ്പിങ് ഏരിയ ഉള്ള കെട്ടിടത്തിലേക്ക് 01.09.2002 മുതൽ മാറ്റുകയുമുണ്ടായി. തുടർന്ന് 2013 ൽ ടി ഓഫീസ് 112.44 ച. മീ. വിസ്തീർണ്ണമുള്ള മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനമാരംഭിച്ചു.

4. ഇതിനെ തുടർന്ന്, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രാജമ്മ കെ. ടി. സർക്കാർ മുമ്പാകെ ഒരു ഹർജി സമർപ്പിച്ചിരുന്നു. കൂടാതെ പ്രസ്തുത ഹർജി സമയബന്ധിതമായി തീർപ്പാക്കുന്നതിനും, ടിയാരിക്ക് 18.06.2001 പ്രാബല്യത്തിലോ 01.09.2002 പ്രാബല്യത്തിലോ സ്ഥിരപ്പെടുത്താൻ നിർദ്ദേശം നല്കണമെന്നും ആവശ്യപ്പെട്ട് ടിയാരി OA(EKM) 3076/17 നമ്പർ കേസ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17.03.2021 ലെ വിധിയിൽ, Annexure A6 ഉത്തരവിന്റെ (25.11.2005 ലെ സ.ഉ(പി) 501/2005/ധന ഉത്തരവിന്റെ) അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ സേവനം 18.06.2001 മുതൽ ക്രമവൽക്കരിച്ചും തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചും വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ 3 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

5. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 കാലയളവിൽ ശ്രീമതി രാജമ്മ കെ. ടി. ജോലി ചെയ്തിരുന്ന ഓഫീസിന്റെ സ്വീപ്പിംഗ് ഏരിയ 100 ച. മീ. യോ / അതിൽ അധികമോ ആണെന്ന് തെളിയിക്കുന്ന സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റ് ഭ.വ. ഫയലിൽ ലഭ്യമല്ലാത്തതിനാലും, ശ്രീമതി രാജമ്മ കെ. ടി. -യെ പി.ടി.എസ്. തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ 05.3.2016 ന് മുൻപ് സർക്കാരിൽ ലഭ്യമായിട്ടില്ലാത്തതിനാലും, ടിയാരി ജോലി ചെയ്തിരുന്നത് താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റിൽ ആയിരുന്നുവെന്നതിനാലും 25/11/2005 തിയ്യതിയിലെ സ. ഉ ( പി ) നം. 501/2005/ധന ഉത്തരവ്, 9.2.2010- ലെ സ. ഉ (പി) നം. 61/2010/ധന ഉത്തരവ്, 05.3.2016 ലെ സർക്കുലർ 19/2016/ധന എന്നിവ പ്രകാരം 18.06.2001 മുതൽ മുൻകാല പ്രാബല്യത്തോടെ പാർട്ട് ടൈം സ്വീപ്പറായി സ്ഥിരപ്പെടുത്തുന്നതിന് ശ്രീമതി രാജമ്മ കെ. ടി. അർഹയല്ലെന്നും 18.06.2001 തീയതി പ്രാബല്യത്തോടെ ക്രമവൽക്കരിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാരി ഫയൽ ചെയ്ത OA(EKM) 3076/17 നമ്പർ കേസിന്റെ 17.03.2021 ലെ വിധിയോട് ധനവകുപ്പിന് യോജിക്കാൻ കഴിയില്ലെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

6. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നിർദ്ദേശത്തിന്മേൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" In OA (EKM) 3076/2017 Hon'ble KAT Thiruvananthapuram in its judgment dated 17.03.2021 categorically stated that no distinction is made between permanent and temporary establishments in Annexure A6 order (ie. G.O(P) No.501/2005/Fin dated 25.11.2005) and also held that as regards G.O(P) No.61/2010/Fin dated 09.02.2010 it is to be noted that the said order was issued more than 15 years after she was engaged as the casual sweeper. But in the meantime she has acquired certain rights for regularisation, by virtue of annexure-A6 order, and those rights cannot be taken away by an order issued years later. Hence applicant is entitled for regularisation from 18.06.2001.

From this it is clear that the Hon'ble KAT Thiruvananthapuram specifically denied the argument raised in reply statement by Administrative Department regarding temporary establishment and G.O(P) No.61/2010/Fin dated 09.02.2010.

There is no scope for successful appeal against the judgment of Hon'ble KAT in OA(EKM)No.3076 of 2017 dated 17.03.2021. "

7. ബഹു. ട്രൈബ്യൂണലിന്റെ പ്രസ്തുത ഉത്തരവിനെതിരെ അപ്പീലിന് സാധ്യതയില്ല എന്ന നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ബഹു. ട്രൈബ്യൂണലിന്റെ ടി ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

" AD is informed that Finance Department stick to it's earlier stand (details in Note#55 of AD file) on the ground that



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1. She was working in a temporary establishment from 01.07.1994 to 01.09.2002.
2. The applicant has submitted application for regularization only on 21/12/2017. "

8. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ഇടുക്കി നെടുങ്കണ്ടം സർവ്വേ സൂപ്രണ്ട് (ALC) ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി രാജമ്മ കെ.ടി. യെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചും 3076/2017 നമ്പർ OA(EKM) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17.03.2021 ലെ വിധി നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17.03.2021 ലെ O.A(EKM) 3076/2017 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം സർവ്വേ സൂപ്രണ്ട് (ALC) ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി രാജമ്മ കെ.ടി. യെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

506

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/226/2017-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(Ekm) 60/2018 നമ്പർ കേസിലെ 17.02.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ മയ്യനാട് വില്ലേജാഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീ. എം. യശോധരനെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റ് തീയതിയായ 19.03.2012 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07.12.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ.വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.01.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.01.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18.01.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.01.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(EKM) 60/2018 നമ്പർ കേസിലെ 17.02.2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ മയ്യനാട് വില്ലേജാഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. എം. യശോധരനെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റ് തീയതിയായ 19.03.2012 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ. എം. യശോധരൻ കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ മയ്യനാട് വില്ലേജാഫീസിൽ 19.10.1989 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം ലഭ്യമാക്കണമെന്നും പ്രസ്തുത വില്ലേജ് ഓഫീസിൽ ടിയാനെ സ്ഥിരപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ഫയൽ ചെയ്ത ഒ.പി 35921/2002 നം. കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 29.11.2002 ലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് അനുവദനീയമായ നിരക്കിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും കൈപ്പറ്റി വരുന്നു. കുണ്ടറ PWD കെട്ടിട വിഭാഗം അസി. എഞ്ചിനീയറുടെ 19.03.2012 ലെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം ടി ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 106.74 ച. മീ. ആയി അധികരിച്ചു. തുടർന്ന് മയ്യനാട് വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ശ്രീ. എം.യശോധരനെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി കൊല്ലം കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ, 05.3.2016 ലെ 19/2016/ഫിൻ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാലും കോടതി ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും ടിയാൻ കൈപ്പറ്റി വരുന്നതിനാലും നിലവിലെ സ്ഥിതി തുടരുവാനും, ശ്രീ. എം. യശോധരൻ വിരമിക്കുന്ന മുറയ്ക്ക് മയ്യനാട് വില്ലേജാഫീസിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച ശുപാർശ സമർപ്പിക്കാനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകി കൊണ്ട് സർക്കാർ നിരസിക്കുകയുണ്ടായി.

3. ഇതിനെ തുടർന്ന്, മയ്യനാട് വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 01.12.2010 മുതൽ 100 ച. മീറ്ററിൽ കൂടുതലായതിനാൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 01.10.2010 മുതൽ തന്നെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. എം. യശോധരൻ സർക്കാർ മുമ്പാകെ ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യം ഉന്നയിച്ച് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A(EKM) 60/2018 നമ്പർ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 17.02.2021 ലെ ഉത്തരവിൽ പ്രസ്തുത വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള റിപ്പോർട്ട് സഹിതം Annexure A3 പ്രൊപ്പോസൽ വിധിപകർപ്പ് ലഭ്യമായ തീയതി മുതൽ 3 ആഴ്ചയ്ക്കകം സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ രണ്ടാം എതിർകക്ഷിയായ കമ്മീഷണർക്കും ടി പ്രൊപ്പോസൽ Annexure A5 ഉത്തരവിന്റെയും (25.11.2005 ലെ സ.ഉ.(പി)നം. 501/2005/ധന ഉത്തരവ്) അനക്ഷർ A6 നിവേദനത്തിന്റെയും അടിസ്ഥാനത്തിൽ പരിഗണിച്ച് മൂന്ന് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിനും നിർദ്ദേശം നൽകിയിരുന്നു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

4. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ. ഉ. (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. ഇവിടെ 19.03.2012-ൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്ന സ്വീപ്പിങ്ങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം ആണ് മയ്യനാട് വില്ലേജാഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ 106.74 ച. മീ. ആയിട്ടുള്ളത്. ആയതിനാൽ മേൽ ഉത്തരവ് പ്രകാരം ടിയാൻ റഗുലറൈസേഷന് അർഹനല്ല. മയ്യനാട് വില്ലേജാഫീസിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച ശുപാർശ Cir.19/2016/Fin Dtd 05.3.2016 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 05.3.2016 ന മുമ്പായി സർക്കാരിൽ ലഭിച്ചിട്ടും ഇല്ല. ശ്രീ. എം. യശോധരൻ കോടതി ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും കൈപ്പറ്റി വരുന്നതിനാൽ നിലവിലെ സ്ഥിതി തുടരുവാനും, 25/11/2005 തിയ്യതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത് എന്നതിനാലും, പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച ശുപാർശ Cir.19/2016/Fin Dtd 05.3.2016 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 05.3.2016 ന മുമ്പായി സർക്കാരിൽ ലഭിച്ചിട്ടില്ലാത്തതിനാലും, കോടതി ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും കൈപ്പറ്റി വരുന്നതിനാലും ശ്രീ. എം. യശോധരൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A(Ekm) 60/2018 നമ്പർ കേസിന്റെ 17.02.2021 തീയതിയിലെ വിധിക്കെതിരെ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യുവാൻ ഭരണവകുപ്പിന് നിർദ്ദേശം നൽകുന്നു. സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തികകൾ ഒന്നും തന്നെ സൃഷ്ടിക്കാൻ കഴിയില്ല എന്നും, നിലവിൽ മയ്യനാട് വില്ലേജാഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ 106.74 ച. മീ. ആയി വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ. എം. യശോധരൻ വിരമിക്കുന്ന മുറയ്ക്ക് 25.11.2005 ലെ സ.ഉ (പി) 501/2005/ധന, 09/02/2010- ലെ സ.ഉ (പി) നം. 61/2010/ധന ഉത്തരവുകൾ, 05.10.2019 - ലെ സർക്കുലർ 83/2019/ധന പ്രകാരവും ശുചീകരണ ജോലികൾ നിർവ്വഹിക്കുന്നതിനായി കുടുംബശ്രീയിൽ നിന്നും ആളെ നിയോഗിക്കാവുന്നതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

5. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നിർദ്ദേശത്തിന്മേൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" In this file, Sri. Yesodharan was engaged on the Office of Mayyanadu Village of Kollam Taluk since 01.12.1985. Applicant was regularised in service on 30.06.2010. As per the sweeping area certificate of the Assistant Engineer, PWD Building Section the sweeping area of Mayyanadu Village office attained 100 sq. m. only on 01.12.2010. The regularisation of the applicant was not taken up since the village office did not have sweeping area of 100 sq. m. or more at the relevant



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

time. Vide Order dated 17.02.2021 in OA (EKM) 60/2018 Hon'ble KAT disposed the Order Annexure A6 representation of the applicant. The applicant representation dated 01.01.2018 before you claiming the benefits.

In the above circumstances, this Department is of the considered view that there is no scope for appeal against the Judgment."

6. OA(EKM) 60/2018 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച. മീറ്ററിന് മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. ഇവിടെ 19.03.2012- ൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്ന സ്വീപ്പിങ്ങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം ആണ് മയ്യനാട് വില്ലേജാഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ 106.74 ച. മീ. ആയിട്ടുള്ളത്. ആയതിനാൽ മേൽ ഉത്തരവ് പ്രകാരം ശ്രീ. എം. യശോധരൻ റഗുലറൈസേഷന് അർഹനല്ല. മയ്യനാട് വില്ലേജാഫീസിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച ശുപാർശ Cir.19/2016/Fin Dtd 05.3.2016 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 05.3.2016 ന മുമ്പായി സർക്കാരിൽ ലഭിച്ചിട്ടും ഇല്ല. ശ്രീ. എം. യശോധരൻ കോടതി ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളവും മറ്റ ആനുകൂല്യങ്ങളും കൈപ്പറ്റി വരുന്നതിനാൽ നിലവിലെ സ്ഥിതി തുടരുവാനും, സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തികകൾ ഒന്നും തന്നെ സൃഷ്ടിക്കാൻ കഴിയില്ല എന്നും, നിലവിൽ മയ്യനാട് വില്ലേജാഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ 106.74 ച. മീ. ആയി വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ. എം. യശോധരൻ വിരമിക്കുന്ന മുറയ്ക്ക് 25.11.2005 ലെ സ. ഉ (പി) 501/2005/ധന, 09/02/2010- ലെ സ. ഉ (പി) നം 61/2010/ധന ഉത്തരവുകൾ, 05.10.2019 - ലെ സർക്കുലർ 83/2019/ധന പ്രകാരവും ശുചീകരണ ജോലികൾ നിർവഹിക്കുന്നതിനായി കുടുംബശ്രീയിൽ നിന്നും ആളെ നിയോഗിക്കാവുന്നതാണെന്നുമുള്ള ധനവകുപ്പിന്റെ മുൻ അഭിപ്രായത്തിൽ മാറ്റമില്ലെന്നും, 25/11/2005 തിയ്യതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത് എന്നതിനാലും, പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച ശുപാർശ Cir.19/2016/Fin Dtd. 05.3.2016 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 05.3.2016 ന മുമ്പായി സർക്കാരിൽ ലഭിച്ചിട്ടില്ലാത്തതിനാലും, കോടതി ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറിന്റെ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

334

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | REV-T1/130/2018-REV |
| 2. | വകുപ്പ് | റവന്യൂ (റ്റി)വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.11.2019 ലെ OA 2249/18 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പൂയപ്പള്ളി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ജെൻസി കെ എൽ നെ 18.02.2011 ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 03/09/2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ആണ്. |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി.എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.09.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.10.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.10.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.10.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള ഹൈക്കോടതിയുടെ 22.01.2021 ലെ 179/2020 നമ്പർ OP(KAT)-ലെ വിധിന്യായ പ്രകാരം ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 2249/18 നമ്പർ കേസിലെ 19.11.2019 തിയതിയിലെ വിധിന്യായം നടപ്പിലാക്കി കൊല്ലം ജില്ലയിലെ പൂയപ്പള്ളി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. എൽ. ജെൻസി യുടെ സേവനകാലം സ്വീപ്പിംഗ് ഏര്യ 101.38 ച.മീ. ആയി അധികരിച്ച സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് തീയതിയായ 18.02.2011 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കൊല്ലം ജില്ലയിലെ പൂയപ്പള്ളി വില്ലേജ് ഓഫീസിൽ ശ്രീമതി ജെൻസി കെ. എൽ 01.07.1990 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കൊട്ടാരക്കര അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 2006 ലെ സാക്ഷ്യപത്രം പ്രകാരം ടി ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 68.44 ച . മീറ്ററും , 09-11-2009 ലെ സർട്ടിഫിക്കറ്റ് പ്രകാരം 69.88 ച. മീറ്ററുമായിരുന്നു. അതിനാൽ 25-11-2005 ലെ സ.ഉ.(പി) നം.501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ പാർട്ട് ടൈം സ്വീപ്പറായി ക്രമീകരിക്കുകയുണ്ടായില്ല. 2010- ൽ ടി ഓഫീസ് നവീകരിച്ചതിനെ തുടർന്ന് 18-02-2011 ലെ സാക്ഷ്യപത്രം പ്രകാരം ടി ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 101.38 ച. മീറ്ററായി വർദ്ധിക്കുകയുണ്ടായി, എങ്കിലും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ടിയാരിയെ ക്രമീകരിച്ചിരുന്നില്ല. തുടർന്ന് കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ [1031/2003 നമ്പർ ഒ. എ. യിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം] പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം ടിയാരിക്ക് അനുവദിക്കുകയുണ്ടായി. 2018 – ൽ വീണ്ടും ടി വില്ലേജ് ഓഫീസ് കെട്ടിടം നവീകരിക്കുകയും 23-03-2018 -ൽ പുതുക്കിയ കെടിട്ടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 2018 -ൽ സ്വീപ്പിംഗ് ഏര്യ 129.69 ച. മീറ്ററായി അധികരിച്ചതിനെ തുടർന്ന് ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, തന്നെ 1-8-2000 മുതൽ ക്രമവൽകരിക്കണമെന്ന് ശ്രീമതി ജെൻസി കെ. എൽ. അപേക്ഷിച്ചിരുന്നു. ഇതിനിടെ ഇതേ ആവശ്യം ഉന്നയിച്ച് ടിയാൾ ഫയൽ ചെയ്ത OA 253/18 നമ്പർ ഹർജിയിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 5-3-2018 ലെ ഉത്തരവിൽ ടിയാരിയെ നേരിൽ കേട്ടതിന് ശേഷം പ്രസ്തുത അപേക്ഷ നിയമാനുസൃതം പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നല്കിയിരുന്നു. തുടർന്ന് 25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച. മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത് എന്നതിനാലും 2010 ൽ മാത്രമാണ് പൂയപ്പള്ളി വില്ലേജ് ഓഫീസിന് സ്വീപ്പിംഗ് ഏരിയ വന്നിട്ടുള്ളത് എന്നതിനാലും 25-11-2005 ലെ GO (P) 501/2005/ ധന ഉത്തരവ് പ്രകാരം 101.38 ച. മീ ശ്രീമതി ജെൻസി കെ. എൽ. – നെ പാർട്ട്ടൈം തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്താൻ നിർവാഹമില്ല



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

എന്നും ചൂണ്ടിക്കാട്ടി 28.07.18 ൽ സ.ഉ.(സാധാ)3075/18/റവ ഉത്തരവ് പ്രകാരം, ടി അപേക്ഷ നിരസിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ ഫയൽ ചെയ്ത OA 2249/18 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.11.19 ലെ വിധിന്യായത്തിൽ, 28-07-2018 ലെ സ. ഉ. (സാധാ)3075/18/റവ റദ്ദാക്കുകയും, 2010 മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ പൂയപ്പള്ളി വില്ലേജ് ആഫീസിൽ റഗുലറൈസേഷന് ഹർജിക്കാരിക്ക് അർഹതയുണ്ടെന്നും 2010 ൽ അർഹത നേടിയ തീയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാരിയെ ക്രമീകരിക്കണമെന്നും തദനുസൃതമായ ആനുകൂല്യങ്ങൾ മൂന്നുമാസത്തിനകം നല്കണമെന്നും സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ. ഉ ( പി ) നം. 501/2005/ ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച . മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. കൊട്ടാരക്കര തഹസിൽദാരുടെ റിപ്പോർട്ട് പ്രകാരം 2010 ൽ മാത്രമാണ് പൂയപ്പള്ളി വില്ലേജ് ഓഫീസിന് 101.38 ച . മീ സ്വീപ്പിംഗ് ഏരിയ വന്നിട്ടുള്ളത് എന്നതിനാൽ പാർട്ട്ടൈം തസ്തിക സൃഷ്ടിച്ച് ശ്രീമതി ജെൻസി K.L നെ സ്ഥിരപ്പെടുത്താൻ നിർവാഹമില്ലാത്തതാണ്. കൂടാതെ സർക്കുലർ 19/2016/ധന തിയതി 5.3.2016 പ്രകാരം ടി സർക്കുലർ തിയതിക്ക് ശേഷം ക്രമവൽകരണത്തിനുള്ള അപേക്ഷ ഒന്നും തന്നെ പരിഗണിക്കുന്നതല്ല എന്നും അറിയിച്ചിട്ടുണ്ട്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ OA 2249 / 18 ന്റെ 19.11.19 ലെ വിധിക്കെതിരെ അപ്പീൽ നൽകാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു."

4. അപ്രകാരം OA 2249/2018 നമ്പർ കേസിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.11.2019-ലെ വിധിക്കെതിരെ OP (KAT) 179/2020 നമ്പർ അപ്പീൽ ഫയൽ ചെയ്തിരുന്നു. ബഹു.ഹൈക്കോടതി 22.01.2021 ലെ വിധിന്യായം പ്രകാരം OA 2249/2018 നമ്പർ കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.11.19 വിധി നടപ്പിലാക്കുന്നതിന് വിധിപകർപ്പ് ലഭ്യമായ തീയതി മുതൽ 2 മാസം കൂടി അനുവദിച്ചു കൊണ്ട് ടി അപ്പീൽ നിരസിക്കുകയുമുണ്ടായി.

5. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ 2010 മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ജെൻസി കെ. എൽ ന്റെ സേവനകാലം ക്രമവൽക്കരിക്കുന്നതിനോട് യോജിക്കുവാൻ കഴിയില്ലെന്നും അപ്പീൽ ഡിസ്മിസ് ചെയ്ത് കോടതി വിധി



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ള്ളതിനാൽ നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിനു ശേഷം ഉചിത തീരുമാനമെടുക്കാമെന്നും അറിയിക്കുകയുണ്ടായി.

6. ഇക്കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചുകൊണ്ട് തന്നെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരിയായ ശ്രീമതി ജെൻസി കെ. എൽ നേരത്തെ ബഹു: Kerala Administrative Tribunal മുമ്പാകെ ഫയൽ ചെയ്തരുന്ന OA No. 253/18 നമ്പർ ഹർജിയിലെ 05.03.2018 ലെ വിധി നടപ്പിലാക്കിക്കൊണ്ടും പരാതിക്കാരിയുടെ ആവശ്യം നിരസിച്ചുകൊണ്ടും സർക്കാർ പുറപ്പെടുവിച്ച 28.07.2018 ലെ സ.ഉ.3075/2018/റവ നമ്പർ ഉത്തരവിൽ, അതായത് Annexure A2 order ൽ 25.11.2005 തീയതിയിലെ സ.ഉ.(പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തീയതിയിൽ 100 ച.മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നവർ മാത്രമാണ് പാർട്ട്- ടൈം കാഷ്വൽ സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളതെന്നും, പൂയപ്പള്ളി വില്ലേജ് ആഫീസിൽ കമ്പ്യൂട്ടർ റൂം വാഹന പാർക്കിംഗ് സ്ഥലം പൊതുജന വിശ്രമസ്ഥലം എന്നിവ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2010 ൽ മാത്രമാണ് പൂയപ്പള്ളി വില്ലേജ് ആഫീസിന് 101.38 ച. മീ സ്വീപ്പിംഗ് ഏരിയ വന്നിട്ടുള്ളത് എന്നതിനാൽ 25.11.2005 ലെ സ.ഉ.(പി) നം. 501/2005/ധന ഉത്തരവ് പ്രകാരം ജെൻസിയെ പാർട്ട്-ടൈം തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ലെന്നാണ് കാരണമായി ഭരണവകുപ്പ് പറഞ്ഞിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ടു ബഹു. Kerala Administrative Tribuanl മുമ്പാകെ ഫയൽ ചെയ്ത OA No. 2249/2018-ാം നമ്പർ കേസിലെ 19.12.2019 ലെ വിധിയായി സ.ഉ.(പി) നം. 501/2005 പ്രകാരം രൂപീകരിച്ച സ്കീം അനുവരിച്ച് സ്വീപ്പിങ്ങ് ഏരിയ 100 sq.m ഓ അതിനു മുകളിലോ ആകുന്നതു മുതൽ ഒരു കാഷ്വൽ സ്വീപ്പറിന് സ്ഥിരപ്പെടുത്തുന്നതിനുള്ള ആനുകൂല്യം ലഭിക്കുന്നതാണെന്നും, നേരത്തേ 100 sq.m ൽ അധികരിക്കുന്നത് അപ്പോൾ part time sweeper തസ്തിക സൃഷ്ടിച്ചുകൊണ്ട് സ്ഥിരപ്പെടുത്തുന്നതിന് അർഹത കൈവരിക്കുമെന്നുമാണ് വിധി പുറപ്പെടുവിച്ചത്. ആയതിനാൽ ഹർജിക്കാരി ജോലി ചെയ്തുവരുന്ന പൂയപ്പള്ളി വില്ലേജാഫീസിൽ ടി സർക്കാർ ഉത്തരവ് തീയതിയിൽ 100 ച. മീ. താഴെയായിരുന്നു സ്വീപ്പിംഗ് ഏരിയായെങ്കിലും, Annexure A2, order, Annexure A7 Sweeping Area Certificate എന്നിവയിൽ നിന്നും 2010 മുതൽ സ്വീപ്പിംഗ് ഏരിയ 100 ച. മീ അധികരിച്ചിട്ടുണ്ടെന്നുമുള്ള കാര്യം വ്യക്തമാണെന്നും, ആയതിനാൽ പൂയപ്പള്ളി വില്ലേജാഫീസിൽ part time sweeper തസ്തിക സൃഷ്ടിച്ചുകൊണ്ട് ഹർജിക്കാരിയെ 2010 ലെ eligible date മുതൽ regularize ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ട് വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത O.P(KAT) 179/2020 നമ്പർ കേസിൽ 22.01.2021 ൽ പുറപ്പെടുവിച്ച വിധിയിൽ ബഹു. ഹൈക്കോടതി ഇപ്രകാരം



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

പരാമർശിച്ചുകൊണ്ട് ബഹു. Kerala Administrative Tribunal ന്റെ വിധി ശരിവച്ചിട്ടുള്ളതാണ്, അതായത്,-

"This court has considered similar issues in several cases and has held that in case of existing casual sweepers who were sweeping area less than 100 sq.m and where the sweeping area increased subsequently to the issuance of G.O(P) No. 501/2005/Fin dated 25.11.2005, they were entitled to be regularized with effect from the date on which the sweeping area exceeded 100 sq.m. It was in the above circumstances that the Tribunal had directed the regularization of the respondent with effect from the eligible date in 2010. We do not find any reason to interfere with the order passed by the Tribunal".

ഭരണവകുപ്പ് ഫയലിൽ ഉന്നയിച്ചിട്ടുള്ള വിഷയം നിലവിൽ settled legal position ആയതിനാൽ, ഉത്തരവ് ലഭിച്ച് 2 മാസത്തിനകം OA 2249/18 കേസിലെ 19.11.2019 ൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു. ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതിനാലും, പ്രസ്തുത വിധി അന്തിമമായിട്ടുള്ളതിനാലും, 2010 മുതൽ പ്രാബല്യത്തിൽ ശ്രീമതി ജെൻസി കെ. എൽ. നെ പാർട്ട്-ടൈം സ്വീപ്പർ തസ്തിക create ചെയ്ത് സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കോടതി അലക്ഷ്യനടപടികൾക്ക് കാരണമാകാമെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി തേടിക്കൊണ്ട് വിധി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഭരണവകുപ്പിനോട് നിർദ്ദേശിക്കുന്നു."

7. 19.11.19 ലെ ബഹു. ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കുന്നതിൻമേൽ നിയമവകുപ്പിന്റെ ഉപദേശവും കണക്കിലെടുത്ത് വീണ്ടും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം നൽകുകയും ചെയ്തു.

"25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച. മീ – ന് മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. എന്നാൽ കൊട്ടാരക്കര തഹസിൽദാരുടെ റിപ്പോർട്ട് പ്രകാരം 2010 ൽ മാത്രമാണ് പൂയപ്പള്ളി വില്ലേജ് ഓഫീസിന് 101.38 ച. മീ സ്വീപ്പിംഗ് ഏരിയ വന്നിട്ടുള്ളത് എന്നതിനാൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ജെൻസി K.L നെ സ്ഥിരപ്പെടുത്താൻ നിർവാഹമില്ലാത്തതാണെന്നും കൂടാതെ സർക്കുലർ 19/2016/ ധന തിയതി 5.3.2016 പ്രകാരം ടി സർക്കുലർ തിയതിക്ക് ശേഷം ക്രമവൽകരണത്തിനുള്ള അപേക്ഷ ഒന്നും തന്നെ പരിഗണിക്കുന്നതല്ല എന്നും അറിയിച്ചിട്ടുള്ളതിനാലും കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിലെ പൂയപ്പള്ളി വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തു വരുന്ന ശ്രീമതി ജെൻസി കെ എൽ ,



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2249 /18 നമ്പർ കേസിന്റെ 9.11.19 ലെ വിധി നടപ്പിലാക്കി പൂയപ്പള്ളി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ടിയാരിയെ 2010 മുതൽ പാർട്ട് ടൈം സ്വീപ്പറായി ക്രമവൽകരിച്ച് എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനോട് ധനവകുപ്പിന് യോജിക്കാൻ കഴിയില്ലെന്ന മുൻ അഭിപ്രായത്തിൽ മാറ്റമില്ലെന്നും , OA 2249/18 ന്റെ 19.11.19 ലെ വിധിക്കെതിരെ ഫയൽ ചെയ്ത OP(KAT) NO.179/2020 dismiss ചെയ്തുകൊണ്ട് കോടതിയുടെ ഉത്തരവ് ഉള്ളതിനാൽ, ടി വിഷയത്തിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും അറിയിക്കുന്നു."

8. മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ പൂയപ്പള്ളി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്വീപ്പിംഗ് ഏരിയ 101.38 ച. മീ. ആയി അധികരിച്ച സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് തീയതിയായ 18.02.2011 മുതൽ പ്രാബല്യത്തിൽ ശ്രീമതി ജെൻസി കെ എൽ-നെ ക്രമവൽകരിച്ചും ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കിയും ബഹു.ഹൈക്കോടതിയുടെ 179/2020 OP(KAT)-ലെ 22.01.2021 ലെ വിധിന്യായ പ്രകാരം OA 2249/18 നമ്പർ കേസിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.11.2019 ലെ വിധിന്യായം നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.11.2019 ലെ OA 2249/18 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പൂയപ്പള്ളി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീമതി ജെൻസി കെ.എൽ-ന്റെ സേവനകാലം സ്വീപ്പിംഗ് ഏര്യ 101.38 ച. മീ ആയി അധികരിച്ച സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ് തീയതിയായ 18.02.2011 മുതൽ പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | REV-T1/21/2019-RD |
| 2. | വകുപ്പ് | റവന്യൂ (റ്റി)വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 28.01.2021 ലെ OA 2022/19 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി സുബൈദാ ബീവിയെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 08/11/2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ. |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.11.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22.11.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.11.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.11.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 2022/19 നമ്പർ കേസിലെ 28.01.2021 തിയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീമതി സുബൈദാ ബീവിയെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം വില്ലേജ് ഓഫീസിൽ ശ്രീമതി സുബൈദാ ബീവി 1991 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. പ്രസ്തുത ഓഫീസ് പുതിയ കെട്ടിടത്തിൽ 10.03.2018 ൽ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏരിയ 100 ച.മീ. അധികരിച്ചു. തുടർന്ന് ടി ഓഫീസിൽ ഒരു PTS തസ്തിക സൃഷ്ടിച്ച് ടിയാരിയെ ക്രമവൽക്കരിക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന തിരുവനന്തപുരം ജില്ലാ കളക്ടർ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത ഓഫീസിന്റെ സ്വീപ്പിങ് ഏരിയ 100 ച.മീ. അധികരിച്ചത് 20.02.2018 ൽ ആയതിനാൽ 25.11.2005 ലെ സ.ഉ(പി) നം. 501/2005/ധന ഉത്തരവ് പ്രകാരമുള്ള സ്ഥിരപ്പെടുത്തലിന് ടിയാരി അർഹയല്ലാത്തതിനാൽ ടി പ്രൊപ്പോസൽ 16.07.2019 ലെ റ്റി1/21/2019/റവ നമ്പർ കത്ത് പ്രകാരം സർക്കാർ നിരസിക്കുകയും ടിയാൾ വിരമിക്കുന്നത് വരെ കഠിനംകുളം വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി തുടരാൻ അനുവദിക്കുകയും ചെയ്തിരുന്നു.

3. തുടർന്ന് തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം വില്ലേജ് ഓഫീസിൽ ഒരു പാർടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും ടി ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന തന്നെ ടി തസ്തികയിൽ 18.06.2001 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനുമായി ശ്രീമതി സുബൈദാ ബീവി ഫയൽ ചെയ്ത OA 2022/19 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.01.2021 ലെ വിധിന്യായത്തിൽ അനക്സർ എ 10 ഉത്തരവ് (16.07.2019 ലെ T1/21/2019/റവ. നമ്പർ കത്ത്) റദ്ദാക്കുകയും 25/11/2005 തിയ്യതിയിലെ സ. ഉ ( പി ) നം. 501/2005/ധന ഉത്തരവ്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അനുസരിച്ച് ശ്രീമതി സുബൈദാ ബീവിക്ക് 18.06.2001 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹതയുണ്ടെന്ന് നിരീക്ഷിക്കുകയും തദനുസൃതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഹർജിക്കാരിക്ക് സാമ്പത്തികാനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തു.

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"100 ച . മീയിൽ കൂടുതൽ സ്വീപ്പിംഗ് ഏര്യ ഉള്ള ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാമെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച് പുതിയതായി തസ്തിക ഒന്നും തന്നെ സൃഷ്ടിക്കാൻ അനുമതി നൽകുന്നില്ല. കഠിനംകുളം വില്ലേജ് ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 100 ചതുരശ്രമീറ്റർ അധികരിച്ചത് 20.02.18 ന് ആയതിനാലും 25/11/2005 കാലയളവിൽ സ്വീപ്പിങ്ങ് ഏരിയ എത്രയാണെന്ന് തെളിയിക്കുന്ന അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്വീപ്പിങ്ങ് ഏരിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാലും , ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി സുബൈദ ബീവി 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് പ്രകാരമുള്ള സ്ഥിരപ്പെടുത്തലിന് അർഹയല്ല എന്നും , മാത്രമല്ല , 05.03.2016 ലെ സർക്കുലർ 19/2016/ ധന പ്രകാരം സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ 05.03.2016 വരെ പരിഗണിച്ചിരുന്നതും അതിനു ശേഷമുള്ള അപേക്ഷകൾ ഇനി പരിഗണിക്കില്ലയെന്നും വ്യവസ്ഥയുള്ളതിനാലും, ശ്രീമതി സുബൈദ ബീവിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിന് ടി തീയതിക്ക് മുൻപ് ലഭിച്ചിട്ടില്ലാത്തതിനാലും , 25.11.2005- തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് , 05.03.2016 ലെ സർക്കുലർ 19/2016/ ധന എന്നിവ പ്രകാരം ശ്രീമതി സുബൈദ ബീവിയെ സ്ഥിരപ്പെടുത്തണമെന്നുള്ള ഭ . വ . ശുപാർശ അംഗീകരിക്കാനാവില്ലെന്ന് അറിയിക്കുന്നു ."



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ശ്രീമതി. സുബൈദാ ബീവി ഫയൽ ചെയ്ത O.A 2022/2019 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 28.01.2021 തീയതിയിൽ പുറപ്പെടുവിച്ച വിധി പരിശോധിച്ചതിൽ, 25.09.2004 ലായി തഹസീൽദാർ പുറപ്പെടുവിച്ച Annexure A2 ഉത്തരവിലായി കഠിനംകുളം വില്ലേജ് ആഫീസിന്റെ sweeping area 106.5 sq.mts ആണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും, കൂടാതെ ടി ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് shift ചെയ്തതിനുശേഷം തഹസീൽദാർ സമർപ്പിച്ച Annexure A7 റിപ്പോർട്ടിലും, PWD AE നൽകിയിട്ടുള്ള Annexure A8 സർട്ടിഫിക്കറ്റിലും sweeping area 131.01 sq. mts ആണെന്ന കാര്യം വ്യക്തമാണെന്നും കണ്ടെത്തിക്കൊണ്ട് ട്രൈബ്യൂണൽ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക്, 25.11.2005 ലെ G.O(P) No. 501/2005/Fin നമ്പർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം, പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് സ്ഥിരപ്പെടുത്തുന്നതിനും തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിനും അർഹതയുണ്ടെന്ന് വിധി പുറപ്പെടുവിച്ചിട്ടുള്ളതും, കൂടാതെ 18.06.2001 തീയതി മുതൽ പ്രാബല്യത്തിൽ ടിയാരിയെ regularise ചെയ്യേണ്ടതാണെന്നും, 1-ാം എതിർകക്ഷിയായ സർക്കാർ വിധി ലഭിച്ച് 2 മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും, ഹർജിക്കാരിക്ക് സാമ്പത്തിക ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുമുണ്ട്. Annexure A10 ഉത്തരവ് ബഹു. ട്രൈബ്യൂണൽ റദ്ദാക്കിയിട്ടുള്ളതുമാണ്. മേൽ കോടതി ഉത്തരവിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യാത്തപക്ഷം, ഹർജിക്കാരിയെ സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവ് സമയബന്ധിതമായി പുറപ്പെടുവിക്കേണ്ടതും അല്ലാത്തപക്ഷം കോടതിയലക്ഷ്യമാകുന്നതുമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

6. തുടർന്ന് ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ OA 2022/19 കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 28.01.2021 ലെ വിധിക്കെതിരെ OP(KAT) No. 228/2021 ഫയൽ ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയുടെ 02.09.2021 വിധി പ്രകാരം OA 2022/19 കേസിലെ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

28.01.2021 ലെ വിധി നടപ്പിലാക്കുന്നതിന് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ 2 മാസം കൂടി അനുവദിച്ചുകൊണ്ട് ടി അപ്പീൽ നിരസിക്കുകയും ചെയ്തിരുന്നു.

7. OP(KAT) No. 228/2021 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 02.09.2021 ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"25/11/2005 കാലയളവിൽ സ്വീപ്പിങ്ങ് ഏരിയ എത്രയാണെന്ന് തെളിയിക്കുന്ന അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്വീപ്പിങ്ങ് ഏരിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാലും , കഠിനംകുളം വില്ലേജ് ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 100 ചതുരശ്രമീറ്റർ അധികരിച്ചത് 20.02.18- ന് ആണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാലും , 05.03.2016 ലെ സർക്കുലർ 19/2016/ ധന പ്രകാരം സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ 05.03.2016 വരെ പരിഗണിച്ചിരുന്നതും അതിനുശേഷമുള്ള അപേക്ഷകൾ ഇനി പരിഗണിക്കില്ലയെന്നും വ്യവസ്ഥയുള്ളതിനാലും , ശ്രീമതി സുബൈദ ബീവിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിന് ടി തീയതിക്ക് മുൻപ് ലഭിച്ചിട്ടില്ലാത്തതിനാലും , എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ കഠിനംകുളം വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണെന്ന് സൂചിപ്പിച്ചിരിക്കുന്നതിനാൽ 9-2-2010- ലെ സ . ഉ ( പി ) നം .61/2010/ ധന നമ്പർ ഉത്തരവ് പ്രകാരം ടെംപററി എസ്റ്റാബ്ലിഷ്മെന്റുകളിൽ പ്രവർത്തിക്കുന്ന കാഷ്വൽ സ്വീപ്പർമാർ ക്രമവൽക്കരണത്തിന് അർഹരല്ല എന്ന് വ്യവസ്ഥയുള്ളതിനാലും 25.11.2005- തിയ്യതിയിലെസ . ഉ ( പി ) നം .501/2005/ ധന ഉത്തരവ് , 9-2-2010- ലെ സ . ഉ ( പി ) നം .61/2010/ ധന ഉത്തരവ്, 05.03.2016 ലെ 19/2016/ ധനസർക്കുലർ എന്നിവ പ്രകാരം ശ്രീമതി സുബൈദ ബീവിയെ സ്ഥിരപ്പെടുത്തണമെന്നുള്ള ആവശ്യം നടപ്പിലാക്കുന്നത് ധനകാര്യ വകുപ്പിന്റെ നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണ് . 28.10.2019- ലെ G.O(P)No. 144/2019/Fin ഉത്തര വ് പ്രകാരം സർക്കാരിന്റെ നിലവിലെ ഉത്തരവുകൾ / നയം എന്നിവയ്ക്കെതിരെയാണ് കോടതി വിധി എങ്കിൽ ആ വിധിക്കെതിരെ അടിയന്തരമായി അപ്പീൽ ഫയൽ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . മേൽ

വസ്തുതകളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു . കൂടാതെ 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് , സ . ഉ 25/08/2008- ലെ സ ഉ ( പി ) നം . 378/2008 / ധന ഉത്തരവ് (ലോക്കൽ റഫറൻസ്)എന്നിവയിലെ വ്യവസ്ഥകൾ വ്യക്തതയോടെ പ്രതിപാദിക്കേണ്ടതും , മേൽ വ്യവസ്ഥകൾ തെറ്റിച്ച് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനവധി ജീവനക്കാർ അനർഹമായ ആനുകൂല്യം പറ്റുന്നത് പൊതു ഖജനാവിന് നഷ്ടം ഉണ്ടാകുന്നു എന്നും കൂടി അപ്പീലിൽ പ്രതിപാദിക്കേണ്ടതാണ് എന്ന് കൂടി അറിയിക്കുന്നു ."

8. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ വീണ്ടും നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"In OP(KAT) No-228 of 2021, Hon'ble High Court of Kerala in its judgment dated, 2/9/2021 held that, going by the mandate contained in Paragraph 8 of Exhibit P5 the applicant is entitled for regularization with effect from 18/06/2001 as found by the Tribunal. Merely because there may be some difference in the date of commencement of service of the original applicant as Casual Sweeper, the same will not make any significance or substantial difference in the outcome of the case, in as much as that admittedly, the original applicant was in service, long prior to the issuance of Ext P5 G.O dated 25/11/2005. The applicant was entitled for regularization which has been consistently denied and the said plea was not acted upon by the Government and that the same was rejected on untenable grounds. Hence, in no way, the Tribunal can be found fault with for having rendered the impugned verdict. And also ordered that the petitioners herein/respondents in the OA are given two months' time for complying with the orders as directed in Ext P4 and that the said two months will be counted from the date of receipt of the certified copy of the Judgment by the competent authority of the Government.

From this judgment it is clear that the Hon'ble High Court considered all objections raised by the Administrative Department and also the objections of Finance Department and rejected all of them and also dismissed the OP(KAT). Hence there is no scope of successful SLP against the judgment of the Hon'ble High Court of Kerala in OP(KAT) No. 228 of 2021 dated 02/09/2021."

9. മേൽ സാഹചര്യത്തിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 18.06.2001 തീയതി പ്രാബല്യത്തിൽ ശ്രീമതി സുബൈദാ ബീവിയെ ക്രമവൽക്കരിച്ചും ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ, OA 2022/19 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.01.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 28.01.2021 ലെ OA 2022/19 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീമതി സുബൈദാ ബീവി-യുടെ സേവനം 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

803

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/89/2022-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ, ഒ. എ. 1130/13 നമ്പർ കേസിൽ 24.01.2020 ലെയും, ഒ. എ. 2056/18 നമ്പർ കേസിൽ 14.12.2021 ലെയും ഒ. എ. 27/2020 നമ്പർ കേസിൽ 10.11.2021 ലെയും വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ യഥാക്രമം ഓങ്ങല്ലൂർ II വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഒ. ലക്ഷ്മിയെയും പത്തനംതിട്ട റീ-സർവ്വേ സൂപ്രണ്ടോഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി വി.സി. അന്നമ്മ @ റോസമ്മയെയും ടി ഓഫീസുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതും, ആലപ്പുഴ, കുട്ടനാട് മങ്കൊമ്പ് ഹെഡ് സർവ്വേയർ ഓഫീസിലും റീ-സർവ്വേ ഓഫീസിലും പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി കെ. ആനന്ദവല്ലിയെ മുൻകാല പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നതും സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.05.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ. വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.05.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.06.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.06.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06.06.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ, ഒ. എ. 1130/13 നമ്പർ കേസിൽ 24.01.2020 ലെയും, ഒ. എ. 2056/18 നമ്പർ കേസിൽ 14.12.2021 ലെയും, ഒ. എ. 27/2020 നമ്പർ കേസിൽ 10.11.2021 ലെയും വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ യഥാക്രമം ഓങ്ങല്ലൂർ II വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഒ. ലക്ഷ്മിയെയും പത്തനംതിട്ട റീ-സർവ്വേ സൂപ്രണ്ടോഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി വി.സി. അന്നമ്മ @ റോസമ്മയെയും ടി ഓഫീസുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതും, ആലപ്പുഴ കുട്ടനാട് മങ്കൊമ്പ് ഹെഡ് സർവ്വേയർ ഓഫീസിലും റീ-സർവ്വേ ഓഫീസിലും പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി കെ. ആനന്ദവല്ലിയെ മുൻകാല പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. റവന്യൂ വകുപ്പിൽ വിവിധ വില്ലേജ് ഓഫീസുകളിൽ ജോലി ചെയ്തു വരുന്ന കാഷ്വൽ സ്വീപ്പർമാർ 25.11.2005 ലെ സ.ഉ.(പി) 501/2005/ ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, സ്ഥിരപ്പെടുത്തലിന് മുൻകാല പ്രാബല്യം നല്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിൽ സ്വീപ്പർമാർക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടുള്ള 3 കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കാഷ്വൽ സ്വീപ്പർമാരുടെ പേര് | ഓഫീസിന്റെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി | കേസ് നമ്പറും ഉത്തരവ് തീയതിയും |
|---|---|---|---|---|
| 1 | ശ്രീമതി ഒ. ലക്ഷ്മി | ഓങ്ങല്ലൂർ II വില്ലേജ് ഓഫീസ് | 12.05.1986 | OA 1130/2013, തീയതി 24.01.2020 |
| 2 | ശ്രീമതി വി.സി. അന്നമ്മ @ റോസമ്മ | പത്തനംതിട്ട റീ-സർവേ സൂപ്രണ്ട് ഓഫീസ് | 01.01.1994 | OA 2056/2018, തീയതി 14.12.2021 |
| 3 | ശ്രീമതി കെ.ആനന്ദവല്ലി | ആലപ്പുഴ കുട്ടനാട് മങ്കൊമ്പ് ഹെഡ് സർവ്വേയർ ഓഫീസ് & റീ-സർവ്വേ ഓഫീസ് | 01.08.1993 | OA 27/20, തീയതി 10.11.2021 |

3. മേൽ പരാമർശിച്ച കേസുകളുടെ വസ്തുതകൾ ചുവടെ ചേർക്കുന്നു.

**i) ശ്രീമതി ഒ. ലക്ഷ്മി ഫയൽ ചെയ്ത OA 1130/2013 നമ്പർ കേസ്.**

പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ II വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഒ. ലക്ഷ്മി 12.05.1986 മുതൽ ടി ഓഫീസിൽ ജോലി ചെയ്ത് വരുന്നു. ടി



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ഓഫീസിന്റെ കെട്ടിട വിസ്തീർണ്ണം 100 ച.മീ. ൽ കുറവായിരുന്നതിനാൽ കാഷ്വൽ സ്വീപ്പർക്ക് അനുവദനീയമായ കൺസോളിഡേറ്റഡ് തുക മാത്രമാണ് ടിയാൾക്ക് അനുവദിച്ചിരുന്നത്. ഏഴാം ശമ്പള പരിഷ്കരണ ഉത്തരവായ 25.11.1998 ലെ സ.ഉ.(പി) 3000/98/ധന പ്രകാരം പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പള സ്കെയിലിൽ വേതനം ലഭിക്കുന്നതിനായി ശ്രീമതി ലക്ഷ്മി ഉൾപ്പെടെയുള്ള കാഷ്വൽ സ്വീപ്പർമാർ 17453/2003 നമ്പർ റിട്ട് ഹർജി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിലെ 03/12/2013 ലെ വിധിയിൽ, ടി ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാർക്ക് വേതനം നല്കാനും ആയത് സ്വീപ്പിങ് ഏര്യയുടെ അടിസ്ഥാനത്തിലായിരിക്കണം എന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 100 ച.മീ. ൽ കുറവായതിനാൽ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ വേതനം ടിയാരിക്ക് നല്കിയിരുന്നില്ല. ഓങ്ങല്ലൂർ-2 വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 28.03.2006 ലെ ഷൊർണ്ണൂർ കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് പ്രകാരം 115.46 ച.മീ. ആയതിനെ തുടർന്ന് പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ടിയാൾ ഒ എ 1130/13 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.01.2020 ലെ വിധിയിൽ, പ്രസ്തുത വില്ലേജ് ഓഫീസിലെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാൻ അർഹത ഉണ്ടെങ്കിൽ ഹർജിക്കാരിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ ഒരു മാസത്തിനകം രണ്ടാം എതിർ കക്ഷിയായ പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാനും ആയത് ലഭ്യമായി 3 ആഴ്ചയ്ക്കുള്ളിൽ ഒന്നാം എതിർ കക്ഷിയായ സർക്കാരിലേയ്ക്ക് അയയ്ക്കുവാൻ ജില്ലാ കളക്ടർക്കും ടി പ്രൊപ്പോസലും റിപ്പോർട്ടും ലഭ്യമായി രണ്ടു മാസത്തിനകം ഹർജിക്കാരി 12.05.1986 മുതൽ ടി വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നുവെന്ന വസ്തുത കണക്കിലെടുത്ത് 25.11.2005 ലെ സ. ഉ. (പി) നം. 501/2005/ധന ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനും നിർദ്ദേശം നൽകിയിരുന്നു. അനക്സർ A1 വിധിയിലെ ശ്രീമതി ലക്ഷ്മി ഒഴികെയുള്ള ഹർജിക്കാർക്ക് അവർ സേവനമനുഷ്ഠിച്ചിരുന്ന ഓഫീസുകളിൽ 100 ച.മീ ൽ കൂടുതൽ വിസ്തീർണ്ണം ഉണ്ടായിരുന്നില്ലെങ്കിലും അവർക്ക് 7 -ാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കിലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്നും അനക്സർ A1 വിധി പ്രകാരം അനുവദിച്ചിട്ടുള്ള അതേ ആനുകൂല്യത്തിന് ഹർജിക്കാരി അർഹയാണോ എന്നുമുള്ള വസ്തുത പരിഗണിക്കേണ്ടതാണെന്നും ബഹു. ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു. ഇതിനിടെ പ്രസ്തുത വില്ലേജ് ഓഫീസ്, 17.06.2020 ലെ പട്ടാമ്പി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം 190.30 ച. മീ. വിസ്തീർണ്ണമുള്ള പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ 26.09.2019 മുതൽ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ഒ. ലക്ഷ്മിയുടെ സേവനം ക്രമീകരിക്കുന്നതിനായി ഒരു പ്രൊപ്പോസൽ പാലക്കാട് ജില്ലാ കളക്ടർ സർക്കാർ മുമ്പാകെ സമർപ്പിച്ചിരുന്നു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ii) ശ്രീമതി വി.സി അന്നമ്മ @ റോസമ്മ ഫയൽ ചെയ്ത 0A 2056/18 നമ്പർ കേസ്.

ശ്രീമതി വി.സി അന്നമ്മ @ റോസമ്മ പത്തനംതിട്ട റീസർവ്വേ സൂപ്രണ്ടോഫീസിൽ 01.01.1994 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. OP 11801/2003 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 04.06.2003 ലെ വിധി പ്രകാരം ടിയാരിക്ക് 18.06.2001 പ്രാബല്യത്തിൽ റെഗുലർ പാർട്ട് ടൈം സ്വീപ്പറുടെ വേതനം അനുവദിച്ചിട്ടുണ്ട്. പത്തനംതിട്ട സർവ്വേ സൂപ്രണ്ടോഫീസിന്റെ സ്വീപ്പിങ് ഏര്യ 174.49 ച.മീ. ആണെന്ന് പൊതുമരാമത്ത് വകുപ്പ് അധികൃതർ അറിയിച്ചിട്ടുള്ളതായി സർവ്വേ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഓഫീസ് താത്ക്കാലിക സ്ഥാപനമായതിനാൽ ടിയാരിയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിരുന്നില്ല. ഇതിനെതിരെ ടിയാരി 0A 2056/18 നമ്പർ കേസ് ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്യുകയും ടി കേസിൽ ബഹു: ട്രൈബ്യൂണലിന്റെ 14.12.2021 ലെ വിധിയിൽ, അനക്സർ A1 ഉത്തരവ് (25.11.2005 ലെ സ. ഉ. (പി) 501/2005/ധന ഉത്തരവ്) പ്രകാരം 18.06.2001 പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയി സ്ഥിരപ്പെടുത്തുന്നതിന് ടിയാരി അർഹയാണെന്ന് നിരീക്ഷിച്ച ബഹു. ട്രൈബ്യൂണൽ ടിയാരിയെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാൻ സർക്കാരിന് നിർദ്ദേശം നല്കിയിരുന്നു. തുടർന്ന് മേൽ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"AD is requested to file appeal against the judgment dated 14/12/2021 after obtaining legal opinion from Law Dept on the following grounds:-

As per G.O(P) No. 61/2010/Fin dated 09/02/2010, the sweepers engaged in temporary establishments shall not be entitled for regularisation irrespective of their length of service, sweeping area etc. In temporary establishments of Govt which are created for a specific purpose and for a specific period , post of part time sweeper shall not be allowed. As per this G.O, the person engaged for sweeping in such offices shall be entitled to payment at par with that of regular part time sweepers with effect from the date of the above order.

In this case Smt. V.C.Annamma @Rosamma is being paid salary as that of regular Part Time Sweeper w.e.f 18/06/2001. The Office of the Supdt of Re-survey No.1 , Pathanamthitta is established for the purpose of completing



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

the resurvey activities under the Konni kozhenchery Taluk . Continuance sanction for the above office is obtained from Govt only up to 01/ 10/ 2022 vide G.O(Rt) No. 1409/2022/RD dated 30/ 03 / 2022.

The copy of the order dated 30/03/2022 and 09/02/2010 are attached in reference."

സമാന രീതിയിൽ നിയമിതയായ ശ്രീമതി റോസമ്മ വർഗ്ഗീസ് ഫയൽ ചെയ്ത കേസിൽ അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയ നിയമോപദേശത്തിന്റെ പ്രധാന ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

" The Division Bench of the Hon'ble High Court of Kerala as per its Judgment in Writ Appeal Nos. 1869/2009, 2199/2009 and 2218/2009 has held that despite the fact that the instituition in which the part time sweepers engaged i. e., re-survey office, land acquisition offices, etc are temporary offices, such part time sweepers were entitled for regularisation. It is held that considering the fact that she has put in more than 2 decades of service, and is continuously engaged from 1998 and is still continuing. The contention that the institution is a temporary institution can't be acceptable."

ഈ കേസിലും ശ്രീമതി വി.സി അന്നമ്മ @ റോസമ്മ 1994 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരികയാണ്.

**iii) ശ്രീമതി കെ. ആനന്ദവല്ലി ഫയൽ ചെയ്ത OA 27/2020 നമ്പർ കേസ്.**

ശ്രീമതി കെ. ആനന്ദവല്ലി 01.08.1993 മുതൽ ആലപ്പുഴ ജില്ലയിൽ മങ്കൊമ്പ് ഹെഡ് സർവ്വേയർ ഓഫീസിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തു വന്നിരുന്നു. കുട്ടനാട് റീസർവ്വേ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ 03.04.12 ൽ സ്വയം വിരമിച്ചതിനാൽ, മങ്കൊമ്പ് സിവിൽ സ്റ്റേഷനിൽ തൊട്ടടുത്ത മുറികളിലായി പ്രവർത്തിച്ചു വരുന്ന കുട്ടനാട് റീസർവ്വേ സൂപ്രണ്ട് ഓഫീസിലും ഹെഡ് സർവേയർ ഓഫീസിലും ശ്രീമതി കെ. ആനന്ദവല്ലിയാണ് സ്വീപ്പിംഗ് ജോലി ചെയ്തിരുന്നത്. രണ്ടു ഓഫീസുകളുടെയും ആകെ സ്വീപ്പിങ് ഏര്യ 114.97 ച. മീ. ആണെന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗം അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരുന്നു. തുടർന്ന് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 3997/12 നമ്പർ കേസിന്റെ 10.01.2018 ലെ വിധിയുടെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 28.02.2019 ലെ സ. ഉ. (കൈ) നം. 82/2019/റവ നമ്പർ ഉത്തരവ് പ്രകാരം ടിയാരിയെ ഉത്തരവ് തീയതി മുതൽ (28.02.2019) ക്രമവൽക്കരിച്ചിരുന്നു. എന്നാൽ ഉത്തരവ് തീയതിക്ക് പകരം 18.06.2001 മുതൽ ക്രമവൽക്കരിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാരി OA 27/2020 നമ്പർ കേസ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണലിന്റെ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

10.11.2021 ലെ വിധിയിൽ, വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനകം അനക്സർ A3 ഉത്തരവ് (25.11.2005 ലെ സ. ഉ. (പി) 501/2005/ ധന ഉത്തരവ്) അനുസരിച്ച് ടിയാരിയെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും തുടർന്നുള്ള രണ്ട് മാസത്തിനകം തദനുസൃതമായ ആനുകൂല്യങ്ങൾ കണക്കാക്കി വിതരണം ചെയ്യണമെന്നും ഉത്തരവായി. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"AD is informed that Finance sticks to earlier remarks that she is not eligible to be regularised w.e.f 18/06/2001 for the following reasons .

(1) As on 2005, she was working in a temporary establishment and as per the existing orders PTS post is not to be created in such offices. . Though she is not eligible to be regularized , she is availing the salary of a regular PTS w.e.f 11/08/2001 based on the order issued by AD as a special case vide G.O(Rt)No. 4616/10/RD dated 12/10/2010

(2) As per G.O(P) No. 58/2018/Fin dated 10/04/2018, regularization of PTS after the date of above order can be considered only w.e.f the date of issue of order only.

Hence AD is requested to obtain the remarks of Law Dept on the scope of appeal citing the above points."

എന്നാൽ ബഹു. ട്രൈബ്യൂണലിന്റെ 10.11.2021 ലെ വിധിയിന്മേൽ അപ്പീലിന് സ്കോപ്പില്ലായെന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്.

4. ബഹു. ട്രൈബ്യൂണലിന്റെ മേൽ പരാമർശിച്ച 3 വിധിന്യായങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിയമവകുപ്പിന്റെ അഭിപ്രായം T1/15/2022/റവ നമ്പർ ഫയൽ പ്രകാരം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"ഏറെക്കുറെ കേസുകളിലും അപ്പീൽ സാദ്ധ്യത ഇല്ല എന്നതുകൊണ്ട് ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ വിവിധ വകുപ്പുകൾ ഒരു പൊതു സമീപനം കൈക്കൊള്ളുന്ന കാര്യത്തിൽ ധനകാര്യ/ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകൾ ഉൾപ്പെടെയുള്ള വകുപ്പുകളുടെ ഒരു യോഗം വിളിച്ച്, നിലവിലെ മാനദണ്ഡങ്ങൾ പരിശോധിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും, ഇക്കാര്യത്തിൽ അപ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

5. മേൽ നിർദ്ദേശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിലേക്കായി T1/15/2022 നമ്പർ ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്.

6. 25.11.2005 ലെ സ.ഉ (പി)നം 501/2005/ധന ഉത്തരവ് പ്രകാരം സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച.മീ. ന് മുകളിൽ സ്വീപ്പിങ്ങ് ഏര്യ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹതയുള്ളത് എന്നിരുന്നാലും സമാനമായ പല കേസുകളിലും ഇതേ ഉത്തരവ് ചൂണ്ടിക്കാട്ടി ഫയൽ ചെയ്ത അപ്പീലുകൾ കോടതി ഗുരുതരമായ നിരീക്ഷണത്തോടെ നിരസിക്കാറാണ് പതിവ്. കൂടാതെ അത്തരം അപ്പീലുകൾക്കെതിരെ ഫയൽ ചെയ്യുന്ന SLP സുപ്രീം കോടതിയും നിരസിച്ചിട്ടുണ്ട്. കോടതി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിസഭയുടെ അനുമതിയോടെ നിരവധി പേരെ സ്ഥിരപ്പെടുത്തുകയും, മുൻകാല പ്രാബല്യം അനുവദിക്കുകയും ചെയ്തു വരുന്ന സാഹചര്യത്തിലും ചുവടെ പറയുന്ന കാഷ്വൽ സ്വീപ്പർമാരെ അവർക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കി അവർക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള കോടതി ഉത്തരവുകൾ നടപ്പിലാക്കേണ്ടതുണ്ട്.

| ക്രമ നമ്പർ | കാഷ്വൽ സ്വീപ്പർമാരുടെ പേര് | ഓഫീസിന്റെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി | കേസ് നമ്പറും ഉത്തരവ് തീയതിയും | സ്ഥിരപ്പെടുത്തേണ്ട തീയതി |
|---|---|---|---|---|---|
| 1 | ശ്രീമതി ഒ. ലക്ഷ്മി | ഓങ്ങല്ലൂർ II വില്ലേജ് ഓഫീസ് | 12.05.1986 | OA 1130/2013, തീയതി 24.01.2020 | സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ് തീയതിയായ 17.06.2020 |
| 2 | ശ്രീമതി വി.സി. അന്നമ്മ @ റോസമ്മ | പത്തനംതിട്ട റീ-സർവേ സൂപ്രണ്ട് ഓഫീസ് | 01.01.1994 | OA 2056/2018, തീയതി 14.12.2021 | 18.06.2001 |
| 3 | ശ്രീമതി കെ.ആനന്ദവല്ലി | ആലപ്പുഴ കുട്ടനാട് മങ്കൊമ്പ് ഹെഡ് സർവ്വേയർ ഓഫീസ് & റീ-സർവ്വേ ഓഫീസ് | 01.08.1993 | OA 27/20, തീയതി 10.11.2021 | 18.06.2001 |

7. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

i) ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.01.2020 ലെ ഒ എ 1130/13 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഓങ്ങല്ലൂർ -II വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഒ. ലക്ഷ്മിയെ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 17.06.2020 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാമോ;



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ii) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ഒ എ 2056/18 നമ്പർ കേസിന്റെ 14.12.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട റീ-സർവ്വേ സൂപ്രണ്ടോഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി വി.സി. അന്നമ്മ @ റോസമ്മയെ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ;

iii) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ഒ എ 27/2020 നമ്പർ കേസിന്റെ 10.11.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മങ്കൊമ്പ് ഹെഡ് സർവ്വേയർ ഓഫീസിലും കുട്ടനാട് റീ-സർവ്വേ ഓഫീസിലും പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി കെ. ആനന്ദവല്ലിയെ മുൻകാല പ്രാബല്യത്തോടെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

336

**കേരള സർക്കാർ**
**(പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/47/2020-റവ |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.01.2020 ലെ OA (EKM) 584/2016 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മഞ്ചുമല വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി ലീലാമ്മ ആർ. വി. യെ 06.03.2007 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/09/2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ. |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.09.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.10.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.10.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.10.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 584/2016 നമ്പർ കേസിലെ 20.01.2020 തിയതിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മഞ്ചുമല വില്ലേജ് ഒഫിസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീമതി ലീലാമ്മ ആർ.വിയെ 06.03.2007 തിയ്യതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ഇടുക്കി ജില്ലയിൽ പെരിയാർ വില്ലേജാഫീസിൽ 02-05-96 മുതൽ 21-10-2002 വരെ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ലീലാമ്മ ആർ. വി. ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 34276/03 നമ്പർ റിട്ട് ഹർജിയിലെ 31.10.2003 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 18.12.2003-ൽ വാഗമൺ വില്ലേജ് ആഫീസിൽ കാഷ്വൽ സ്വീപ്പറായി പുനർ നിയമനം നൽകുകയും തുടർന്ന് ടിയാളെ 06.03.2007 ൽ മഞ്ചുമല വില്ലേജാഫീസിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തിരുന്നു. മഞ്ചുമല വില്ലേജാഫീസ് പുതുക്കി പണിതതിനെ തുടർന്ന് സ്വീപ്പിങ് ഏരിയ 110.04 ച.മീറ്റർ ആയി വർദ്ധിച്ചു. ആയതിനാൽ 25.11.2005 ലെ സ.ഉ.(പി) നം. 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് തന്നെ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ടിയാരി ഫയൽ ചെയ്ത OA (EKM) 584/2016 നമ്പർ കേസിലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.01.2020-ലെ വിധിന്യായത്തിൽ, മഞ്ചുമല വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ രണ്ടാം എതിർകക്ഷിയായ ഇടുക്കി ജില്ലാ കളക്ടർക്ക് നൽകുവാൻ 3-ാം എതിർ കക്ഷിയായ മഞ്ചുമല വില്ലേജ് ആഫീസർക്കും ആയത് ലഭ്യമായാൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ രണ്ടാം എതിർകക്ഷിയായ ഇടുക്കി ജില്ലാ കളക്ടർക്കും ടി പ്രൊപ്പോസൽ നിലവിലെ നിയമങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് മൂന്നു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർകക്ഷിയായ സർക്കാരിനും നിർദ്ദേശം നല്കിയിരുന്നു. കൂടാതെ പുതുക്കിയ നിരക്കിലുള്ള വേതനത്തിനായുള്ള ടിയാരിയുടെ ആവശ്യം ടിയാരി മഞ്ചുമല വില്ലേജ് ഓഫീസിൽ ജോലി ചെയ്തു തുടങ്ങിയ തീയതിയായ 06.03.2007 മുതൽ പരിഗണിക്കേണ്ടതാണെന്നും വിധിച്ചിരുന്നു. അപ്രകാരം ടിയാരിയെ മഞ്ചുമല വില്ലേജ് ഓഫീസിലേക്ക് മാറ്റിയ തീയതിയായ 06.03.2007 തീയതി പ്രാബല്യത്തിൽ ടി ഓഫീസിൽ 25.11.2005 ലെ സ.ഉ.(പി) 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിച്ച് ശ്രീമതി ലീലാമ്മ ആർ.വിക്ക് പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ് സഹിതം പീരുമേട് തഹസീൽദാർ സമർപ്പിച്ച പ്രൊപ്പോസൽ ഇടുക്കി ജില്ലാ കളക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

3. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"05.3.2016 ലെ സർക്കുലർ 19/2016/ധന പ്രകാരം സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭിക്കേണ്ടി ഇരുന്ന അവസാന തിയതി 05.3.2016 ആയിരുന്നു. കൂടാതെ 18.12.2003 മുതൽ 05.3.2007 വരെ ശ്രീമതി ലീലാമ്മ . ആർ . വി വാഗമൺ വില്ലേജാഫിസിലാണ് ജോലി ചെയ്തിരുന്നത്. ടി ഓഫിസിന്റെ സ്വീപ്പിംഗ് ഏരിയ 100 ച.മീ ൽ താഴെ ആയിരുന്നു എന്നു കോടതി ഉത്തരവിൽ തന്നെ പറയുന്നുണ്ട്.(ഭ വ ന ഫ പേജ്-5). 25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച. മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കി വരുന്ന വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. ഇടുക്കി ജില്ലയിലെ 100 ച.മി ൽ കൂടുതൽ ഉള്ള മഞ്ചുമല വില്ലേജ് ഓഫീസിൽ 06.3.2007 മുതലാണ് ശ്രീമതി ലീലാമ്മ . ആർ . വി ജോലി നോക്കി വരുന്നത് എന്നതിനാൽ ശ്രീമതി ലീലാമ്മ. ആർ. വി യെ 25/11/2005 തിയ്യതിയിലെ സ. ഉ (പി) നം.501/2005/ധന ഉത്തരവ് അനുസരിച്ച് ക്രമവൽക്കരിക്കാൻ കഴിയുന്നതല്ല. കൂടാതെ 05.3.2016 ലെ സർക്കുലർ 19/2016/ധന പ്രകാരം സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ 05.3.2016 വരെ പരിഗണിച്ചിരുന്നതും അതിനു ശേഷമുള്ള അപേക്ഷകൾ ഇനി പരിഗണിക്കില്ലാ എന്നു അറിയിച്ചിരുന്നതുമാണ്. 100 ച.മീ ൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉണ്ടെന്നു കാണിച്ചുകൊണ്ടുള്ള സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് 2007 നു ശേഷമുള്ളതാണ്. (the sweeping area certificate mentioned in judgement annexure -3 is not found in the AD file). കൂടാതെ ടിയാൾ മുൻപ് ഫയൽ ചെയ്ത് കോടതി കേസിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളം കൈപ്പറ്റുന്നുണ്ട്.(ഭ വ ന ഫ പേജ്-14). ടി സാഹചര്യത്തിൽ മേൽ പറഞ്ഞിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ അപ്പീൽ നൽകാൻ ഭരണ വകുപ്പിനോടു ആവശ്യപ്പെടുന്നു. "

4. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നിർദ്ദേശത്തിന്മേൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" Smt. R.V. Leelamma 18.12.2003 മുതൽ സർവ്വീസിൽ തുടരുന്നയാളാണ്. 06.03.2007 ലാണ് ടിയാൾക്ക് മഞ്ഞുമല വില്ലേജ് ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരിക്കുന്നത്. സ്ഥലംമാറ്റം എന്നത് സർവ്വീസിനെ യാതൊരുവിധത്തിലും ബാധിക്കുന്നില്ല. മഞ്ഞുമല വില്ലേജ് ആഫീസിന്റെ sweeping area 110.4 Sq. Mts ആയതിനാൽ അവിടെ G.O(P) No. 501/2005/Fin സർക്കാരുത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു Part time Sweeper ടെ regular post അനുവദിക്കാവുന്നതാണ് എന്നാണ് ബഹു. KAT 20.01.2020-ൽ OA(EKM) No. 584/2016 നമ്പർ കേസിലെ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത്.

സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി 05.03.2016 ആയിരുന്നു. എന്ന ഒരു വാദം സർക്കാർ ഭാഗം



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ഉന്നയിച്ചതായി കാണുന്നില്ല. കേസിൽ ഉന്നയിക്കാതിരുന്ന ഒരു കാര്യം പുതുതായി അപ്പീലിൽ ഉന്നയിക്കുവാൻ കഴിയുകയില്ല. Sweeping area സംബന്ധിച്ച് ഉത്തരവിൽ കോടതി തന്നെ വ്യക്തമാക്കുയിട്ടുണ്ട്, ആയതിനാൽ ധനവകുപ്പ് ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ അപ്പീൽ ഫയൽ ചെയ്യുവാൻ പര്യാപ്തമാവുകയില്ല. ടിയാൾ Part-time sweeper -ടെ ശമ്പളം കൈപ്പറ്റുന്നുണ്ടെങ്കിൽ അവർക്ക് ആ തസ്തികയിൽ regularisation നൽകാവുന്നതാണ്. മേൽ സാഹചര്യങ്ങളിൽ OA(EKM) No. 584/2016 നമ്പർ കേസിലെ 20.01.2020-ലെ ഉത്തരവിൽ നിന്ന് വിജയകരമായ ഒരു അപ്പീലിന് സാദ്ധ്യതയില്ല എന്ന വിവരം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു, എന്നിരുന്നാലും ഈ വിഷയത്തിൽ ഭരണവകുപ്പിന് AG യുടെ അഭിപ്രായം കൂടി ആരായാവുന്നതാണ്. "

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ OA (EKM) 584/2016 നമ്പർ കേസിലെ 20.01.2020 തിയതിയിലെ വിധിക്കെതിരെ OP (KAT) No. 357/2020 ഫയൽ ചെയ്യുകയും ബഹു: ഹൈക്കോടതിയുടെ 01.02.2021 ലെ വിധിന്യായം പ്രകാരം 18-12-2003 മുതൽ തുടർച്ചയായി സേവനത്തിലുള്ള ഹർജിക്കാരിയെ 100 ച. മി. -ൽ അധികം സ്വീപ്പിംഗ് ഏര്യയുള്ള മഞ്ചുമല വില്ലേജ് ഓഫീസിലേക്ക് മാറ്റുന്നത് 05-03-2007 ലായതിനാൽ അന്ന് മുതൽ റഗുലറൈസേഷന് ടിയാരിക്ക് അർഹതയുണ്ടെന്നു നിരീക്ഷിച്ച കോടതി OA(EKM) 584/16 നമ്പർ കേസിന്റെ 20.01.2020 ലെ വിധി നടപ്പിലാക്കുന്നതിന് വിധിന്യായം ലഭ്യമായ തീയതി മുതൽ 6 ആഴ്ച കൂടി അനുവദിച്ചു കൊണ്ട് ടി അപ്പീൽ നിരസിക്കുകയുണ്ടായി.

6. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, 20.01.2020 -ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നതിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

" G.O (P) No. 501/2005/Fin dated 25.11.2005 സർക്കാർ ഉത്തരവിലെ നിബന്ധനകളനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ക്രമവത്ക്കരണം നടത്തുന്നതിന് തനിക്ക് അർഹതയുണ്ടെന്ന് അവകാശപ്പെട്ട് ശ്രീമതി ലീലാമ്മ ഫയൽ ചെയ്ത OA (EKM) No. 584/2016 കേസിൽ 20.01.2020 ൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ 18.12.2003 മുതൽ ശ്രീമതി ലീലാമ്മ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നതായും ടിയാരിയുടെ സേവനക്കാലയളവിൽ തുടർച്ച നഷ്ടപ്പെട്ടിട്ടില്ല എന്നും 109 ച. മീറ്ററിൽ കൂടുതൽ സ്വീപ്പിങ് ഏരിയ ഉള്ള മഞ്ഞുമല വില്ലേജ് ഓഫീസിൽ സേവനം തുടങ്ങിയ 06.03.2007 മുതൽ പ്രാബല്യത്തിൽ ടിയാരിക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണം നേടാൻ അർഹതയുണ്ട് എന്ന് ബഹു. ഹൈക്കോടതി കണ്ടെത്തിയിട്ടുള്ളതാണ്. കൂടാതെ 3 ആഴ്ച്ചയ്ക്കകം 3-ാം എതിർകക്ഷിയായ മഞ്ഞുമല വില്ലേജ് ഓഫീസർ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ 2-ാം എതർകക്ഷിയായ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ബഹു. ജില്ലാ കളക്ടർ ടിയാന്റെ ശുപാർശ സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതും 3 മാസത്തിനകം



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

പ്രസ്തുത തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണെന്ന് ബഹു. കോടതി ഉത്തരവിട്ടിട്ടുള്ളത്.

OA (EKM) 584/2016 കേസിലെ 20.01.2020 ലെ വിധിന്യായം ചോദ്യം ചെയ്തുകൊണ്ട് സർക്കാർ ഫയൽ ചെയ്ത OP(KAT) No. 357/2020 നമ്പർ അപ്പീൽ നിരസിച്ചുകൊണ്ട് ബഹു. ഹൈക്കോടതി നടത്തിയ പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

" What is the relevant is the fact that the sweeper was continuosly engaged from prior to 25.11.2005 and thereafter started sweeping an area of more than 100 sq.m. In this case on hand, the respondent was continuosly in service from 18.12.2003 and was shifted to an office with more than 100 sq.m sweeping area with effect from 05.03.2007. In the above circumstances, we do not find any reason to upset the findings reendered by the Tribunal that the respondent is entitled to regularisation with effect from 05.03.2007".

"OA (EKM) 584/2016 കേസിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി ടി വിധി പകർപ്പ് ലഭിച്ച് 6 ആഴ്ച അനുവദിച്ച് കൊണ്ടാണ് ബഹു. ഹൈക്കോടതി അപ്പീൽ തീർപ്പാക്കിയിട്ടുള്ളത്. മറ്റു അപ്പീലുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ ബഹു ഹൈക്കോടതി നിർദ്ദേശം പാലിച്ച് ശ്രീമതി. ലീലാമ്മയെ 05.03.2007 തീയതി മുതൽ പ്രാബ്യത്തിൽ പാർട്ട് ടൈം തസ്തികയിൽ ക്രമപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

7. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കുന്നതിന്മേൽ നിയമവകുപ്പിന്റെ ഉപദേശം കണക്കിലെടുത്ത് ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിൽ ശ്രീമതി. ലീലാമ്മ ജോലി ചെയ്തിരുന്ന ഓഫീസിന്റെ സ്വീപ്പിംഗ് ഏരിയ 100 ച . മീ- ൽ താഴെ ആയിരുന്നതിനാലും , ശ്രീമതി. ലീലാമ്മയെ പി . ടി . എസ് തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ 05.3.2016- ന് മുൻപ് സർക്കാരിൽ ലഭ്യമായിട്ടില്ലാത്തതിനാലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പാർട്ട് ടൈം തസ്തിക സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലാത്തതിനാലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളം കൈപ്പറ്റുന്നുണ്ട് എന്നു ഭരണവകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ്, 05.3.2016 ലെ സർക്കുലർ 19/2016/ ധന പ്രകാരം ഇടുക്കി ജില്ലയിലെ മഞ്ചുമല വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം തസ്തിക സൃഷ്ടിച്ച് ശ്രീമതി . ലീലാമ്മയെ ടി തസ്തികയിൽ ടിയാരിയെ സ്ഥിരപ്പെടുത്തുന്നത് നിലവിലെ ഉത്തരവുകൾക്ക് വിരുദ്ധമായതിനാലും ധനവകുപ്പിന് യോജിക്കാൻ കഴിയില്ലെന്നും, അപ്പീലിന് സ്കോപ്പില്ല എന്ന് നിയമവകുപ്പ് അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും OP (KAT)357/2020 ലെ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ബഹു ഹൈക്കോടതിയുടെ 01.02.2021 ലെ വിധിന്യായത്തിൽ OA(EKM) 584/16 നമ്പർ കേസിലെ 20.01.2020 ലെ വിധി നടപ്പിലാക്കാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിലും ടി വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനം എടുക്കാവുന്നതാണെന്നും അറിയിക്കുന്നു. സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം കാഷ്വൽ / താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്നുള്ള 10.04.2018 ലെ സ . ഉ ( പി ) 58/2018/ ധന – ഉത്തരവിലേക്കു കൂടി ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. (attached in LR) "

8. മേൽ സാഹചര്യത്തിൽ കാഷ്വൽ/താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന്, ഇടുക്കി ജില്ലയിലെ മഞ്ചുമല വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി ലീലാമ്മ ആർ.വി.യെ 06.03.2007 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ചും ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കിയും 357/2020 OP(KAT)–ലെ 01.02.2021 ലെ വിധിന്യായ പ്രകാരം OA(EKM) 584/16 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.01.2020 ലെ വിധിന്യായം നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.01.2020 ലെ OA(EKM) 584/16 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മഞ്ചുമല വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ആഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ലീലാമ്മ ആർ. വി. –യെ 06.03.2007 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാമോ ?

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/47/2017-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(E)No. 268/17 നമ്പർ കേസിലെ 25.06.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെ പന്തളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. എലിസബത്തിനെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13.12.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.12.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.12.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.12.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.12.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(E)NO. 268/17 നമ്പർ കേസിലെ 25.06.2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെ പന്തളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ.എലിസബത്ത്-നെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി കെ. എലിസബത്ത് പത്തനംതിട്ട ജില്ലയിൽ പന്തളം വില്ലേജ് ഓഫീസിൽ 06.10.1985 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. പ്രസ്തുത ഓഫീസ് 164.47 ച. മീ. വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിൽ 05.12.2015 മുതൽ പ്രവർത്തനമാരംഭിച്ചു. തുടർന്ന് 25.11.2005 ലെ സ.ഉ.(പി) 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി കെ എലിസബത്ത്-നെ ക്രമവൽക്കരിക്കുന്നതിലേയ്ക്കായി ടിയാരി അപേക്ഷിക്കുകയും 05.03.2016 ന് മുമ്പ് സ്ഥിരപ്പെടുത്തലിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ 05.03.2016 ലെ 19/2015/ധന നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ടി അപേക്ഷ നിരസിക്കുകയും ടി വിവരം പത്തനംതിട്ട ജില്ലാ കളക്ടർ അപേക്ഷകയെ അറിയിക്കുകയുമുണ്ടായി.

3. തുടർന്ന്, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി ശ്രീമതി കെ. എലിസബത്ത് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(E)NO. 268/17 നമ്പർ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ 25.06.2021 ലെ വിധിയിൽ അനക്ഷർ എ 4 (പത്തനംതിട്ട ജില്ലാ കളക്ടറുടെ 19.11.2016 ലെ S5-11098/2016 നമ്പർ ഉത്തരവ്) ഉം അതിൽ പരാമർശിച്ചിട്ടുള്ള, മൂന്നാം എതിർകക്ഷിയായ കമ്മീഷണറുടെ കത്തും റദ്ദാക്കുകയും, പന്തളം വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏരിയ 25.11.2005-ൽ 114.39 ച.മീ ആയിരുന്നു എന്ന് അനക്ഷർ എ 6 കത്തിൽ അടൂർ തഹസീൽദാർ വ്യക്തമാക്കിയിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ജനുവരി 2022 ൽ ടിയാൾ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ 25.11.2005 ലെ സ.ഉ(പി) 501/2005/ധന ഉത്തരവിന്റെ വെളിച്ചത്തിൽ ഹർജിക്കാരിയെ 18.06.2001 മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പുന:പരിശോധിച്ച് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനകം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നും തദനുസൃതമായ എല്ലാ ആനുകൂല്യങ്ങളും ഹർജിക്കാരിക്ക് നൽകണമെന്നും സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

4. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 കാലയളവിൽ സ്വീപ്പിങ് ഏരിയ 100 ച . മീ.-ൽ താഴെ ആയിരുന്നതിനാലും 05/03/2016 - ന് മുൻപ് ശ്രീമതി എലിസബത്തിനെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട്കൊണ്ടുള്ള ശുപാർശ സർക്കാരിന് ലഭ്യമാക്കാത്തതിനാലും 25/11/2005 തിയ്യതിയിലെ സ . ഉ. ( പി ) നം . 501/2005/ ധന ഉത്തരവ് , 05.3.2016 ലെ സർക്കുലർ 19/2016/ ധന എന്നിവ പ്രകാരം 18.06.2001 മുതൽ പി . ടി . എസ് . തസ്തികയിൽ സ്ഥിരപ്പെടുത്തി എല്ലാ ആനുകൂല്യങ്ങളും കുടിശ്ശികകളും നൽകണമെന്ന O.A. (Ekm)No. 268 of 2017- കേസിന്റെ 25.06.2021 - ലുള്ള വിധിയോട് ധനകാര്യ വകുപ്പിന് യോജിക്കാനാവില്ലെന്നും മേൽ ഉത്തരവുകളുടെ വെളിച്ചത്തിൽ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യുവാനും ഭരണവകുപ്പിന് നിർദ്ദേശം നൽകുന്നു."

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

" In OA(EKM) No. 268 of 2017 State Government raised contentions like highly belated application for regularization and the sweeping area of the Village Office, Pandalam before its shifting to the new premises on 05.12.2015, was less than 100 sq.m. before Hon'ble Administrative Tribunal. The 1st contention of highly belated application was rejected by Hon' ble KAT on the ground that it was the duty of the Head of every office to determine the sweeping area of their office and to initiate proceedings for regularising the service of the Casual Sweepers. If the sweeping area is above 100 sq.m. merely for the reason that the Village Officer, Pandalam failed to comply with the above directions the benefit of the Government Order cannot be denied to applicant and also noticed that the applicant had already approached the Hon'ble High Court as early in 2003 by filing OP No.6770 of 2003 claiming regularisation in service.

The other contention in reply statement regarding sweeping area of the Village Office, Pandalam before its shifting to the new premises on 05.12.2015 was less than 100 sq. m. was also rejected by the Hon'ble KAT on the ground that Anexure A6 order of the Tahsildar issued pursuant to the judgment of the Hon' ble High Court shows that the applicant was paid pay and allowances to the post of a Part Time Sweeper engaged in offices having sweeping area of more than 100 sq. m. Annexure A6 order dated 01.09.2003 refers to a letter dated 05.08.2003 of the Assistant Executive Engineer (Building), Adoor which stated that the actual sweeping area of the Village Office, Pandalam was more than 100 sq. m.

Hence Hon'ble KAT set aside the Annexure A4 order for the reason that it was illegal and arbitrary and directed to reconsider the claim of the applicant for regularization in service with effect from 18.06.2001 in the light of Annexure A2 Order and Hon' ble KAT considered the fact that the date of superannuation of applicant is January, 2022.

From this judgment it is clear that Hon'ble KAT considered all the contentions raised by the State Government and rejected with standing grounds and delivered speaking order. Hence there is no scope for successful Appeal against the Judgment of Hon'ble KAT in OA (EKM) No.268/2017 dated 25.06.2021. "

6. പ്രസ്തുത വിധിക്കെതിരെ അപ്പീലിന് സ്കോപ്പില്ല എന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"25/11/2005 തിയ്യതിയിലെ സ.ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച . മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. ലാന്റ് റവന്യൂ കമ്മീഷണറുടെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ പന്തളം വില്ലേജ് ഓഫിസ് പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനമാരംഭിച്ച തീയതിയായ 5.12.15 മുതലാണ് സ്വീപ്പിങ് ഏരിയ 100 ച.മീ. അധികരിച്ചതെന്നും അതിന് മുൻപ് സ്വീപ്പിങ് ഏരിയ 100 ച.മീ.യിൽ താഴെയായിരുന്നുവെന്നും 5.3.2016 -ന് മുൻപായി ശ്രീമതി എലിസബത്തിനെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ലായെന്നും കാണുന്നു. 05.3.2016 ലെ സർക്കുലർ 19/2016/ ധന പ്രകാരം സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ 05.3.2016 വരെ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 18.06.2001 മുതൽ പി. ടി. എസ്. തസ്തികയിൽ സ്ഥിരപ്പെടുത്തി എല്ലാ ആനുകൂല്യങ്ങളും കുടിശ്ശികകളും നൽകണമെന്ന O.A.(Ekm)No. 268 of 2017- കേസിന്റെ 25.06.2021 - വിധിയിന്മേൽ 28.10.2019 ലെ സ. ഉ. (പി) 144/2019/ധന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി അപ്പീൽ സമർപ്പിക്കാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു ."

7. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ OA(EKM) 268/2012 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 25-06-2021-ലെ വിധിയിന്മേൽ അപ്പീൽ ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിരുന്നു എന്നാൽ ടി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിൽ അർത്ഥമില്ല എന്ന് ഗവ. പ്ലീഡർ അറിയിച്ചിരുന്നു. ഇതിനിടെ O.A.(Ekm)No. 268 of 2017- കേസിൽ ബഹു: ട്രൈബ്യൂണലിന്റെ 25-06-2021 ലെ വിധിയിലെ നിർദ്ദേശം നടപ്പിലാക്കാത്തതിനെതിരെ ഹർജിക്കാരി CP(EKM) 133/2021 നമ്പർ കോടതി അലക്ഷ്യം ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് 08.12.2021 -ൽ പരിഗണിച്ച ബഹു. ട്രൈബ്യൂണൽ compliance order 15.12.2021 നകം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഗവ. പ്ലീഡർ അറിയിച്ചിരുന്നു.

8. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് പത്തനംതിട്ട ജില്ലയിലെ പന്തളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ.എലിസബത്തിനെ 18.06.2001 മുതൽ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും തദനുസൃതമായ ആനുകൂല്യങ്ങൾ നല്കിയും OA(E)NO. 268/17 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 25.06.2021 ലെ വിധി നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.06.2021 ലെ OA(E)NO. 268/17 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെ പന്തളം വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. എലിസബത്തിനെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

589

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/129/2019-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(EKM) 663/2014 നമ്പർ കേസിലെ 25.06.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല സൗത്ത് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത സി. യെ 02.03.2002 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20.02.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ. വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22.02.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.02.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.02.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.02.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A(EKM) 663/2014 നമ്പർ കേസിലെ 25.06.2019 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല സൗത്ത് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത സി.യെ 02.03.2002 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി ശാന്ത സി. 02/03/2002 മുതൽ ചേർത്തല സൗത്ത് വില്ലേജാഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലിയിൽ പ്രവേശിച്ചിരുന്നു. അന്ന് മുതൽ തുടർച്ചയായി ജോലി ചെയ്തുവരുന്ന ടിയാരി കാലാകാലങ്ങളിൽ കാഷ്വൽ സ്വീപ്പർക്ക് അനുവദനീയമായ കൺസോളിഡേറ്റഡ് പേ കൈപ്പറ്റി വരുന്നുമുണ്ട്. ചേർത്തല പൊതുമരാമത്ത് കെട്ടിട വിഭാഗം അസി. എഞ്ചിനീയറുടെ 18.10.2006 ലെ സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം ടി ഓഫീസിന്റെ വിസ്തീർണ്ണം 123.99 ച. മീ. ആയിരുന്നു. റിക്കോർഡ് റൂം, വരാന്ത തുടങ്ങിയ ദിവസേന വൃത്തിയാക്കാത്ത ഏര്യ ഒഴിവാക്കി സ്വീപ്പിംഗ് ഏര്യ പുനർ നിർണ്ണയിച്ചപ്പോൾ ടി ഓഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ 112.32 ച. മീറ്ററായി കുറഞ്ഞിരുന്നു. പ്രസ്തുത ഓഫീസിൽ 2009 ൽ അധികനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 06.03.2018 ലെ സ.ഉ(പി) 34/2018/ധന പ്രകാരം ജി ഐ പൈപ്പ് കൊണ്ടോ ഷീറ്റ് കൊണ്ടോ നിർമ്മിച്ചിട്ടുള്ള താൽക്കാലിക റൂഫിംഗ് സംവിധാനം സ്വീപ്പിങ്ങ് ഏര്യ നിർണ്ണയിക്കുന്നതിന് കണക്കാക്കേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്തിരുന്നു. 16. 83 ച. മീ. വിസ്തീർണ്ണമുള്ള വരാന്ത അപ്രകാരമുള്ള താൽക്കാലിക നിർമ്മാണമായതിനാൽ 06.03.2018 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഏര്യ ഒഴിവാക്കി സ്വീപ്പിംഗ് ഏര്യ കണക്കാക്കിയപ്പോൾ 95.49 ചതുരശ്ര മീറ്റർ ആയി കുറഞ്ഞിരുന്നു. ആയതിനാൽ 25.11.2005 ലെ സ.ഉ(പി) 501/2005/ധന ഉത്തരവ് പ്രകാരം ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാരിയെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സർക്കാർ മുമ്പാകെ ശ്രീമതി ശാന്ത സി. സമർപ്പിച്ച നിവേദനം 04.08.2014 ലെ സ.ഉ.(സാധാ) 3625/14/റവ ഉത്തരവ് പ്രകാരം നിരസിക്കുകയുണ്ടായി.

3. ഇതിനെതിരെ ശ്രീമതി ശാന്ത സി. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A(EKM) 663/2014 നമ്പർ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.06.2019 ലെ വിധിയിൽ, ഉത്തരവ് കിട്ടി രണ്ടു മാസത്തിനകം ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ശാന്ത സി. യെ 02.03.2002 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഉത്തരവ് പുറപ്പെടുവിച്ച് 3 മാസത്തിനകം ടിയാരിക്ക് അർഹമായ ആനുകൂല്യങ്ങൾ തിട്ടപ്പെടുത്തി വിതരണം ചെയ്യണമെന്നും ഉത്തരവായിരുന്നു.

4. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച . മീ. മുകളിൽ സ്വീപ്പിങ്ങ് ഏര്യ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക / കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. കൂടാതെ 05.3.2016 തീയതിയിലെ 19/2019/ധന സർക്കുലർ പ്രകാരം താൽക്കാലിക സ്വീപ്പർമാരുടെ ക്രമവൽക്കരണത്തിനുള്ള പുതിയ പ്രൊപ്പോസലുകൾ ഈ സർക്കുലർ തിയതിക്ക് ശേഷം ഒരു കാരണവശാലും പരിഗണിക്ക-



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ന്നതല്ല എന്നും അറിയിച്ചിട്ടുണ്ട് . ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ അപ്പീൽ നൽകാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു."

5. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നിർദ്ദേശത്തിന്മേൽ നിയമ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"On perusing the Order of Hon'ble Kerala Administrative Tribunal in OA (EKM) No.663/2014 it can be seen that the main dispute was regarding the sweeping area. But Hon'ble court found it in favour of the Applicant that Government excluded 16.83 Sq.m. to deny relief to the Applicant and set aside the order. In the reply statement it was stated that sweeping area 112.32 Sq. metres. On the basis of this court ordered to create a post of Part-time sweeper, applicant's continuous engagement from 02.03.2002 is also admitted in the reply statement. Therefore Government cannot take another stand. Finance Department advised to file appeal on the sole reason that last date fixed for submitting application for regularisation expired on 05.03.2016. This case was filed in 2014 and order was dated 25.06.2019. Such a contention was never raised before court or pleaded in the reply statement. Therefore that cannot be taken as a ground for preferring appeal.

Therefore Administrative Department may be informed that chance for a successful appeal from the above referred order is too remote."

6. നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ OA (EKM) No.663/2014 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.06.2019 ലെ വിധിന്യായം നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏര്യ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക / കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളതെന്നും, കൂടാതെ 05.3.2016 തിയതിയിലെ 19/2016/ധന സർക്കുലർ പ്രകാരം താൽക്കാലിക സ്വീപ്പർമാരുടെ ക്രമവൽക്കരണത്തിനുള്ള പുതിയ പ്രൊപ്പോസലുകൾ ഈ സർക്കുലർ തിയതിക്ക് ശേഷം ഒരു കാരണവശാലും പരിഗണിക്കുന്നതല്ല എന്നും, ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ അപ്പീൽ നൽകാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു" എന്ന ധനകാര്യ വകുപ്പിന്റെ മുൻ അഭിപ്രായത്തിൽത്തന്നെ ഉറച്ചുനിൽക്കുന്നതിനോടൊപ്പം അപ്പീൽ ഫയൽ ചെയ്യുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു."

7. തുടർന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ O.A(EKM) 663/2014 നമ്പർ കേസിലെ 25.06.2019 ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ അപ്പീലിന് സാദ്ധ്യതയില്ല എന്ന് ഗവ. പ്ലീഡർ അറിയിക്കുകയുണ്ടായി. ഇതിനിടെ O.A(EKM) 663/2014 നമ്പർ കേസിലെ 25.06.2019 ലെ ഉത്തരവ് നടപ്പിലാക്കാത്തതിനെതിരെ ശ്രീമതി ശാന്ത സി. 16/2022 നമ്പർ കോടതിയലക്ഷ്യം ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കോടതിയലക്ഷ്യം 17.02.2022 ൽ പരിഗണിച്ച ബഹു. ട്രൈബ്യൂണൽ രണ്ടാഴ്ചയ്ക്കുള്ളിൽ Compliance Order ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതായി സീനിയർ ഗവ. പ്ലീഡർ അറിയിച്ചിട്ടുണ്ട്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

8. മേൽ സാഹചര്യത്തിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ആലപ്പുഴ ജില്ലയിലെ ചേർത്തല സൗത്ത് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത സി.യെ 02.03.2002 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ചും 663/2014 നമ്പർ OA(EKM) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.06.2019 ലെ വിധി നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.06.2019 ലെ O.A(EKM) 663/2014 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല സൗത്ത് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത സി.യെ 02.03.2002 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

458

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/278/2017-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 4797/2012 നമ്പർ കേസിലെ 22.03.2018 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ഓഫീസിലെ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി മേബിൾബ്രിട്ടോ, ശ്രീമതി ബി. നഹീന എന്നിവരെ യഥാക്രമം 20.11.2016, 01.12.2017 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07.12.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.12.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.12.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.12.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21.12.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 4797/12 നമ്പർ കേസിലെ 22.03.2018 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ഓഫീസിൽ 20.11.2016 പ്രാബല്യത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർ, ശ്രീമതി മേബിൾ ബ്രിട്ടോയെയും ടി ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 30.11.2017 ൽ ഉണ്ടായ വിരമിക്കൽ ഒഴിവിൽ 01.12.2017 തീയതി പ്രാബല്യത്തിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ബി. നഹീനയേയും സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി മേബിൾ ബ്രിട്ടോ, ശ്രീമതി നഹീന എന്നിവർ യഥാക്രമം 20.6.1984 മുതൽ കുണ്ടറ റവന്യൂ ഫർക്ക ഓഫീസിലും, 01.04.1986 മുതൽ കൊല്ലം റവന്യൂ ഫർക്ക ഓഫീസിലും കാഷ്വൽ സ്വീപ്പർമാരായി സേവനമനുഷ്ഠിച്ചിരുന്നു. ടി ഓഫീസുകൾ 1998 ൽ നിർത്തലാക്കിയതിനെ തുടർന്ന് കൊല്ലം താലൂക്ക് ഓഫീസിലേക്ക് ടിയാളുകളെ മാറ്റിയിരുന്നു. ടി ഓഫീസിൽ അനുവദനീയമായ 2 പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ മറ്റ് രണ്ടുപേർ സേവനമനുഷ്ഠിച്ച് വന്നിരുന്നതിനാൽ ടി സ്വീപ്പർമാരെ റഗുലറൈസ് ചെയ്തിരുന്നില്ല എങ്കിലും OP 18615/2002, OP 23323/2002 കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 05.10.2002 ലെ വിധി പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ നിരക്കിലുള്ള വേതനം ഹർജിക്കാർക്ക് നൽകിയിരുന്നു.

3. ശ്രീമതി മേബിൾ ബ്രിട്ടോ, ശ്രീമതി നെഹീന എന്നിവർ തങ്ങൾക്ക് അനുവദിച്ചിട്ടുള്ള സ്വീപ്പിങ് ഏര്യ 100 ച. മീ. -ൽ കൂടുതലായതിനാൽ 25.11.2005 ലെ സ.ഉ.(പി) 501/2005/ധന ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമന തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിനായി WP(C) 32930/2011 നമ്പർ കേസ് ( ടി കേസ് പിന്നീട് TA 4797/12 നമ്പർ കേസായി ബഹു. ട്രൈബ്യൂണലിലേയ്ക്ക് മാറ്റുകയുണ്ടായി) ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.03.2018 ലെ വിധിയിൽ, 22/02/2017 ലെ സ്വീപ്പിംഗ് ഏരിയാ സർട്ടിഫിക്കറ്റ് (അനക്ഷർ എം എ 1), വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്നാഴ്ചയ്ക്കകം ലഭ്യമാക്കുവാൻ ടി കേസിലെ മൂന്നും നാലും എതിർ കക്ഷികളായ കൊല്ലം ജില്ലാ കളക്ടർക്കും, കൊല്ലം തഹസിൽദാർക്കും ആയത് ലഭ്യമായ ശേഷം വിവിധ സ്വീപ്പിംഗ് ഏരിയാ സർട്ടിഫിക്കറ്റുകൾ കണക്കാക്കി ടിയാളുകളെ ക്രമവല്ക്കരിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർ കക്ഷിയായ സർക്കാരിനും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 25-11-2005 ലെ ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം ഹർജിക്കാരെ, ക്രമവൽക്കരണത്തിനുള്ള ഹർജിക്കാരുടെ അർഹത പരിഗണിച്ച് ക്രമവത്ക്കരണ തീയതി മുതൽ പുനർ നിർണ്ണയിച്ച് തദനുസൃതമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

4. ഇതിനിടെ കൊല്ലം താലൂക്ക് ഓഫീസ് പുതുതായി പണികഴിപ്പിച്ച താലൂക്ക് ഓഫീസ് സമുച്ചയത്തിൽ 20.11.2016 ന് പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് ടി ഓഫീസിലെ സ്വീപ്പിങ്ങ് ഏരിയ 2173.66 ചതുരശ്ര മീറ്ററായി വർദ്ധിച്ചത് മൂലം നിലവിലുള്ള രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പുറമേ അധികമായി ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക കൂടി സൃഷ്ടിക്കുന്നതിന് അർഹത നേടുകയുണ്ടായി. കൂടാതെ ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ലക്ഷ്മി 30.11.2017 ൽ വിരമിച്ചതിനെ തുടർന്ന് 1.12.2017 മുതൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ ഒഴിവ് കൂടി ഉണ്ടായി. ആയതിനാൽ കൊല്ലം താലൂക്ക് ഓഫീസ്

കെട്ടിടത്തിന്റെ വിസ്തീർണ്ണം കൂടിയ തീയതിയായ 20/11/2016 മുതൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി മേബിൾബ്രിട്ടോയെ ക്രമവൽകരിക്കുന്നതിനും, ടി ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായി സേവനമനുഷ്ടിച്ചിരുന്ന ശ്രീമതി ലക്ഷ്മി 30.11.2017 ൽ വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീമതി ബി. നഹീനയെ പാർട്ട് ടൈം സ്വീപ്പറായി 01.12.2017 മുതൽ ക്രമവൽകരിക്കുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാർ മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

5. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തിയ്യതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നതുമായ വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. കൊല്ലം താലൂക്ക് ഓഫീസ് പുതുതായി പണികഴിപ്പിച്ച താലൂക്ക് ഓഫീസ് സമുച്ചയത്തിലേക്ക് 20/11/2016 ന് പ്രവർത്തനം ആരംഭിച്ചതിനെ തുടർന്നാണ് ടി ഓഫീസിന്റെ സ്വീപ്പിംഗ് ഏരിയയിൽ വർധനവുണ്ടായിട്ടുള്ളത്. കൊല്ലം താലൂക്ക് ഓഫിസിന്റെ സ്വീപ്പിങ്ങ് ഏരിയ അനുസരിച്ച് രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് മാത്രമെ 20.11.2016 ന് മുമ്പ് അർഹത ഉണ്ടായിരുന്നുള്ളു. രണ്ടു അംഗീകൃത തസ്തികകളിൽ മറ്റ് രണ്ട് പാർട്ട് ടൈം സ്വീപ്പർമാർ ജോലി നോക്കി വരുകയും ചെയ്തിരുന്നു. 25/11/2005 തിയ്യതിക്ക് ശേഷം പുതുതായി സൃഷ്ടിക്കുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടത്തേണ്ടത്. അതിനാൽ സ്വീപ്പിംഗ് ഏരിയ വർധിച്ചത് വഴി ഉണ്ടാകുന്ന ഒഴിവിൽ ശ്രീമതി ബി. നഹീനയെ നിയമിക്കുന്നത് നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകുമെന്നതിനാൽ ധന വകുപ്പിന്റെ മുൻ നിലപാടിൽ ഉറച്ച് നിൽക്കുന്നതായും, TA 4797/12 നമ്പർ കേസിന്റെ 22.03.18 ലെ വിധിക്കെതിരെ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യാൻ ഭരണ വകുപ്പിനോടു ആവശ്യപ്പെടുന്നു."

6. അപ്രകാരം ബഹു. ട്രൈബ്യൂണലിന്റെ TA 4797/12 നമ്പർ കേസിലെ 22.03.18 ലെ വിധിക്കെതിരെ OP(KAT) No. 122/2020 ഫയൽ ചെയ്യുകയും, ബഹു. ഹൈക്കോടതിയുടെ 01.02.2021 ലെ വിധിന്യായം പ്രകാരം പ്രസ്തുത OP(KAT) നിരസിച്ചുകൊണ്ട് TA 4797/12 കേസിന്റെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.03.18 ലെ ഉത്തരവ് പാലിക്കുവാൻ 6 ആഴ്ച കൂടി സമയം അനുവദിക്കുകയും ചെയ്തു.

7. ബഹു. ഹൈക്കോടതിയുടെ 01.02.2021 ലെ OP(KAT) 122/2020 നമ്പർ കേസിലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ TA 4797/12 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 22.03.2018 ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തിയ്യതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നതുമായ വ്യക്തികളാണ്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. കൊല്ലം താലൂക്ക് ഓഫീസ് പുതുതായി പണികഴിപ്പിച്ച താലൂക്ക് ഓഫീസ് സമുച്ചയത്തിലേക്ക് 20/11/2016 ന് പ്രവർത്തനം ആരംഭിച്ചതിനെ തുടർന്നാണ് ടി ഓഫീസിന്റെ സ്വീപ്പിംഗ് ഏരിയയിൽ വർധനവുണ്ടായിട്ടുള്ളത്. കൊല്ലം താലൂക്ക് ഓഫിസിന്റെ സ്വീപ്പിങ്ങ് ഏരിയ അനുസരിച്ച് രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് മാത്രമെ 20.11.2016 ന് മുമ്പ് അർഹത ഉണ്ടായിരുന്നുള്ളൂ. രണ്ട് അംഗീകൃത തസ്തികകളിൽ മറ്റ് രണ്ട് പാർട്ട് ടൈം സ്വീപ്പർമാർ ജോലി നോക്കി വരുകയും ചെയ്തിരുന്നു. 25/11/2005 തിയ്യതിക്ക് ശേഷം പുതുതായി സൃഷ്ടിക്കുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടത്തേണ്ടത്. അതിനാൽ സ്വീപ്പിംഗ് ഏരിയ വർധിച്ചത് വഴി ഉണ്ടാകുന്ന ഒഴിവിൽ ശ്രീമതി ബി. നഹീനയെ നിയമിക്കുന്നത് നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകുമെന്നതിനാൽ ധന വകുപ്പിന്റെ മുൻ നിലപാടിൽ ഉറച്ചു നിൽക്കുന്നതായും, TA 4797/12 നമ്പർ കേസിന്റെ 22.03.18 ലെ വിധിക്കെതിരെ ഫയൽ ചെയ്ത OP(KAT) 122/2020 നിരസിച്ചിട്ടുള്ള സാഹചര്യത്തിലും ഉത്തരവ് കൈപ്പറ്റി 6 ആഴ്ചയ്ക്കകം ശ്രീമതി മേബിൾബ്രിട്ടോ, ശ്രീമതി ബി. നഹീന എന്നിവർ ഫയൽ ചെയ്ത TA 4797/12 നമ്പർ കേസിന്റെ 22.03.18 ലെ വിധി നടപ്പിലാക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവിറക്കിയിട്ടുള്ള സാഹചര്യത്തിലും ഈ വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനം എടുക്കാവുന്നതാണെന്നും അറിയിക്കുന്നു."

8. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

" In TA No. 4797 of 2012 Hon'ble KAT directed to the first respondent will pass orders on proposal submitted as already mentioned earlier within a further period of two months. The entitlement of the applicants for regularisation in tune with the stipulations will be accordingly fixed consequential monetary benefits also will be sanctioned. Against which OP(KAT) 122/2020 was filed and which was dismissed.

So Administrative Department may prefer Review Petition from the Judgment in OP(KAT) 122/2020 dated 01.02.2021 regarding consequential monetary benefits in regularisation and date of regularisation."

9. നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ബഹു. ഹൈക്കോടതിയുടെ 01.02.2021 ലെ OP(KAT) 122/20 നമ്പർ കേസിലെ വിധിയിന്മേൽ SLP 17169/2021 ഫയൽ ചെയ്യുകയും ടി അപ്പീൽ ബഹു. സുപ്രീം കോടതിയുടെ 08.11.2021 ലെ വിധി പ്രകാരം നിരസിക്കുകയും ചെയ്തു.

10. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ വിസ്തീർണ്ണം കൂടിയ തീയതിയായ 20/11/2016 പ്രാബല്യത്തിൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി മേബിൾ ബ്രിട്ടോയെ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കിയും ടി ഓഫീസിലെ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 30.11.2017 ൽ ഉണ്ടായ വിരമിക്കൽ

ഒഴിവിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ബി. നഹീനയെ 01.12.2017 പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കിയും TA 4797/12 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22.03.2018 ലെ വിധി നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനമെടുക്കേണ്ട വിഷയം**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.03.2018 ലെ TA 4797/12 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ വിസ്തീർണ്ണം കൂടിയ തീയതിയായ 20.11.2016 തീയതി പ്രാബല്യത്തിൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി മേബിൾബ്രിട്ടോയെയും, ടി ഓഫീസിൽ 30.11.2017 ൽ ഉണ്ടായ റിട്ടയർമെന്റ് ഒഴിവിൽ 01.12.2017 തീയതി പ്രാബല്യത്തിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ബി. നഹീനയെയും സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ ഇരുവർക്കും നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1400

| | | |
|---|---|---|
| **കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്** | | |
| 1. | ഫയൽ നമ്പർ | റവ-റ്റി1/79/2022-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 1275/2022 നമ്പർ കേസിലെ 18.07.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ വെട്ടം വില്ലേജാഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി ശാന്ത പി. യെ ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 20.02.2021 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 04.02.2023 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. അനിൽകുമാർ കെ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.02.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.02.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 1275/2022 നമ്പർ കേസിലെ 18.07.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ വെട്ടം വില്ലേജാഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ടി വില്ലേജ് ഓഫീസ് 100 ച. മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള നിലവിലെ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 20.02.2021 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി ശാന്ത പി. 1997 മാർച്ച് മാസം മുതൽ 24 വർഷമായി വെട്ടം വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. ടി വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെയായിരുന്നതിനാൽ ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാരിയെ റഗുലറൈസ് ചെയ്തിരുന്നില്ല. എങ്കിലും OP 2019/2003 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 03.02.2003 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ വേതനം ടിയാൾ കൈപ്പറ്റി വരുന്നു. എന്നാൽ വെട്ടം വില്ലേജാഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആയി ഉയർത്തുന്നതിന്റെ ഭാഗമായി നിർമ്മിച്ച പുതിയ കെട്ടിടത്തിൽ 20.02.2021 മുതൽ പ്രവർത്തനമാരംഭിച്ചു. പ്രസ്തുത കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 143.920 ച.മീ. ആണെന്ന് തിരൂർ പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരുന്നു. തുടർന്ന് പ്രസ്തുത വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ക്രമവൽക്കരിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. തന്നെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീമതി ശാന്ത പി. യും സർക്കാർ മുമ്പാകെ ഒരു നിവേദനം സമർപ്പിച്ചിരുന്നു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

3. തുടർന്ന് ഇതേ ആവശ്യം ഉന്നയിച്ച് ശ്രീമതി ശാന്ത പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O. A. 1275/2022 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ 18.07.2022 ന് പുറപ്പെടുവിച്ച ഉത്തരവിൽ, ടിയാരി സർക്കാർ മുമ്പാകെ സമർപ്പിച്ച അനക്സർ A6 നിവേദനം പരിഗണിച്ച് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്ന മാസത്തിനകം നിയമാനുസൃതം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

4. ബഹു. ട്രൈബ്യൂണലിന്റെ 18.07.2022 ലെ OA 1275/2022 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

> “25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ 100 ച . മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക / കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. 02/2021 ൽ വർദ്ധിച്ച സ്വീപ്പിംഗ് ഏരിയ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണം നല്കാൻ 25/11/2005 തിയ്യതിയിലെ ഉത്തരവ് അനുസരിച്ച് കഴിയില്ല. എന്നാൽ സർക്കാരിന്റെ ഈ നിലപാട് പല കേസുകളിലും ബഹു. ഹൈക്കോടതി ഉൾപ്പെടെ അംഗീകരിക്കുന്നില്ല എന്ന് കാണുന്നു . അതിനാൽ മേൽ വസ്തുത എടുത്ത് കാട്ടി ശ്രീമതി ശാന്ത പിയുടെ അപേക്ഷ നിരസിച്ച് O. A. No. 1275/2022 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 18.07.2022 ലെ ഉത്തരവ് പാലിക്കാൻ കഴിയുമോ എന്നതിൽ നിയമ വകുപ്പിന്റെ / അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞതിന് ശേഷം ഫയൽ ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.”

5. ധനകാര്യ വകുപ്പിന്റെ പ്രസ്തുത അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

> "25/11/2005 തീയതിയിലെ സ . ഉ (പി ) നം .501/2005/ധന നമ്പർ ഉത്തരവ് അനുസരിച്ച് 25/11/2005 തീയതിയിൽ 100 ച .മീ ന മുകളിൽ സ്വീപ്പിങ്


Generated from eOffice by SREEKANTH S, ASST (G2), REV, ASST (G2) REV on 17/08/2023 02:54 PM

ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താത്കാലിക/ കാഷൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിനു അർഹരായിട്ടുള്ളവരെന്നും, 02/2021 ൽ വർധിച്ച സ്വീപ്പിങ് ഏരിയ അനുസരിച്ച പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണം നൽകാൻ 25/11/2005 തീയതിയിലെ ഉത്തരവ് അനുസരിച്ച കഴിയില്ലായെന്നുമാണ് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത് . 25/11/2005 തിയ്യതിയിലെ സ.ഉ ( പി ) നം.501/2005/ധന ഉത്തരവിന്റെ പ്രാബല്യ തീയതിയായ 25/11/2005 ൽ മലപ്പുറം ജില്ലയിലെ വെട്ടം വില്ലേജ് ഓഫീസിലെ സ്വീപ്പിങ് ഏരിയ 100 ച . മീ കുറവായിരുന്നു എന്ന വസ്തുതയാണ് ശ്രീമതി ശാന്ത പി. യുടെ അപേക്ഷ നിരസിക്കുന്നതിനായി ധനകാര്യ വകുപ്പ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്. എന്നാൽ സമാനസ്വഭാവത്തിലുള്ള O.A 1465/2017 നമ്പർ കേസിൽ ബഹു. ട്രിബ്യൂണൽ 28/11/2017 ന് പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ ഫയൽ ചെയ്ത OP (KAT) No.26/2019 കേസിൽ 25/11/2005 ൽ സ്വീപ്പിങ് ഏരിയ 100 ച.മീ. ൽ കുറവായിരുന്നുവെന്നും ആയതു 2014 ൽ മാത്രമാണ് 100 ച.മീ. അധികരിച്ചതെന്നും ആയതിനാൽ പരാതിക്കാരിക്ക് 25/11/2005 തിയ്യതിയിലെ സ.ഉ (പി) നം . 501/2005/ധന ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ലഭിക്കാൻ അർഹതയില്ലെന്നുമുള്ള സർക്കാരിന്റെ വാദം ബഹു. ഹൈക്കോടതി നിഷേധിച്ചിട്ടുള്ളതാണ്. പരാതിക്കാരി 2002 മുതൽ തുടർച്ചയായി സർവീസിൽ ഉണ്ടായിരുന്നുവെന്നും ഓഫീസിന്റെ renovation നോട് കൂടി 2014 ൽ സ്വീപ്പിങ് ഏരിയ 100 ച .മീ. ൽ അധികരിച്ചുവെന്ന വസ്തുതയും അവഗണിക്കാൻ കഴിയാത്തതാണ് എന്നും 25/11/2005 ലെ സ . ഉ ( പി ) നം . 501/2005/ധന, 09.02.2010 ലെ സ . ഉ ( പി ) നം. 61/2010/ധന നമ്പർ ഉത്തരവുകൾ employee ക്ക് beneficial ആകുന്ന തരത്തിലാണ് വ്യാഖ്യാനിക്കേണ്ടത് എന്നും നിരീക്ഷിച്ച ബഹു. ഹൈക്കോടതി, ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് ശരി വച്ച് കൊണ്ടും സർക്കാരിന്റെ അപ്പീൽ തള്ളി കൊണ്ടുമാണ് ഉത്തരവായിട്ടുള്ളത്. ആയതിനാൽ OP (KAT) No.26/2019 നമ്പർ കേസിലെ വിധിയുടെ അടിസ്ഥാനത്തിലും, ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിലും, 25/11/2005 തിയ്യതിയിലെ സ .ഉ (പി) നം. 501/2005/ധന ഉത്തരവിൽ നിഷ്കർഷിക്കുന്ന മറ്റ് യോഗ്യതകൾ പരാതിക്കാരി-


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

യായ ശ്രീമതി ശാന്ത പി. ക്ക് ഉണ്ടെന്ന ഉറപ്പ വരുത്തിക്കൊണ്ട് സ്വീപ്പിങ് ഏരിയ 100 ച. മീ അധികരിച്ച 20.02.2021 തീയതി മുതൽ പ്രബല്യത്തിൽ ടിയാരിയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിച്ചുകൊണ്ട് O. A. No. 1275/2022 നമ്പർ കേസിൽ 18.07.2022 ന് പുറപ്പെട്ടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെട്ടുവിക്കാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. തുടർന്ന് ബഹു. ട്രൈബ്യൂണലിന്റെ 18.07.2022 ലെ OA 1275/2022 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം സഹിതം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയയ്ക്കുകയും, ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"മലപ്പുറം ജില്ലയിലെ വെട്ടം വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തിയ്യതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് ഭരണവകുപ്പിന് അനുമതി നൽകുന്നു. കൂടാതെ G.O (P) 58/2018/Fin dtd. 10/04/2018 ഉത്തരവിലേക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ഉത്തരവ് തിയ്യതി പ്രാബല്യത്തിൽ മാത്രം സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകിയാൽ മതിയാകുന്നതാണെന്ന് അറിയിക്കുന്നു."

7. സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ കാഷ്വൽ/താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നല്കേണ്ടതാണ് എന്നാണ് 10.04.2018 ലെ സ.ഉ.(പി) നം. 58/2018/ധന പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഹർജിക്കാരി കാഷ്വൽ സ്വീപ്പർ ആയി സേവനമനുഷ്ഠിച്ച് 20-ൽ അധികം വർഷം കഴിഞ്ഞതിന് ശേഷമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനിടെ 25.11.2005 ലെ സ.ഉ.(പി) നം. 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്രമവല്ക്കരണത്തിനുള്ള അവകാശങ്ങൾ ടിയാരി കരസ്ഥമാക്കിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. പ്രസ്തുത അവകാശം വർഷങ്ങൾക്ക് ശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം നിഷേധിക്കാനാവില്ല എന്ന് സമാന കേസിൽ വിലയിരുത്തിയിട്ടുള്ള ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായം നിലവിലുണ്ട്. ഈ കേസിൽ


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

വെട്ടം വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിൽ 20.02.2021ൽ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് ടി ഓഫീസിന്റെ വിസ്തീർണ്ണം 100 ച. മീ. അധികരിച്ചിട്ടുള്ളതിനാലാണ് സ്ഥിരപ്പെടുത്തുന്നതിനുള്ള അർഹത ഹർജിക്കാരി കൈവരിച്ചിട്ടുള്ളത്. സമാന വിഷയം നിരവധി കേസുകളിൽ ബഹു. കോടതി പരിശോധിക്കുകയും 100 ച. മീ. ൽ താഴെ സ്വീപ്പിങ് ഏര്യ ഉള്ള ഓഫീസുകളിൽ നിലവിൽ ജോലി ചെയ്തു വരുന്ന കാഷ്വൽ സ്വീപ്പർമാർക്ക് 25.11.2005-ലെ സ.ഉ. (പി)നം. 501/2005/ധന ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞതിന് ശേഷം സ്വീപ്പിങ് ഏര്യ അധികരിക്കുകയാണെങ്കിൽ പ്രസ്തുത ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാർക്ക് സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ അധികരിച്ച തീയതി മുതൽ സ്ഥിരപ്പെടുത്തലിന് അർഹതയുണ്ടെന്ന് ബഹു. കോടതി വിധിക്കുകയും ചെയ്തിട്ടുണ്ട്.

8. മേൽ സാഹചര്യത്തിൽ, O. A. 1275/2022 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 18.07.2022 ലെ വിധി നടപ്പിലാക്കുന്നതിലേയ്ക്കായി മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ വെട്ടം വില്ലേജ് ഓഫീസിലെ നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 20.02.2021 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുവാനുണ്ടെങ്കിൽ ആയതും ടിയാരിക്ക് നൽകേണ്ടതുണ്ട്.

9. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ വെട്ടം വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ഉത്തരവ് തീയതി പ്രാബല്യത്തിൽ മാത്രം സ്ഥിരപ്പെടുത്തിയാൽ മതിയാകുമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18.07.2022 ലെ O. A. 1275/2022 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

തസ്തിക സൃഷ്ടിച്ച്, കാഷ്വൽ സ്വീപ്പറായ ശ്രീമതി ശാന്ത പി. യെ ടി വില്ലേജ് ഓഫീസ് 100 ച. മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള നിലവിലെ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 20.02.2021 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാനുണ്ടെങ്കിൽ അതും നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/35/2018-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 428/2019 നമ്പർ കേസിലെ 28.09.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം കളക്ടറേറ്റിലെ പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീ ജി ഗോപിനാഥൻ, ശ്രീമതി മാഗി, ശ്രീമതി സുഷമ സി., ശ്രീമതി എൽ. ശ്രീദേവി, ശ്രീമതി ജലജ എ., ശ്രീമതി ബിന്ദു എൻ. എന്നിവർക്ക് മുൻകാല പ്രാബല്യത്തോടെ യഥാക്രമം 03.09.2002, 18.06.2001, 18.06.2001, 18.06.2001, 03.09.2002, 08.04.2003 തീയതി മുതൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07.03.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ. വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.03.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.03.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 30.03.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01.04.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 428/2019 നമ്പർ കേസിലെ 28.09.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം കളക്ടറേറ്റിലെ പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീ. ജി. ഗോപിനാഥൻ, ശ്രീമതി മാഗി, ശ്രീമതി സുഷമ സി., ശ്രീമതി എൽ. ശ്രീദേവി, ശ്രീമതി ജലജ എ., ശ്രീമതി ബിന്ദു എൻ. എന്നിവരെ മുൻകാല പ്രാബല്യത്തോടെ യഥാക്രമം 03.09.2002, 18.06.2001, 18.06.2001, 18.06.2001, 03.09.2002, 08.04.2003 തീയതി മുതൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ.ജി. ഗോപിനാഥൻ, ശ്രീമതി മാഗി, ശ്രീമതി സുഷമ സി., ശ്രീമതി എൽ. ശ്രീദേവി, ശ്രീമതി ജലജ എ., ശ്രീമതി ബിന്ദു എൻ. എന്നിവർ യഥാക്രമം 03.09.2002, 02.02.1998, 03.02.2001, 07.01.2001, 03.09.2002, 08.04.2003 തീയതി മുതൽ കൊല്ലം ജില്ലാ കളക്ടറേറ്റിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തു വന്നിരുന്നു. ടിയാൾക്കാരും ഇതേ ഓഫീസിലെ മറ്റ് നാല് കാഷ്വൽ സ്വീപ്പർമാരും കൂടി ചേർന്ന് ടിയാൾക്കാരെ ടെർമിനേറ്റ് ചെയ്യുന്നതിനെതിരെയും, ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ഫയൽ ചെയ്ത TA 2573/2012 (WP(C) 6556/07) നമ്പർ കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.11.2014 ലെ ഉത്തരവിൽ, 25.11.2005 ലെ സ.ഉ.(പി) 501/2005/ധന ഉത്തരവിന്റെ വെളിച്ചത്തിൽ ടി കേസിലെ ഹർജിക്കാരായ 10 പേരെയും ക്രമപ്പെടുത്തുന്നതിന് പര്യാപ്തമായ പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാരിന് നിർദ്ദേശം നല്കിയിരുന്നു.

3. പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീപ്പിങ് ഏര്യ പുനർ നിർണ്ണയിച്ചപ്പോൾ കൊല്ലം സിവിൽ സ്റ്റേഷന്റേയും, ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിന്റേയും സ്വീപ്പിംഗ് ഏര്യ യഥാക്രമം 21237.84 ച.മീ. ഉം 723.8 ച.മീ. ഉം ആയിരുന്നു. സ്വീപ്പിംഗ് ഏര്യയിൽ മാറ്റം ഇല്ലാത്തതിനാൽ ടി ഓഫീസുകളിൽ നിലവിലുള്ള 28 അംഗീകൃത തസ്തികകൾക്ക് പുറമേ അധിക തസ്തിക അനുവദിക്കുകയുണ്ടായില്ല. ടി 28 തസ്തികകളിൽ 6 തസ്തികകൾ വേക്കന്റ് ആയിരുന്നതിനാൽ TA 2573/2012 കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.11.2014 ലെ ഉത്തരവിലെ ഹർജിക്കാരിൽ സീനിയറായ 6 കാഷ്വൽ സ്വീപ്പർമാരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികകളിലെ ഒഴിവുകളിൽ ഒഴിവുണ്ടായ തീയതി പ്രാബല്യത്തിൽ ക്രമപ്പെടുത്തുവാനും തുടർന്ന് ഉണ്ടാകുന്ന ഒഴിവുകളിൽ മറ്റ് 4 ഹർജിക്കാരെ നിയമിക്കുവാനും 04.07.2015 ലെ സ.ഉ.(സാധാ)നം.3495/2015/RD പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടർ ചുവടെ പറയുന്ന സ്വീപ്പർമാരെ അവർക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ കൊല്ലം കളക്ടറേറ്റിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികകളിൽ സ്ഥിരപ്പെടുത്തുകയുണ്ടായി.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

| കാഷ്വൽ സ്വീപ്പർമാരുടെ പേര് | ക്രമവൽക്കരണ തീയതി |
|---|---|
| ശ്രീമതി എസ്. പൊന്നു | 01.10.2009 |
| ശ്രീ. സുരേഷ് ബാബു | 01.04.2010 |
| ശ്രീമതി ലളിത | 01.09.2010 |
| ശ്രീമതി പ്രസന്ന എസ്. | 26.03.2014 |
| ശ്രീ. ജി. ഗോപിനാഥൻ | 01.05.2015 |
| ശ്രീമതി മാഗി | 01.12.2010 |
| ശ്രീമതി സുഷമ സി. | 01.08.2011 |
| ശ്രീമതി ശ്രീദേവി എൽ. | 1.04.2015 |
| ശ്രീമതി ജലജ എ. | 01.06.2015 |
| ശ്രീമതി ബിന്ദു എൻ. | 09.08.2016 |

4. തുടർന്ന് മേൽ തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിക്കുന്നതിന് പകരം ടിയാൾക്കാർ പ്രസ്തുത ഓഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിലോ 18.06.2001 തീയതി പ്രാബല്യത്തിലോ ക്രമപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ടി ഉത്തരവിനെതിരെ ശ്രീ. ഗോപിനാഥനും മറ്റ് 5 പേരും (ശ്രീമതി മാഗി, ശ്രീമതി സുഷമ സി., ശ്രീമതി എൽ. ശ്രീദേവി, ശ്രീമതി ജലജ എ., ശ്രീമതി ബിന്ദു എൻ.) ചേർന്ന് ബഹു: ട്രൈബ്യൂണൽ മുമ്പാകെ OA 428/19 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 28.09.2021 തീയതിയിലെ വിധിയിൽ, ഹർജിക്കാരുടെ ആവശ്യം ബഹു. ട്രൈബ്യൂണലിന്റെ Annexure A2 ഉത്തരവ് (TA 2573/2012 കേസിലെ 04.11.2014 ലെ ഉത്തരവ്) പ്രകാരം തീരുമാനിച്ചിട്ടുള്ളതിനാൽ മേൽ ഹർജിക്കാർ കാഷ്വൽ സ്വീപ്പർമാരായി ജോലിയിൽ പ്രവേശിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ ക്രമവൽക്കരണം നിരസിച്ചത് അനക്സർ എ 2 പ്രകാരം നിലനിൽക്കുന്നതല്ലെന്നതിനാൽ ടി ഹർജിക്കാർക്ക് യഥാക്രമം 03.09.2002, 18.06.2001, 18.06.2001, 18.06.2001, 03.09.2002, 08.04.2003 തീയതിയിൽ ക്രമവൽക്കരണത്തിനും തദനുസൃതമായ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്ന് നിരീക്ഷിച്ച ബഹു. ട്രൈബ്യൂണൽ ഇത് സംബന്ധിച്ച ഉത്തരവ് വിധിന്യായം കൈപ്പറ്റി 2 മാസത്തിനകം പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

5. പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"The observation of the Hon'ble on O.A No. 428 of 2019 dated 28/11/2021 file in KAT cannot be considered on the following grounds ;

The petitioners are appointed in addition to the sanctioned posts . They are appointed as casual sweepers on daily wages. The order dated 04/11/2014 of Hon'ble KAT in TA.No.2573 of 2012 is to accommodate the applicants in accordance with law in the light of G.O(P)501/2005/Fin dated 25/11/2005 , which is already complied by Govt. by regularising the persons in the vacancy arised .In the above G.O(clause 8) it is clearly mentioned that for regularising the existing casual sweepers creation of post of part time sweepers shall be made as per the sweeping area. In this case there exists 28 sanctioned posts as per sweeping area and further posts cannot be created as per the above order. Hence they were regularized as and when vacancy arised. Govt. had complied the order of Hon'ble KAT in its true spirit. In the Civil Appeal No.5689-5690 of 2021 of Hon'ble Supreme Court of Union of India & ORS Versus ILMO DEVI &ANR. , Hon'ble Court observed that creation/ sanction of the posts is the sole prerogative of Govt. and the Court in exercise of the power under Article 226 of the constitution cannot issue Mandamus and/or direct to create sanction the posts. It is further informed to take further action after obtaining the views of Law Department."

6. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടുകയും ചെയ്തു.

"പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുക, സ്ഥിരപ്പെ-
ടുത്തലിനു മുൻകാല പ്രാബല്യം നൽകുക, പാർട്ട് ടൈം സ്വീപ്പറിനു തുല്യമായ വേ-
തനം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് വിവിധ ഓഫീസുകളിൽ ജോ-
ലി ചെയ്തു വരുന്ന ജീവനക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത
കേസുകളിൽ ബഹു. കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾ നടപ്പിലാക്കുന്നത്
സംബന്ധിച്ച് ഭരണവകപ്പ് T1/15/2022/REV നമ്പർ ഫയലിൽ അഭിപ്രായം
ആരാഞ്ഞിരുന്നതും ടി വകുപ്പ് 10/2/22 തീയതിയിൽ 1382/ഉപദേശ.-
ജി2/2022/നിയമം നമ്പരായി ബഹു. നിയമ സെക്രട്ടറി തലത്തിൽ ഉപദേശം
നൽകിയിരുന്നതുമാണ്. ടി ഫയലിൽ പരാമർശിച്ചിരിക്കുന്ന OA 428/19 കേസി-
ലെ വിധിന്യായം നടപ്പിലാക്കുന്നതുൾപ്പെടെയുള്ള വിഷയത്തിലാണ് അഭിപ്രായം
നൽകിയിട്ടുള്ളത്. ആകയാൽ 10.2.22 തീയതിയിൽ 1382/ഉപദേശ.-
ജി2/2022/നിയമം / REV-T1/15//2022/REV നമ്പരായി നൽകിയിട്ടുള്ള
അഭിപ്രായം ടി വിഷയത്തിലും ബാധകമാണെന്ന് ഭരണ വകുപ്പിനെ അറിയിക്കു-
ന്നു."



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

7. T1/15/2022 നമ്പർ ഫയലിൽ നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

> "ഏറെക്കുറെ കേസുകളിലും അപ്പീൽ സാദ്ധ്യത ഇല്ല എന്നതു കൊണ്ട് ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ വിവിധ വകുപ്പുകൾ ഒരു പൊതു സമീപനം കൈക്കൊള്ളുന്ന കാര്യത്തിൽ ധനകാര്യ/ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകൾ ഉൾപ്പെടെയുള്ള വകുപ്പുകളുടെ ഒരു യോഗം വിളിച്ച്, നിലവിലെ മാനദണ്ഡങ്ങൾ പരിശോധിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും, ഇക്കാര്യത്തിൽ അപ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

8. ഇതിനിടെ OA 428/19 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ 28.09.2021 ലെ വിധി നടപ്പിലാക്കാത്തതിനെതിരെ ശ്രീ. ജി. ഗോപിനാഥൻ മുതൽ പേർ 21/2022 നമ്പർ കോടതിയലക്ഷ്യം ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് 08.02.2022 ൽ പരിഗണിച്ച ബഹു. ട്രൈബ്യൂണൽ ഈ വിഷയത്തിൽ കംപ്ലയൻസ് ഓർഡർ/ഇൻസ്ട്രക്ഷൻസ് ലഭ്യമാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടെന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിരുന്നു.

9. മേൽ സാഹചര്യത്തിലും, സമാന കേസുകളിൽ ബഹു. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഫയൽ ചെയ്ത അപ്പീലുകൾ നിരസിച്ചിട്ടുള്ള വസ്തുതയും മന്ത്രിസഭയുടെ അനുമതിയോടെ നിരവധി കാഷ്വൽ സ്വീപ്പർമാർക്ക് മുൻകാല പ്രാബല്യത്തോടെ അവരുടെ സേവനം ക്രമവൽക്കരിച്ചിട്ടുള്ള വസ്തുതയും കണക്കിലെടുത്ത് OA 428/19 കേസിലെ ബഹു.ട്രൈബ്യൂണലിന്റെ 28.09.2021 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി ധന വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ശ്രീ ജി ഗോപിനാഥൻ, ശ്രീമതി മാഗി, ശ്രീമതി സുഷമ സി., ശ്രീമതി എൽ. ശ്രീദേവി, ശ്രീമതി ജലജ എ., ശ്രീമതി ബിന്ദു എൻ. എന്നിവർക്ക് മുൻകാല പ്രാബല്യത്തോടെ യഥാക്രമം 03.09.2002, 18.06.2001, 18.06.2001, 18.06.2001, 03.09.2002, 08.04.2003 തീയതി മുതൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതുണ്ട്.

10. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനമെടുക്കേണ്ട വിഷയം</u>

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.09.2021 ലെ OA 428/19 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം കളക്ടറേറ്റിലെ പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീ. ജി. ഗോപിനാഥൻ, ശ്രീമതി മാഗി, ശ്രീമതി സുഷമ സി., ശ്രീമതി എൽ. ശ്രീദേവി, ശ്രീമതി ജലജ എ., ശ്രീമതി ബിന്ദു എൻ. എന്നിവർക്ക് മുൻകാല പ്രാബല്യത്തോടെ യഥാക്രമം



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

03.09.2002, 18.06.2001, 18.06.2001, 18.06.2001, 03.09.2002, 08.04.2003 തീയതി മുതൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/279/2018-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 119/2020 നമ്പർ കേസിലെ 05.10.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി സുജ വി. യെ 12.12.2019 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23.02.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ. വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.03.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.03.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.03.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 15.03.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 119/2020 നമ്പർ കേസിലെ 05.10.2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി സുജ വി. യെ സ്വീപ്പിങ് ഏര്യ 122.68 ച.മീ. ആയി അധികരിച്ച സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് തീയതിയായ 12.12.2019 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി സുജ വി. 01.06.2000 മുതൽ ചിന്നക്കനാൽ വില്ലേജ് ഓഫീസിലും, തുടർന്ന് 07.01.2008 മുതൽ പൂപ്പാറ വില്ലേജ് ഓഫീസിലും, 04/07/2014 മുതൽ ചിന്നക്കനാൽ വില്ലേജാഫീസിലും തുടർച്ചയായി കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. O.P.No. 11970/03 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 23.07.2003 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാരി പാർട്ട് ടൈം സ്വീപ്പറുടേതിനു തുല്യമായ വേതനം കൈപ്പറ്റി വരുന്നു. തുടർന്ന് 25.11.2005 ലെ സ.ഉ.(പി)നം. 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചിന്നക്കനാൽ വില്ലേജാഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് തന്നെ 01.06.2000 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീമതി സുജ വി. OA 1708/18 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18.09.2018 ലെ വിധിയിൽ, ഇതേ ആവശ്യമുന്നയിച്ച് 30.07.2018 ൽ ടിയാരി സർക്കാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷ പരിശോധിക്കുകയും ടി വില്ലേജ് ഓഫീസിലെ സ്വീപ്പിങ് ഏര്യ നെടുങ്കണ്ടം പൊതുമരാമത്ത് കെട്ടിടവിഭാഗം അസിസ്റ്റൻറ് എൻജിനീയറുടെ 12.11.2018 ലെ സർട്ടിഫിക്കറ്റ് പ്രകാരം 37.93 ചതുരശ്രമീറ്റർ ആയിരുന്നതിനാലും, 25.11.2005- ലെ സ . ഉ. ( പി ) നം .501/05/ധന പ്രകാരം 100 ച . മീ വിസ്തീർണ്ണമുള്ള ഓഫീസുകളിൽ മാത്രമേ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് വ്യവസ്ഥയുള്ളു എന്നതിനാലും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി സുജ വി. യുടെ ആവശ്യം 02.04.19 ലെ സ.ഉ. (ആർ. ടി ) 981/19/റവ ഉത്തരവ് പ്രകാരം നിരസിക്കുകയുമുണ്ടായി.

3. 2019 ൽ പ്രസ്തുത വില്ലേജ് ഓഫീസിൽ മറ്റൊരു കെട്ടിടം കൂടി പണിതതിനെ തുടർന്ന് നെടുങ്കണ്ടം PWD Buildings സെക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ 12.12.2019 ലെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം സ്വീപ്പിങ് ഏര്യ 122.68 ച.മീ. ആയി അധികരിച്ചിരുന്നു. ആയതിനാൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ടിയാരി OA 119/2020 നമ്പർ കേസ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05.10.2021 ലെ വിധിയിൽ, 12.12.2019 ൽ നൽകിയ അനക്സർ A4 സർട്ടിഫിക്കറ്റ് പ്രകാരം ചിന്നക്കനാൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 122.68 ച. മീ. ആയതിനാൽ ടിയാരി അന്നേതീയതി



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിനും തദനുസൃതമായ ആനുകൂല്യങ്ങൾക്കും അർഹയാണെന്ന് നിരീക്ഷിക്കുകയും വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ 3 മാസത്തിനുള്ളിൽ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും തദനുസൃതമായ ആനുകൂല്യങ്ങൾ ഹർജിക്കാരിക്ക് നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാനും ബഹു. ട്രൈബ്യൂണൽ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

4. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"AD is informed that as per G. O (P) No.501/2005/Fin dated 25/11/2005, the casual / temporary sweepers being continuously engaged in an office having a sweeping area of 100 sq. mtrs or above as on 25/11/2005 are eligible for regularization in PTS post. In addition to the point above mentioned, AD is requested to file appeal against the judgement dated 05.10.2021 on the basis of following points also.

(1) The exact date of her joining in service and whether there is any break in service etc. are not available and moreover there is no sanctioned post of Part Time Sweeper in the Office.

(2) She is already availing the wages of Part Time Sweeper based on another court direction even though the sweeping area was less than 100 Sq.m

(3) The sweeping area of the office is enhanced from 2019 .

(4) As per Civil Appeal Nos 5689-5690 of 2021 of Hon'ble Supreme Court in the case of Union of India & Others versus ILMO DEVI & ANR, it is observed that the court cannot direct Government or Department to formulate a particular regularization policy and cannot interfere in the administrative matters and to direct to create post in the absence of a regular sanctioned post."



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

5. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നിർദ്ദേശത്തിന്മേൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"This file has been forwarded seeking scope of OP(KAT) against the Order of Hon'ble Kerala Administrative Tribunal in OA No.119/2020 dated 05.10.2021.

In OA No.119/2020 Hon'ble Kerala Administrative Tribunal by its Order dated 05.10.2021 held that it is seen from Annexure-A4 certificate issued on 12.12.2019 that the sweeping area of the Chinnakanal Village Office is 122.68 Sq.mtrs. Therefore the applicant is entitled to get her service regularised as a Part Time Sweeper with effect from the said date with all consequential benefits. The 1st respondent shall issue necessary orders in this regard at the earliest and ensure that consequential benefits are released to the applicant within three months from the date of receipt of a copy of this order.

The Hon'ble Kerala Administrative Tribunal came to this conclusion based on the judgment of Hon'ble High Court of Kerala in OP(KAT) No.179/2020, it is well settled that in cases of existing Casual Sweepers, who are having sweeping area less than 100 Sq. mtrs are entitled to be regularised as Part Time Sweepers when the sweeping area increased subsequently. Such regularisations must be at least with effect from the date on which the sweeping area exceeded 100 Sq. mtrs.

From this it is clear that Order of Hon'ble Kerala Administrative Tribunal is sound, reasonable and speaking order. Hence there is no scope for successful OP(KAT) against the Order of Hon'ble Kerala Administrative Tribunal in OA No.119/2020 dated 05.10.2021."



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

6. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി സുജ വി. യെ സ്വീപ്പിങ് ഏര്യ 122.68 ച. മീ. ആയി അധികരിച്ച സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് തീയതിയായ 12.12.2019 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 119/20 നമ്പർ കേസിന്റെ 05.10.2021 ലെ വിധി നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05.10.2021 ലെ O.A 119/2020 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ ചിന്നക്കനാൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി സുജ വി. യെ സ്വീപ്പിങ് ഏര്യ 122.68 ച. മീ. ആയി അധികരിച്ച സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് തീയതിയായ 12.12.2019 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

496

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/88/2017-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 416/2017 നമ്പർ കേസിലെ 06.03.2017 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ, കൊല്ലയിൽ, കാരോട്, വിഴിഞ്ഞം വില്ലേജ് ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരായ യഥാക്രമം ശ്രീമതി ലളിതമ്മ, ശ്രീമതി ശ്യാമള, ശ്രീമതി മേരി റോസ്, ശ്രീമതി സുജ എസ്. എന്നിവരെ ടി ഓഫീസുകളിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07.12.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ.വി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.01.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.01.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 11.01.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.01.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ. എ നമ്പർ 416/2017 കേസിൽ 06.03.2017 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ, കൊല്ലയിൽ, കാരോട്, വിഴിഞ്ഞം വില്ലേജ് ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരായ യഥാക്രമം ശ്രീമതി ലളിതമ്മ, ശ്രീമതി ശ്യാമള, ശ്രീമതി മേരി റോസ്, ശ്രീമതി സുജ എസ്. എന്നിവരെ ടി ഓഫീസുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി മുതൽ ക്രമവൽക്കരിച്ച് ടിയാളുകൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജ് ആഫീസിൽ നവംബർ 1985 മുതൽ ശ്രീമതി ലളിതമ്മയും, കാരോട് വില്ലേജ് ഓഫീസിൽ 15.02.1986 മുതൽ ശ്രീമതി മേരി റോസും, കൊല്ലയിൽ വില്ലേജ് ഓഫീസിൽ 27.03.1995 മുതൽ ശ്രീമതി ശ്യാമളയും, വിഴിഞ്ഞം വില്ലേജ് ഓഫീസിൽ 21.04.2001 മുതൽ ശ്രീമതി സുജ എസ്. ഉം കാഷ്വൽ സ്വീപ്പർമാരായി സേവനമനുഷ്ഠിച്ച് വരുന്നു. ടിയാളുകൾ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം കൈപ്പറ്റി വരുന്നു. 01.10.1985 മുതൽ 100 ച. മീ. ൽ കുറവ് വിസ്തീർണ്ണമുള്ള വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന പരശുവയ്ക്കൽ വില്ലേജ് ഓഫീസ് 15.09.2020-ൽ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് 15.10.2020 ലെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം 126.32 ച. മീ. ആയും കാരോട്, കൊല്ലയിൽ, വിഴിഞ്ഞം വില്ലേജ് ഓഫീസുകളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചതിനെ തുടർന്ന് യഥാക്രമം 28.04.2017 ലെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം 113.72 ച. മീ. ആയും 16.05.2017 ലെ സ്വീപ്പിങ് സർട്ടിഫിക്കറ്റ് പ്രകാരം 111.98 ച. മീ. ആയും, 29.05.2017 ലെ സ്വീപ്പിങ് സർട്ടിഫിക്കറ്റ് പ്രകാരം 109.14 ച. മീ. ആയും സ്വീപ്പിങ് ഏര്യ അധികരിച്ചിരുന്നു.

3. 2005 ൽ പ്രസ്തുത ഓഫീസുകളിലെ സ്വീപ്പിങ് ഏര്യ 100 ച. മീ. -ൽ കുറവായതിനാൽ 25.11.2005 ലെ സ.ഉ.(പി) 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ലളിതമ്മ മുതൽ പേരെ ടി വില്ലേജ് ഓഫീസുകളിൽ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിരുന്നില്ല. ആയതിനാൽ പരശുവയ്ക്കൽ, കാരോട്, കൊല്ലയിൽ, വിഴിഞ്ഞം വില്ലേജ് ഓഫീസുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക വീതം സൃഷ്ടിച്ച് ശ്രീമതി ലളിതമ്മ, ശ്രീമതി മേരി റോസ്, ശ്രീമതി ശ്യാമള, ശ്രീമതി സുജ എസ്. എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ. എ നമ്പർ 416/2017 കേസിലെ 06.03.2017 ലെ വിധിന്യായത്തിൽ, 1985, 1986, 1995, 2001 മുതൽ തുടർച്ചയായി കാഷ്വൽ സ്വീപ്പർമാരായി തുടരുന്ന ഹർജിക്കാർക്ക് 25.11.2005 ലെ സ.ഉ(പി) 501/2005/ധന, ഉത്തരവ് 09.02.2010 ലെ സ.ഉ.(പി) 61/2010/ധന ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാണെന്നും നിരീക്ഷിച്ച ബഹു. ട്രൈബ്യൂണൽ ഹർജിക്കാർ സേവനമനുഷ്ഠിക്കുന്ന വില്ലേജ് ഓഫീസുകളിലെ സ്വീപ്പിങ് ഏര്യ PWD അസിസ്റ്റന്റ് എഞ്ചിനീയറെ കൊണ്ട് അളന്ന് സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം 100 ച. മീ. ൽ കൂടുതൽ വിസ്തീർണ്ണം ഉണ്ടെങ്കിൽ ടി ഓഫീസുകളിൽ തസ്തിക സൃഷ്ടിച്ച് ഹർജിക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദേശം രണ്ടാം എതിർകക്ഷിയായ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ 4 മുതൽ 7 എതിർകക്ഷികൾക്കും, ടി പ്രൊപ്പോസൽ ലഭ്യമായാൽ സർക്കാരിന്

ലഭ്യമാക്കുവാൻ ജില്ലാ കളക്ടർക്കും അപ്രകാരം ടി പ്രൊപ്പോസൽ ലഭ്യമായി മൂന്ന് മാസത്തിനുള്ളിൽ തദനുസൃതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും സർക്കാരിന് നിർദ്ദേശം നല്കിയിരുന്നു.

4. അപ്രകാരം പുതുക്കിയ സ്വീപ്പിങ്ങ് ഏര്യ സർട്ടിഫിക്കറ്റുകൾ പ്രകാരം 100 ച. മീ. വിസ്തീർണ്ണം ലഭ്യമായതിനെ തുടർന്ന് പരശ്ശുവയ്ക്കൽ, കാരോട്, കൊല്ലയിൽ, വിഴിഞ്ഞം വില്ലേജ് ഓഫീസുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക വീതം സൃഷ്ടിച്ച് ശ്രീമതി ലളിതമ്മ, ശ്രീമതി മേരി റോസ്, ശ്രീമതി ശ്യാമള, ശ്രീമതി സുജ എസ്. എന്നിവരെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാർ മുമ്പാകെ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

5. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" 25.11.2005 തിയതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തിയ്യതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നതുമായ വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. 25/11/2005 തിയ്യതിയിൽ കൊല്ലയിൽ, കാരോട്, വിഴിഞ്ഞം എന്നീ വില്ലേജ് ഓഫീസുകളിലെ സ്വീപ്പിംഗ് ഏരിയ 100 ചതുരശ്ര മീറ്റർ കൈവരിച്ചിട്ടില്ലാത്തതിനാൽ ഈ ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്ന വ്യക്തികളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ കഴിയില്ല . അതിനാൽ ഒ . എ നമ്പർ 416/2017 നമ്പർ കേസിലെ 06.03.2017 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു."

6. അപ്രകാരം ഒ. എ നമ്പർ 416/2017 നമ്പർ കേസിലെ 06.03.2017 ലെ വിധിക്കെതിരെ OP(KAT) 540/2019 ഫയൽ ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയുടെ 01.02.2021 ലെ വിധിന്യായ പ്രകാരം ഒ. എ നമ്പർ 416/2017 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 06.03.2017 ലെ വിധി നടപ്പിലാക്കാൻ 2 മാസം കൂടി അനുവദിച്ച് കൊണ്ട് പ്രസ്തുത അപ്പീൽ നിരസിക്കുകയുണ്ടായി.

7. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ OA 416/2017 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 06.03.2017 ലെ വിധിന്യായം നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"25.11.2005 തിയതിയിലെ സ . ഉ ( പി ) നം .501/2005/ ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തിയ്യതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നതുമായ വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത് . 25/11/2005 തിയ്യതിയിൽ പരശ്ശുവയ്ക്കൽ കൊല്ലയിൽ, കാരോട്, വിഴിഞ്ഞം എന്നീ വില്ലേജ് ഓഫീസുകളിലെ സ്വീപ്പിംഗ് ഏരിയ 100 ചതുരശ്ര മീറ്റർ കൈവരിച്ചിട്ടില്ലാത്തതിനാൽ ഈ ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്ന വ്യക്തികളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ കഴിയില്ല എന്നും ഒ. എ നമ്പർ 416/2017 നമ്പർ കേസിലെ 06.03.2017 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്ത OP (KAT) No. 540/2019 നിരസിച്ചുകൊണ്ട് 01.02.2021 ലെ ഉത്തരവ്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

കിട്ടി രണ്ട് മാസത്തിനകം മേൽ ഉത്തരവ് നടപ്പിലാക്കണമെന്നാണ് ബഹു. ഹൈക്കോടതി ഉത്തരവായിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനം എടുക്കാവുന്നതാണെന്നും അറിയിക്കുന്നു."

8. മേൽ സാഹചര്യത്തിലും സമാന കേസുകളിൽ കാഷ്വൽ സ്വീപ്പർമാരെ മന്ത്രിസഭയുടെ അംഗീകാരത്തോടെ സ്ഥിരപ്പെടുത്തിയിട്ടുള്ള വസ്തുത കണക്കിലെടുത്തും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് വിസ്തീർണ്ണം 100 ച. മീ. അധികരിച്ചിട്ടുള്ള നെയ്യാറ്റിൻകര താലൂക്കിലെ പരശുവയ്ക്കൽ, കൊല്ലയിൽ, കാരോട്, വിഴിഞ്ഞം വില്ലേജ് ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരായ യഥാക്രമം ശ്രീമതി ലളിതമ്മ, ശ്രീമതി ശ്യാമള, ശ്രീമതി മേരി റോസ്, ശ്രീമതി സുജ എസ്. എന്നിവരെ ടി ഓഫീസുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No. 416/2017 നമ്പർ കേസിൽ 06.03.2017 ലെ വിധിന്യായം നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.03.2017 ലെ OA No. 416/2017 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ, കൊല്ലയിൽ, കാരോട്, വിഴിഞ്ഞം വില്ലേജ് ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരായ യഥാക്രമം ശ്രീമതി ലളിതമ്മ, ശ്രീമതി ശ്യാമള , ശ്രീമതി മേരി റോസ്, ശ്രീമതി സുജ എസ്. എന്നിവരെ ടി ഓഫീസുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി മുതൽ ക്രമവത്ക്കരിച്ച് ടിയാളുകൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1383

| | | |
|---|---|---|
| | **കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്** | |
| 1. | ഫയൽ നമ്പർ | റ്റി1/95/2020/റവ |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി മോളി പി. വി. ക്കും ചെമ്പനോട വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി പുഷ്പലതയ്ക്കും റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പളവും അലവൻസും 2004 മാർച്ച് മാസം മുതലുള്ള കുടിശ്ശിക സഹിതം, അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 746/2020 നമ്പർ കേസിലെ 11.06.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14.11.2022 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ആണ്. |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. അനിൽകുമാർ കെ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.02.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.02.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09.02.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13.02.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി മോളി പി . വി. ക്കും ചെമ്പനോട വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി പുഷ്പലതയ്ക്കും റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പളവും അലവൻസും 2004 മാർച്ച് മാസം മുതലുള്ള കുടിശ്ശിക സഹിതം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 746 /2020 നമ്പർ കേസിലെ 11.06.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ശ്രീമതി മോളി പി. വി., ശ്രീമതി പുഷ്പലത എന്നിവർ യഥാക്രമം കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് വില്ലേജാഫീസിൽ 1998 മുതലും ചെമ്പനോട വില്ലേജാഫീസിൽ 1989 മുതലും കാഷ്വൽ സ്വീപ്പറായി സേവനം അനുഷ്ഠിച്ച് വരുന്നു. പാർട്ട് ടൈം സ്വീപ്പറുടെ വേതന പാരിറ്റി ആവശ്യപ്പെട്ട് ടിയാൾക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ OP No. 8191/2003 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിനൊപ്പം സമാനമായ കേസുകൾ സംയുക്തമായി പരിഗണിച്ച ബഹു. ഹൈക്കോടതിയുടെ 02/06/2003 ലെ ഉത്തരവിൽ, റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ഉയർന്ന ശമ്പളത്തിന് ഹർജിക്കാർക്ക് അർഹതയുണ്ടെന്ന് വിധിക്കുകയും 25.11.1998 ലെ സ.ഉ.(പി) നം. 3000/1998/ധന ഉത്തരവിന്റെ വെളിച്ചത്തിൽ സ്വീപ്പിങ് ഏര്യയുടെ അടിസ്ഥാനത്തിൽ ഹർജിക്കാർ സേവനമനുഷ്ഠിച്ചിട്ടുള്ള കാലയളവിലെ ശമ്പള കുടിശ്ശിക സഹിതം വിതരണം ചെയ്യുവാൻ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. കൂടാതെ പാർട്ട് ടൈം സ്വീപ്പർമാരുടെ ശമ്പള പാരിറ്റി അനുവദിക്കാത്തതിനെ തുടർന്ന്


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ഹർജിക്കാർ WP(C) No. 17577/2004 നമ്പർ റിട്ട് ഹർജി മുഖാന്തരം ബഹു. ഹൈക്കോടതിയെ വീണ്ടും സമീപിക്കുകയും 18.06.2004-ൽ അനുകൂല വിധി സമ്പാദിക്കുകയും ചെയ്തിരുന്നു. പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളത്തിനു തുല്യമായ വേതനം ടിയാൾക്കാർക്ക് 2004 ഫെബ്രുവരി മാസം മാത്രമേ നൽകിയിരുന്നുള്ളൂ.

3. ഇതിനിടെ OP No. 8191/2003 നമ്പർ കേസിലെ ഹർജിക്കാരിൽ ഒരാളായ ശ്രീ. എ. ഇ. വിജയൻ ഫയൽ ചെയ്ത OA(EKM) No. 450/2019 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 22.07.2019 ലെ വിധി പ്രകാരം പാർട്ട് ടൈം സ്വീപ്പറിന് അനുവദനീയമായ ശമ്പളത്തിന് ടിയാന് അർഹതയുണ്ടെന്ന് ഉത്തരവാകുകയും ആയത് പ്രകാരം 03/2004 മുതൽ ടിയാന്റെ വേതനം പുനർനിർണ്ണയിച്ച് കുടിശ്ശിക ശമ്പളം വിതരണം ചെയ്യുന്നതിനും നിർദ്ദേശം നല്കുകയും ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാന് 03/2004 മുതൽ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളത്തിന് തുല്യമായ വേതനം നൽകുകയുണ്ടായി.

4. തുടർന്ന് ബഹു. ഹൈക്കോടതിയുടെയും ബഹു. ട്രൈബ്യൂണലിന്റെയും വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 01.11.1998 മുതൽ പാർട്ട് ടൈം സ്വീപ്പർക്ക് അനുവദനീയമായ സ്കെയിലിൽ വേതനവും കുടിശ്ശികയും (അതായത് 01.11.1998 മുതൽ Rs. 1250 + DA, 01.07.2004 മുതൽ 2300 + DA, 01.07.2009 മുതൽ ₹ 4250-6700, 01.07.2014 മുതൽ ₹ 8200-13340, കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുള്ള ശമ്പള സ്കെയിലുകളിൽ) ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി മോളി പി. വി. യും ശ്രീമതി പുഷ്പലതയും സർക്കാർ മുമ്പാകെ വെവ്വേറെ ഹർജികൾ സമർപ്പിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത ഹർജികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിർദ്ദേശം നല്കണമെന്ന് ആവശ്യപ്പെട്ട് OA(EKM) No. 746/2020 നമ്പർ കേസും ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.06.2020 ലെ വിധിയിൽ, അനക്സർ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

എ 1, എ 3 വിധിന്യായങ്ങളിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് അപേക്ഷകർ സർക്കാർ മുമ്പാകെ സമർപ്പിച്ച അനക്സർ A4, A5 നിവേദനങ്ങളിന്മേൽ വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്ന് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നല്കിയിരുന്നു. അപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം ഒരു മാസത്തിനകം ടിയാൾക്കാർക്ക് തദനുസൃതമായ സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കണമെന്നും വിധിച്ചിരുന്നു. തുടർന്ന് OA(EKM) No. 450/2019 നമ്പർ കേസിലെ 22.07.2019 ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാർക്ക് പാർട്ട് ടൈം സ്വീപ്പറിന് തുല്യമായ വേതനത്തിന് അർഹതയുണ്ടെന്ന് കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. ബഹു. ട്രൈബ്യൂണലിന്റെ OA(EKM) 746/2020 നമ്പർ കേസിലെ 11.06.2020 ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"AD is informed as follows;-

As per para 11 of G.O(P) No. 501/2005/Fin dated 25/11/2005, if the sweeping area of the office reduces from above 100 Sq. m. to below 100 Sq. m., the remuneration of the existing PTS if she is getting Rs. 1250 per month plus DA shall not be reduced, she shall continue to get what she was getting. In this case AD should ascertain from the Village Offices concerned whether the sweeping area of the offices are reduced after refixation and the existing sweepers receiving the salary of regular PTS before refixation of sweeping area after obtaining the sweeping area before 2005 and their remuneration details.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

If not, AD may issue an order detailing the circumstances under which the sweepers in question cannot disburse salary as that of regular PTS thereby complying the order dated 11/06/2020 in OA(EKM) 746/2020."

6. ചങ്ങരോത്ത് വില്ലേജോഫീസിലും ചെമ്പനോട വില്ലേജോഫീസിലും 2005 ന്റ മുമ്പും ശേഷവും സ്വീപ്പിങ് ഏര്യ യഥാക്രമം 79.33 ച. മീ. ഉം 54.84 ച. മീറ്ററുമായിരുന്നുവെന്നും സ്വീപ്പിങ് ഏര്യ പുനർനിർണ്ണയിക്കുന്നതിന് മുമ്പ് പാർട്ട് ടൈം സ്വീപ്പറുടെ വേതനമല്ല ഹർജിക്കാർക്ക് നൽകിയിരുന്നതെന്നും 2004 ഫെബ്രുവരി മാസം മാത്രമാണ് പാർട്ട് ടൈം സ്വീപ്പറിന്റെ വേതനം നൽകിയിരുന്നതെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയുടെ 2003 ലെ ഉത്തരവിൽ, ഹർജിക്കാർ പാർട്ട്ടൈം സ്വീപ്പർമാരുടെ വേതനത്തിന് അർഹരായതിനാൽ 25.11.1998 ലെ സ.ഉ. (പി) 3000/98/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കണമെന്ന് ഉത്തരവായിരുന്നുവെങ്കിലും അതേ ഉത്തരവിൽ, 25.11.1998 ലെ സ.ഉ. (പി) 3000/98/ധന നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്വീപ്പിംഗ് ഏര്യയിൽ നിന്നും കുറവാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 25.11.1998 ലെ സ.ഉ. (പി) 3002/1998/ധന നമ്പർ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള വേതനം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ സ്വീപ്പിങ് ഏര്യ 25.11.1998 ലെ സ. ഉ. (പി) 3000/98/ധന നമ്പർ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ളതിൽ നിന്നും കുറവാണ്. ചങ്ങരോത്ത്, ചെമ്പനോട വില്ലേജോഫീസുകളുടെ സ്വീപ്പിംഗ് ഏര്യ 2005 ന് മുൻപും ശേഷവും 100 ച.മീ. അധികരിച്ചിട്ടില്ലായെന്നും സ്വീപ്പിംഗ് ഏര്യ പുനർനിർണ്ണയിക്കുന്നതിനു മുൻപ് പാർട്ട്ടൈം സ്വീപ്പറുടെ വേതനമല്ല ഹർജിക്കാർക്ക് നൽകിയിരുന്നതെന്നും ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

7. തുടർന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ബഹു. ട്രൈബ്യൂണലിന്റെ 11.06.2020-ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് വില്ലേജ് ഓഫീസിലും ചെമ്പനോട വില്ലേജ് ഓഫീസിലും യഥാക്രമം കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്യുന്ന ശ്രീമതി മോളി, പുഷ്പലത എന്നിവർ ഫയൽ ചെയ്ത OA (EKM) 746/2020 കേസിൽ 11.06.2020 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ 02/06/2003 ലെ ഒ.പി നം. 8191/2003, 22/07/2019 ലെ ഒ. എ. നം. 450/2019 കേസുകളിലെ വിധിന്യായങ്ങളിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ടിയാളുകളുടെ അപേക്ഷയിൻമേൽ 3 മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളത്.

ഒ. പി. നം. 8191/2003 കേസിൽ 02/06/2003 ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം പരാതിക്കാർക്ക് പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനത്തിന് അർഹതയുണ്ട് എന്നും ഹർജിക്കാരുടെ സേവന കാലയളവിലെ ശമ്പള കുടിശ്ശിക 25.11.1998 ലെ സ.ഉ.(പി)നം. 3000/98/ധന ഉത്തരവിലെ നിരക്കനുസരിച്ച് നൽകേണ്ടതാണെന്നും സ്വീപ്പിംഗ് ഏര്യ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിന് താഴെയാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട 25.11.98 ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും OA (EKM) 450/2019 കേസിൽ 22.07.2019 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ 09.02.2010 ലെ സ.ഉ.(പി) നം. 61/2010/ധന ഉത്തരവിലെ ഖണ്ഡിക 3(iv) ൽ 100 ച. മീ. സ്വീപ്പിംഗ് ഏര്യയിൽ കുറവുള്ള ഓഫീസുകളിൽ സേവനം അനുഷ്ഠിച്ച വരുന്നതും എന്നാൽ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലോ മറ്റു ഉത്തരവുകളുടെ അടിസ്ഥാനത്തിലോ റഗുലർ പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം ലഭിച്ചു വരുന്ന 100 ച. മീ. സ്വീപ്പിംഗ് ഏര്യയിൽ കുറവുള്ള ഓഫീസുകളിൽ സേവനം അനുഷ്ഠിച്ചു വരുന്നവരുൾപ്പെടെയുള്ള എല്ലാ സ്വീപ്പർമാർക്കും G.O (P) No.501/05/FIN ഖണ്ഡിക 11 പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ട് എന്ന് നിരീക്ഷിച്ചു കൊണ്ട് റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പളത്തിന് പരാതിക്കാരന് അർഹതയുണ്ട് എന്ന് വിധിച്ചിട്ടുള്ളതുമാണ്.

ടി കേസിൽ 1998, 1999 കാലഘട്ടം മുതൽ പരാതിക്കാർ ചങ്ങരോത്ത്, ചെമ്പനോട വില്ലേജ് ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തു വരികയാണ്. ഇവിടങ്ങളിലെ സ്വീപ്പിംഗ് ഏര്യ യഥാക്രമം 79.33 ച. മീ., 54.84 ച. മീ., വീതമാണ്. OA (EKM) 746/2020 കേസിൽ 11.06.2020 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ ഒ.പി. നം. 8191/2003 കേസിൽ 02/06/2003 ന് നിർദ്ദേശമനുസരിച്ച് ടിയാളുകൾക്ക് റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ഉയർന്ന ശമ്പളത്തിന് അർഹതയുള്ളതും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ റഗുലർ പാർട്ട് ടൈം സ്വീപ്പർമാരുടെ ശമ്പളം തുടർന്ന് വരുമ്പോൾ OA (EKM) 450/2019 കേസിൽ 22.07.2019 ന് പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശമനുസരിച്ച് G. O. (P) No.501/05/FIN ഖണ്ഡിക 11 പ്രകാരം ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം തുടർന്നും ലഭിക്കുന്നതിനും അർഹതയുള്ളതുമാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

8. മേൽ സാഹചര്യത്തിൽ ധന വകുപ്പിന്റെ അഭിപ്രായം മറികടന്ന്, കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി മോളി പി. വി. ക്കും, ചെമ്പനോട വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി പുഷ്പലതയ്ക്കും 25.11.1998 ലെ ജി.ഒ.(പി)



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

നം.3000/1998/ധന ഉത്തരവ് പ്രകാരം റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പളവും അലവൻസും 2004 മാർച്ച് മാസം മുതലും, തുടർന്നുള്ള ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള വർദ്ധനവും അനുവദിച്ചുകൊണ്ട് OA(EKM) No. 746/2020 കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 11.06.2020 ലെ വിധി നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

i) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് വില്ലേജാഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി മോളി പി. വി., ചെമ്പനോട വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി പുഷ്പലത എന്നിവർക്ക് 25.11.1998 ലെ ജി.ഒ.(പി) നം.3000/1998/ധന ഉത്തരവ് പ്രകാരം റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പളവും അലവൻസും 2004 മാർച്ച് മാസം മുതലും, തുടർന്നുള്ള ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള വർദ്ധനവും അനുവദിച്ച് OA(EKM) No. 746/2020 കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 11.06.2020 ലെ വിധി നടപ്പിലാക്കാവുന്നതാണോ;

അല്ലെങ്കിൽ

ii) ധന വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ചങ്ങരോത്ത്, ചെമ്പനോട വില്ലേജോഫീസുകളുടെ സ്വീപ്പിംഗ് ഏര്യ 2005 ന് മുൻപും ശേഷവും 100 ച.മീ. അധികരിച്ചിട്ടില്ലായെന്നും 25.11.2005 ലെ സ. ഉ. നം. (പി) 501/2005/ധന പ്രകാരം സ്വീപ്പിംഗ് ഏര്യ പുനർനിർണ്ണയിക്കുന്നതിനു മുൻപ് പാർട്ട്ടൈം സ്വീപ്പറുടെ വേതനമല്ല ഹർജിക്കാർക്ക്

നൽകിയിരുന്നതെന്നുമുള്ള വസ്തുതകൾ കണക്കിലെടുത്ത്, പാർട്ട് ടൈം സ്വീപ്പറുടെ വേതനം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൾക്കാർ സർക്കാർ മുമ്പാകെ സമർപ്പിച്ച നിവേദനങ്ങൾ നിരസിച്ച്, OA(EKM) No. 746/2020 കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 11.06.2020 ലെ വിധി നടപ്പിലാക്കാവുന്നതാണോ?

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/520/2017-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 7538/2012 നമ്പർ കേസിലെ 27.11.2018 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാരാരിക്കുളം വടക്ക് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിക്കുന്ന ശ്രീ എം. രാജുവിന്, 25.11.1998 ലെ സ. ഉ.(പി)3000/1998/ധന പ്രകാരം റഗുലർ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളവും അലവൻസും 2003 നവംബർ മുതലുള്ള കുടിശ്ശികയും അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11.01.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ?<br>(ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | അതെ<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ.വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04.02.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.02.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08.02.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 08.02.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 7538/2012 നമ്പർ കേസിലെ 27.11.2018 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാരാരിക്കുളം വടക്ക് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിക്കുന്ന ശ്രീ എം. രാജുവിന്, 25.11.1998 ലെ സ.ഉ.(പി)3000/1998/ധന പ്രകാരം റഗുലർ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളവും അലവൻസും 2003 നവംബർ മുതലുള്ള കുടിശ്ശിക സഹിതം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ. എം. രാജു മാരാരിക്കുളം വടക്ക് വില്ലേജ് ഓഫീസിൽ 1999 മുതൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തു വരുന്നു. മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 30 ൽ റീ-സർവ്വേ നമ്പർ 519/8 ൽ പ്പെടുന്ന 02. 80 ആർസ് സർക്കാർ വസ്തുവിലുള്ള സ്ഥിരം കെട്ടിടത്തിലാണ് ടി വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വരുന്നത്. ടി വില്ലേജ് ഓഫീസിന്റെ നിലവിലെ സ്വീപ്പിങ് ഏര്യ 123.44 ച. മീ. ആണ്.

3. 25.11.1998 ലെ സ.ഉ.(പി) 3000/98/ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 100 ച. മീ. നും 400 ച. മീ. നുമിടയിൽ സ്വീപ്പിങ് ഏര്യയുള്ള പാർട്ട് ടൈം സ്വീപ്പർമാർക്ക് പ്രതിമാസം 1250/- + DA എന്ന നിരക്കിലും 400 ച. മീറ്ററിനും 800 ച. മീറ്ററിനുമിടയിൽ സ്വീപ്പിങ് ഏര്യയുള്ള പാർട്ട് ടൈം സ്വീപ്പർമാർക്ക് പ്രതിമാസം 1500/- + DA എന്ന നിരക്കിലും 01.03.1997 പ്രാബല്യത്തിൽ ശമ്പളം പുനർ നിർണ്ണയിച്ചിരുന്നു.

4. റഗുലർ പാർട്ട് ടൈം സ്വീപ്പർമാരുടെ വേതന പാരിറ്റിക്കായി ഹർജിക്കാരൻ ഉൾപ്പെടെയുള്ള കാഷ്വൽ സ്വീപ്പർമാർ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ഹർജിക്കാർക്ക് 25.11.1998 ലെ സ. ഉ.(പി) നം. 3000/98/ധന ഉത്തരവിന്റെ വെളിച്ചത്തിൽ സ്വീപ്പിങ് ഏര്യ കണക്കാക്കി ഹർജിക്കാർ ജോലി ചെയ്ത് വന്നിരുന്ന കാലയളവിലെ ശമ്പള കുടിശ്ശിക ഉൾപ്പെടെ നൽകുവാൻ O.P No. 8248/ 2003 നമ്പർ കേസിലെ 30.05.2003 ലെ വിധി പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവാകുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. രാജുവിന് പ്രതിമാസം 1500/- + DA നിരക്കിൽ ശമ്പളം ഉയർത്തുകയും ആയത് 2003 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ അനുവദിക്കുകയും



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ചെയ്തിരുന്നു. പ്രസ്തുത വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ പുനഃനിർണ്ണയിച്ചപ്പോൾ 100 ച. മീ. ൽ കുറവായതിനെ തുടർന്ന് ഉയർന്ന നിരക്കിൽ ശമ്പളം നല്കിയത് റദ്ദാക്കുകയും 2003 നവംബർ മാസം മുതൽ കാഷ്വൽ സ്വീപ്പർമാർക്ക് അനുവദനീയ വേതനമായ 600/- രൂപ ടിയാന് നൽകുകയുമുണ്ടായി. ഇതിനെ തുടർന്ന് ഉയർന്ന നിരക്കിലുള്ള ശമ്പളവും ശമ്പളകുടിശ്ശികയും ലഭിക്കുന്നതിനായി ശ്രീ. എം. രാജു സർക്കാർ മുമ്പാകെ ഒരു നിവേദനം സമർപ്പിച്ചു.

5. ഇതിനിടെ OP 8248/2003 നമ്പർ കേസിൽ കോടതി ഉത്തരവ് പ്രകാരം അനുവദിച്ച ശമ്പളവും കുടിശ്ശികയും കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധനവും ലഭ്യമാക്കുന്നതിന് നിർദ്ദേശം നല്കണമെന്നാവശ്യപ്പെട്ട് ടിയാൻ TA 7538/12 (WP(C) 534/2011) നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു. ട്രൈബ്യൂണലിന്റെ 27.11.2018 ലെ വിധിയിൽ, 12.09.2003 ലെ ഉത്തരവ് [എക്സിബിറ്റ് പി2] പ്രകാരം ടിയാന് അനുവദിച്ചിട്ടുള്ള ഉയർന്ന നിരക്കിലുള്ള ശമ്പളം ലഭിക്കുന്നതിന് ടിയാന് അർഹതയുണ്ടെന്നും എക്സിബിറ്റ് പി2 ഉത്തരവ് റദ്ദാക്കിയത് ടിയാനെ അറിയിക്കാതെയാണെന്നും കണ്ടെത്തിയ ബഹു. ട്രൈബ്യൂണൽ G.O (P) 3000/1998/ധന പ്രകാരമുള്ള ശമ്പളക്കുടിശ്ശികയ്ക്കും അലവൻസിനും ടിയാൻ അർഹനാണെന്ന് എക്സിബിറ്റ് പി1 വിധി പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതിനാൽ വിധിപ്പകർപ്പ് കിട്ടി മൂന്ന് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും സാമ്പത്തിക ആനുകൂല്യങ്ങൾ ടിയാന് അനുവദിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തുവാൻ എതിർ കക്ഷികൾക്ക് നിർദ്ദേശം നല്കിയിരുന്നു.

6. പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ OP(KAT) 246/2019 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതിയുടെ 15.02.2021 ലെ വിധിന്യായ പ്രകാരം പ്രസ്തുത അപ്പീൽ നിരസിക്കുകയും, TA 7538/2012 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 27.11.2018 ലെ വിധി നടപ്പിലാക്കുന്നതിന് 6 ആഴ്ച സമയം കൂടി അനുവദിക്കുകയും ചെയ്തിരുന്നു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

7. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"മാരാരിക്കുളം വടക്ക് വില്ലേജ് ഓഫീസിൽ ശ്രീ. രാജു 1999 മുതൽ ജോലി ചെയ്തുവരുന്നുവെങ്കിലും ടി ഓഫീസിൽ പി. ടി. എസ്. -ന്റെ അംഗീകൃത തസ്തികയില്ല. ടിയാനെ കാഷ്വൽ സ്വീപ്പറായി ആണ് നിയമിച്ചിട്ടുള്ളത്. 2003- ലെ ബഹു. കോടതി വിധി പ്രകാരമാണ് ടിയാന് റഗുലർ പാർട്ട്ടൈം സ്വീപ്പറുടെ വേതനം അനുവദിച്ചിട്ടുള്ളത്. എന്നാൽ സ്വീപ്പിംഗ് ഏര്യ പുനർ നിർണ്ണയം ചെയ്തപ്പോൾ 100 ച. മീ. – ൽ കുറഞ്ഞപ്പോൾ ആണ് ടിയാന്റെ വേതനം 11/2003 മുതൽ 600/- രൂപയായി കുറച്ചിട്ടുള്ളത്. 25/11/2005- ലെ 501/2005/ധന ഉത്തരവിന്റെ ഖണ്ഡിക -11 എടുത്ത് പറഞ്ഞുകൊണ്ടാണ് ബഹു. കോടതി TA 7538/12 കേസിന്റെ 27.11.18 ലെ വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്ത OP(KAT) 246/2019 നിരസിച്ചിരിക്കുന്നതും ടിയാന്റെ വേതനം സംരക്ഷിച്ച് നൽകാൻ ഉത്തരവായിട്ടുള്ളതും (ഭ. വ. ന ഫ പേജ് 69). എന്നാൽ 25/11/2005- ലെ 501/2005/ധന ഉത്തരവിന്റെ ഖണ്ഡിക -11 പ്രകാരം ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയുള്ളിടത്ത് സ്വീപ്പിംഗ് ഏര്യ പുനർ നിർണ്ണയം ചെയ്യുമ്പോൾ സ്വീപ്പിംഗ് ഏര്യയിൽ കുറവ് വന്നാലും പാർട്ട് ടൈം സ്വീപ്പറുടെ വേതനം നൽകണം എന്നാണ്. ടി ഉത്തരവിലെ ഖണ്ഡിക 9- ൽ തസ്തികയില്ലാത്തിടത്ത് സ്വീപ്പിംഗ് ഏര്യ പുനർ നിർണ്ണയം ചെയ്യുമ്പോൾ 100 ച. മീ. - ൽ കുറവായാലും നിലവിലുള്ള കാഷ്വൽ സ്വീപ്പറെ 600/- രൂപ വേതനത്തിൽ തുടരാവുന്നതാണെന്നും ആണ് നിർദ്ദേശിച്ചിട്ടുള്ളത്. മാരാരിക്കുളം വടക്ക് വില്ലേജ് ഓഫീസിൽ ശ്രീ. രാജു 1999 മുതൽ ജോലി ചെയ്തുവരുന്നുവെങ്കിലും ടി ഓഫീസിൽ പി. ടി. എസി ന്റെ അംഗീകൃത തസ്തികയില്ലാത്തതുകൊണ്ട് ടിയാന് മേൽ ഉത്തരവിലെ ഖണ്ഡിക 9- പ്രകാരമുള്ള വേതനത്തിനാണ് അർഹത. ബഹു. കോടതി ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ വേതനം നൽകിയിട്ടുള്ളതും ടി സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ അപ്പീൽ ഫയൽ ചെയ്യുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

8. OP(KAT) 246/2019 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 16.02.2021 ലെ വി-ധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യണമെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശ-ത്തിന്മേൽ നിയമ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

" This file has been forwarded seeking Scope of Appeal against the Judgment of Hon'ble High Court of Kerala in OP(KAT) No.246/2019 dated 15.02.2021.

In TA No.7538/2012 Hon'ble Administrative Tribunal held that the stand taken by the respondents cannot be justified and the applicant who was given the enhanced pay as per Exhibit P2 is entitled to draw his salary as per the same. Cancellation of Exhibit P2 was without any notices to the applicant. But for the cancellation of Exhibit P2, the applicant would have drawn the enhanced pay and availed the benefit of G.O(P) 501/2005. As the Hon'ble High Court had already directed in Exhibit P1 that the applicant is entitled to get the arrears of pay and allowances as directed in G.O (P) 3000/1998/Fin, there will be a direction to the respondents to ensure that appropriate orders are issued and the monetary benefits are sanctioned to the applicant within a period of three months from the date of receipt of copy of this order.

The Administrative Department challenged the above Judgment of Hon'ble Administrative Tribunal before the Division bench of Hon'ble High Court of Kerala vide OP(KAT) No.246/2019. Hon'ble High Court of Kerala dismissed the OP(KAT) No.246/2019 on the observation that "we do not find any reason to interfere with the well considered order issued by the Tribunal. No grounds have been made out for interference with the order of the Tribunal in exercise of the extraordinary and supervisory jurisdiction of this court under Articles 226 and 227 of the Constitution of India. The time granted by the Tribunal for compliance with the directions issued is long over.

In the above circumstances, we deem it fit to grant the petitioners a further time of 6 weeks from the date of receipt of a certified copy of this



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

judgment to comply with the directions issued by the Tribunal in its order dated 27.11.2018 in TA No.7538/2012".

From this it is clear that the Judgment of Hon'ble High Court of Kerala in OP(KAT)No.246/2019 dated 15.02.2021 is reasoned and speaking order. Hence there is no scope for successful SLP against the Judgment of Hon'ble High Court of Kerala in OP(KAT) No.246/2019 dated 15.02.2021.

9. കൂടാതെ ഗവ. പ്ലീഡറും പ്രസ്തുത വിധിക്കെതിരെ SLP ക്ക് സാദ്ധ്യതയില്ലായെന്ന് അറിയിച്ചിരുന്നു.

10. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് മാരാരിക്കുളം വടക്ക് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിക്കുന്ന ശ്രീ എം. രാജുവിന് ബഹു. ഹൈക്കോടതിയുടെ എക്സിബിറ്റ് പി 1 വിധിയിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 25.11.1998 ലെ സ. ഉ.(പി)3000/1998/ധന പ്രകാരം റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പളവും അലവൻസും 2003 നവംബർ മുതലുള്ള ശമ്പള കുടിശ്ശിക ഉൾപ്പെടെ നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ച് ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 7538/12 നമ്പർ കേസിലെ 27.11.2018 ലെ വിധി നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.11.2018 ലെ TA 7538/12 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാരാരിക്കുളം വടക്ക് വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ എം. രാജുവിന് 25.11.1998 ലെ സ ഉ.(പി)3000/1998/ധന പ്രകാരം റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ ശമ്പളവും അലവൻസും അനുവദിക്കുന്നതിനും 2003 നവംബർ മുതലുള്ള കുടിശ്ശിക ശമ്പളം നല്കുന്നതിനും അനുമതി നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

# കേരള സർക്കാർ
## (പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/190/2018-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 942/2018 നമ്പർ കേസിലെ 16.10.2020 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം റീ-സർവ്വെ സൂപ്രണ്ട് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർ, ശ്രീ. രവിചന്ദ്ര വി. യെ 27.05.2007 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19.11.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.11.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30.11.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 30.11.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06.12.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 942/2018 നമ്പർ കേസിലെ 16.10.2020 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം റീ-സർവ്വെ സൂപ്രണ്ട് ഓഫിസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർ, ശ്രീ. രവിചന്ദ്ര വി. യെ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം റീ- സർവ്വെ സൂപ്രണ്ട് ഓഫിസിൽ 2003 ഏപ്രിൽ മാസം മുതൽ ശ്രീ. രവിചന്ദ്ര വി. കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചു വരുന്നു. പ്രസ്തുത ഓഫീസ് 188.34 ച. മീ. സ്വീപ്പിംഗ് ഏര്യയുള്ള പുതിയ കെട്ടിടത്തിൽ (കീർത്തേശ്വര ഹോസ്പ്പെട്ടു വില്ല) 27.05.2007 മുതൽ പ്രവർത്തനമാരംഭിച്ചു. തുടർന്ന് 25.11.2005-ലെ സ.ഉ.(പി) 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീ. രവിചന്ദ്രയെ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി സർവ്വേ ഡയറക്ടർ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത റീ-സർവ്വെ ഓഫീസ് പ്രവർത്തിച്ചിരുന്നത് താല്ക്കാലിക എസ്റ്റാബ്ലിഷ്മെന്റിലായതിനാൽ ടി പ്രൊപ്പോസൽ 05.08.2008 ലെ 59252/T1/07/RD കത്ത് പ്രകാരം സർക്കാർ നിരസിക്കുകയും ചെയ്തിരുന്നു. എന്നാൽ കാസർഗോഡ് റീ-സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി പി.ഭാരതിയെ 26-12-2002 തീയതി പ്രാബല്യത്തിൽ 28.04.2012 ലെ സ.ഉ.(എം.എസ്) 177/2012/റവ പ്രകാരം സ്ഥിരപ്പെടുത്തിയതിന്റെ വെളിച്ചത്തിൽ മഞ്ചേശ്വരം റീ-സർവ്വേ സൂപ്രണ്ട് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 22.04.2002 പ്രാബല്യത്തിൽ തന്നെയും സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രവിചന്ദ്ര വി. OA(EKM) 942/2018 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.10.2020 ലെ വിധിന്യായത്തിൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഹർജിക്കാരനെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ, സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ് സഹിതം രണ്ടാം എതിർകക്ഷിയായ ഡയറക്ടർ, സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ന് നല്കുവാൻ 4-ാം എതിർകക്ഷിയായ സൂപ്രണ്ട്, സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് (റീ-സർവ്വേ നം.1) നും ആയത് ലഭ്യമായാൽ ആവശ്യമായ റിപ്പോർട്ട് സഹിതം സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ രണ്ടാം എതിർകക്ഷിയായ ഡയറക്ടർ, സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് നും പ്രസ്തുത ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് അനക്ഷർ A7 ഉത്തരവിലെ ഉപഭോക്താവിന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഹർജിക്കാരന് അനുവദിച്ചു കൊണ്ട് ടിയാനെ സ്ഥിരപ്പെടുത്തുന്നതിൽ ഉചിത ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനും നിർദ്ദേശം നല്കിയിരുന്നു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

25.11.2005 ലെ സ.ഉ.(പി) 501/2005/ധന ഉത്തരവിലെ ഖണ്ഡിക (8) പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് ഹർജിക്കാരൻ അർഹനാണെന്നും ബഹു. ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

3. ഇതിൻ പ്രകാരം കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം റീ-സർവ്വേ സൂപ്രണ്ട് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീ. രവിചന്ദ്ര വി. യെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർവ്വേ ഡയറക്ടർ സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

4. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"സ്വീപ്പിങ്ങ് ഏരിയ 188.34 ച. മീ. ഉണ്ടെന്ന് അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 16.08.2007 -ൽ ആയതിനാലും, 25/11/2005 തിയ്യതിയിലെ സ.ഉ(പി)നം.501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത് എന്നതിനാലും, ടി ഓഫീസ് താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റിലാണ് പ്രവർത്തിച്ചിരുന്നതെന്ന് എന്നതിനാലും, ജി.ഒ(പി)61/10/ധന തീയതി 09/02/2010 ഉത്തരവിൽ താൽകാലിക സംവിധാനങ്ങളിൽ PTS തസ്തിക സൃഷ്ടിക്കരുതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാലും, ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് ഭരണവകുപ്പിന് നിർദ്ദേശം നൽകുന്നു"

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ OA (EKM) 942/2018 നമ്പർ കേസിന്റെ 16.10.2020 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ ഏ. ജി. ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഒരു സർക്കാർ ഉത്തരവുകൊണ്ടും കോടതിയുടെ പ്രഖ്യാപനം കൊണ്ടും ലഭ്യമാകുന്ന ആനുകൂല്യം തുടർന്നുള്ള സർക്കാർ ഉത്തരവ് കൊണ്ട് എടുത്തു മാറ്റാൻ കഴിയില്ലെന്ന് ബഹു. ഹൈക്കോടതി മറ്റൊരു കേസിൽ വ്യാഖ്യാനിച്ചിട്ടുണ്ടെന്നും ആയതിനാൽ ശ്രീ. രവിചന്ദ്ര ഫയൽ ചെയ്ത OA (EKM) 942/2018 നമ്പർ കേസിന്റെ 16.10.2020 ലെ വിധിക്കെതിരെ അപ്പീലിന് സ്കോപ്പില്ല എന്നും ഗവ. പ്ലീഡർ അഭിപ്രായപ്പെട്ടു.

6. ഗവ.പ്ലീഡറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"28.10.2019- ലെ G.O(P)No.144/2019/Fin ഉത്തരവിലെ ഖണ്ഡിക 2 പ്രകാരം "If a judgement from a court is in line with the policy and standing orders of the government, the respondent itself can issue orders complying with the judgement timely, if not the respondent should file appeal within the time limit.


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

The officers who delay in taking proper action will be booked for the lapse and the laws sustained to the government by way of contempt of court proceedings/ execution proceedings will be fixed as the personal liability of the officers concerned" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക 3-ലെ ii പ്രകാരം "If the judgement/order is against the existing rules or orders of the government, the first respondent of the case should forward the same directly to the government (without considering formal channel of communication) within 10 days of the date of receipt of such judgement" എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ 28.10.2019-ലെ G.O(P)No. 144/2019/Fin ഉത്തരവിലേയ്ക്കും [attached in LR]- സ.ഉ(പി)നം.58/2018/ധന തിയതി 10.4.2018- ലേയ്ക്കും[attached in LR]-G.O (P) No. 31/2018/fin dated 03.03.2018 ഉത്തരവിലെ [attached in LR] -ലേയ്ക്കും ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സ്വീപ്പിങ്ങ് ഏരിയ 188.34 ച. മീ. ഉണ്ടെന്ന് അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 16.08.2007 -ൽ ആയതിനാലും 25/11/2005 തിയ്യതിയിലെ സ.ഉ(പി)നം. 501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ പ്രവർത്തിക്കുന്ന 100 ച . മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത് എന്നതിനാലും, ടി ഓഫീസ് താത്ക്കാലിക എസ്റ്റാബ്ലിഷ്മെന്റിലാണ് പ്രവർത്തിച്ചിരുന്നതെന്ന് എന്നതിനാലും, ജി.ഒ.(പി)നം. 61/10/ധന തീയതി 09/02/2010 ഉത്തരവിൽ താൽകാലിക സംവിധാനങ്ങളിൽ PTS തസ്തിക സൃഷ്ടിക്കരുതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാലും, 25/11/2005 തിയ്യതിയിലെ സ.ഉ(പി)നം. 501/2005/ധന ഉത്തരവ്, 09/02/2010-ലെ ജി.ഒ(പി)നം.61/10/ധന ഉത്തരവ് അനുസരിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം സർവ്വെ സൂപ്രണ്ട് ഓഫിസിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്യുന്ന ശ്രീ. രവിചന്ദ്ര -യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമാകയാൽ ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ OA (EKM) 942/2018 നമ്പർ കേസിന്റെ 16.10.2020 ലെ വിധിക്കെതിരെ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യുന്നതിന് ഭരണവകുപ്പിന് നിർദ്ദേശം നൽകുന്നു."

7. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ OA (EKM) 942/2018 നമ്പർ കേസിന്റെ 16.10.2020 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

" In OA No. 942/2018 Hon'ble Kerala Administrative Tribunal in its judgment dated 16.10.2020 allowed the Original Application and also directed



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

the 4th respondent to forward the proposal for creation of post of regular Part Time Sweeper in the office along with the proposal to regularise the applicant with accompanying sweeping area certificate to the 2nd respondent forthwith at any rate within three weeks of the date of receipt of a copy of this order. The 2nd respondent on receipt of such proposal shall forward the same to the 1st respondent along with necessary reports within a further period of three weeks therefrom. The 1st respondent on receipt of the same shall pass appropriate orders thereon sanctioning a post of regular part time sweeper in the office of the 4th respondent and regularizing the applicant against the above post extending the benefits as granted to the beneficiary of Annexure-A7 order. On such regularisation, the applicant will be entitled to all benefits including monetary benefits in accordance with paragraph 8 of Annexure A1 Government Order.

For reaching this findings Hon'ble Kerala Administrative Tribunal relied on the Judgment of Hon'ble Division Bench of High Court of Kerala in WA 2199/2009 held that the benefit of a Government Order available and declared by this Court could not be taken away by a subsequent Government Order.

From this it is clear that Judgment of Hon'ble Kerala Administrative Tribunal in OA No. 942/2018 dated 16.10.2020 is reasoned and speaking order and considered all contentions raised by State Government in reply statement and came to this reasonable findings. Hence there is no scope for successful appeal against the Judgment of Hon'ble Kerala Administrative Tribunal in OA No. 942/2018 dated 16.10.2020."

8. ഇതിനിടെ OA(EKM) 942/2018 നമ്പർ കേസിന്റെ 16.10.2020 ലെ വിധി നടപ്പിലാക്കാത്തതിനെതിരെ ശ്രീ. രവിചന്ദ്ര ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ Contempt of Court Petition ഫയൽ ചെയ്തിട്ടുണ്ട്.

9. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കാസർഗോഡ് മഞ്ചേശ്വരം റീ-സർവ്വേ ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിൽ നിലവിലുള്ള കാഷ്വൽ സ്വീപ്പർ, ശ്രീ. രവിചന്ദ്ര വി. യെ, മഞ്ചേശ്വരം റീ-സർവ്വേ സൂപ്രണ്ടോഫീസ്, 188.34 ച.മീ. സ്വീപ്പിംഗ് ഏരിയ ഉള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച തീയതിയായ 27.05.2007 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കിയും OA(EKM) 942/2018 നമ്പർ കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.10.2020 ലെ വിധിന്യായം നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.10.2020 ലെ OA(EKM) 942/2018 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് മഞ്ചേശ്വരം റീ-സർവ്വേ സൂപ്രണ്ട് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിൽ നിലവിലുള്ള കാഷ്വൽ സ്വീപ്പർ, ശ്രീ. രവിചന്ദ്ര വി. യെ 27.05.2007 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

| കേരള സർക്കാർ<br>(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | റ്റി 1/159/2018/റവ |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ TA 5062/2012 നമ്പർ കേസിലെ 01.06.2018 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ഓടനാവട്ടം വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി ശോശാമ്മ.എസ്-നെ 18.06.2001 തീയ്യതി പ്രാബല്യത്തിൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 04.10.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ. |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.10.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18.10.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.10.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.10.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 27.10.2021 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | ഇ.നം.നം. 335 dtd 27/10/21 |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ TA 5062/2012 നമ്പർ കേസിലെ 01.06.2018 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ഓടനാവട്ടം വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി ശോശാമ്മ എസ്-നെ മുൻകാല പ്രാബല്യം നൽകി 18.06.2001 മുതൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി ശോശാമ്മ എസ്. കൊല്ലം ജില്ലയിലെ ഓടനാവട്ടം വില്ലേജാഫീസിൽ 1987 മാർച്ച് മാസം മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചു വരുന്നു. ഓടനാവട്ടം വില്ലേജാഫീസ് 10/11/2008 വരെ പ്രവർത്തിച്ചിരുന്നത് 91.44 ച.മീ സ്വീപ്പിംങ് ഏരിയ ഉള്ള വാടക കെട്ടിടത്തിലായിരുന്നു. തുടർന്ന് 11/11/2008 മുതൽ ടി വില്ലേജ് ഓഫീസ് വെളിയം ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. പൊതുമരാമത്ത് വകുപ്പ് കൊട്ടാരക്കര കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20/06/2009 ലെ സാക്ഷ്യപത്രം പ്രകാരം ടി കെട്ടിടത്തിന്റെ സ്വീപ്പിംങ് ഏരിയ 154.00 ച . മീറ്റർ ആയിരുന്നതിനാൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണമാവശ്യപ്പെട്ട് ശോശാമ്മ ഫയൽ ചെയ്ത WP(C)7140/09 കേസിലെ ബഹു.ഹൈക്കോടതിയുടെ 05.03.2009 ലെ വിധിയനുസരിച്ച് ഓടനാവട്ടം വില്ലേജാഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ശോശാമ്മ . എസ്. – നെ 11/11/2008 പ്രാബല്യത്തിൽ 14.08.2009 ലെ സ.ഉ(സാധാ) നം.2860/2009/റവ. പ്രകാരം സ്ഥിരപ്പെടുത്തുകയുണ്ടായി.

3. തുടർന്ന് ശ്രീമതി . ശോശാമ്മ . എസ് . മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത റ്റി . എ . 5062/12 – ാം നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 01.06.2018 ലെ വിധിയിൽ ടിയാരിക്ക് 18.06.2001 മുതൽ ക്രമവൽക്കരണത്തിന് അർഹതയുണ്ടെന്ന് നിരീക്ഷിച്ച ട്രൈബ്യൂണൽ വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ രണ്ടു മാസത്തിനകം Ext. P5(സ.ഉ.(സാധാ)നം.2860/2009/RD dated 14.08.2009) ഉത്തരവ്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ഭേദഗതി വരുത്തി ശ്രീമതി ശോശാമ്മയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 18.06.2001 മുതൽ മുൻകാല പ്രാബല്യത്തോടെ ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവായി.

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവിലെ നിബന്ധനകൾ അനുസരിച്ച് പൊതുമരാമത്ത് വകുപ്പ് അധികൃതർ തയ്യാറാക്കിയ 22/06/2006 തിയ്യതിയിലെ സ്വിപ്പിങ്ങ് ഏരിയ സർട്ടിഫിക്കറ്റ് അനുസരിച്ച് ഓടനാവട്ടം വില്ലേജാഫീസ് സ്ഥിതി ചെയ്തിരുന്ന കെട്ടിടത്തിന്റെ സ്വീപ്പിങ്ങ് ഏരിയ 91.44 ച . മീ മാത്രം ആയിരുന്നതിനാൽ ശ്രീമതി ശോശാമ്മ . എസിന് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 25/11/2005 തിയ്യതിയിലെ ഉത്തരവ് അനുസരിച്ചുള്ള മുൻകാല പ്രാബല്യത്തിന് അർഹതയില്ലെന്നും TA 5062/2012 (WPC 33664/2009) നമ്പർ കേസിന്റെ 01.06.18 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതാണെന്നും ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു ."

5. ധനകാര്യ വകുപ്പിന്റെ അഭിപ്രയാത്തിന്റെ വെളിച്ചത്തിൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീമതി. എസ് ശോശാമ്മ ഫയൽ ചെയ്തിട്ടുള്ള T.A.5062/2012-ൻ മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ 01.06.2018-ലെ വിധിന്യായത്തിൽ Ext. P5 ഭേദഗതി ചെയ്ത് (സ.ഉ.(ആർ.റ്റി) നം. 2860/2009/റവന്യൂ തീയതി 14.08.2009) 18.06.2001 തീയതി കണക്കാക്കി സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.

സ.ഉ.(ആർ.റ്റി) നം. 2860/2009/റവന്യൂ തീയതി 14.08.2009 പ്രകാരം 11.11.2008 തീയതി കണക്കാക്കി പാർട്ട്-ടൈം തസ്തിക സൃഷ്ടിച്ച് ശ്രീമതി എസ്. ശോശാമ്മയ്ക്ക് ആനുകൂല്യങ്ങൾ നൽകി ഉത്തരവായിട്ടുണ്ട്. 1987 മാർച്ച് മാസം മുതൽ ശ്രീമതി എസ്.


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ശോശാമ്മ കാഷ്വൽ സ്വീപ്പറായി ജോലിയിൽ പ്രവേശിച്ചുവെങ്കിലും ഓടനാവട്ടം വില്ലേജ് ആഫീസിന്റെ സ്വീപ്പിംഗ് ഏരിയ 91.44 ച. മീറ്റർ ആണെന്ന് കാണുന്നു. 11.11.2008 -ൽ ഓടനാവട്ടം വില്ലേജ് ഓഫീസ് പുതിയകെട്ടിടത്തിലേക്ക് മാറിയപ്പോഴാണ് സ്വീപ്പിംഗ് ഏരിയ 154.00 ച. മീറ്ററായി നിജപ്പെടുത്തി കാണുന്നത്. 11.11.2008 കണക്കാക്കിയാണ് ശ്രീമതി എസ്. ശോശാമ്മയ്ക്ക് പാർട്ട്-ടൈം സ്വീപ്പറുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്. ശ.ഉ.(പി) 501/2005/ധന തീയതി 25.11.2005 പ്രകാരം 100 ച. മീറ്ററിൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ വരുന്ന ഓഫീസുകളിൽ ഒരു പാർട്ട് സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി എസ്. ശോശാമ്മയുടെ പാർട്ട്-ടൈം തസ്തികയിലെ സേവനം ക്രമവൽക്കരിച്ച് Ext. P5 പുറപ്പെടുവിച്ചു കാണുന്നത്. ശ്രീമതി എസ്. ശോശാമ്മയ്ക്ക് പാർട്ട-ടൈം സ്വീപ്പർ തസ്തികയിൽ 25.11.2005 തീയതിയിലെ ഉത്തരവ് അനുസരിച്ചുള്ള മുൻകാല പ്രാബല്യത്തിന് അർഹതയില്ലായെന്ന് ധനകാര്യ വകുപ്പും അഭിപ്രായപ്പെട്ടു കാണുന്നു. ബഹു. ട്രൈബ്യൂണലിന്റെ 01.06.2018-ലെ വിധിന്യായത്തിൽ Ext. P5 ഭേദഗതി വരുത്തി ശ്രീമതി എസ്. ശോശാമ്മയ്ക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു കാണുന്നു. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളുന്നതിനുള്ള അധികാരം സർക്കാരിനാണ്. സർക്കാരിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ഉത്തരവ് നൽകുവാൻ ബഹു. ട്രൈബ്യൂണലിന് അധികാരം ഇല്ലാത്തതാകുന്നു.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ ബഹു. ട്രൈബ്യൂണലിന്റെ 01.06.2018-ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള തുടർനടപടികൾ ഭരണ വകുപ്പിന് സ്വീകരിക്കാവുന്നതാണ്."

6. റ്റി . എ . 5062/12 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ 01.06.18 ലെ വിധിക്കെതിരെ OP (KAT) 73/2019 ഫയൽ ചെയ്തിരുന്നു. ബഹു.ഹൈക്കോടതിയുടെ 01.02.2021 ലെ വിധിന്യായം പ്രകാരം ഓടനാവട്ടം വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏരിയ 100 ച.മീ-ൽ കൂടുതൽ ആയതിനാൽ ടിയാരിക്ക് 18.06.2001 തീയതി മുതൽ ക്രമവൽക്കരണത്തിന് അർഹതയുണ്ടെന്ന് നിരീക്ഷിച്ച കോടതി T A No. 5062/2012 കേസിലെ 01.06.2018 ലെ വിധി നടപ്പിലാക്കുന്നതിന് വിധിന്യായം ലഭ്യമായ തീയതി മുതൽ 6 ആഴ്ച കൂടി അനുവദിച്ചു കൊണ്ട് ടി അപ്പീൽ നിരസിച്ചു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

7. തുടർന്ന് റ്റി . എ . 5062/12 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ 01.06.18 ലെ വിധി നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ ഓടനാവട്ടം വില്ലേജാഫീസിന് 100 ച . മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ളതായ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതിനാലും ,വെളിയം ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുള്ള ഓടനാവട്ടം വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ശോശാമ്മ . എസ് - നെ 11/11/2008 പ്രാബല്യത്തിൽ 14.08.2009 ലെ G.O(Rt)2860/2009 പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുള്ള തിനാലും , ജില്ലാ കളക്ടറുടെ 17/12/2009 ലെ ഇ 2-23483/09- ാം നമ്പർ നടപടിക്രമം പ്രകാരം ശ്രീമതി . ശോശാമ്മയുടെ പാർട്ട് ടൈം തസ്തികയിലെ സേവനം ക്രമവൽക്കരിച്ചിട്ടുള്ളതും , സേവന പുസ്തകം തുറക്കുകയും , കേരള കണ്ടിജന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ CNT 424206- ാം നമ്പർ പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതിനാലും , ഓടനാവട്ടം വില്ലേജാഫീസ് 10/11/2008 വരെ പ്രവർത്തിച്ചിരുന്നത് വാടക കെട്ടിടത്തിലായിരുന്നതിനാലും , 25.11.2005- ലെ G.O(P)501/2005/Fin, 9.2.2010- ലെ G.O(P) No.61/2010/Fin, എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വെളിയം ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിലുള്ള ഓടനാവട്ടം വില്ലേജാഫീസിൽ ശ്രീമതി ശോശാമ്മ . എസ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിലുള്ള മുൻകാല പ്രാബല്യത്തിന് അർഹയല്ലെന്നുള്ള ധനവകുപ്പിന്റെ മുൻ അഭിപ്രായ ത്തിൽ മാറ്റമില്ലെന്നും , TA 5062/2012 (WPC 33664/2009) നമ്പർ കേസിന്റെ 01.06.2018 ലെ വിധിക്കെതിരെയുള്ള അപ്പീൽ OP (KAT) 73/2019] നിരസിച്ചിരിക്കുന്ന സാഹചര്യത്തിൽ ഭരണ വകുപ്പിന് തന്നെ ടി വിഷയത്തിന്മേൽ ഉചിതതലത്തിൽ തീരുമാനം എടുക്കാവുന്നതാണെന്നും അറിയിക്കുന്നു . "

8. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, 01.06.2018 -ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നതിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

"കൊല്ലം ജില്ലയിലെ ഓടനാവട്ടം വില്ലേജാഫീസിൽ 1985 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ശോശാമ്മ 25.11.2005 ലെ സ.ഉ.(പി) നം. 501/2005/ധന നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി 11.11.2008 തീയതി മുതൽ പ്രാബല്യത്തിൽ, തന്നെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിന് (GO(Rt) 2860/2009/RD dt. 14.08.2009) 25.11.2005 തീയതി മുതൽ മുൻകാല പ്രാബല്യം നൽകണമെന്ന് ആവശ്യപ്പെട്ട് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച TA 5062/2012 (WP(C) 33664/2009) നമ്പർ കേസിൽ ബഹു. കോടതി അനുകൂല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT) No. 73/2019 അപ്പീൽ ബഹു. ഹൈക്കോടതി നിരസിക്കുകയും 01.06.2018 ലെ ട്രിബ്യൂണൽ വിധി (TA 5062/2012) നടപ്പിലാക്കുന്നതിന് 6 ആഴ്ച അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിക്കെതിരെ മറ്റ് അപ്പീലുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ G.O(Rt) 2860/2009/RD dt. 14.08.2009 നമ്പർ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് ബഹു. ട്രൈബ്യൂണലിന്റെ TA 5062/2012/RD dt. 01.06.2018) കേസിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

9. മേൽ സാഹചര്യത്തിൽ, ശ്രീമതി ശോശാമ്മ എസ്. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ മുൻകാല പ്രാബല്യത്തിന് അർഹയല്ലെന്നുള്ള ധനവകുപ്പിന്റെ അഭിപ്രായം മറികടന്ന്, റ്റി . എ . 5062/12 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01.06.2018 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ ഓടനാവട്ടം വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി ശോശാമ്മ എസ്-നെ മുൻകാല പ്രാബല്യം നൽകി 18.06.2001 മുതൽ ക്രമവൽക്കരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01.06.2018 ലെ റ്റി . എ . 5062/12 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ഓടനാവട്ടം വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി ശോശാമ്മ.എസ്-നെ മുൻകാല പ്രാബല്യം നൽകി ടി തസ്തികയിൽ 18.06.2001 മുതൽ ക്രമവൽകരിച്ച് ടിയാൾക്ക് തദനുസൃതമായ ആനുകൂല്യങ്ങൾ നൽകാമോ ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1095

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | [illegible] | റവ-റ്റി1/17/2018-റവ. |
| 2. | [illegible] | റവന്യൂ (റ്റി) വകുപ്പ് |
| 3. | [illegible] | ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ, ഒ എ 1613/2018 നമ്പർ കേസിന്റെ 08.06.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ മങ്ങാട് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിക്കവേ 17/11/2007 ൽ മരണപ്പെട്ട ഭദ്രൻ ആർ. നെ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ ടിയാന്റെ അനന്തരാവകാശികൾക്ക് അനുവദിക്കുന്നത്-സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24.08.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ. വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.09.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.09.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.10.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.10.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 1613/18 നമ്പർ കേസിലെ, 08.06.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ മങ്ങാട് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിൽ കാഷ്വൽ സ്വീപ്പറായിരിക്കവേ 17/11/2007 ൽ മരണപ്പെട്ട ഭദ്രൻ ആർ. നെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ സാമ്പത്തികാനുകൂല്യങ്ങൾ ടിയാന്റെ അനന്തരാവകാശികൾക്ക് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. പരേതനായ ഭദ്രൻ ആർ. കൊല്ലം ജില്ലയിൽ മങ്ങാട് വില്ലേജ് ഓഫീസിൽ 14/01/1986 മുതൽ ടിയാന്റെ മരണം വരെ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തിരുന്നു. 25/11/2005-ലെ ജി. ഒ. (പി) നം. 501/2005/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത ഓഫീസിന്റെ വിസ്തീർണ്ണം അളക്കുകയും ആയത് 105.7 ച. മീ. ആയി സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു. കൊല്ലം ജില്ലയിൽ 100 ച. മീ. ൽ അധികം വിസ്തീർണ്ണമുള്ള 73 വിവിധ വില്ലേജ് ഓഫീസുകളിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക വീതം സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി കൊല്ലം ജില്ലാ കളക്ടർ 2006 ൽ സമർപ്പിച്ച പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാർ മുമ്പാകെ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ മങ്ങാട് വില്ലേജ് ഓഫീസിൽ പി.ടി.എസ് തസ്തിക സൃഷ്ടിച്ച് ശ്രീ. ഭദ്രനെ 18.06.2001 മുതൽ റെഗുലറൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശവും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുള്ള 45 ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചിരുന്നുവെങ്കിലും മങ്ങാട് വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ഭദ്രൻ ആർ. നെ ക്രമവൽക്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ, ടിയാൻ 17.11.2007 ൽ മരണപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ട വ്യക്തിയുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിന് 25.11.2005 ലെ സ. ഉ. (പി) നം. 501/2005/ധന പ്രകാരം വ്യവസ്ഥയില്ലാത്തതിനാൽ പരിഗണിക്കുകയുണ്ടായില്ല.

3. ഭദ്രൻ 17/11/2007-ൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ വിധവ, ശ്രീമതി ഉഷ ഇ. യെ 01/12/2007 മുതൽ ടി വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി നിയോഗിക്കുകയുണ്ടായി. തുടർന്ന് 116.06 ച. മീ. വിസ്തീർണ്ണമുള്ള പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ഉഷയുടെ സേവനം 01.12.2007 മുതൽ ക്രമപ്പെടുത്തുന്നതിലേക്കായി കൊല്ലം ജില്ലാ കളക്ടർ ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഇതിനിടെ തന്റെ ഭർത്താവിന്റെ സർവീസ് 18/6/2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ശമ്പളക്കുടിശ്ശിക ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും, സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ടി ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമന തീയതി മുതൽ തന്നെ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ശ്രീമതി ഉഷ 03.01.2018 ൽ സർക്കാർ മുമ്പാകെ ഒരു നിവേദനം സമർപ്പിച്ചിരുന്നു. ഇതേ ആവശ്യം ഉന്നയിച്ച് ശ്രീമതി ഉഷ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A. (EKM) 90/2018 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 11.01.2018 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷകൾ പരിശോധിക്കുകയും, 14.05.1999 ലെ G. O. (P) No. 12/99/P&ARD പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ തൊഴിൽ നിയമന ആനുകൂല്യത്തിന്റെ പരിധിയിൽ കാഷ്വൽ സ്വീപ്പർമാരുടെ ആശ്രിതർ ഉൾപ്പെടുന്നില്ലെന്നും 25/11/2005 തീയതിയിലെ സ. ഉ. (പി) നം. 501/2005/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ഉഷയെ സ്ഥിരപ്പെടുത്താനോ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനോ കഴിയില്ലെന്നും ചൂണ്ടിക്കാട്ടി ടിയാരിയുടെ അപേക്ഷ 18.06.2018 ലെ സ. ഉ. (ആർ.ടി) നം. 2245/18/RD ഉത്തരവ് പ്രകാരം നിരസിക്കുകയുണ്ടായി.

4. ഇതിനെതിരെ ശ്രീമതി ഉഷ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A 1613/18 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു. ട്രൈബ്യൂണലിന്റെ 08.06.2022 ലെ ഉത്തരവിൽ, അപേക്ഷകയുടെ ഭർത്താവായ ഭദ്രൻ (late) 14.10.1986 മുതൽ മരണം വരെ (17.11.2007 വരെ) തുടർച്ചയായി മങ്ങാട് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചിരുന്നതിനാലും, ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ കൂടുതൽ ആയിരുന്നതിനാലും ടിയാൻ 18.06.2001 മുതൽ റെഗുലറൈസേഷനും തദനുസൃതമായ ആനുകൂല്യങ്ങൾക്കും അർഹനാണെന്ന് നിരീക്ഷിച്ച ബഹു. ട്രൈബ്യൂണൽ 18.06.18 ലെ സ. ഉ. (ആർ.ടി) നം. 2245/18/RD (Annexure A8) സർക്കാർ ഉത്തരവ് റദ്ദാക്കുകയും ശ്രീമതി ഉഷ ഇ. സമർപ്പിച്ച Annexure-A6 നിവേദനത്തിന്മേലും, മരണപ്പെട്ട ഭദ്രനെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലിന്മേലും വിധിപ്പകർപ്പ് കൈപ്പറ്റി മൂന്നു മാസത്തിനകം പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നും തദനുസൃതമായ സാമ്പത്തിക ആനുകൂല്യങ്ങൾ ടിയാന്റെ അനന്തരാവകാശികൾക്ക് ലഭ്യമാക്കണമെന്നും സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

5. ബഹു. ട്രൈബ്യൂണലിന്റെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തീയതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് അനുസരിച്ച് 25/11/2005 തീയതിയിൽ പ്രവർത്തിക്കുന്ന 100 ച . മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക / കാഷ്വൽ സ്വീപ്പർ ആയി ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. ശ്രീ. ഭദ്രൻ 25/11/2005 തീയതിയിൽ കാഷ്വൽ സ്വീപ്പർ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ആയി ജോലി നോക്കി വന്നിരുന്നുവെങ്കിലും 17/11/2007 ൽ ടിയാൻ മരണപ്പെടുന്നത് വരെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. മരണപ്പെട്ട ഒരു വ്യക്തിയെ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് 25/11/2005 തിയ്യതിയിലെ സ . ഉ. ( പി ) നം . 501/2005/ ധന ഉത്തരവിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ മങ്ങാട് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് മരണപ്പെട്ട ഭദ്രനെ 18.06.2001 തീയതി പ്രാബല്യത്തിൽ ടി തസ്തികയിൽ സ്ഥിരപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതും ടിയാന്റെ ഭാര്യയായ അപേക്ഷകയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നൽകുന്നതും നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകുമെന്നതിനാൽ ധനവകുപ്പിന് യാതൊരു കാരണവശാലും യോജിക്കാൻ കഴിയില്ലെന്നും O.A 1613/18 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08.06.2022 തീയതിയിലെ വിധിക്കെതിരെ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ധന വകുപ്പിന്റെ 08.07.2022 ലെ 55/2022/Fin നമ്പർ സർക്കുലറിലെ വ്യവസ്ഥകളുടെ വെളിച്ചത്തിലും O.A 1613/18 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 08.06.2022 ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയും, പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"1. This file has been forwarded seeking scope of appeal against the Order of Hon'ble KAT in O A No. 1613/2018 dated 08/06/2022, in the light of Circular No 55/2022-Fin dated 08/07/2022.

2. In this file this department has already rendered the opinion in file no ST-1 2/110/2022-LAW dated 18/07/2022 that,

In O A No: 1613/2018 Hon'ble KAT by its Order dated 08/06/2022 set aside Annexure -A8 and directed the first respondent to pass fresh orders on Annexure -A6 representation and on the proposal for regularisation of late Bhadran as Part Time Sweeper,within three months from the date of receipt of a copy of this order and also held that monetary benefits consequent on the regularisation of late Bhadran shall be released to his legal heirs.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

3. The Hon'ble Tribunal rendered this Order on the finding that the Head of the office, who was obliged to submit the necessary proposals immediately after Annexure -A1 G.O was issued, unjustifiably delayed the matter and the proposal was submitted only on 08/01/2007. It was not due to any fault on the part of the deceased that the matter was delayed. The refusal to consider the proposal on the ground that the person has expired cannot be justified.

4. The Hon'ble KAT by its Order only directed to pass fresh orders. The Order of Tribunal is in consonance with law and natural justice principle and rendered justice in humanitarian consideration and good consciousness and it is reasoned and speaking order. Hence there is no scope for successful appeal against the Order of Hon'ble KAT in O A No: 1613/2018 dated 08/06/2022.

5. This department stick on the earlier opinion dated 18/07/2022, the Hon'ble Supreme Court In Bank Pensioners Case has held that an amendment that has retrospective applicability and takes away the benefit which was already available to an employee of his vested/accrued rights and thus, will violate the rights guaranteed under A.14 and A.21 of the Constitution."

6. Hence there is no scope for successful appeal against the Order of Hon'ble KAT in O A No: 1613/2018 dated 08/06/2022, in the light of Circular No 55/2022-Fin dated 08/07/2022."

7. മങ്ങാട് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായിരുന്ന ഭദ്രന്റെ മരണശേഷം 25.11.2005 ലെ സ. ഉ. (പി) നം. 501/2005/ധന പ്രകാരം, കുടുംബശ്രീ മുഖാന്തിരം കാഷ്വൽ സ്വീപ്പറിനെ നിയിമിക്കേണ്ടതിന് പകരം ടിയാന്റെ ഭാര്യയെ തന്നെ ടി ഓഫീസിൽ 25.11.2005 ലെ സ. ഉ. (പി) നം. 501/2005/ധന ഉത്തരവിന് വിരുദ്ധമായി കാഷ്വൽ സ്വീപ്പറായി നിയമിച്ച റവന്യൂ ഉദ്യോഗസ്ഥന്റെ നടപടി ക്രമപ്രകാരമല്ല. അംഗീകൃത പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്ത ടി വില്ലേജ് ഓഫീസിൽ 2005 ന് ശേഷം നിയമിക്കപ്പെട്ട ശ്രീമതി ഉഷ ഇ. ക്ക് ക്രമവൽക്കരണത്തിന് അർഹതയില്ലെന്ന് കാണാവുന്നതാണ്. എന്നാൽ സമാന കേസുകളിൽ ബഹു. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഫയൽ ചെയ്ത അപ്പീലുകൾ നിരസിച്ചിട്ടുള്ള സാഹചര്യത്തിലും മന്ത്രിസഭയുടെ അനുമതിയോടെ നിരവധി കാഷ്വൽ സ്വീപ്പർമാർക്ക് മുൻകാല പ്രാബല്യത്തോടെ അവരുടെ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

സേവനം ക്രമവൽക്കരിച്ചിട്ടുള്ള വസ്തുതയും കണക്കിലെടുത്ത് O.A. 1613/18 കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 08.06.2022 ലെ ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി ധന വകുപ്പിന്റെ അഭിപ്രായം മറികടന്ന്, കൊല്ലം ജില്ലയിലെ മങ്ങാട് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, മരണപ്പെട്ട ഭദ്രനെ 18.06.2001 തീയതി പ്രാബല്യത്തിൽ ടി തസ്തികയിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ സാമ്പത്തിക ആനുകൂല്യങ്ങൾ ടിയാന്റെ അനന്തരാവകാശികൾക്ക് അനുവദിക്കേണ്ടതുണ്ട്.

8. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗ-ണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08.06.2022 ലെ O.A 1613/18 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ മങ്ങാട് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, മരണപ്പെട്ട ഭദ്രനെ 18.06.2001 തീയതി പ്രാബല്യത്തിൽ ടി തസ്തികയിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ സാമ്പത്തിക ആനുകൂല്യങ്ങൾ ടിയാന്റെ അനന്തരാവകാശികൾക്ക് നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1413

| | | |
|---|---|---|
| **കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്** | | |
| 1. | ഫയൽ നമ്പർ | റവ-റ്റി1/107/2021-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 1229/2021 നമ്പർ കേസിലെ 29.07.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ വില്ലേജാഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി കെ. ജി. ഉഷാകുമാരിയെ ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിന്റെ പ്രവർത്തനം 100 ച. മീ. വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച തീയതിയായ 25.05.2020 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11.02.2023 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. അനിൽകുമാർ കെ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.02.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 01.03.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.03.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06.03.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 1229/2021 നമ്പർ കേസിലെ 29.07.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ വില്ലേജാഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി കെ. ജി. ഉഷാകുമാരിയെ 100 ച. മീ. ൽ അധികം വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച തീയതിയായ 25.05.2020 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി കെ. ജി. ഉഷാകുമാരി ദീർഘനാളുകളായി ഇരവിപേരൂർ വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. ടി വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെയായിരുന്നതിനാൽ ടി ഓഫീസിൽ 25.11.2005 ലെ സ. ഉ. (പി) നം. 501/2005/ധന പ്രകാരം ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാരിയെ റഗുലറൈസ് ചെയ്തിരുന്നില്ല. അപേക്ഷകയും മറ്റു ചിലരും ചേർന്ന് ഫയൽ ചെയ്ത OP 1704/2003 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 03.02.2003 ലെ വിധിന്യായത്തിൽ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ റഗുലർ ശമ്പള സ്കെയിലിലെ വേതനത്തിന് ഹർജിക്കാരി അർഹയാണെന്ന് വിധിച്ചിരുന്നെങ്കിലും സ്വീപ്പിങ് ഏര്യ 100 ച. മീ. -ൽ താഴെയായതിനാൽ ടിയാരിക്ക് പാർട്ട് ടൈം സ്വീപ്പറുടെ വേതനം അനുവദിച്ചിരുന്നില്ല. തുടർന്ന് തിരുവല്ല പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരം 170.34 ച. മീ. വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിൽ ഇരവിപേരൂർ വില്ലേജ് ഓഫീസ് 25.05.2020 മുതൽ പ്രവർത്തനമാരംഭിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത വില്ലേജ് ഓഫീസിൽ 25.11.2005 ലെ സ. ഉ. (പി) നം. 501/2005/ധന ഉത്തരവ് പ്രകാരം ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസ് പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 25.05.2020 തീയതി പ്രാബല്യത്തിൽ തന്നെ ക്രമപ്പെടുത്തണമെന്ന്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ആവശ്യപ്പെട്ട് ഒരു ഹർജി ടിയാൾ സർക്കാർ മുമ്പാകെ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ശ്രീമതി കെ. ജി. ഉഷാകുമാരി ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O. A. 1229/2021 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ 29.07.2022 ന് പുറപ്പെടുവിച്ച ഉത്തരവിൽ, പ്രസ്തുത വില്ലേജ് ഓഫീസിന് റഗുലർ പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് അർഹതയുണ്ടെന്നും അനക്സർ A3 സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം 170.34 ച. മീ. വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച തീയതി മുതൽ ടി തസ്തികയിൽ സ്ഥിര നിയമനത്തിന് ഹർജിക്കാരിക്ക് അർഹതയുണ്ടെന്നും നിരീക്ഷിക്കുകയും ശ്രീമതി കെ. ജി. ഉഷാകുമാരിയുടെ അനക്സർ A4 നിവേദനം പരിഗണിച്ച് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്നു മാസത്തിനകം വിധിന്യായത്തിലെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ 25.05.2020 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ടിയാരി തദനുസൃതമായ ആനുകൂല്യങ്ങൾക്കും അർഹയാകുമെന്നും ബഹു. ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

3. തുടർന്ന് പ്രസ്തുത വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. ജി. ഉഷാകുമാരിയെ ക്രമവൽക്കരിക്കുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

4. ബഹു. ട്രൈബ്യൂണലിന്റെ 29.07.2022 ലെ OA 1229/2021 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. 05/2020 ൽ വർദ്ധിച്ച സ്വീപ്പിംഗ് ഏര്യ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണം നല്കാൻ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

25/11/2005 തിയ്യതിയിലെ ഉത്തരവ് അനുസരിച്ച് കഴിയില്ല. അതിനാൽ ഈ വസ്തുത എടുത്ത് കാട്ടി ശ്രീമതി K. G. ഉഷാകുമാരിയുടെ അപേക്ഷ നിരസിച്ച് OA No. 1229/21 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 29.07.2022 ലെ ഉത്തരവ് പാലിക്കാൻ കഴിയുമോ എന്നതിൽ നിയമ വകുപ്പിന്റെ / അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞതിന് ശേഷം ഫയൽ ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

5. ധനകാര്യ വകുപ്പിന്റെ പ്രസ്തുത അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"ശ്രീമതി K. G. ഉഷാകുമാരി ഫയൽ ചെയ്ത O.A No. 1229/21 കേസിൽ ബഹു. ട്രൈബ്യൂണൽ 29.07.2022 ന് പുറപ്പെടുവിച്ച വിധിന്യായം പരിശോധിക്കുമ്പോൾ നിലവിൽ സ്വീപ്പിംഗ് ഏര്യ 100 ച.മീറ്ററിൽ കൂടുതലാണെങ്കിലും പുതിയ ഓഫീസിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് മുൻപ് സ്വീപ്പിംഗ് ഏര്യ 100 ച.മീറ്ററിൽ കുറവായിരുന്നു എന്നത് 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം employee ക്ക് നിഷേധിക്കുന്നതിന് തക്കതായ കാരണമാണോ എന്നത് സംബന്ധിച്ച് ബഹു .ഹൈക്കോടതി OP (KAT) No.26/2019 കേസിൽ 18/01/2019 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ പരിശോധിച്ചിട്ടുള്ളതായും employee ക്ക് beneficial ആകുന്ന തരത്തിലാണ് ടി ഉത്തരവുകൾ വ്യാഖ്യാനിക്കേണ്ടത് എന്ന് നിരീക്ഷിച്ചുകൊണ്ട് സ്വീപ്പിംഗ് ഏര്യ 100 ച.മീറ്ററിൽ അധികരിച്ച തീയതി മുതൽ പരാതിക്കാരിയെ ക്രമപ്പെടുത്തിയ ട്രിബ്യൂണലിന്റെ ഉത്തരവ് (O.A 1465/2017 കേസിൽ KAT കോടതി 28/11/2017) ബഹു.ഹൈക്കോടതി ശരി വെച്ചിട്ടുള്ളതായും പ്രസ്തുത നിരീക്ഷണങ്ങൾ ടി കേസിലും ബാധകമാണ് എന്നും 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് പ്രാബല്യത്തിലുള്ളിടത്തോളം സ്വീപ്പിംഗ് ഏര്യ 100 ച.മീറ്ററിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കേണ്ടതും പ്രസ്തുത ഓഫീസിൽ സ്വീപ്പർ തസ്തികയിൽ തുടർന്നു വരുന്നയാൾക്ക് ടി തസ്തികയിൽ ക്രമപ്പെടുത്തലിന് അർഹതയുള്ളതുമാണ് എന്നും 1982 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന പരാതിക്കാരിക്ക് സ്വീപ്പിംഗ് ഏര്യ 100



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ച.മീറ്ററിൽ അധികരിച്ച 25.05.2020 മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കപ്പെടുന്നതിന് അർഹതയുണ്ട് എന്ന് വ്യക്തമാക്കിയിട്ടുള്ളതായാണ് മനസിലാകുന്നത്. മേൽ പ്രകാരം നിരീക്ഷിച്ച ബഹു. കോടതി ശ്രീമതി K. G. ഉഷാകുമാരിയുടെ പരാതിയിൻമേൽ 3 മാസത്തിനകം നടപടി സ്വീകരിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ടും 25.05.2020 മുതൽ പ്രാബല്യത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോഴും ക്രമപ്പെടുത്തലിനും അപേക്ഷകക്ക് എല്ലാ consequential benefit നും അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് വ്യക്തത വരുത്തിക്കൊണ്ടുമാണ് ഉത്തരവായിട്ടുള്ളത്. ടി ഉത്തരവിനെതിരെ അപ്പീലുകളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ സ്വീപ്പിംഗ് ഏര്യ 100 ച.മീറ്ററിൽ അധികരിച്ച 25.05.2020 തിയതി മുതൽ ശ്രീമതി K. G. ഉഷാകുമാരിയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിച്ചുകൊണ്ട് OA No. 1229/21 കേസിൽ ബഹു. ട്രൈബ്യൂണൽ 29.07.2022 ന് പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. തുടർന്ന് ബഹു. ട്രൈബ്യൂണലിന്റെ 29.07.2022 ലെ OA 1229/2021 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം സഹിതം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയയ്ക്കുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"OA No. 1229/21 കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 29.07.2022 ലെ ഉത്തരവിനെതിരെ അപ്പീലിന് സാധ്യത ഇല്ല എന്ന നിയമ വകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി K. G. ഉഷാകുമാരിയെ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തിയ്യതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു. കൂടാതെ G.O (P) No. 58/2018/Fin dtd. 10/04/2018 ഉത്തരവിലേക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ഉത്തരവ് തിയ്യതി പ്രാബല്യത്തിൽ മാത്രം സ്ഥിരപ്പെടുത്തിയാൽ മതിയാകും എന്നറിയിക്കുകയും ചെയ്യുന്നു."



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

7. സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ കാഷ്വൽ/താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നല്കേണ്ടതാണ് എന്നാണ് 10.04.2018 ലെ സ.ഉ.(പി) നം. 58/2018/ധന പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. 25.11.2005 ലെ സ.ഉ.(പി) നം. 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്രമവല്ക്കരണത്തിനുള്ള അവകാശങ്ങൾ ടിയാരി കരസ്ഥമാക്കിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. പ്രസ്തുത അവകാശം വർഷങ്ങൾക്ക് ശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം നിഷേധിക്കാനാവില്ല എന്ന് സമാന കേസിൽ വിലയിരുത്തിയിട്ടുള്ള ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായം നിലവിലുണ്ട്. ഈ കേസിൽ ഇരവിപേരൂർ വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിൽ 25.05.2020 മുതൽ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് ടി ഓഫീസിന്റെ വിസ്തീർണ്ണം 100 ച. മീ. അധികരിച്ചിട്ടുള്ളതിനാലാണ് സ്ഥിരപ്പെടുത്തുന്നതിനുള്ള അർഹത ഹർജിക്കാരി കൈവരിച്ചിട്ടുള്ളത്. സമാന വിഷയം നിരവധി കേസുകളിൽ ബഹു. കോടതി പരിശോധിക്കുകയും 100 ച. മീ. -ൽ താഴെ സ്വീപ്പിങ് ഏര്യ ഉള്ള ഓഫീസുകളിൽ നിലവിൽ ജോലി ചെയ്തു വരുന്ന കാഷ്വൽ സ്വീപ്പർമാർക്ക് 25.11.2005 -ലെ സ.ഉ.(പി)നം. 501/2005/ധന ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞതിന് ശേഷം സ്വീപ്പിങ് ഏര്യ അധികരിക്കുകയാണെങ്കിൽ പ്രസ്തുത ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാർക്ക് സ്വീപ്പിങ് ഏര്യ 100 ച. മീ. -ൽ അധികരിച്ച തീയതി മുതൽ സ്ഥിരപ്പെടുത്തലിന് അർഹതയുണ്ടെന്ന് ബഹു. ട്രൈബ്യൂണൽ/ബഹു. കോടതി വിധിക്കുകയും ചെയ്തിട്ടുണ്ട്.

8. മേൽ സാഹചര്യത്തിൽ, O. A. 1229/2021 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 29.07.2022 ലെ വിധി നടപ്പിലാക്കുന്നതിലേയ്ക്കായി പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ വില്ലേജ് ഓഫീസിലെ നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. ജി. ഉഷാകുമാരിയെ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 25.05.2020 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതുണ്ട്.

9. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## തീരുമാനമെടുക്കേണ്ട വിഷയം

പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. ജി. ഉഷാകുമാരിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ മാത്രം സ്ഥിരപ്പെടുത്തിയാൽ മതിയാകുമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29.07.2022 ലെ O. A. 1229/2021 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. ജി. ഉഷാകുമാരിയെ ടി വില്ലേജ് ഓഫീസ് 100 ച. മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 25.05.2020 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

590

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/45/2018 റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു: ഹൈക്കോടതിയുടെ OP(KAT) No.214/2019 നമ്പർ കേസിലെ 09.03.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കുന്നത്തൂർ താലൂക്ക് ഓഫീസിൽ രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിച്ച്, ശ്രീമതി ഗ്രേസിക്കുട്ടി, ശ്രീമതി എ.ബിന്ദു എന്നിവരിൽ ഒരാൾ ആദ്യം വിരമിക്കുന്ന മുറയ്ക്ക് ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാതാകുന്നതാണ് എന്ന വ്യവസ്ഥയും TA 1969/2012 നമ്പർ കേസിലെ ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 9-07-2018 ലെ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്തിട്ടുള്ള OP(KAT) No. 351/2021 നമ്പർ കേസിലെ ബഹു: ഹൈക്കോടതിയുടെ വിധിക്കും വിധേയമായി, ടിയാൾക്കാരെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.02.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. മത്തായി എൻ. വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.02.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.02.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.02.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു: ഹൈക്കോടതിയുടെ OP(KAT) No.214/2019 നമ്പർ കേസിലെ 09.03.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്ക് ഓഫീസിൽ രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിച്ച്, ശ്രീമതി ഗ്രേസിക്കുട്ടി, ശ്രീമതി എ. ബിന്ദു എന്നിവരിൽ ഒരാൾ ആദ്യം വിരമിക്കുന്ന മുറയ്ക്ക് ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാതാകുന്നതാണ് എന്ന വ്യവസ്ഥയ്ക്കും, TA 1969/2012 നമ്പർ കേസിലെ ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 9-07-2018 ലെ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്തിട്ടുള്ള OP(KAT) No. 351/2021 നമ്പർ കേസിലെ ബഹു: ഹൈക്കോടതിയുടെ വിധിക്കും വിധേയമായി, ടിയാൾക്കാരെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി ഗ്രേസിക്കുട്ടി കുന്നത്തൂർ താലൂക്കോഫീസിൽ 01-07-1983 മുതലും, ശ്രീമതി എ. ബിന്ദു കുന്നത്തൂർ എഫ്.ആർ.ഐ. ഓഫിസിൽ 01-10-1994 മുതൽ 1998 വരെയും ടി ഓഫീസ് റവന്യൂ പുനഃസംഘടനയുടെ ഭാഗമായി നിർത്തലാക്കിയതിനെ തുടർന്ന് 1998 മുതൽ കുന്നത്തൂർ താലൂക്ക് ഓഫിസിലും കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തു വരുന്നു. രണ്ടു പേരും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റഗുലർ പാർട്ട്ടൈം സ്വീപ്പർമാരുടെ വേതനം കൈപ്പറ്റുന്നുണ്ട്. 25.11.2005 ലെ സ.ഉ.(പി)501/2005/ധന ഉത്തരവ് പ്രകാരം സ്വീപ്പിംഗ് ഏര്യ 800 ച. മീ. നും 900 ച. മീ. നും ഇടയിലാണെങ്കിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയും ഒരു കാഷ്വൽ സ്വീപ്പർ തസ്തികയും അനുവദനീയമാണ്. എന്നാൽ 19-11-2011 ലെ സ്വീപ്പിങ്ങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 767.09 ച. മീ. ആയിരുന്നു. ആയതിനാൽ ഇരുവരെയും സ്ഥിരപ്പെടുത്തിയിരുന്നില്ല.

3. തുടർന്ന് കുന്നത്തൂർ താലൂക്ക് ഓഫീസിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 29.05.2000 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീമതി ഗ്രേസിക്കുട്ടി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 25837/11 നമ്പർ റിട്ട് ഹർജി TA 1969/12 നമ്പർ കേസായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് മാറ്റിയിരുന്നു. ടി കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09.07.2018 ലെ വിധിയിൽ ശ്രീമതി ഗ്രേസിക്കുട്ടിയുടെയും ശ്രീമതി ബിന്ദുവിന്റെയും സേവനം ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ വിധി കിട്ടി മൂന്നു മാസത്തിനകം പൂർത്തിയാക്കണമെന്നും കാലാനുസൃതമായ ശമ്പള പരിഷ്കരണത്തെ അടിസ്ഥാനമാക്കിയുള്ള ശമ്പള കുടിശ്ശിക അപേക്ഷകയ്ക്ക് നൽകണമെന്നും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT) No. 351/2021 ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

4. ഇതിനിടെ കുന്നത്തൂർ താലൂക്ക് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിയമന തീയതി പ്രാബല്യത്തിലോ 05.03.2000 തീയതി പ്രാബല്യത്തിലോ സ്ഥിരപ്പെടുത്തി തദനുസൃതമായ സാമ്പത്തികാനുകൂല്യങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ബിന്ദു എ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 25831/2011 നമ്പർ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

കേസ് TA 614/13 നമ്പർ കേസായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് മാറ്റുകയുണ്ടായി. ടി കേസിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 5-12-2017 ലെ വിധിന്യായത്തിൽ, Ext. P1 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് പാർട്ട് ടൈം സ്വീപ്പറുടേതിന് തുല്യമായ ശമ്പളസ്കെയിലും ശമ്പളക്കുടിശ്ശികയും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് ഉത്തരവാകുകയും അതോടൊപ്പം ടിയാരിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ 4-ാം എതിർകക്ഷി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ടി ഓഫീസിലെ കാഷ്വൽ സ്വീപ്പർമാരായ ഹർജിക്കാരിയെയും ശ്രീമതി ഗ്രേസികുട്ടി എ. യേയും നേരിൽ കേട്ടതിന് ശേഷം ടി ഓഫീസിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 2005 ലെ ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം അവരിൽ സീനിയറായ ആളെ സ്ഥിരപ്പെടുത്തുവാനും സർക്കാരിന് നിർദ്ദേശം നല്കിയിരുന്നു. അപ്രകാരം 21-02-2018 ൽ ഇരുവരെയും നേരിൽക്കേൾക്കുകയുണ്ടായി. എന്നാൽ കുന്നത്തൂർ താലൂക്ക് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ലാത്തതിനാൽ ആയത് സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്കും ലാൻഡ് റവന്യൂ കമ്മീഷണർക്കും നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 19.02.2018 ലെ സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം 680.508 ച.മീ. വിസ്തീർണ്ണമുള്ള ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സീനിയറായ ശ്രീമതി ഗ്രേസിക്കുട്ടിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ കൊല്ലം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കുകയുണ്ടായി. 800 ച.മീ.-ൽ താഴെ സ്വീപ്പിംഗ് ഏര്യയുള്ള കുന്നത്തൂർ താലൂക്ക് ഓഫീസിൽ രണ്ട് കാഷ്വൽ സ്വീപ്പർമാരെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നിയമിച്ചിരുന്നതിനാലും 25.11.2005 ലെ ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക മാത്രമേ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ എന്നതിനാലും ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ OP(KAT) No.442/2018 ഫയൽ ചെയ്തിരുന്നു. കൂടാതെ ടി വിധിന്യായത്തിനെതിരെ ശ്രീമതി എ. ബിന്ദുവും OP(KAT) No.214/2019 ഫയൽ ചെയ്തു. പ്രസ്തുത അപ്പീലുകൾ ഒരുമിച്ച് പരിഗണിച്ച ബഹു: ഹൈക്കോടതി 9-3-2021 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ , സർക്കാർ ഫയൽ ചെയ്ത OP(KAT) നിരസിക്കുകയും വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനകം കുന്നത്തൂർ താലൂക്ക് ഓഫീസിൽ 25.11.2005 ലെ സ.ഉ.(പി) 501/2005/ധന ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം ആവശ്യമായ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 18.06.2001 മുതൽ പ്രാബല്യത്തിൽ ശ്രീമതി ബിന്ദുവിനെ ക്രമവൽക്കരിക്കണമെന്നും , TA 614/13 നമ്പർ കേസിന്റെ 5-12-2017 ലെ വിധിയിൽ ഉത്തരവായ പ്രകാരം പുതുക്കിയ ശമ്പളത്തിനുള്ള ഹർജിക്കാരിയുടെ അർഹത നിലനിർത്തിയ ബഹു: ഹൈക്കോടതി തദനുസൃതമായ ശമ്പള കുടിശ്ശിക അനുവദിക്കണമെന്നും ഉത്തരവായിരുന്നു.

5. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ . ഉ ( പി ) 501/2005/ ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച . മീ. ന് മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസിൽ താൽക്കാലിക / കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളതെന്നും 25/11/2005 തിയ്യതിയിലെ ഉത്തരവ് അനുസരിച്ച് 100 ച . മീ. നും 800 ച . മീ. നും ഇടയ്ക്ക്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയാണ് അനുവദനീയമായിട്ടുള്ളതെന്നും എന്നാൽ 800 ച . മീ. താഴെ മാത്രം സ്വീപ്പിങ്ങ് ഏരിയ ഉണ്ടായിരുന്ന കുന്നത്തുർ താലൂക്ക് ഓഫീസിൽ മേൽ കാലയളവിൽ രണ്ട് സ്വീപ്പർമാരെ നിയമിച്ചിരുന്നുവെന്നും അതിനാൽ തന്നെ കുന്നത്തുർ താലൂക്കാഫീസിൽ 25/11/2005 തിയ്യതിയിൽ ജോലി ചെയ്തു വരുന്ന കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി ബിന്ദു എ. , ഗ്രേസികുട്ടി എ. എന്നിവർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ് കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നതെന്നും മാത്രമല്ല പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ സ്വീപ്പിങ്ങ് ഏരിയ സർട്ടിഫിക്കറ്റ് അനുസരിച്ച് പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക മാത്രമേ സൃഷ്ടിക്കാൻ കഴിയുകയുള്ളുവെന്നും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്ന വ്യക്തികളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനോട് ധനവകുപ്പിന് യാതൊരു കാരണവശാലും യോജിക്കാൻ കഴിയില്ലെന്നുമുള്ള ധനവകുപ്പിന്റെ മുൻ അഭിപ്രായത്തിൽ മാറ്റമില്ലെന്നും TA 614/13 നമ്പർ കേസിന്റെ 05.12.17 തിയതിയിലെ വിധിക്കെതിരെ ഫയൽ ചെയ്ത OP(KAT) No.442/2018 ബഹു . ഹൈക്കോടതി നിരസിച്ചിട്ടുള്ള സാഹചര്യത്തിലും ഉത്തരവ് കിട്ടി 2 മാസത്തിനകം അപേക്ഷകയായ ശ്രീമതി ബിന്ദുവിനെ കുന്നത്തുർ താലൂക്ക് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിക്കണമെന്നും , TA 614/13 നമ്പർ കേസിന്റെ 05.12.17 തിയതിയിലെ വിധിയിൽ ഉത്തരവായ പ്രകാരം ടിയാരിക്ക് എല്ലാവിധ ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവാകണമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിലും ടി വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും അറിയിക്കുന്നു ."

6. OP(KAT) No.442/2018 നമ്പർ കേസിൽ ബഹു: ഹൈക്കോടതിയുടെ 9-3-2021 ലെ വിധിന്യായവും TA 1969/2012 നമ്പർ കേസിൽ ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 9-07-2018 ലെ വിധിന്യായവും നടപ്പിലാക്കുമ്പോൾ ഇരുവർക്കും സ്ഥിര നിയമനം നൽകേണ്ടി വരുമെന്നതിനാൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, ടി വിധിയിൻമേൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ ഉപദേശിക്കുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ OP(KAT) No. 442/2018 നമ്പർ കേസിലെ 09.03.2021 ലെ വിധിക്കുമേൽ SLP(C) 18324-18325/2021 ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്യുകയും 22.11.2021 ലെ ഉത്തരവ് പ്രകാരം ടി SLP നിരസിക്കുകയും ചെയ്തിരുന്നു. ഇതിനിടെ OP(KAT) No. 442/2018 ലെ ബഹു. ഹൈക്കോടതിയുടെ 09.03.2021 വിധിന്യായം നടപ്പിലാക്കാത്തതിനെതിരെ ശ്രീമതി എ. ബിന്ദു കോടതിയലക്ഷ്യം ഫയൽ ചെയ്യുകയും ചെയ്തു.

7. ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് മാത്രം അർഹതയുണ്ടായിരിക്കുകയും സീനിയറായ ശ്രീമതി ഗ്രേസിക്കുട്ടി ഫയൽ ചെയ്ത TA 1969/2012 ലെ 09.07.2018 ലെ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാലും ശ്രീമതി ബിന്ദുവിനെ സ്ഥിരപ്പെടുത്തുന്നതിനെതിരെ ഫയൽ ചെയ്ത SLP തള്ളിയ സാഹചര്യത്തിലും OP(KAT) No. 442/2018 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 09.03.2021 ലെ വിധിന്യായത്തിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് നിയമ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"This file has been forwarded seeking opinion regarding further action to be taken by Administrative Department in this file.

In OP(KAT) No. 442/2018 Hon'ble High Court of Kerala directed the respondents (ie State Government) to regularise the applicant Smt. Bindu as Part-Time Sweeper in the Taluk Office Kunnathur with effect from 08.06.2001 by required posts and granting consequent emoluments regarding to that. In TA No. 1969/2012 Hon'ble Kerala Administrative Tribunal directed the State Government to finalise the proceeding regarding the regularisation of service of the applicant (ie Smt.Gracy Kutty) and the other Part-Time Sweeper (Smt. Bindu) within a period of three months.

From these two judgments it is clear that the claim of Smt. Bindu & Smt. Gracy Kutty for regularisation was allowed by Hon'ble Division Bench of Kerala High Court and Hon'ble Kerala Administrative Tribunal respectively. The SLP against the judgment of Hon'ble High Court of Kerala in OP(KAT) No. 442/2018 was dismissed, and Smt. Bindu filed a Contempt Petition against the non compliance of judgment of Hon'ble Kerala Administrative Tribunal in TA No. 614/2013.

Hence the Administrative Department shall regularise Smt. Bindu and Smt. Gracy Kutty to meet the ends of justice and to avoid further litigation. Smt. Gracy Kutty is much Senior to Smt. Bindu. Smt. Bindu has already filed contempt case before Hon'ble High Court of Kerala. Hence no other option available to Government and Administrative Department otherwise then to regularise Smt. Bindu to avoid contempt proceeding. If Government have regularise Smt. Bindu only it will cause injustice to Smt. Gracy Kutty because she is much senior to Smt. Bindu. So Administrative Deparment shall regularise both of them."

8. മേൽ സാഹചര്യത്തിൽ സീനിയറായ ഗ്രേസിക്കുട്ടിയെ ക്രമവത്ക്കരിക്കാതെ ശ്രീമതി ബിന്ദുവിനെ സ്ഥിരപ്പെടുത്തുന്നത് നീതിക്ക് നിരക്കാത്തതാണ് എന്ന വസ്തുത കണക്കിലെടുത്ത് OP(KAT) No.214/2019 നമ്പർ കേസിലെ ബഹു: ഹൈക്കോടതിയുടെ 09.03.2021 വിധിന്യായം നടപ്പിലാക്കുന്നതിലേയ്ക്കായി ശ്രീമതി ഗ്രേസിക്കുട്ടി, ശ്രീമതി ബിന്ദു എന്നിവരെ കുന്നത്തൂർ താലൂക്ക് ഓഫീസിൽ രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിച്ച്, അവരിൽ ഒരാൾ ആദ്യം വിരമിക്കുന്ന മുറയ്ക്ക് ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാതാകുന്നതാണ് എന്ന വ്യവസ്ഥയ്ക്കും TA 1969/2012 നമ്പർ കേസിലെ ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 9-07-2018 ലെ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്തിട്ടുള്ള OP(KAT) No. 351/2021 നമ്പർ കേസിലെ ബഹു: ഹൈക്കോടതിയുടെ വിധിക്കും വിധേയമായി, ടിയാൾക്കാരെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതുണ്ട്.

9. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## തീരുമാനമെടുക്കേണ്ട വിഷയം

ബഹു. ഹൈക്കോടതിയുടെ OP(KAT) No.214/2019 നമ്പർ കേസിലെ 09.03.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കുന്നത്തൂർ താലൂക്ക് ഓഫീസിൽ രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിച്ച് , ശ്രീമതി ഗ്രേസിക്കുട്ടി, ശ്രീമതി എ. ബിന്ദു എന്നിവരിൽ ഒരാൾ ആദ്യം വിരമിക്കുന്ന മുറയ്ക്ക് ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാതാകുന്നതാണ് എന്ന വ്യവസ്ഥയ്ക്കും TA 1969/2012 നമ്പർ കേസിലെ ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 9-07-2018 ലെ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്തിട്ടുള്ള OP(KAT) No. 351/2021 നമ്പർ കേസിലെ ബഹു: ഹൈക്കോടതിയുടെ വിധിക്കും വിധേയമായി, ടിയാൾക്കാരെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

കേരള സർക്കാർ
(പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | റവ-റ്റി1/280/2018-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 608/2019 നമ്പർ കേസിലെ 27.02.2020 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഉടുമ്പഞ്ചോല വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. കെ.സി. രാജനെ 01.12.2017 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.12.2021 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.12.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.12.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 07.12.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.12.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 608/2019 നമ്പർ കേസിലെ 27.02.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഉടുമ്പഞ്ചോല വില്ലേജ് ഓഫീസിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 01.12.2017 മുതൽ ജോലി ചെയ്തു വരുന്ന കാഷ്വൽ സ്വീപ്പർ, ശ്രീ. കെ.സി. രാജനെ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ. കെ.സി. രാജൻ 01.10.1993 മുതൽ 27.06.2014 വരെ കാന്തിപുര വില്ലേജ് ഓഫീസിലും, 27.06.2014 മുതൽ 30.11.2017 വരെ രാജകുമാരി വില്ലേജ് ഓഫീസിലും കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചിരുന്നു. പ്രസ്തുത ഓഫീസുകളിലെ സ്വീപ്പിംഗ് ഏര്യ 100 ച. മീ. –ൽ കുറവായിരുന്നു. എന്നാൽ 01.12.2017 ന് ടിയാനെ സ്ഥലം മാറ്റി നിയമിച്ച ഉടുമ്പഞ്ചോല വില്ലേജ് ഓഫീസിന്റെ വിസ്തീർണ്ണം 100 ച. മീ. –ൽ കൂടുതലായിരുന്നു. തുടർന്ന് പ്രസ്തുത ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവല്ക്കരിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ 25.11.2005 ലെ സ.ഉ.(പി) 501/2005/ധന പ്രകാരം റഗുലറൈസേഷന് അർഹതയില്ലാത്തതിനാൽ 04.01.2019 ലെ സ.ഉ.(സാധാ) 15/2019/റവ പ്രകാരം നിരസിക്കുകയുണ്ടായി.

3. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത OA 608/19 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2020 ലെ വിധിന്യായത്തിൽ, ഹർജിക്കാരൻ 1993 മുതൽ കാഷ്വൽ സ്വീപ്പറായി തുടരുന്നുവെന്നതും പാർട്ട് ടൈം സ്വീപ്പറിന് അനുവദനീയമായ ശമ്പളം ടിയാന് ലഭ്യമാക്കിയിട്ടുണ്ട് എന്നതും ഉടുമ്പഞ്ചോല വില്ലേജ് ഓഫീസിലെ അംഗീകൃത തസ്തികയിൽ 01.12.2017 –ൽ ടിയാനെ നിയമിച്ചിട്ടുള്ള വസ്തുതകളും കണക്കിലെടുത്ത് ടി വിധിന്യായത്തിൽ പരാമർശിച്ചിട്ടുള്ള കണ്ടെത്തലുകളുടെയും വെളിച്ചത്തിൽ ഉചിതമായ ഉത്തരവ് വിധിപകർപ്പ് ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനകം പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകികൊണ്ട് Annexure A2 ഉത്തരവ് (04.01.2019 തീയതിയിലെ സ.ഉ.(സാധാ) 15/19/റവ) ബഹു. ട്രൈബ്യൂണൽ റദ്ദാക്കുകയുണ്ടായി.

4. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

> "ഇടുക്കി ജില്ലയിലെ 100 ച . മി ൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉള്ള ഉടുമ്പഞ്ചോല വില്ലേജ് ഓഫിസിൽ കാഷ്വൽ സ്വീപ്പറായ ശ്രീ . കെ . സി രാജൻ 1.12.2017 മുതലാണ് ജോലി നോക്കി വരുന്നത് എന്നതിനാൽ ടിയാനെ 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം .501/2005/ ധന ഉത്തരവ് അനുസരിച്ച് ക്രമവൽക്കരിക്കാൻ കഴിയുന്നതല്ല . കൂടാതെ 05.3.2016 ലെ സർക്കുലർ 19/2016/ ധന പ്രകാരം സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ 05.3.2016 വരെ പരിഗണിച്ചിരുന്നതും അതിനു ശേഷമുള്ള അപേക്ഷകൾ ഇനി പരിഗണിക്കില്ലാ എന്നു



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അറിയിച്ചിരുന്നതുമാണ് . 100 ച . മീ ൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉണ്ടെന്നു കാണിച്ചുകൊണ്ടുള്ള സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് 2017 ന ശേഷമുള്ളതാണ് . കൂടാതെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളം കൈപ്പറ്റുന്നുണ്ട് . ടി സാഹചര്യത്തിൽ മേൽ പറഞ്ഞിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ ടിയാൻ വീണ്ടും ഫയൽ ചെയ്ത OA 608/19 കേസിന്റെ 27.02.20 ലെ വിധിക്കെതിരെ അപ്പീൽ നൽകാൻ ഭരണ വകുപ്പിനോടു ആവശ്യപ്പെടുന്നു ."

5. ഇക്കാര്യത്തിൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"Vide order dated 27.02.2020 in OA No. 608/2019 Hon'ble Administrative Tribunal set aside A2 order and directed to pass fresh order. The Applicant has been continuing in service from 1993 onwards as casual sweeper and posted in sanctioned post in Udumbanchola village Office 01.12.2017. Sri K.C Rajan applicant herein was in service from 01.10.1993, he was posted in Udumbanchola w.e.f 01.12.2017 it was a transfer, he was in service on the date of issuance of G.O(P) 501/2005/Fin dated 25.11.2005.

Finance Department recommended for filing appeal as there was a decision not to consider applications for regularisation on after 05.13.2016, it is a new case, it cannot be a ground for filing appeal. Applicant is in receipt of pay of Part-time sweeper. Moreover Hon'ble Court pointed out that Goverment by Annexure A12 has granted regularisation against sanctioned post of a Part-time sweeper in Santhanpara Village Office. The Applicant is in a similar situation. Therefore this Department is of the considered opinion that scope of a successful appeal is too remote from the order of Hon'ble KAT in OA 608/2019."

6. നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" ഇടുക്കി ജില്ലയിലെ 100 ച . മി ൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉള്ള ഉടുമ്പഞ്ചോല വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീ . കെ . സി രാജൻ 1.12.2017 മുതലാണ് ജോലി നോക്കി വരുന്നത് എന്നതിനാൽ ടിയാനെ 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം .501/2005/ ധന ഉത്തരവ് അനുസരിച്ച് ക്രമവൽക്കരിക്കാൻ കഴിയുന്നതല്ല എന്നും , കൂടാതെ 05.3.2016 ലെ സർക്കുലർ 19/2016/ ധന പ്രകാരം സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ 05.3.2016 വരെ പരിഗണിച്ചിരുന്നതും അതിനു ശേഷമുള്ള അപേക്ഷകൾ ഇനി പരിഗണിക്കില്ലാ



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

എന്നു അറിയിച്ചിരുന്നതുമാണ് എന്നതിനാലും , 100 ച . മീ ൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉണ്ടെന്നു കാണിച്ചുകൊണ്ടുള്ള സ്വീപ്പിംങ് ഏരിയ സർട്ടിഫിക്കറ്റ് 2017 ന ശേഷമുള്ളതാണ് എന്നതിനാലും കൂടാതെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളം കൈപ്പറ്റുന്നുണ്ട് എന്ന കാരണത്താലും ടിയാനെ ക്രമപ്പെടുത്തുന്നത് ചട്ടവിരുദ്ധമായതിനാൽ OA 608/19 കേസിന്റെ 27.02.20 ലെ വിധിക്കെതിരെ ഒരിക്കൽക്കൂടി അപ്പീൽ നൽകാൻ ഭരണ വകുപ്പിനോടു ആവശ്യപ്പെടുന്നു ."

7. അപ്രകാരം ബഹു. ട്രൈബ്യൂണലിന്റെ OA 608/2019 നമ്പർ കേസിലെ 27.02.2020 ലെ വിധിക്കെതിരെ OP(KAT) No. 128/2021 ഫയൽ ചെയ്യുകയും, ബഹു. ഹൈക്കോടതിയുടെ 03.08.2021 ലെ വിധിന്യായം പ്രകാരം പ്രസ്തുത OP(KAT) നിരസിച്ചുകൊണ്ട് OA 608/19 കേസിന്റെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2020 ലെ വിധിന്യായം പാലിച്ച് രണ്ടുമാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്നു ഉത്തരവാകുകയും ചെയ്തു.

8. പ്രസ്തുത വിധിന്യായത്തിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" ഇടുക്കി ജില്ലയിലെ 100 ച . മി ൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉള്ള ഉടുമ്പഞ്ചോല വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീ . കെ . സി രാജൻ 1.12.2017 മുതലാണ് ജോലി നോക്കി വരുന്നത് എന്നതിനാൽ ടിയാനെ 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം .501/2005/ധന ഉത്തരവ് അനുസരിച്ച് ക്രമവൽക്കരിക്കാൻ കഴിയുന്നതല്ല എന്നും , കൂടാതെ 05.3.2016 ലെ സർക്കുലർ 19/2016/ ധന പ്രകാരം സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ 05.3.2016 വരെ പരിഗണിച്ചിരുന്നതും അതിനു ശേഷമുള്ള അപേക്ഷകൾ ഇനി പരിഗണിക്കില്ലാ എന്നു അറിയിച്ചിരുന്നതുമാണ് എന്നതിനാലും , 100 ച . മീ ൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉണ്ടെന്നു കാണിച്ചുകൊണ്ടുള്ള സ്വീപ്പിംങ് ഏരിയ സർട്ടിഫിക്കറ്റ് 2017 ന ശേഷമുള്ളതാണ് എന്നതിനാലും, കൂടാതെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളം കൈപ്പറ്റുന്നുണ്ട് എന്ന കാരണത്താലും OA 608/19 കേസിന്റെ 27.02.20 ലെ വിധി നടപ്പിലാക്കി ടിയാനെ ക്രമപ്പെടുത്തുന്നത് ധനകാര്യ വകുപ്പിന്റെ നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണ് . OA 608/19 ഹർജിയിലെ 27.02.2020 വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT) No. 128/2021 ബഹു . ഹൈക്കോടതിയുടെ 03.08.2021 ലെ വിധിന്യായ പ്രകാരം നിരസിച്ചിട്ടുള്ള സാഹചര്യത്തിലും , OA 608/19 ഹർജിയിലെ 27.02.2020 വിധി നടപ്പിലാക്കാത്തതിനെതിരെ ഫയൽ ചെയ്തിട്ടുള്ള 163/2020 നമ്പർ കോടതി അലക്ഷ്യം നിലനില്ക്കുന്ന സാഹചര്യത്തിലും contempt case- ന്റെ വിധി സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണെങ്കിൽ ഗവ . പ്ലീഡറുടെ അഭിപ്രായം ആരാഞ്ഞ്



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അടിയന്തിരമായി SLP ഫയൽ ചെയ്യുന്നതിന് ഭരണവകുപ്പിന് നിർദ്ദേശം നൽകുന്നു . 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം .501/2005/ ധന ഉത്തരവ് , 05.3.2016 ലെ 19/2016/ ധന സർക്കുലർ എന്നിവയിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി കോടതി വിധിയുടെ അടിസ്ഥാനതിൽ നിരവധി ജീവനക്കാർ അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നത് പൊതു ഖജനാവിന് നഷ്ടം ഉണ്ടാക്കുന്നു എന്നതും പ്രത്യേകമായി SLP യിൽ രേഖപ്പെടുത്തണമെന്ന് കൂടി അറിയിക്കുന്നു.

9. ധനവകുപ്പിന്റെ അഭിപ്രായ പ്രകാരം പ്രസ്തുത വിധിക്കെതിരെ SLP ഫയൽ ചെയ്യുന്നതിന്മേൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" This file had been forwarded by Administrative Department earlier regarding scope for Appeal against the judgment of Hon'ble Kerala Administrative Tribunal in OA No.608/2019 dated 27.02.2020. On that this department already opined in file No.7264/Suit1(2)/2020/Law dated 06.10.2020. As per Order dated 27.02.2020 in OA No.608/2019 Hon'ble Kerala Administrative Tribunal set aside A2 Order and directed to pass fresh order. The applicant has been continuing in service from 1993 onwards as casual sweeper and posted in sanctioned post in Udumbanchola Village Office. Sri. K.C.Rajan applicant herein was in service from 01.10.1993 and was transferred to Udumbanchola w.e.f 01.12.2017. He was in service on the date of issuance of G.O(P) 501/2005/Fin dated 25.11.2005.

Finance Department recommended for filing appeal as there was a decision not to consider applications for regularisation on or after 05.03.2016 as it is a new case, it cannot be a ground for filing appeal. Applicant is in receipt of pay of Part Time Sweeper. More over the Hon'ble Court pointed out that Government by Annexure Al2 has granted regularisation against sanctioned post of a Part Time Sweeper in Santhanpara Village Office. The applicant is in a similar situation. Therefore this Department after considering all aspects opined that scope of a successful appeal was too remote from the order of Hon'ble Kerala Administrative Tribunal in OA No.608/2019.

But the Administrative Department filed OP(KAT)No. 128/2021 before the Hon'ble High Court of Kerala challenging the order of Hon'ble Kerala Administrative Tribunal in OA No.608/2019. The Hon'ble High Court of Kerala dismissed the OP(KAT) with an observation that cases of this nature have to



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

be seriously considered by the Government and the Government cannot abdicate its role as if it is powerless in a situation like this. Where strong analogous or similar feature is pointed out with reference to Ext P6, the spirit of the scheme for regularisation has been imbibed by the Government so that scheme framed for regularisation should be considered so as to render justice and equity to the claimants.

From this it is clear that the judgment of Hon'ble High Court of Kerala in OP(KAT) No.128/2021 dated 3.08.2021 is reasoned and speaking order. Hence there is no scope for successful SLP against the judgment of Hon'ble High Court of Kerala in OP(KAT)No. 128/2021 dated 03.08.2021."

10. OP(KAT) No. 128/2021 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 03.08.2021 ലെ വിധിന്യായത്തിനെതിരെ SLP ക്ക് സ്കോപ്പില്ലായെന്ന് ഗവ.പ്ലീഡറും നിയമോപദേശം ലഭ്യമാക്കിയിരുന്നു. കൂടാതെ OA 608/2019 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2020 ലെ ഉത്തരവ് നടപ്പിലാക്കാത്തതിനാൽ ശ്രീ കെ.സി രാജൻ ഫയൽ ചെയ്ത 163/2020 നമ്പർ കോടതി അലക്ഷ്യം 02.12.2021 ൽ പരിഗണിച്ച ബഹു. ട്രൈബ്യൂണൽ OA 608/19 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2020 ലെ വിധിന്യായം നടപ്പിലാക്കിയ ഉത്തരവ് 14.12.2021 നു മുൻപ് ഹാജരാക്കണമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

11. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ഇടുക്കി ജില്ലയിലെ ഉടുമ്പഞ്ചോല വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ കെ.സി രാജനെ, ടി വില്ലേജ് ഓഫീസിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 1.12.2017 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കി OA 608/2019 ഹർജിയിലെ 27.02.2020 വിധിന്യായം നടപ്പിലാക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

<u>**തീരുമാനമെടുക്കേണ്ട വിഷയം**</u>

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2020 ലെ OA 608/2019 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഉടുമ്പഞ്ചോല വില്ലേജ് ഓഫീസിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിചെയ്തു വരുന്ന കാഷ്വൽ സ്വീപ്പറായ ശ്രീ. കെ.സി. രാജനെ 01.12.2017 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

1367

| | | |
|---|---|---|
| | **കേരള സർക്കാർ**<br>**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**<br>**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്** | |
| 1. | ഫയൽ നമ്പർ | റവ-റ്റി1/186/2022-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 1269/2022 നമ്പർ കേസിലെ 15.07.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശൂരനാട് സൗത്ത് വില്ലേജാഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി ഉഷ റ്റി. യെ ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 15.06.2020 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12.01.2023 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. അനിൽകുമാർ കെ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31.01.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.02.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.02.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.02.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 1269/2022 നമ്പർ കേസിലെ 15.07.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ ശൂരനാട് സൗത്ത് വില്ലേജാഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഉഷ റ്റി. യെ ടി ഓഫീസ് നിലവിലെ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 15.06.2020 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി ഉഷ റ്റി. 01.01.1994 മുതൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ ശൂരനാട് സൗത്ത് വില്ലേജാഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. ടി വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെയായിരുന്നതിനാൽ ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാരിയെ റഗുലറൈസ് ചെയ്തിരുന്നില്ല. എന്നാൽ ശൂരനാട് സൗത്ത് വില്ലേജാഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയതിനെ തുടർന്ന് ടി വില്ലേജ് ഓഫീസിന്റെ പ്രവർത്തനം 15.06.2020 മുതൽ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റുകയുണ്ടായി. ടി ഓഫീസ് താൽക്കാലികമായി പ്രവർത്തിച്ച് വരുന്ന വാടക കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 103.52 ച.മീ. ആണെന്ന് ശാസ്താംകോട്ട PWD കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരുന്നു. ആയതിനാൽ ശൂരനാട് സൗത്ത് വില്ലേജ് ഓഫീസിൽ 25.11.2005 ലെ സ. ഉ. (പി)നം.501/05/ധന പ്രകാരം ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 15.06.2020 തീയതി പ്രാബല്യത്തിൽ, തന്നെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ഉഷ റ്റി. സർക്കാർ മുമ്പാകെ ഒരു നിവേദനം സമർപ്പിച്ചിരുന്നു.

3. തുടർന്ന് ഇതേ ആവശ്യം ഉന്നയിച്ച് ശ്രീമതി ഉഷ റ്റി. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O. A. 1269/2022 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ 15.07.2022 ന് പുറപ്പെടുവിച്ച ഉത്തരവിൽ, അനക്സർ എ 2, എ 7 സർക്കാർ ഉത്തരവുകളും ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ അനക്സർ എ 8 വിധിന്യായവും കണക്കിലെടുത്ത് അനക്സർ A6 നിവേദനം പരിഗണിച്ച് നിയ-



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

...നുസൃതമായി ആയതിന്മേൽ ഉചിത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ടിയാരിയെ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് അനുയോജ്യമായ ഉത്തരവ് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 2 മാസത്തിനകം പുറപ്പെടുവിക്കുവാനും അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ സ്വീപ്പിംഗ് ഏര്യ 100 ച.മീറ്ററിൽ അധികരിച്ച 15.06.2020 മുതലുള്ള എല്ലാ അനുബന്ധ ആനുകൂല്യങ്ങൾക്കും ഹർജിക്കാരി അർഹയാണെന്ന് വിലയിരുത്തിയ ബഹു. ട്രൈബ്യൂണൽ, ടി ഉത്തരവ് പുറപ്പെടുവിച്ച് 2 മാസത്തിനകം തദനുസൃതമായ ആനുകൂല്യങ്ങൾ ടിയാരിക്ക് വിതരണം ചെയ്യുവാനും സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

4. തുടർന്ന് ബഹു. ട്രൈബ്യൂണലിന്റെ 15.07.2022 ലെ OA 1269/2022 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി, ശൂരനാട് വില്ലേജ് ഓഫീസ് താൽക്കാലികമായി പ്രവർത്തിച്ചു വരുന്ന വാടക കെട്ടിടത്തിന്റെ വിസ്തീർണ്ണം അടിസ്ഥാനമാക്കി പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഹർജിക്കാരിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ കൊല്ലം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

5. ബഹു. ട്രൈബ്യൂണലിന്റെ 15.07.2022 ലെ OA 1269/2022 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

> "25.11.2005 തിയതിയിലെ സ . ഉ ( പി ) നം .501/2005/ ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച . മീ. മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തിയ്യതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നതുമായ വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. ശൂരനാട് സൗത്ത് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഓഫിസ് നിലവിൽ താൽക്കാലിക കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. വളരെ ചുരുങ്ങിയ കാലയളവിലേക്ക് മാത്രം ഒരു ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ സ്വീപ്പിങ്ങ് ഏരിയ കണക്കിലെടുത്ത് പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാൻ 25.11.2005 തിയതിയിലെ സ.ഉ. (പി) നം .501/2005/ധന ഉത്തരവ് അനുസരിച്ച് വ്യവസ്ഥ ഇല്ല എന്നതിനാൽ ശ്രീമതി ഉഷ റ്റി. ക്ക് ക്രമവൽക്കരണത്തിന്


Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

അർഹതയില്ല എന്നും അപ്രകാരം ടിയാളുടെ അപേക്ഷ നിരസിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ച് O. A. 1269/2022 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 15.07.2022 ലെ വിധി നടപ്പിലാക്കാൻ ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ ശൂരനാട് സൗത്ത് വില്ലേജ് ഓഫീസിൽ 1994 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി ഉഷ റ്റി. ടി വില്ലേജ് ഓഫീസിന്റെ പ്രവർത്തനം വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുള്ള 15.06.2020 മുതൽ പ്രാബല്യത്തിൽ ടിയാരിയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ക്രമപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ബഹു. ട്രൈബ്യൂണൽ മുമ്പാകെ O. A. 1269/2022 ഫയൽ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസിൽ 15.07.2022 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ G.O (Rt) NO.2869/2009/RD dt 14/08/2009, G.O (P). No. 501/2005/Fin dt 25.11.2005 സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് O.P (KAT) No. 26/2019 കേസിൽ 18.01.2019 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ശ്രീമതി. ഉഷ സമർപ്പിച്ച നിവേദനം പരിഗണിച്ച് നിയമാനുസൃതമായി ഉചിത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ടാണ് ഉത്തരവായിട്ടുള്ളത്. ടി വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 2 മാസത്തിനകം ടിയാരിയെ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് അനുയോജ്യമായ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കേണ്ടതാണെന്നും അത്തരം ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ സ്വീപ്പിംഗ് ഏരിയ 100 ച.മീറ്ററിൽ അധികരിച്ച 15.06.2020 മുതലുള്ള എല്ലാ consequential benefits നും പരാതിക്കാരി അർഹയാണെന്നും 2 മാസത്തിനകം പ്രസ്തുത ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെന്നുമാണ് ബഹു.കോടതി വ്യക്തമാക്കിയിട്ടുള്ളത്.



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ശ്രീമതി ഉഷ ഫയൽ ചെയ്ത O. A. 1269/2022 കേസിൽ ബഹു. ട്രൈബ്യൂണൽ 15.07.2022 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാമർശിച്ചിട്ടുള്ള G.O (P). No. 501/2005/Fin dt 25.11.2005 സർക്കാർ ഉത്തരവ് 100 ച.മീ. കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ അതേ തിയ്യതിയിൽ കാഷ്വൽ സ്വീപ്പർമാരായി സേവനമനുഷ്ഠിച്ചു വരുന്നവരെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ക്രമപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ്. എന്നാൽ ടി വിധിന്യായത്തിലെ മറ്റൊരു പരാമർശമായ ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് O.P (KAT) No. 26/2019 കേസിൽ 18.01.2019 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ 25/11/2005 ൽ സ്വീപ്പിങ് ഏരിയ 100 ച.മീ. ൽ കുറവായിരുന്നുവെന്നും ആയതു 2014 ൽ മാത്രമാണ് 100 ച.മീ. അധികരിച്ചതെന്നും ആയതിനാൽ പരാതിക്കാരിക്ക് 25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ലഭിക്കാൻ അർഹതയില്ലെന്നുമുള്ള സർക്കാരിന്റെ വാദം ബഹു. ഹൈക്കോടതി നിഷേധിച്ചിട്ടുള്ളതും ഓഫീസിന്റെ renovation നോട് കൂടി 2014 ൽ സ്വീപ്പിങ് ഏരിയ 100 ച .മീ. ൽ അധികരിച്ചുവെന്ന വസ്തുത അവഗണിക്കാൻ കഴിയാത്തതാണ് എന്നും 25/11/2005 ലെ സ . ഉ ( പി ) നം . 501/2005/ധന, 09.02.2010 ലെ സ. ഉ (പി) നം.61/2010/ധന നമ്പർ ഉത്തരവുകൾ employee ക്ക് beneficial ആകുന്ന തരത്തിലാണ് വ്യാഖ്യാനിക്കേണ്ടത് എന്നും നിരീക്ഷിച്ചു കൊണ്ട് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് ശരി വച്ച് കൊണ്ടും സർക്കാരിന്റെ അപ്പീൽ തള്ളി കൊണ്ടും ഉത്തരവായിട്ടുള്ളതുമാണ്. സമാന സ്വഭാവമുള്ളതും പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് ഷിഫ്റ്റ് ചെയ്തതിനെ തുടർന്ന് സ്വീപ്പിംഗ് ഏരിയ 100 ച.മീ. അധികരിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വന്ന ശ്രീമതി സൂസമ്മയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ക്രമപ്പെടുത്തി പുറപ്പെടുവിച്ച ഉത്തരവാണ് വിധിന്യായത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള G.O (Rt) NO.2869/2009/RD dt 14/08/2009 നമ്പർ ഉത്തരവ് . മേൽ സാഹചര്യത്തിൽ O.A. 1269/2022 കേസിൽ ബഹു. ട്രൈബ്യൂണൽ 15.07.2022 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം തസ്തിക സൃഷ്ടിച്ച് ശ്രീമതി ഉഷയെ 15.06.2020 മുതൽ പ്രാബല്യത്തിൽ ക്രമപ്പെടുത്തിക്കൊണ്ടും അന്നുമുതലുള്ള consequential benefits നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ബഹു. ട്രൈബ്യൂണലി-



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ന്റെ വിധിന്യായം നടപ്പിലാക്കാവുന്നതുമാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.''

7. മേൽ സാഹചര്യത്തിൽ, നിയമ വകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ O. A. 1269/2022 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 15.07.2022 ലെ വിധി നടപ്പിലാക്കുന്നതിലേയ്ക്കായി കൊല്ലം ജില്ലയിൽ ശൂരനാട് സൗത്ത് വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഉഷ റ്റി. ക്ക് 15.06.2020 പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിയമനം നൽകി, അതിൻപ്രകാരമുള്ള ആനുകൂല്യങ്ങൾ ടിയാരിക്ക് നൽകേണ്ടതുണ്ട്.

8. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനമെടുക്കേണ്ട വിഷയം**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 15.07.2022 ലെ O. A. 1269/2022 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ ശൂരനാട് സൗത്ത് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, കാഷ്വൽ സ്വീപ്പറായ ശ്രീമതി ഉഷ റ്റി.യെ ടി വില്ലേജ് ഓഫീസ് 100 ച. മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള നിലവിലെ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 15.06.2020 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM

ന്റെ വിധിന്യായം നടപ്പിലാക്കാവുന്നതുമാണെന്ന് ഭരണ വകുപ്പിനെ അറിയിക്കു-ന്നു.''

7. മേൽ സാഹചര്യത്തിൽ, നിയമ വകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ O. A. 1269/2022 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 15.07.2022 ലെ വിധി നടപ്പി-ലാക്കുന്നതിലേയ്ക്കായി കൊല്ലം ജില്ലയിൽ ശൂരനാട് സൗത്ത് വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഉഷ റ്റി. ക്ക് 15.06.2020 പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിയമനം നൽകി, അതിൻപ്രകാരമുള്ള ആനുകൂല്യങ്ങൾ ടിയാരിക്ക് നൽകേണ്ടതു-ണ്ട്.

8. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനമെടുക്കേണ്ട വിഷയം</u>

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 15.07.2022 ലെ O. A. 1269/2022 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ ശൂരനാട് സൗത്ത് വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, കാഷ്വൽ സ്വീപ്പറായ ശ്രീമതി ഉഷ റ്റി.യെ ടി വില്ലേജ് ഓഫീസ് 100 ച. മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള നിലവിലെ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച 15.06.2020 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ നല്കാമോ?



Generated from eOffice by SREEKANTH S, ASST (G2) REV, ASST (G2) REV, RD on 17/08/2023 02:54 PM